പരിഭവങ്ങളില്ലാത്ത പകയില്ലാത്ത



# എന്റെ ജീവിതാനുഭവങ്ങൾ

ഡോ. എൻ. ഗോപാലകൃഷ്ണൻ

INDIAN INSTITUTE OF SCIENTIFIC HERITAGE
Thiruvananthapuram - 695 018

Heritage Publication Series - 100

Scanned with CamScanner

അനിൽകുമാറും ബിജുവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കും കാസറ്റുകൾക്കും ജനസമക്ഷം അംഗീകാരം നേടിത്തന്ന വ്യക്തികളായിരുന്നു.

ചെങ്കോട്ടുകോണം ആശ്രമത്തിലെ സ്വാമി സത്യാനന്ദ സരസ്വതിയുടെ പ്രവർത്തനരീതിയിൽ എനിക്ക് അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നെങ്കിലും അവിടെ നടക്കുന്ന പ്രഭാഷണങ്ങളിലും പങ്കെടുക്കാറുണ്ട്. പ്രത്യേകിച്ച് രാമനവമി ദിവസങ്ങളിൽ നടക്കുന്ന പ്രഭാഷണ പരമ്പരക്ക്. ഭാരതീയ വിചാരകേന്ദ്രത്തിന്റെ ഗീതാശിബിരത്തിലും പങ്കെടുത്തു പ്രഭാഷണം നടത്താനും ഏപ്രിൽ 15 ന് സാധിച്ചു. സായി സേവാ സമിതിയിലെ പ്രഭാഷണങ്ങൾ സിറ്റിയിൽ നടക്കുമ്പോൾ പൈതൃകത്തെക്കുറിച്ച് ക്ലാസെടുക്കാനുള്ള ഭാഗ്യവും ഒരു സായി ഭക്തനല്ലാതിരുന്നിട്ടും എനിക്കു ലഭിച്ചിരുന്നു.

**കർമ്മനിരതരായ പ്രവർത്തകർ**

ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി ഏതാനും മാസങ്ങൾക്കുള്ളിലാണ് തിരുവനന്തപുരത്തെ കൃഷ്ണമൂർത്തി, ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ പങ്കാളിയായത്. ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ച വ്യക്തി, രാവും പകലും സുഖവും ദുഃഖവും നോക്കാത്ത കൃഷ്ണമൂർത്തി ഇന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവശ്വാസമായി പ്രവർത്തിക്കുന്നു. എല്ലാവരാലും അഭിനന്ദനങ്ങൾ ചൊരിയുന്ന കൃഷ്ണമൂർത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓരോ നേട്ടത്തിലും ആഹ്ലാദിക്കുന്നുണ്ടായിരുന്നു. കാസറ്റുകളും പുസ്തകങ്ങളും സിഡികളുമെല്ലാം ജനസഹസ്രങ്ങൾക്ക് ഉത്സവ പറമ്പിലും, സ്കൂളുകളിലും, ആശ്രമങ്ങളിലും കൊണ്ടുപോയി എത്തിക്കുക. എന്നതു പോലും കൃഷ്ണമൂർത്തി ദൗത്യമായി തന്നെ ഏറ്റെടുത്തിരുന്നു. ഏപ്രിൽ 28 മുതൽ എറണാകുളത്തുള്ള അമൃതാ ഇൻസ്റ്റിറ്റ്യൂട്ടിലും ഏകദേശം മറ്റാറു സ്ഥാപനങ്ങളിലും എന്റെ ക്ലാസുകളുമുണ്ടായിരുന്നു. എന്റെ ലാബറട്ടറിയിലും പുറത്തും ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുത്തു വിജയിപ്പിച്ചിരുന്ന ശ്രീ. കെ. ആർ. പ്രസാദിന്റെ സംഭാവനകൾ ഇന്നും മഹത്തായിത്തന്നെ നിൽക്കുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആധുനീകവൽക്കരണകർമ്മപദ്ധതിക്ക് എല്ലാ തരത്തിലുള്ള നേതൃത്വവും നൽകിയ ശ്രീ ഗിരീഷിനെ കരമനയിലെ ഒരു ഹോട്ടലിൽ ചായകുടിക്കുമ്പോൾ കണ്ടുമുട്ടിയതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫ്ളോപ്പി ഡിസ്ക് സന്ദേശം പ്രചരിപ്പിക്കുന്നതിലൂടെ ആരംഭിച്ച ഈ ബന്ധം ഈ സ്ഥാപനത്തിന്റെ ഇന്നത്തെ നിലവാരത്തിന് പ്രധാന കാരണമായി. ഇന്റർനെറ്റ് ഉപയോഗിക്കുന്നതിലും, സിഡികളും, വിസിഡികളും, ഡിവിഡികളും എല്ലാം എഡിറ്റ് ചെയ്ത് പതിനായിരക്കണക്കിന്



Scanned with CamScanner

കോപ്പികൾ ജനങ്ങളിലെത്തിക്കുന്നതിലും, ഭാരതീയ വിദ്യാവിഹാർ കെട്ടിട നിർമ്മാണത്തിന്റെ മൊത്തത്തിലുള്ള കോർഡിനേഷനുമെല്ലാം ഗിരീഷിന്റെ ഉത്തരവാദിത്വത്തിലായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിനെ ഇലക്ട്രോണിക്സ് യുഗത്തിലൂടെ നയിക്കുന്ന ഗിരീഷ്, ടാറ്റാ എലിക്സി കമ്പനിയുടെ പ്രധാന ഉത്തരവാദിത്വം വഹിക്കുന്ന വ്യക്തിയാണ്.

പാറശാലക്ഷേത്രത്തിൽ ജനുവരി മാസത്തിൽ നടന്ന രുദ്രാഭിഷേകത്തിന് കൃഷ്ണമൂർത്തി, കാസറ്റുകളും സിഡികളും പുസ്തകങ്ങളും വിൽപനക്ക് വെക്കുന്ന പതിവുണ്ടായിരുന്നു. ഏകദേശം പത്തു ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന യജ്ഞത്തിൽ കൃഷ്ണമൂർത്തിയോടൊപ്പം സഹായിച്ച വ്യക്തിയായിരുന്നു അജയ്കുമാർ (സജി). ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദേശീയവും അന്തർദേശീയവുമായ പല പരിപാടികളും, തിരുവനന്തപുരത്തു നിന്നു നിയന്ത്രിക്കുന്നതും, മറ്റെല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നതും സജിയാണ്. ഇക്കാലയളവിൽ തന്നെയാണ് സജി കർമ്മമണ്ഡലത്തിൽ ചേർന്നതും. കൃത്യമായ ദിശാബോധവും പൊതുപ്രവർത്തനത്തിലുള്ള അറിവും പക്വതയുമുള്ള സജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വളർച്ചക്ക് വളരെ വലിയ പങ്കാണ് വഹിക്കുന്നത്. ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ നടക്കുന്ന എന്റെ പ്രഭാഷണ പരമ്പരകളിലൂടെ എൽ ഐ സിയിലെ ശ്രീ കൃഷ്ണകുമാർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തകൻമാരിലൊരാളായി മാറിയിരുന്നു.

2001 മേയ് മാസം 5-ാം തീയതിയോടെയാണ് വി എസ് എസ് സിയിലെ എൻജിനീയറായ ശ്രീ. ഗോപകുമാർ സിഡികൾ കോപ്പി ചെയ്തു എത്തിച്ചുതരാൻ തുടങ്ങിയത് എന്നുള്ളത് സ്മരണയിൽ നിൽക്കുന്നു. മേയ് മാസത്തിൽ തന്നെ തൃശ്ശൂരിലെ വിവിധ സ്ഥലങ്ങളിലും കോഴിക്കോട്ടും ഒരു ഡസനിലധികം സ്ഥലങ്ങളിൽ പ്രഭാഷണ പരമ്പരകൾ നടന്നു. തൃശ്ശൂർ ജില്ലയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ശ്രീ. എം. വാസുദേവന്റെ നേതൃത്വത്തിൽ സാധിച്ചു. പാറമേക്കാവ് ദേവസ്വവുമായും, മറ്റെല്ലാ പ്രസ്ഥാനങ്ങളുമായും നല്ല ബന്ധം പുലർത്തുന്ന തികഞ്ഞ സാമൂഹ്യ പ്രവർത്തകനായ ശ്രീ.എം. വാസുദേവന്റെ നേതൃത്വമാണ് തൃശ്ശൂർ ജില്ലയിലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന വികാസം സംഭവിക്കാൻ കാരണമായത്. പാറമേക്കാവ് യുവജനസമിതിയുമായി ചേർന്നും, കോളേജുകളിലും സ്കൂളുകളിലും അനവധി പ്രഭാഷണപരമ്പരകൾ അന്നുമുതൽക്കിന്നേവരെ നടക്കാൻ കാരണക്കാരും വാസുദേവന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചവരാണ്. തൃശ്ശൂരിലെ മഴുവഞ്ചേരിയിൽ നാഷണൽ ഹെറിറ്റേജ് സെന്റർ എന്ന സ്ഥാപനത്തിനു ഭൂമി ലഭിക്കുവാൻ കാരണവും ഇദ്ദേഹം തന്നെയായിരുന്നു.



Scanned with CamScanner

## നാഷണൽ ഹെറിറ്റേജ് സെന്ററിന് ഭൂമിദാനം

2001 മേയ് 19-ാം തീയതി തൃശ്ശൂർ പാറമേക്കാവ് അഗ്രശാലയിൽ ഭഗവദ്ഗീത നിത്യജീവിതത്തിൽ എന്ന വിഷയത്തെക്കുറിച്ച് എന്റെ പ്രഭാഷണം കേൾക്കാനായി ആയിരത്തിൽ പരം ശ്രോതാക്കളുണ്ടായിരുന്നു. ഓരോരുത്തരും ചെവികൂർപ്പിച്ചു ഇരിക്കുന്ന രീതിയും ശ്രദ്ധയും കണ്ടപ്പോൾ പ്രഭാഷണത്തിന്റെ അവസാനത്തിൽ ഒരുവിധത്തിലുള്ള മുൻധാരണയുമില്ലാതെ ഞാൻ സദസ്സിനോടു പറഞ്ഞു. "ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന് ഒരു കേന്ദ്രസ്ഥാനം വേണമെന്നാഗ്രഹമുണ്ട്. വില നല്കി സ്ഥലം വാങ്ങിക്കാനുള്ള സാമ്പത്തിക ശേഷി ഇൻസ്റ്റിറ്റ്യൂട്ടിനില്ല. ആരെങ്കിലും സ്ഥലം സംഭാവന നൽകുകയാണെങ്കിൽ അതിൽ ഒരു നാഷണൽ ഹെറിറ്റേജ് സെന്റർ ആരംഭിക്കണമെന്നാഗ്രഹമുണ്ട്. അതു ഞാൻ ഈ സദസ്സിന്റെ മുന്നിൽ സമർപ്പിക്കുകയാണ്." ഈ അഭ്യർത്ഥനക്ക്, പിന്നീട് നല്ല ഫലമുണ്ടായി അന്നത്തെ പ്രഭാഷണം കഴിഞ്ഞ് യാത്ര തിരിക്കുകയും ചെയ്തു.

ഇതേകാലയളവിൽ വി എസ് എസ് സിയിലും, കേരള യൂണിവേഴ്സിറ്റിയിലും എൽ പി എസ്സിയിലും പ്രഭാഷണങ്ങൾ നടന്നു. എറണാകുളത്തെ നേവൽ ബേസ് സ്കൂളിലും ഭാരതീയ വിദ്യാഭവനിലും, ചിന്മയാമിഷനിലും പ്രഭാഷണപരമ്പരകൾ ആരംഭിച്ചത് ഇന്നും ലഭ്യമാകുന്ന സമയത്ത് നടക്കാറുണ്ട്.

എറണാകുളത്തെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്റെ ജ്യേഷ്ഠനായ ശ്രീനിവാസൻ ആരംഭിച്ചത് കൂടുതൽ വിപുലമായ രീതിയിലെത്തിയത് ശ്രീ. എൻ. എൻ. മേനോൻ അവർകളുടേയും തുടർന്ന് ശ്രീ വിശ്വനാഥ ഷേണായിയുടേയും നേതൃത്വത്തിലായിരുന്നു. പ്രശസ്തനായ എക്സ്പോർട്ട് കാര്യവിദഗ്ദനായ മേനോന്റെ നേതൃപാഠവം എറണാകുളത്തെ പ്രവർത്തനങ്ങൾക്കും പിന്നീട് തൃശ്ശൂരിലെ നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ നിർമ്മാണത്തിലും വികസനത്തിലും അത്യുൽകൃഷ്ടമായി പ്രദർശിപ്പിക്കുകയുണ്ടായി. ബാങ്കിലെ ഓഫീസറായി വിരമിച്ച ശ്രീ. ആർ.വി. ഷേണായിയാണ് എറണാകുളം ജില്ലയിൽ മുക്കിലും മൂലയിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സന്ദേശമെത്തിച്ചത്. ഇദ്ദേഹമാണ് പല സംഘടനകളിലും സ്ഥാപനങ്ങളിലും ഇൻസ്റ്റിറ്റ്യൂട്ടിന് ബന്ധം ഉണ്ടാക്കിയത് ശ്രീ ഷേണായിയുടെ പ്രവർത്തനം മറ്റനവധി സത്കർമ്മങ്ങൾക്ക് കാരണമായി. ശ്രീ. എൻ.എൻ. മേനോനും, ശ്രീ. ഷേണായിയും എന്റെ ജ്യേഷ്ഠനും ആദ്യകാലങ്ങളിൽ ശ്രീ. നാഗനാഥനും, ശ്രീ. പുരുഷോത്തമനുമെല്ലാം പ്രവർത്തനത്തെ സർവജനസമക്ഷം എത്തിച്ചു എന്നു പറയുന്നതായിരിക്കും ശരി.



Scanned with CamScanner

ക്ലീവ് ലാണ്ടിൽ നിന്നു വന്ന വിദ്യാർത്ഥികൾക്കും, പ്രസ് ക്ലബിലെ വിദ്യാർത്ഥികൾക്കും, വിവിധ ഹൈന്ദവ സംഘടനകളിലും, ബി എഡ് കോളേജിലും, ദേവസ്വം ബോർഡിലും, പ്രഭാഷണപരമ്പരകൾ നടന്നു. ഇവിടെ നിന്നും പ്രചരിച്ച കാസറ്റുകൾ വഴി ബോംബേയിലെ ഗോരെ ഗാവ് ക്ഷേത്രത്തിൽ ആഗസ്റ്റ് 4 മുതൽ 7 വരെ വൈകുന്നേരങ്ങളിലും, അവിടത്തെ കോളേജുകളിലും, വിവിധ മലയാളി സംഘടനകളിലും, പ്രഭാഷണങ്ങൾ നടന്നു. കേരളത്തിനു പുറത്ത്, ഫ്ളൈറ്റിൽ യാത്ര ചെയ്ത് പ്രഭാഷണം ആദ്യമായി നടത്തുന്നതിവിടെയായിരുന്നു. അമൃതാനന്ദമയി മഠങ്ങളിലും, ആശ്രമങ്ങളിലും, സ്കൂളുകളിലും അതുപോലെ സായി സേവാസമിതിയിലും, എസ് എൻ ഡി പി യോഗപരിപാടികളിലും സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലുമെല്ലാം ഇക്കാലയളവിൽ ബന്ധം സുദൃഢമാക്കാനും സാധിച്ചു. അമൃതാനന്ദമയീ മഠത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളും കാസറ്റുകളും വിതരണത്തിനു വെക്കുന്നതിൽ ആദ്യം എതിർപ്പുണ്ടായിരുന്നെങ്കിലും അമ്മയുടെ കർമ്മമണ്ഡലത്തിന്റെ ഭാഗമായി അവിടെയുള്ളവർക്ക് ഭാരതീയ പൈതൃകത്തെക്കുറിച്ച് ക്ലാസുകളെടുക്കുന്നതിനും, മാതൃവാണി പ്രചരിപ്പിക്കുന്നവർക്ക് ശിബിരം നടത്തുമ്പോൾ ക്ലാസെടുക്കുന്നതിനുമായി വള്ളിക്കാവിൽ പോകേണ്ടിവന്നതു മുതൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക വിതരണത്തിന് ഒരു തടസ്സവും മഠത്തിൽ നിന്നുണ്ടാകാറില്ല. 2001 നവംബർ 10 മുതൽക്ക് ഉണ്ടായിട്ടില്ല എന്നതാണ് ശരി.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാം ശാസ്ത്രസെമിനാർ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനം എല്ലാ വർഷവും നവംബർ 1-ാം തീയതി തന്നെ ആരംഭിക്കണമെന്നു തീരുമാനിച്ചിരുന്നത് നടപ്പിലാക്കി. ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച തീസീസുമായി ബന്ധപ്പെട്ട കോടതി കേസ് പിൻവലിച്ചതിന്റെ ഓർഡർ ലഭിച്ചത് 2001 നവംബർ 12 നായിരുന്നു. ശാസ്ത്ര 2001 സെമിനാറിന്റെ പ്രവർത്തനത്തോടൊപ്പം തന്നെ ലാബറട്ടറിയിൽ ഇരിപ്പിടം ലഭിക്കാൻ വേണ്ടിയുള്ള പോരാട്ടം എച്ച്.ഒ.സി. അറുമുഖനും, ഡയറക്ടർ ഡോ. വിജയ് നായരുമായി ഞാൻ നടത്തികൊണ്ടിരിക്കുമ്പോഴും എന്റെ ആയുർവേദത്തിന്റെ പ്രോജക്റ്റ് റിസർച്ചും, സംസ്കൃത വിദ്യാപീഠത്തിൽ സമർപ്പിക്കാനായി സംസ്കൃതത്തിലെ തീസീസ് രചനയും, കേരളത്തിനകത്തും പുറത്തും പ്രഭാഷണ പരമ്പരകളും, നടക്കുന്നുണ്ടായിരുന്നു. രണ്ടു കുഞ്ഞുങ്ങളുടെ പഠിത്തവും ഭംഗിയായി നടക്കുന്നുണ്ടായിരുന്നു.

**ആർഷജ്ഞാനോത്സവത്തിന്റെ ചൈതന്യം**

2001 നവംബർ 17 ന് നടന്ന അമൃതാനന്ദമയി മഠത്തിന്റെ ആഭിമു



Scanned with CamScanner

ഖ്യത്തിലുള്ള ആർഷജ്ഞാനോത്സവത്തിൽ ഞാൻ നടത്തിയ കത്തിക്കാളിയ പ്രഭാഷണം കേട്ട് മുൻനിരയിലിരുന്ന മഹാരാജാസ് കോളേജിലെ എന്റെ ടീച്ചർ (എനിക്ക് അനുഗ്രഹമായി വാക്കുകളുപയോഗിച്ച അദ്ധ്യാപിക) നേരെ സ്റ്റേജിനടുത്തുവന്ന് എന്നെ പൂർണമായും നമസ്കരിച്ചു കെട്ടിപിടിച്ചു പറഞ്ഞു. "ഗോപാലകൃഷ്ണനെ പോലൊരു സ്റ്റുഡന്റിന്റെ ടീച്ചറാകാൻ ഭാഗ്യം എനിക്കു ലഭിച്ചു. ഗോപാലകൃഷ്ണന്റെ അമ്മക്കു ലഭിച്ച ഭാഗ്യംപോലെയാണത്. എനിക്ക് ഗോപാലകൃഷ്ണൻ മകനെ പോലെയാണ്. ഗോപാലകൃഷ്ണന്, എന്നെങ്കിലും ഒരു ദിവസം ചോറു വിളമ്പിത്തരണം എന്നെനിക്കാഗ്രഹമുണ്ട്." ഞാനൊന്നും ചിന്തിക്കാതെ നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു. "ടീച്ചർ എന്നെ എവിടേയ്ക്ക് വിളിച്ചാലും വരാം. എന്നെ ഞാനാക്കി മാറ്റിയത് ടീച്ചറാണ്. ടീച്ചർ മാത്രമാണ്! ജീവിതത്തിന്റെ അവസാനശ്വാസം വരെ ഞാനതു മറക്കില്ല. ഞാൻ ടീച്ചറിനോട് അത്രക്കും കടപ്പെട്ടിരിക്കുന്നു."

**ബോംബെ നഗരത്തിലെ പ്രഭാഷണ പരമ്പരകൾ**

ഡിസംബർ ആദ്യവാരത്തിൽ വീണ്ടും ബോംബേയിൽ പോയി ഗോരേഗാവ് ക്ഷേത്രത്തിലും മറ്റു പലസ്ഥാപനങ്ങളിലും പ്രഭാഷണം നടത്തി. ശ്രീ. കെ.യു.കെ. നായരായിരുന്നു ബോംബെയിലെ എല്ലാ പരിപാടികളും കോർഡിനേറ്റ് ചെയ്തത്. പിന്നീട് ശ്രീ. ജയരാമൻ, ശ്രീ. രാജൻനായർ, ശ്രീ. അനിൽകുമാർ എന്നിവർ ബോംബേ പ്രവർത്തനങ്ങളുടെ ജീവനാഡിയായി. തലശ്ശേരി തിരുവങ്ങാട് ക്ഷേത്രത്തിലെ എന്റെ മണ്ഡലകാല പ്രഭാഷണ പരമ്പരകളുടെ ആരംഭം കുറിച്ചത് 2001 ഡിസംബർ 15 നായിരുന്നു. ഇതിനു മുമ്പ് ഇവിടെ പ്രഭാഷണം നടത്താൻ വന്നപ്പോൾ പുസ്തകങ്ങളും, സിഡികളുമെല്ലാം സ്വയം ചുമന്നുകൊണ്ടാണ് വന്നത്. ഇപ്രാവശ്യത്തെ വരവിൽ എൽ ഐ സി യിൽ പ്രവർത്തിക്കുന്ന ശ്രീ കൃഷ്ണകുമാറും കൃഷ്ണമൂർത്തിയും എന്റെ കൂടെയുണ്ടായിരുന്നത് വലിയൊരാശ്വാസമായിരുന്നു. തലശ്ശേരി കണ്ണൂർ ഭാഗങ്ങളിലും തുടർന്നു കാസർഗോഡും പ്രഭാഷണ പരമ്പരകൾ നടത്തിയതിനുശേഷമാണ് തിരിച്ചുവന്നത്.

ഡിസംബർ 23 -ാം തീയതി, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശാസ്ത്ര 2001 രണ്ടാം വാർഷികം കോട്ടയം തിരുനക്കര ക്ഷേത്രത്തിനടുത്തുള്ള ഹാളിൽ വെച്ചാണ് നടന്നത്. തലേ ദിവസം തിരുനക്കര ക്ഷേത്ര മൈതാനിയിൽ ഒരു പൊതു പ്രഭാഷണവുമുണ്ടായിരുന്നു. ആലപ്പുഴയിലെ പ്രഭാഷണ പരമ്പര അവിടത്തെ എസ്.ഡി. കോളേജിലെ അദ്ധ്യാപകനായിരുന്ന ഡോ. പി.കെ. ഗോപാലകൃഷ്ണന്റേയും അവിടെ സി എം സി കമ്പ്യൂട്ടർ സെന്റർ നടത്തിയിരുന്ന വേണു ജി. മേനോന്റെയും നേതൃത്വത്തി



Scanned with CamScanner

ലുമായിരുന്നു നടന്നിരുന്നത്. ഇവർ രണ്ടു പേരും അസാധാരണ പാടവത്തോടെ ജില്ലകളിൽ വ്യത്യസ്ഥ സ്ഥലങ്ങളിൽ പ്രഭാഷണങ്ങൾ സംഘടിപ്പിച്ചിരുന്നു.

പാറമേക്കാവ് അഗ്രശാലയിൽ മാസങ്ങൾക്കു മുമ്പ് നടത്തിയ പ്രഭാഷണത്തിൽ നാഷണൽ ഹെറിറ്റേജ് സെന്റർ സ്ഥാപിക്കാനുള്ള ഭൂമി സൗജന്യമായി നൽകണമെന്നഭ്യർത്ഥിച്ചിരുന്നതനുസരിച്ച് തൃശ്ശൂർ ജില്ലയിൽ നാലു വ്യത്യസ്ഥ സ്ഥലങ്ങളിലായി ഭൂമി സമർപ്പിക്കാനുള്ളവർ മുന്നോട്ടു വന്നതനുസരിച്ച് ഞാനും തൃശ്ശൂരിലെ പ്രവർത്തകരും ചേർന്ന് അവടെല്ലാം സന്ദർശിച്ചിരുന്നു. അതിൽ വളരെ അനുയോജ്യമായി തോന്നിയത് മഴുവഞ്ചേരിയിലെ സ്ഥലമായിരുന്നു. ഈ സ്ഥലത്തുള്ള ഒരു ക്ഷേത്രവും ഏകദേശം രണ്ടേക്കർ ഭൂമിയുമാണ് ഇൻസ്റ്റിറ്റ്യൂട്ടിന് നൽകാനായി കൊട്ടിലിൽ തറവാട്ടിലുള്ളവർ തയ്യാറായത്. അക്കാര്യം അവർ, ശ്രീ. എം. വാസുദേവനെ, ശ്രീ. രാഘവമാരാരിലൂടെ അറിയിക്കുകയുണ്ടായി. ഇതിൽ എല്ലാ പ്രവർത്തകർക്കും ആഹ്ളാദം തോന്നി. അതുകൊണ്ട് അടുത്ത തൃശ്ശൂർ ജില്ലാപര്യടനവേളയിൽ അവിടെ സന്ദർശിച്ച് തീരുമാനമെടുക്കാമെന്നായിരുന്നു എല്ലാവരുടേയും വീക്ഷണം.

2001 ഡിസംബർ 28 ന് മഴുവഞ്ചേരി മഹാദേവക്ഷേത്രവും ചുറ്റുമുള്ള ഭൂമിയും സന്ദർശിച്ചു. അവിടെ പോയത് തികച്ചും അപരിചിതരെ പോലെയായിരുന്നു. അവിടുത്തെ നാട്ടുകാർ യോജിക്കുന്നുണ്ടോ വിയോജിക്കുന്നുണ്ടോ എന്നറിയണം. ചുറ്റുപാടുമുള്ള വ്യക്തികളുടേയും കുടുംബങ്ങളുടേയും പ്രത്യേകതയും രാഷ്ട്രീയവും എല്ലാം അറിയാൻ ശ്രമിച്ചിട്ടായിരുന്നു ഞങ്ങൾ മടങ്ങിയത്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗുരുവായൂർ ചാപ്റ്ററിന്റെ മീറ്റിങ്ങും നടന്നിരുന്നു. പ്രഭാഷണ കാസറ്റുകൾ കേട്ട് ആവേശഭരിതനായി ഭാരതീയ സംസ്കൃതിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തെക്കുറിച്ച് ചിന്തിച്ച് നിരന്തരം ദുഃഖിച്ചിരുന്ന ശ്രീ. രവി ചങ്കത്ത് ഗുരുവായൂരിൽ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു യൂണിറ്റ് വേണമെന്നാവശ്യപ്പെട്ടു. നല്ല പൊതുപ്രവർത്തകനും, പത്ര ഉടമയും, സർവസമ്മതനുമായ ഒരു നേതാവും സനാതന ധർമ്മത്തിലഭിമാനിക്കുന്ന വ്യക്തിയുമായിരുന്ന രവി ചങ്കത്തിന്റെ നേതൃത്വത്തിലായിരുന്നു ഗുരുവായൂരിലും സമീപപ്രദേശത്തിലുമെല്ലാം ഭാരതീയ പൈതൃകസന്ദേശം പ്രചരിപ്പിച്ചുകൊണ്ടിരുന്നത്. അവിടത്തെ പ്രവർത്തനമണ്ഡലത്തെക്കുറിച്ചുള്ള വിവരണങ്ങൾ 28-ാം തീയതികൊടുത്ത്, 30-ാം തീയതി എറണാകുളം ഡർബാർ ഹാൾ ഗ്രൗണ്ടിൽ തിങ്ങിനിറഞ്ഞ ജനസഹസ്രങ്ങൾക്കു മുമ്പിൽ ഭാഗവതസത്ര



Scanned with CamScanner

പ്രഭാഷണവും നടത്തി തിരിച്ചുവന്നു. ഭാഗവത സത്രം, ഇൻസ്റ്റിറ്റ്യൂട്ടിലൂടെയും ഇൻസ്റ്റിറ്റ്യൂട്ട് ഭാഗവത സത്രത്തിലൂടെയും പ്രസിദ്ധമാകാൻ തുടങ്ങിയിരുന്നു. അന്നേ ദിവസം രാവിലെ ഗ്രാമജന സമൂഹമഠത്തിൽ കൂടിയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭ്യുദയകാംക്ഷികളുടെ യോഗത്തിൽ തൃശ്ശൂരിൽ നിന്ന് ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കാൻ സാധ്യതയുള്ള ക്ഷേത്രത്തെക്കുറിച്ചും ഭൂമിയെക്കുറിച്ചുമുള്ള സൂചന നൽകുകയും ചെയ്തു. അതിന്റെ കാര്യങ്ങൾ ചർച്ച ചെയ്യാനായി കടവന്തറയിൽ മുൻമന്ത്രി ശ്രീ. ചന്ദ്രശേഖരന്റെ, വീട്ടിലേക്കു പോകുകയും ചെയ്തു. കൊട്ടിലിൽ തറവാട്ടിലെ പ്രഗത്ഭരായ എല്ലാ വ്യക്തികളും കടവന്തറയിലെ വീട്ടിൽ സന്നിഹിതരായിരുന്നു. ചെറിയ മനുഷ്യനായ ഞാൻ അത്രയും പ്രഗത്ഭരായവരുടെ കൂടെയിരുന്ന്. ചർച്ച ചെയ്തപ്പോൾ ഒരു ഭയവും, സ്നേഹവും, കൃതാർത്ഥതയും എല്ലാത്തരത്തിലുള്ള വികാരങ്ങളും സമ്മിശ്രമായുണ്ടായി. മനസ്സിന്റെ ഒരു മൂലയ്ക്ക് ഈ സ്ഥാപനങ്ങൾ എന്നെ ഏൽപ്പിച്ചാൽ എനിക്ക് എന്തൊക്കെ ചെയ്യുവാൻ സാധിക്കുമെന്ന ഒരു സംശയവും ഭയവും കൂടിയുണ്ടായിരുന്നു. ഒരു വലിയ കുടുംബത്തിലെ കാരണവന്മാരെല്ലാം ചേർന്ന് ചെറിയ അംഗത്തെ പോലെയുള്ള എനിക്ക് ഒരു വലിയ ഉത്തരവാദിത്വം തരുന്നതുപോലെയായിരുന്നു, ആ കുടുംബസംഗമം. ഈ സംഗമത്തിൽ വെച്ചായിരുന്നു മഴുവഞ്ചേരി മഹാദേവക്ഷേത്രവും, ചുറ്റുമുള്ള ഭൂമിയും കുറച്ചു വയലും ഇൻസ്റ്റിറ്റ്യൂട്ടിന് നൽകാനായുള്ള തീരുമാനമുണ്ടായത്. സന്തോഷത്തോടെ അതേറ്റെടുക്കാമെന്നു വാക്കുകൊടുമ്പോഴും, ഇന്നത്തെ ഈ അവസ്ഥയിലേക്ക് അതുയരും എന്ന ധാരണകളൊന്നും ഉദയം ചെയ്തിരുന്നില്ല. അവിടെ നിന്നും യാത്ര പറഞ്ഞപ്പോൾ എനിക്ക് ആ വലിയ കുടുംബത്തിലെ കാരണവന്മാരെയെല്ലാം സാംഷ്ടാംഗം നമസ്കരിക്കണമെന്നു തോന്നി. പിന്നീട് ഞാൻ അറിഞ്ഞീടത്തോളം അവർക്ക് എന്നെയും നമസ്കരിക്കണമെന്നു തോന്നിയിരുന്നത്രെ. ജന്മസാഫല്യം ലഭിക്കുന്ന പ്രവർത്തന പരമ്പരകളുടെ ഒരു വർഷമായിരുന്നു 2001. വ്യക്തിപരമായും, ഔദ്യോഗികമായും, സാമൂഹ്യപ്രവർത്തനമണ്ഡലത്തിലും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിലും നേട്ടങ്ങളുടെ അനുഭവ പരമ്പരകളുണ്ടായ വർഷമായിരുന്നു 2001.

### എന്റെ ടീച്ചർ എനിക്കു ഭക്ഷണം വിളമ്പിത്തന്നു

ഡിസംബർ 30 ഞായറാഴ്ച മട്ടാഞ്ചേരിയിലെ അമൃതാനന്ദമയീമഠത്തിന്റെ ആഭിമുഖ്യത്തിൽ എന്റെ ഒരു പ്രഭാഷണമുണ്ടായിരുന്നു. മകനു ചോറു വിളമ്പിക്കൊടുക്കുന്നതുപോലെ ചോറു വിളമ്പിത്തരാനാഗ്രഹമുണ്ടെന്നു പറഞ്ഞ ടീച്ചർ എനിക്ക് അമ്മയെപോലെ ഭക്ഷണം വിളമ്പിത്തന്നു. മറ്റാരേയും വിളമ്പാൻ സമ്മതിച്ചതുമില്ല. ടീച്ചർ തന്ന



Scanned with CamScanner

യാണ് കുടിക്കാനുള്ള വെള്ളം പോലും ഗ്ലാസിൽ എനിക്കൊഴിച്ചു തന്നത്. ഭക്ഷണം കഴിക്കുന്ന സമയത്തൊക്കെ എന്റെ പ്രഭാഷണത്തെ അഭിനന്ദിച്ചുകൊണ്ടേയിരുന്നു. ഭക്ഷണത്തിനു ശേഷം ഇലയെടുക്കാനും എന്നെ അനുവദിച്ചില്ല. "അതെന്റെ അവകാശ"മാണെന്നു പറഞ്ഞു നിർബന്ധിച്ച് സ്വയം ടീച്ചർ തന്നെയാണ് എന്റെ എച്ചിലില പോലും എടുത്തത്. "എന്റെ ജീവിതവും ആഗ്രഹവും സഫലമായി" എന്ന് നിറഞ്ഞ സന്തോഷത്തോടെ ടീച്ചർ എന്നെ യാത്രയാക്കിയപ്പോൾ പറയുന്നുണ്ടായിരുന്നു. കെമിസ്ട്രി പഠിക്കാൻ എന്നിൽ വാശിയുണ്ടാക്കിയ മഹാരാജാസിലെ ടീച്ചർ തന്നെയായിരുന്നു അവർ.

## ഗവേഷണത്തിന് ഇരിക്കാനും ഒരു സ്ഥലമില്ല

മേൽ വിവരിച്ച കാര്യങ്ങളെല്ലാം നടക്കുമ്പോഴും, ലാബറട്ടറിയിൽ മൂന്നു നില കെട്ടിടത്തിന്റെ ഉൽഘാടനം നടന്നു. അതിൽ വേണ്ടുവോളം മുറികളുമുണ്ടായിരുന്നു. പക്ഷേ സർക്കാർ തന്ന എന്റെ പ്രോജക്റ്റ് പൂർത്തിയാക്കാനായി അൽപം സ്ഥലത്തിനുവേണ്ടി ഡിവിഷൻ ഹെഡായ ഡോ. അറുമുഖന്റേയും ഡയറക്ടറായ ഡോ. വിജയ് നായരുടേയും കാലു പിടിച്ചപേക്ഷിക്കേണ്ടി വന്നത് വേദനയോടെ ഓർമ്മിക്കുന്നു. ഡയറക്ടർ എന്നോടു പറഞ്ഞു. "നിങ്ങൾക്കു വർക്കു ബെഞ്ചും ഇരിപ്പിടവും തരലല്ല എന്റെ ജോലി. അതെല്ലാം അന്വേഷിക്കേണ്ടതും കണ്ടെത്തേണ്ടതും നിങ്ങൾ തന്നെയാണ്. ഞാൻ ഈ ലാബറട്ടറിയിലെ വലിയ കാര്യങ്ങൾ ചെയ്യാനാണ് ഈ കസേരയിലിരിക്കുന്നത്." ഞാനൊന്നും മറുപടി പറഞ്ഞില്ല. ഞാൻ ഡിവിഷൻ ഹെഡിന്റെയടുത്തു പോയി ചോദിച്ചു. "അതിനെക്കുറിച്ചൊന്നും ചിന്തിക്കാനെനിക്കു സമയമില്ല. മറ്റുപല വർക്കുകളുമുണ്ട്. പുറമേയുള്ള പ്രോജക്റ്റുകളെടുക്കുമ്പോൾ ഇതെല്ലാം ഓർമ്മിക്കേണ്ടതായിരുന്നു." വളരെ പുച്ഛത്തോടെയും അവഹേളനാത്മകമായും തികഞ്ഞ അവജ്ഞയോടെയും പറഞ്ഞ ഈ വരി കേട്ടപ്പോൾ ഞാനാഗ്രഹിച്ചു. ശാസ്ത്ര മണ്ഡലത്തിൽ പ്രവർത്തിക്കുന്നവരുടെ നിലയിൽ നിന്ന് സാംസ്കാരികമായി ആയിരം കാതം അകലെ നിൽക്കുന്ന ഇവരെക്കുറിച്ച്, അനുയോജ്യമായ ഭാഷയിൽ തന്നെ ജീവചരിത്രത്തിൽ എഴുതിച്ചേർത്ത് പ്രതികരിക്കണമെന്ന്. അതെല്ലാം ജീവചരിത്രത്തിലൂടെ എഴുതണമെന്ന്.

ദീർഘശ്വാസത്തോടേയും നിറഞ്ഞ വേദനയോടെയും ദുഃഖത്തോടെയുമല്ലാതെ എനിക്ക് ഈ സംഭവങ്ങളും ഇവരെയും സ്മരിക്കാൻ സാധ്യമല്ല. കാലചക്രം തിരിയുമെന്നു മാത്രം ഞാൻ ആശ്വസിച്ചു. ഈ ദുഃഖവുമായാണ് എന്റെ പുതിയ സഹസ്രാബ്ദമാരംഭിച്ചതും ആരംഭ വർഷത്തിന്റെ അവസാനം കുറിച്ചതും. ഏതൊരു കർമ്മത്തിനും കർമ്മ



Scanned with CamScanner

ഫലമുണ്ട്. അതാരായാലും അനുഭവിച്ചു തീർക്കണമല്ലോ? എന്ന ശാപ വാക്കുകളാണ് എന്റെ മനസ്സിലുയർന്നത്.

2002 ലെ എന്റെ വർഷമാരംഭിച്ചവസാനിക്കുന്നതുവരെ മുൻ വർഷത്തെ പോലെ കർമ്മനിരതമായിരുന്നു. ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയുടെ ഒരു പ്രോജക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കുക യുണ്ടായി. അതനുസരിച്ചുള്ള പൈതൃക പുസ്തകങ്ങളും സിഡികളും പ്രകാശനം ചെയ്യാനുള്ള കർമ്മനിരതമായ സംരംഭമായിരുന്നു പ്രധാനം.

കേരളത്തിലെ എല്ലാ ജില്ലകളിലും കുറഞ്ഞത് മൂന്നു പ്രാവശ്യമെ ങ്കിലും പ്രഭാഷണപരമ്പരകൾക്കായി ഈ വർഷം യാത്ര ചെയ്തിട്ടു ണ്ട്. പാലക്കാട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ പത്തു പ്രാവശ്യമെങ്കിലും പ്രഭാഷണപരമ്പരകൾ ഈ വർഷം നടത്തി യിട്ടുണ്ട്. കാസറഗോഡ്, അഡ്വ. ബാലകൃഷ്ണൻ നായരുടെ മേൽനോ ട്ടത്തിൽ അനവധി പ്രഭാഷണങ്ങൾ നടത്താനുള്ള അവസരം ലഭിച്ചു. ഒരു കോൺഗ്രസുകാരനും അഡ്വക്കേറ്റും പൊതു പ്രവർത്തകനുമായി രുന്നു അദ്ദേഹം. ജനുവരിയിൽതന്നെ അഞ്ചുദിവസം നീണ്ടുനിൽക്കുന്ന പ്രഭാഷണപരമ്പര ഡൽഹിയിൽ നടക്കുകയുണ്ടായി. ശ്രീവിനോദ്, ശ്രീ. ഉണ്ണിത്താൻ, തുടങ്ങിയവരായിരുന്നു ഡൽഹിയിലെ പ്രഭാഷണങ്ങൾ സംഘടിപ്പിക്കാൻ മുൻകൈയ്യെടുത്തത്. എന്റെ കൂടെ എൽ ഐ സിയിലെ ശ്രീകൃഷ്ണകുമാറും ഉണ്ടായിരുന്നു. വിവിധ സംഘടനാതല ങ്ങളിലും സ്വാധീനമുള്ള ബാലകൃഷ്ണൻ നായരുടെ നേതൃത്വത്തിൽ കാസർഗോഡ് പ്രോഗ്രാമുകൾ ഈ വർഷം മൂന്നു് വ്യത്യസ്ഥ മാസങ്ങ ളിലായി സംഘടിപ്പിച്ചു. ജനുവരി 11 മുതൽ 15 വരെയുള്ള ദിവസങ്ങ ളിൽ പതിനഞ്ചോളം പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. തിരു പ്പതിയിൽ യു ജി സിയുടെ നേതൃത്വത്തിലും എന്റെ ക്ലാസുകൾ നടന്നു. പാലക്കാട് ജില്ലയിൽ പ്രഭാഷണ പരിപാടികൾക്ക് നേതൃത്വം നൽകിയ ത് ബ്രാഹ്മിൻസ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പ്രസിഡന്റ്, ചാർട്ടേഡ് എക്കൗണ്ടന്റായ ശ്രീ. എൻ. എൻ. രാമചന്ദ്രനും, പൂർവജന്മ പുണ്യബന്ധം പോലെ എന്നെ ശ്രീകൃഷ്ണ ദൂതാ എന്നു വിളിച്ചിരുന്ന ചോനാട്ടെ ശ്രീ. വി. രാമചന്ദ്രനുമായിരുന്നു. സ്നേഹവും അനുഗ്രഹ ങ്ങളും ചൊരിഞ്ഞ് ഞങ്ങളെ വീർപ്പുമുട്ടിച്ച കുടുംബമായിരുന്നു അദ്ദേ ഹത്തിന്റേത്. അദ്ദേഹത്തിന്റെ പാലക്കാട്, തത്തമംഗലത്തെ വീട്ടിലാണ് പാലക്കാട് യാത്രയിൽ ഞങ്ങൾ താമസിക്കുന്നത്. സിറ്റിയിലാണെങ്കിൽ നൂറണിയിലുള്ള ശ്രീ. എൻ.എൻ.ആർ (രാമചന്ദ്രൻ) അവർകളുടെ വീട്ടി ലും. തഥാതന്റെ ആശ്രമത്തിൽ 2002 ഫെബ്രുവരി 22 ന് നടത്തിയ യാഗം ഏറെ ശ്രദ്ധേയമായിരുന്നു. അനേകായിരങ്ങൾ പങ്കെടുത്ത തഥാതൻ



Scanned with CamScanner

സ്വാമിയുടെ യാഗത്തിൽ ഞാൻ നടത്തിയ പ്രഭാഷണം വളരെയേറെ ശ്രദ്ധേയമായിരുന്നു എന്നു മാത്രമല്ല ശ്രീ. തഥാതന്റെ കർമ്മധർമ്മമണ്ഡലവുമായി ഗാഢമായ ഒരു ബന്ധമുണ്ടാക്കാനും ഇതവസരം നൽകി.

എന്നെ അവിടെ എത്തിച്ചതാകട്ടെ എറണാകുളത്തെ കാഗ്നാ കമ്പനിയുടെ ഡയറക്ടറും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൂളിന്റെ അഡ്വൈസറി മെമ്പറുമായ ശ്രീ. സെന്തിൽ നാഥാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാവിധ വളർച്ചക്കും നിറഞ്ഞ സഹായം നൽകിയ ശ്രീ. ഈശ്വർജിയെ പരിചയപ്പെടുത്തിയതും പലവിധത്തിലുള്ള അനുഗ്രഹാശിസ്സുകളിലൂടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സഹായിച്ചതും ശ്രീ സെന്തിൽ നാഥ് എന്ന എറണാകുളത്തെ പ്രസിദ്ധനായ ശ്രീ. കാളിയപ്പചെട്ടിയാരുടെ പുത്രനാണ്. പാലക്കാട്ടെ സുദീർഘമായ പ്രഭാഷണ പരമ്പരകൾ കഴിഞ്ഞ് നേരെ ഞങ്ങൾ വയനാടിനെ കീഴടക്കാനായിരുന്നു രാത്രി കൽപ്പറ്റ ബസ്സിൽ കയറി, ഫെബ്രുവരി 24 ന് പോയത്. കൽപറ്റയിലെ ശ്രീധർജി, ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാസറ്റുകളും ഉപദേശങ്ങളും കേട്ട് ജീവിതത്തിൽ വളരെയേറെ മാറ്റങ്ങൾക്കു സ്വയം വിധേയനായി മറ്റുള്ളവർക്ക് മാതൃകയായ വ്യക്തിയാണ്.

**ഹൈദരാബാദിലേക്കൊരു പ്രഭാഷണയാത്ര**

അവിസ്മരണീയമായ പ്രഭാഷണ പരമ്പര ഹൈദരാബാദിൽ നടന്നതായിരുന്നു, മറ്റൊരു സംഭവം. മാർച്ച് 29 മുതൽ ഏപ്രിൽ 2 രാത്രി 10 മണിവരെ കുറേയേറെ ക്ഷേത്രങ്ങളിലും പ്രശസ്ഥങ്ങളായ ലാബറട്ടറികളിലും യൂണിവേഴ്സിറ്റികളിലുമെല്ലാം പ്രഭാഷണ പരമ്പര നടത്താൻ സാധിച്ചു. ഞാൻ ഡോക്ടറേറ്റിനു ഗവേഷണം നടത്തിയ ആർ.ആർ. എൽ, ഐ.എസ്.ആർ. ഒ, ബി.എച്ച്.ഇ.എൽ, ഹൈദരാബാദ് യൂണിവേഴ്സിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ എന്നിങ്ങനെ പ്രശസ്തമായ അനവധി സ്ഥാപനങ്ങളിൽ എന്റെ പ്രഭാഷണം സംഘടിപ്പിച്ചത്. ഐ.എസ്.ആർ.ഒയിലെ ഡോ.ടി.പി.ശശികുമാറാണ്. പല പ്രധാന തസ്ഥികകളിലും ഇരുന്ന അദ്ദേഹം ഇന്ന് കേന്ദ്ര സെക്രട്ടറിയേറ്റിലെ ഒരു ഡിവിഷന്റെ ഡയറക്ടറാണ്. അനവധി പ്രബന്ധങ്ങളും അതിനൂതകുന്ന ഗവേഷണഫലങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഹൈദരാബാദിലെ യാത്രയിൽ താമസിച്ചിരുന്നത് ഡോ. ശശിയുടെ വീട്ടിലായിരുന്നു. ഏകദേശം 20 വർഷങ്ങൾക്കു മുമ്പ് രണ്ടേ മുക്കാൽ വർഷം ഞാൻ ചിലവഴിച്ച ഹൈദരാബാദ് നഗരം ആകെ മാറിയിരുന്നു. ഞാൻ പണ്ടു താമസിച്ച സ്ഥലങ്ങളെല്ലാം വൻകിട സൗധങ്ങൾ കൊണ്ടു നിറഞ്ഞിരുന്നു. ലാബറട്ടറിയും പരിസരങ്ങളുമെല്ലാം കണ്ടാൽ തിരിച്ചറിയാത്ത മാറ്റങ്ങൾക്കു വിധേയമായിരുന്നു. എനിക്ക് ഡോക്ടറേറ്റ് ഡിഗ്രി തന്ന



Scanned with CamScanner

ലാബറട്ടറിയും മുറിയും സഹപ്രവർത്തകരിൽ ചിലരും മാത്രമുണ്ടായിരുന്ന സ്ഥലം ഒന്നുകൂടി നിറഞ്ഞ കണ്ണുകളോടെ കണ്ടു. ലാബറട്ടറിയിൽ വലിയ മാറ്റമൊന്നുമുണ്ടായിരുന്നില്ല. ഈശ്വരാ എല്ലാം ഒരു സ്വപ്നം പോലെ തോന്നുന്നല്ലോ. ഞാനിവിടെയുണ്ടായിരുന്നോ, ഇവിടെ ഗവേഷണം ചെയ്തപ്പോൾ അനുഭവിച്ച സുഖദുഃഖങ്ങളെല്ലാം എന്നെങ്കിലും ഞാനെഴുതുമോ.....? എന്നിങ്ങിനെ ഹൃദയസ്പർശിയായി ഞാൻ ചിന്തിച്ചുകൊണ്ടേയിരുന്നു.

ഹൈദരാബാദ് ഐ.എസ്.ആർ.ഒ യിലേയും ബി.എച്ച്.ഇ. എല്ലിലേയും ജീവിത ഗന്ധിയായ എന്റെ പ്രഭാഷണങ്ങൾ ഡയറക്ടറെ ഉൾപ്പടെ കാര്യമായി സ്വാധീനിച്ചുവത്രേ. ഇതേ അനുഭവമായിരുന്നു, ന്യൂട്രീഷൻ ഇൻസ്റ്റിറ്റ്യൂട്ടിലേയും ഡയറക്ടർക്കുണ്ടായത്. അവിടത്തെ ഒരു ക്ഷേത്രത്തിൽ ഞാൻ നടത്തിയ പ്രഭാഷണത്തിൽ കൂടുതൽ ഭാഗവും മതപരിവർത്തനത്തിനെതിരെയായിരുന്നു. അതവർക്ക് ഒരത്ഭുതമായിരുന്നു.

**മുരളീമനോഹർജോഷിയുടെ ക്ഷണം**

കേന്ദ്ര മാനവ വിഭവശേഷി വകുപ്പു മന്ത്രിയായിരുന്ന പ്രൊഫ. മുരളീമനോഹർ ജോഷിയുടെ ക്ഷണമനുസരിച്ച് ഡൽഹിയിൽ ഒരു പ്രഭാഷണത്തിന്, കേന്ദ്രസർക്കാർ ചിലവിൽ യാത്രയും താമസവും തരപ്പെട്ടു. അത് 2002 ഏപ്രിൽ 22 മുതൽ 25 വരെയായിരുന്നു. അന്താരാഷ്ട്ര പ്രസിദ്ധിയുള്ള ശാസ്ത്രജ്ഞന്മാരുടെ മുന്നിൽ വെച്ച് ഭാരതീയശാസ്ത്ര പൈതൃകത്തെക്കുറിച്ച് ക്ളാസെടുത്ത എന്നെ പല സംസ്ഥാനങ്ങളിലേയും ഗവർണർമാരും ശാസ്ത്രജ്ഞന്മാരും ശ്രീ.മുരളി മനോഹർ ജോഷിയും സദസ്സിൽ വെച്ച് അഭിനന്ദിക്കുകയുണ്ടായി. പ്രത്യേകമായി ഒരു സ്വീകരണവും നൽകിയിരുന്നു. നാലു ദിവസം ഡൽഹിയിൽ ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയുടെ ഗസ്റ്റ് ഹൗസിൽ മിനിസ്റ്ററുടെ അതിഥിയായി താമസിച്ചുകൊണ്ട് ഡൽഹിയിലെ എല്ലാ പ്രധാന സ്ഥലങ്ങളും സന്ദർശിച്ചു. അറിവിന്റേയും അനുഭവത്തിന്റേയും ഭണ്ഡാരം തന്നെ ഡൽഹിയിൽ നിന്ന് വീണ്ടും സ്വന്തമാക്കാനായിരുന്നു.

**മഴുവഞ്ചേരിയിൽ ഒരു ക്ഷേത്രദാനം**

ജന്മസാഫല്യമുണ്ടായ ഈ സംഭവം നടന്നത് 2002 മേയ് 6-ാം തീയതിയായിരുന്നു. മഴുവഞ്ചേരിക്ഷേത്രവും ചുറ്റുമുള്ള ഭൂമിയും വയലും സമർപ്പണരേഖയും ചേർത്ത് കൊട്ടിലിൽ തറവാട്ടിലുള്ളവർ ഇൻസ്റ്റിറ്റ്യൂട്ടിനു സമർപ്പിച്ചു. അതുമായി ബന്ധപ്പെട്ടു നടന്ന പരിപാടിയിൽ എല്ലാ രേഖകളും സ്വീകരിച്ചത് ശ്രീ മൃഡാനന്ദസ്വാമിയായിരുന്നു. അതൊരുജ്ജ്വല പരിപാടിയായിരുന്നു. അങ്ങിനെ ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു ക്ഷേത്രവും രണ്ടേക്കർ ഭൂമിയും ലഭിച്ചു. അവിടെയും ഞങ്ങൾ പ്രഭാ



Scanned with CamScanner

ഷണ പരമ്പര തുടരുകയായിരുന്നു. പാറമേക്കാവ് അഗ്രശാലയിലെ പ്രഭാഷണത്തിലെ അപേക്ഷ സ്വീകരിച്ചാണീ ക്ഷേത്രവും സ്ഥലവും ലഭിച്ചത്.

**പുത്തൻ കുരിശുപ്രഭാഷണം**

മേയ് 11-ാം തീയതി കണ്ണൂരിൽ പ്രഭാഷണമുണ്ടായിരുന്നു. ആയിടക്ക് എറണാകുളത്ത് പുത്തൻകുരിശിൽ ഒരു സംഭവം നടന്നു. അവിടത്തെ പുത്തൻകാവിന്റെ ക്ഷേത്രമൈതാനിയിൽ ചിക്കൻ ബിരിയാണി വിതരണം ചെയ്ത് ഒരു സുവിശേഷ പ്രസംഗം നടന്നു. അതിനെതിരെ ഒരു ഹൈന്ദവ സംഗമം നടത്തണമന്ന തീരുമാനത്തെ കളക്ടറും പോലീസും തടഞ്ഞു. നിരോധനാജ്ഞ ലംഘിച്ചും സംഗമം നടത്തുമെന്നുറക്കെ പ്രഖ്യാപിച്ച് എല്ലാ വിഭാഗം ഹൈന്ദവ വിശ്വാസികളും ഒത്തുചേർന്ന് എന്നെ വിളിച്ച്, ഈ സംഭവത്തെക്കുറിച്ചറിയിച്ചു. പ്രഭാഷണത്തിന് ഞാനെത്തിക്കോളാമെന്നും വാക്കുകൊടുത്തു. മേയ് 12 ന് പുത്തൻകുരിശിലെത്തിയപ്പോൾ എട്ടുവാൻ പോലീസും ജനാവലിയും! എന്നെ സമ്മേളനസ്ഥലത്തേക്ക് കൊണ്ടുപോയത് ആറു മോട്ടോർ സൈക്കിളിൽ തടിയന്മാരായ സെക്യൂരിറ്റിയുടെ അകമ്പടിയോടെയായിരുന്നു. അമൃതാനന്ദമയീമഠത്തിലെ സ്വാമി അദ്ധ്യക്ഷസ്ഥാനത്തിരുപ്പുണ്ടായിരുന്നു. സ്വാമി എന്നോട് പറഞ്ഞു സ്ഥലത്ത് സംഘർഷാവസ്ഥയുണ്ട്. പ്രഭാഷണം നടത്തുമ്പോൾ ശ്രദ്ധിക്കണം. ഞാൻ സ്വാമിയോടു പറഞ്ഞു. " ജീവൻ പോയാലും പറയാനുള്ളതെല്ലാം പറയും. ഞാൻ പറഞ്ഞത് ശരിയല്ല എന്നുതോന്നുകയാണെങ്കിൽ അടുത്ത പ്രാവശ്യം എന്നെ പ്രഭാഷണത്തിനു വിളിക്കേണ്ട. ഭയപ്പെട്ടു പിൻവലിയുന്ന പ്രശ്നമില്ല." അമ്മയുടെ ഭക്തന്മാരെന്നു പറയപ്പെടുന്ന യുവാക്കളായ അര ഡസൻ ക്രൈസ്തവർ വന്ന് എന്നോടു പറഞ്ഞു. "ക്രിസ്ത്യാനികൾക്കെതിരെ ഒന്നും പറയരുത്. ഞങ്ങൾ പൂർണാമൃതാനന്ദസ്വാമിയോട് ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അദ്ദേഹം വാക്കു തന്നിട്ടുണ്ട്. ഞങ്ങൾക്കെതിരെയൊന്നും പറയില്ലെന്നു" ഞാൻ മറുപടി കൊടുത്തു. "സ്റ്റേജിൽ കയറുമ്പോൾ മുകളിലൊരു പൂർണാമൃതാനന്ദസ്വാമിയുണ്ട് അദ്ദേഹം എന്തെല്ലാം പറയണമെന്ന് എന്നോടു നിർദ്ദശിക്കുന്നുവോ അതെല്ലാം പറയും. വന്ന സ്ഥലത്തേക്കിനി തിരിച്ചു പോകില്ല. ഞാൻ വീട്ടിലെത്തിയതിനു ശേഷം അരിയിട്ടാൽ മതിയെന്നും എന്റെ ഭാര്യയോട് പറഞ്ഞിട്ടാണ് ഞാൻ വന്നിരിക്കുന്നത്. അതുകൊണ്ട് ജീവിതത്തിൽ ഭയപ്പെടുന്ന പ്രശ്നമില്ല."

അന്നു സ്റ്റേജിൽ കയറി നടത്തിയ തീപ്പൊരി പ്രഭാഷണമായിരുന്നു 'പുത്തൻ കുരിശ്' പ്രഭാഷണം. ഇന്നും അവിടത്തെ ജനത അതോർക്കുന്നു എന്ന് അവിടെ പോകുമ്പോൾ മനസ്സിലാകാറുണ്ട്. ആ പ്രഭാഷണത്തിന്റെ ആയിരക്കണക്കിന് കാസറ്റുകൾ അവിടെയുള്ളവർ



Scanned with CamScanner

കോപ്പിയെടുത്ത് വിതരണം ചെയ്തിട്ടുമുണ്ട്. പ്രഭാഷണത്തിന്റെ അടുത്ത ദിവസം എന്റെ അനുജൻ ആ പ്രദേശത്തുള്ള ചില ക്രൈസ്തവ സ്ഥാപനങ്ങളിൽ പോയി പ്രഭാഷണത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായി. ആരും എതിരു പറഞ്ഞില്ലെന്നു മാത്രമല്ല ഇത്രയും ചങ്കൂറ്റത്തോടെ കാര്യങ്ങൾ പച്ചക്ക് വിളിച്ചു പറഞ്ഞതിൽ അത്ഭുതം പ്രകടിപ്പിക്കുകയും ചെയ്തു വത്രെ. അന്നുഞാൻ പഠിച്ചു ധൈര്യസമേതം സത്യം ധർമ്മം നീതി ന്യായം കൈവിടാതെ എന്തുപറഞ്ഞാലും ജനങ്ങളത് അംഗീകരിക്കും.

**എറണാകുളം കരയോഗത്തിലെ പ്രഭാഷണം**

എറണാകുളം കരയോഗത്തിൽ ശ്രദ്ധേയമായ പ്രഭാഷണങ്ങൾ നടത്താറുണ്ട്. വൻ സമൂഹം അതിനെത്താറുമുണ്ട്. മാതൃഭൂമി പത്രത്തിൽ നിന്ന് വിരമിച്ച ശ്രീ കൃഷ്ണൻ കുട്ടിയുടേയും സഹപ്രവർത്തകരുടേയും ശ്രമഫലമായാണ് പരിപാടികൾ ആവിഷ്കരിക്കാറുള്ളത്. ചെറുപ്പത്തിൽ ഏകദേശം 15 വർഷക്കാലം കല്യാണസദ്യകൾക്ക് വിളമ്പാനും, പാചകത്തിനുമായി നിരന്തരം കയറിയിറങ്ങിയ സ്ഥലത്ത് നിന്നുകൊണ്ട് പ്രഭാഷണം നടത്തുക! പണ്ട് എല്ലാവരും പുച്ഛത്തോടെ നോക്കിയിരുന്നതിനു പകരം ആദരവോടെയും തൊഴുകയ്യോടെയും സ്വീകരിക്കുകയും യാത്രയാക്കുകയും ചെയ്യുക! അവിസ്മരണീയങ്ങളായ 10 പ്രഭാഷണങ്ങളുടെ അനുഭവങ്ങളെങ്കിലും അവിടന്നു ലഭിച്ചിട്ടുണ്ട്. ഒരിക്കൽ കരയോഗത്തിൽ ഓഡിറ്റോറിയത്തിന്റെ സ്റ്റേജിൽ കയറുമ്പോൾ ശ്രീ.കൃഷ്ണൻകുട്ടി പറഞ്ഞു “ഇന്നത്തെ വിഷയം ദിശാബോധം നഷ്ടപ്പെട്ട ഭാരതീയൻ എന്നായിക്കോട്ടെ” എന്ന്. മറിച്ചൊരു ചോദ്യം ഞാൻ ചോദിച്ചു. “പച്ചക്ക് കാര്യങ്ങൾ വിളിച്ചു പറഞ്ഞാൽ പ്രശ്നാവുമോ?” ഏയ് ഒന്നുമില്ല എന്ന മറുപടിയും വന്നു. പത്രങ്ങളേയും ബുദ്ധിജീവികളേയും രാഷ്ട്രീയ നേതാക്കളേയും പേരെടുത്തു പറഞ്ഞ് വിരൽ ചൂണ്ടുന്ന ആ പ്രഭാഷണം ഇന്നും ജനസഹസ്രങ്ങളുടെ സ്മരണയിലുണ്ട്. “ദിശാബോധം നഷ്ടപ്പെട്ട ഭാരതീയൻ.”

**കോയമ്പത്തൂരിലെ പ്രവർത്തനങ്ങൾ**

ജൂലൈ 5 ന് കോയമ്പത്തൂരിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനോൽഘാടനം കോയമ്പത്തൂർ ആര്യ വൈദ്യഫാർമസി മാനേജിംഗ് ഡയറക്ടർ ഡോ. കൃഷ്ണകുമാർ നിർവഹിച്ചു. ഫ്രഞ്ചുകാരനായി ജനിച്ച് ഭാരത പൗരത്വം സ്വീകരിച്ച മിഷേൻ ഡാനിനോ പ്രധാന പ്രഭാഷണം നടത്തി. കോയമ്പത്തൂരിലെ പ്രഭാഷണ പരമ്പരകൾക്ക് ഇവർ നൽകിയ സംഭാവന വിവരണാതീതമാണ്. കോയമ്പത്തൂരിലെ പ്രധാന കോർഡിനേറ്ററായി പ്രവർത്തിക്കുന്നതാകട്ടെ ശ്രീ കണ്ണൻ ശ്രീ കാന്ത് ആണ്.



Scanned with CamScanner

സാമൂഹ്യ പ്രവർത്തനമണ്ഡലത്തിലെ ഒരു തിളങ്ങുന്ന നക്ഷത്രമാണ ദ്ദേഹം എന്ന് ഒരു വരിയിൽ പറഞ്ഞാൽ സന്ദേശം പൂർണമാകും. എല്ലാ വർഷവും കുറഞ്ഞത് രണ്ടുപ്രാവശ്യമെങ്കിലും എട്ടിമടയിലെ അമൃത വിദ്യാപീഠത്തിലേക്ക് പ്രഭാഷണപരമ്പരകൾക്ക് പോകാറുണ്ട്. എല്ലാ സെക്ഷനിലും പ്രഭാഷണങ്ങൾ നടക്കാറുമുണ്ട്. പലപ്പോഴും ഒരു ദിവസം തന്നെ ആറു വിഭാഗത്തിൽ പ്രഭാഷണം നടത്തുമ്പോൾ രാത്രി 10 മണി വരെയാകാറുണ്ട്. ഇതു കൂടാതെ ആനക്കെട്ടി ആശ്രമത്തിലും കോയ മ്പത്തൂരിലെ വിവിധ കോളേജുകളിലും എന്റെ പ്രഭാഷണങ്ങൾ സാധാ രണമാണ്. അവിനാശലിംഗം കോളേജിൽ പോകുമ്പോൾ ഞാൻ അവിടെ ദശാബ്ദത്തിനു മുമ്പ് നടത്തിയ ഗവേഷണപഠനങ്ങളെക്കുറിച്ചും ഓർമ്മി ക്കാറുണ്ട്. സിദ്ധപത്തൂർ ക്ഷേത്രം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ സഹായവും നൽകി കൊണ്ടിരിക്കുന്നുണ്ട്. ശ്രീ മിഷേൽ ഡാനി നോയുടെ ഇന്ത്യൻ ഫൗണ്ടേഷൻ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, ഇൻസ്റ്റി റ്റ്യൂട്ടുമായി സഹകരിച്ചുപ്രവർത്തിക്കുന്നു. കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസിയുമായി ഒരാത്മ ബന്ധമാണ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ളത്.

**ഡോ. എ.പി.ജെ. അബ്ദുൾ കലാമുമായി സംഗമം**

ശ്രീ കാഞ്ചീശങ്കരാചാര്യരുടെ അനുഗ്രഹാശിസ്സുകളാൽ പ്രവർത്തിക്കുന്ന ശ്രീ ശങ്കരാ കണ്ണാശുപത്രിയിലെ ഡോ. രമണിക്കും കുടുംബത്തിനും ശാസ്ത്ര രത്ന പുരസ്കാരം ഇൻസ്റ്റിറ്റ്യൂട്ട് നൽകിയി ട്ടുണ്ട്. ആ സ്ഥാപനത്തിൽ വെച്ച് വർഷങ്ങൾക്കു മുമ്പ് ഞാനും ഡോ. എ.പി.ജെ.അബ്ദുൾ കലാമും മണിക്കൂറുകളോളം ഭാരതീയ പൈതൃക ത്തെക്കുറിച്ച് ശങ്കരാചാര്യരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയു ണ്ടായി. ജീവിതത്തിലെ അവിസ്മരണീയമായ ഒരു ദിവസമായിരുന്നു അത്. അത്യുജ്ജ്വലമായ ഒരു സ്വീകരണം എനിക്കും പിന്നീടൊരിക്കൽ അവർ (എനിക്കതിന് അർഹതയില്ലാതിരുന്നിട്ടും) നൽകിയിട്ടുണ്ട്. അവി ടുത്തെ ഭാരതീയരും അല്ലാത്തവരുമായ നൂറോളം ഡോക്ടർമാർ ജീവിതം തന്നെ മാനവരാശിക്ക് കാഴ്ച കൊടുക്കാനായി ഉഴിഞ്ഞു വെച്ച വരാണ്.

ഇക്കാലയളവിൽ വള്ളിക്കാവ് അമൃതാനന്ദമയീ മഠത്തിലും, സംഘ ട്ടനങ്ങൾ കൊണ്ട് വാർത്തയിൽ നിറയുന്ന തലശ്ശേരിയിലും, കൂത്തുപ്പറ മ്പിലും, തളിപ്പറമ്പിലും കൂടാതെ മലപ്പുറത്തെയെല്ലാ ഭാഗങ്ങളിലും വള രെയധികം പ്രഭാഷണങ്ങൾ നടന്നു. തലശ്ശേരിയിലെ പ്രവർത്തനത്തിന് പ്രശാന്തും, മിനീഷും, ഗോപാലകൃഷ്ണനും, മാഹിയിലെ പ്രവർത്തന ത്തിന് പ്രസാദും, കണ്ണൂർ ജില്ലയിൽ ശ്രീ. നാരായണൻ മാഷും അഡ്വ ക്കേറ്റ് നമ്പീശനും, ചൊവ്വ ക്ഷേത്രത്തിലെ ഭരണാധികാരിയായ ശ്രീ



Scanned with CamScanner

ശശികുമാറും നേതൃത്വം നൽകിയിരുന്നു. ഇവരെല്ലാം ഇജ്ജ്വലരായ പൊതുപ്രവർത്തകരാണ്. ചിന്മയാമിഷനും, അമൃതാനന്ദമയീമഠവും, സത്യസായിസേവാസമിതികളും, ആർട്ട് ഓഫ് ലിവിങ് ഫൗണ്ടേഷനുമെല്ലാം കൈകോർത്തു പിടിച്ച് ഈ പ്രഭാഷണ പരമ്പരകൾ വിജയിപ്പിക്കാറുണ്ട്. കോഴിക്കോട് ചുക്കാൻ പിടുക്കുന്നതാകട്ടെ എയർ ഇന്ത്യയിൽ പ്രവർത്തിക്കുന്ന ശ്രീ നാരായണനും പ്രസിദ്ധമായ ദേശമംഗലം മനയിലെ കണ്ണിയായ ഡി. വി.എസ്. നമ്പൂതിരിപ്പാടുമാണ്. കോഴിക്കോട് പ്രഭാഷണവേളയിലെല്ലാം താമസിക്കുന്നതും ഭക്ഷണവുമെല്ലാം ഡി.വി. എസ്സിന്റെ വീട്ടിലാണ്. വടകരയിലെ അനിലും ബിജുവും ആരംഭകാലം മുതൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവനാണ്. കോഴിക്കോട് സാമൂതിരിയുടെ ബന്ധുവീട്ടിലും ചിലപ്പോൾ വാസമുണ്ടാകാറുണ്ട്. സാമൂതിരിയുമായി അടുത്ത ബന്ധമുണ്ടായിരുന്നതിനാൽ മഴുവഞ്ചേരി ശിവരാത്രി തീർത്ഥാടനത്തിനായി സാമൂതിരി വരുകയും ചെയ്തിട്ടുണ്ട്. മലപ്പുറത്തെ പ്രഭാഷണങ്ങളെല്ലാം സംഘടിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം വിളയിൽ മുരളി എന്നറിയപ്പെടുന്ന പൊതുപ്രവർത്തകനും, പക്വത വന്ന പ്രഭാഷകനും, സാമൂഹ്യ പ്രവർത്തനത്തിന്റെ നെടുംതൂണുമായ സ്കൂളദ്ധ്യാപകനാണ്. ശ്രീ മുരളിയും തിരൂരിലെ ശ്രീ ഗോപാലകൃഷ്ണനും കർമ്മമണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പം ഉണ്ടാകാറുണ്ട്.

ഒക്ടോബർ 1 മുതൽ 7 വരെ ഞാൻ ഡൽഹിയിലെ മൂന്നാം റൗണ്ട് പ്രഭാഷണ പരമ്പരകൾക്കായി പോയിരുന്നു. ഡൽഹിയിലെ മലയാളികൾക്കിടക്ക് വളരെ സുപരിചിതമായ ഒരു ശബ്ദമായി മാറി എന്നവർ പറയുന്നുണ്ടായിരുന്നു. ശ്രീ വിനോദും, ഉണ്ണിത്താനും മറ്റു ചിലരുമാണ് അവിടെ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുക. ഡൽഹിയുടെ പ്രധാനസ്ഥലങ്ങളെല്ലാം പല പ്രാവശ്യം കാണുവാനും ശവപ്പറമ്പുകളുടെയും സ്മാരകങ്ങളുടേയും നാടായ ഭാരത തലസ്ഥാനം സന്ദർശിക്കുമ്പോൾ ഭാരതമനുഭവിച്ച വേദന കണ്ണുനീരോടെ സ്മരിക്കാനും മറക്കാറില്ല.

ഈ വർഷം (2002) ഒക്ടോബർ 13 ന് ചോറ്റാനിക്കര ക്ഷേത്രത്തിൽ നടത്തിയ പ്രഭാഷണം കുറേ പ്രശ്നമുണ്ടാക്കിയെന്നറിഞ്ഞു. സ്കൂളിൽ പഠിക്കുന്ന കാലത്ത് 41 ദിവസം ചോറ്റാനിക്കരയിൽ നിർമ്മാല്യം തൊഴാനായി പോയിരുന്നു. കോളേജിലായപ്പോൾ അവിടെ നടക്കുന്ന ലക്ഷാർച്ചനക്കും, കോടിയർച്ചനക്കും പോകുമായിരുന്നു. അന്നു ചോറ്റാനിക്കര ക്ഷേത്രമെങ്ങിനെയുണ്ടായിരുന്നോ അതിൽ നിന്നും ഒരിഞ്ചു പോലും ഈ ക്ഷേത്രം പുരോഗമിക്കാത്തത് ഭരണാധികാരികളുടെ കെടുകാര്യസ്ഥതയും കള്ളത്തരവും കാരണമാണെന്ന്

ഉദാഹരണസഹിതം വൻ സദസ്സിന്റെ മുന്നിൽ വെച്ച് ഞാൻ പറഞ്ഞു. ഞാൻ ചെയ്ത പ്രസംഗത്തിനെതിരെ മാനനഷ്ടകേസുകൊടുക്കാൻ ക്ഷേത്ര ഭരണാധികാരികൾ കോടതിയിൽ പോയി. കാസറ്റുകേൾക്കണെമെന്നു ജഡ്ജി പറഞ്ഞുവത്രെ. കാസറ്റുകേട്ടതിനു ശേഷം അവരോട് അദ്ദേഹം പറഞ്ഞു. "ഇയാൾ പറഞ്ഞതൊക്കെ ഞാനവിടെ ചെയ്ത പ്രഭാഷണത്തിന്റെ ശരിയല്ലെ ഇതിനെന്തിനാണ് കേസു കൊടുക്കുന്ന" തെന്ന്. പക്ഷേ കോടതിയിൽ കേസെത്തിയില്ലെങ്കിലും ക്ഷേത്രസേവാ സമിതി പ്രസിഡന്റിന്റെ സ്ഥാനം പോയിയെന്ന് എന്റെ പ്രഭാഷണം സംഘടിപ്പിക്കാൻ മുൻ കൈയ്യെടുത്ത ശ്രീകാളീശ്വരൻ എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു.

ഒക്ടോബർ മാസം 24 ന് (2002) തിരുപ്പതിയിൽ നിന്നും ഡീലിറ്റ് ബിരുദം സ്വീകരിച്ച് ഞാൻ രണ്ടാം തവണയും ചെന്നൈയിൽ പ്രഭാഷണ പരമ്പരകൾക്കായി പോയി. 24 മുതൽ 28 രാത്രി വരെയായിരുന്നു ഏകദേശം ഒരു ഡസൻ പ്രഭാഷണങ്ങൾ. സി.എം.സി.യിൽ പ്രവർത്തിക്കുന്ന എന്റെ ഭാര്യാ സഹോദരനായ ശ്രീ. ഹരിനാരായണനാണ്, അന്നും ഇന്നും ചെന്നൈ പ്രോഗ്രാമിന്റെ പ്രധാന സംയോജകൻ. ശ്രീ അജിൽ കുമാറും ഗോപിനാഥൻനായരും കൂടെയുണ്ടാകാറുണ്ട്. 2002 നവംബർ 9 മുതൽ ഒരാഴ്ചക്കാലത്തേക്ക് ബഹ്റിൻ പ്രഭാഷണം ഉണ്ടായിരുന്നു. തിരുവനന്തപുരത്തെ ഭാഗവതസത്രത്തിലെ കത്തിക്കാളുന്ന പ്രഭാഷണവും, കണ്ണൂർ കോഴിക്കോട് തൃശ്ശൂർ ഭാഗങ്ങളിലെ (ഡിസംബറിൽ) സുദീർഘ പര്യടനവും കഴിഞ്ഞ്, തൃശ്ശൂരിൽ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷികം ശാസ്ത്ര 2002 സെമിനാറും കഴിഞ്ഞ്, ഡിസംബർ 25 മുതൽ 29 വരെ നീണ്ടു നിൽക്കുന്ന അവിസ്മരണീയമായ പ്രഭാഷണ പരമ്പര ബോംബേയിലും നടത്തി.

2003 വർഷം ആരംഭിച്ചത്, കൊല്ലം കൻറ്റോൺമെന്റ് ഗ്രൗണ്ടിൽ നടന്ന (മൂന്നു മതങ്ങളുടെ) പ്രഭാഷണത്തിൽ സനാതനധർമ്മത്തിന്റേത് അവതരിപ്പിച്ചായിരുന്നു. ഇസ്ലാം, ക്രിസ്തു മതത്തിൽ നേരത്തെ നിശ്ചയിച്ച പ്രഗത്ഭരായവർ വരുന്നില്ലെന്നറിയിച്ചത് സനാതനധർമ്മത്തെക്കുറിച്ചു പറയാൻ ഞാനായിരുന്നതു കൊണ്ടാണെന്നറിഞ്ഞു. അന്നു തന്നെ കൊല്ലം ആലപ്പുഴ ജില്ലകളിൽ ക്ലാസുകഴിഞ്ഞാണ് മടങ്ങിയത്. ജനുവരി രണ്ടാം പകുതി പൂർണമായും ഒമാനിലും, കുവൈറ്റിലും, ദുബായിലുമായിരുന്നു. ഫെബ്രുവരി 1-ാം തീയതി എൻ.എസ്.എസ്. ജനറൽ സെക്രട്ടറി നാരായണപണിക്കരെ അടിമുടി വിമർശിച്ചുകൊണ്ടൊരു പ്രഭാഷണം എൻ.എസ്.എസിന്റെ ചങ്ങനാശ്ശേരിയിലുളള അമ്പലത്തിൽ നടന്നത് ഏറെ ചർച്ചാവിഷയമായി. അടുത്ത ആഴ്ച പാലക്കാട് നടന്ന രണ്ടു



Scanned with CamScanner

ദിവസത്തെ പ്രഭാഷണങ്ങളിൽ ഇതിന്റെ അനുമോദനങ്ങൾ ലഭിക്കുകയും ചെയ്തു.

ഈ പ്രഭാഷണങ്ങൾ നടക്കുമ്പോഴും 2002 അവസാനത്തോടെ മഴുവഞ്ചേരിയിൽ ഒരു നാഷണൽ ഹെറിറ്റേജ് സെന്റർ സ്ഥാപിക്കാനുള്ള ആഗ്രഹം സഫലീകരിക്കുന്ന തിരക്കിലായിരുന്നു. പല കോൺട്രാക്റ്റർമാരേയും സമീപിച്ചെങ്കിലും. ഈ ഭൂമി ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കാൻ കാരണക്കാരനായ ശ്രീ. എം. വാസുദേവന്റെ പരിചയത്തിലുള്ള എനാർക്ക് കൺസ്ട്രക്ഷൻസ് കമ്പനിയിലെ ശ്രീ രാമകൃഷ്ണനുമായി ചർച്ച ചെയ്ത് ഈ ഭാരം അദ്ദേഹത്തിനെ ഏൽപിക്കുകയാണുണ്ടായത്. അങ്ങിനെ മഴുവഞ്ചേരിയിൽ ഭൂമിയും ക്ഷേത്രവും ലഭിച്ച് വളരെ വൈകാതെ ഒരു ഹെറിറ്റേജ് സെന്ററിന്റെ പണിയാരംഭിക്കാൻ സാധിച്ചു. വടക്കൻ കേരളത്തിലേക്കുള്ള പ്രഭാഷണ യാത്രാ വേളയിൽ ഇതു പരിശോധിക്കലും നടന്നിരുന്നു.

പാലക്കാട് പരിപാടികളെല്ലാം സംയോജിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം ശ്രീ ശങ്കരനാരായണനും ശ്രീ.സി.കെ. ഹരിദാസും ഏറ്റെടുത്തു. ശാന്തനും വ്യക്തമായി കാര്യങ്ങൾ നടത്താനും വിലയിരുത്താനും കഴിവുള്ള രാഷ്ട്രീയ സാമൂഹിക മണ്ഡലത്തിൽ സ്വന്തം വ്യക്തിമുദ്രപതിപ്പിച്ച വ്യക്തിയുമാണ് ശ്രീ ശങ്കരനാരായണൻ. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉത്തരവാദിത്വം, അദ്ദേഹവും മക്കളും ചേർന്ന് അസാധാരണ പാടവത്തോടെ നടത്തുന്നതു കണ്ടിട്ട് അനവധി പ്രവർത്തകർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകരായിത്തീർന്നു. ബി.എസ്.എൻ.എല്ലിന്റെ ഡപ്യൂട്ടി ജനറൽ മാനേജറായിരുന്ന ശ്രീ. ഹരിദാസ്, യുക്തിവാദത്തിൽ നിന്ന് പൈതൃകത്തിലേക്കുവന്ന വ്യക്തിയാണ്. ഉയർന്ന തലങ്ങളിൽ നല്ല സ്വാധീനമുള്ള അദ്ദേഹത്തിന്റെ നേതൃത്വം പാലക്കാടിലെ പ്രവർത്തനങ്ങൾക്ക് വലിയൊരു നേട്ടമായിരുന്നു. എ സി വിയുടെ ശ്രീമനോഹരൻ എന്റെ പ്രഭാഷണ പരിപാടികൾ നിരന്തരം എ സിവിയിലൂടെ കൊടുത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകനെപോലെയായതും ഇവരുടെ ശ്രമഫലമായിട്ടായിരുന്നു. പാലക്കാടുള്ള വ്യത്യസ്ഥ ചാനലുകളിലൂടെ പ്രഭാഷണങ്ങൾ എത്തിത്തുടങ്ങിയതും ഇന്നും തുടരുന്നതും ഇവരുടെ ശ്രമഫലമായിട്ടാണ്. ഇന്ന് ആരാധ്യരായ സോമസുന്ദരൻ, മായിമനോഹർ, സാജു, വിജയകുമാർ തുടങ്ങി അനവധി ചെറുപ്പക്കാരും പ്രായമുള്ളവരും ചേർന്ന് പാലക്കാടിന്റെ മുഖം തന്നെ മാറ്റിമറിച്ചത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സന്ദേശമെത്തിച്ചിട്ടാണ്. പി. സി.വി, യു.ടി.വി, എ.സി.വി, എസ്.ടി.വി, സി.ടി.വി. ചാനലുകളെല്ലാം ഇന്ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഭാഷണങ്ങൾ ജനങ്ങളിലെത്തിക്കുന്നു. യു.ടി.വിയുടെ മാണിക്കനും സഹപ്രവർത്തകരും ഈ



Scanned with CamScanner

സന്ദേശം ജനങ്ങളിലെത്തിക്കുവാൻ ചെയ്തുകൊണ്ടിരിക്കുന്ന കർമ്മങ്ങൾ ഈ പുസ്തകത്തിന്റെ ഒരധ്യായത്തിൽ വിവരിച്ചാലും മതിയാവുകയില്ല.

2003 ഫെബ്രുവരിയിൽ തന്നെയായിരുന്നു പല മാറ്റങ്ങൾക്കും എനിക്ക് സാക്ഷ്യം വഹിക്കേണ്ടിവന്നത്. എന്റെ മകൾ ബി.ടെക്കിന് വള്ളിക്കാവിലെ അമൃതകോളേജിൽ ചേർന്നു. അതിനു വേണ്ടിയുള്ളതെല്ലാം നിരന്തരമായി ചെയ്യേണ്ടി വന്നു എന്നു മാത്രമല്ല വാരാന്ത്യത്തിൽ അവൾ അവിടെ നിന്നു മടങ്ങുമ്പോൾ രാത്രി വളരെ വൈകി ബസ്സ്സ്റ്റാന്റിൽ കാത്തു നിൽക്കുകയും എല്ലാ തിങ്കളാഴ്ചയും അതി രാവിലെ നാലുമണിക്ക് അവളെ റെയിൽവേ സ്റ്റേഷനിൽ യാത്രക്കായി എത്തിക്കുകയും വേണമായിരുന്നു. ഇക്കാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ ഓഡിയോ സിഡികളും നല്ല രീതിയിൽ ഡിജിറ്റലൈസ് ചെയ്യാനാരംഭിച്ചതും അവയെല്ലാം അത്യാധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് എം.പി. ത്രീ ഫോർമാറ്റിലാക്കിയതും. ശ്രീ. ഗിരീഷിന്റെ നേതൃത്വത്തിലായിരുന്നു. അത്യാധുനിക ഇലക്ട്രോണിക്സ്, ഐ.ടി. കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ടാറ്റാ എലിക്സിയിൽ പ്രവർത്തിക്കുന്ന ഗിരീഷിന് ഒരു പ്രത്യേക പാഠവമുണ്ടായിരുന്നുതാനും.

## മഴുവഞ്ചേരിയിലെ നിർമ്മാണ പ്രവർത്തനം പ്രശ്നത്തിൽ

2002 ൽ ലഭിച്ച ഭൂമിയിൽ 2003 ആരംഭത്തോടെ നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ പണി നടക്കുന്നുണ്ടായിരുന്നു. എനാർക്ക് കൺസ്ട്രക്ഷന്റെ നേതൃത്വത്തിൽ മഴുവഞ്ചേരിയിൽ നടക്കുന്ന നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആത്മാർത്ഥതയുടെ പേരിലാണ് അവരെയേൽപ്പിച്ചത്. അതിന് മേൽനോട്ടം വഹിക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രതിനിധികളാരുമുണ്ടായിരുന്നില്ല. ഇടക്ക് എറണാകുളത്തു നിന്നും ചീഫ് കോർഡിനേറ്ററായ ശ്രീ. എൻ.എൻ. മേനോൻ പരിശോധിക്കുമായിരുന്നു. വികലമായ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് സംശയം തോന്നിയപ്പോൾ അന്നുവരെ അവിടേക്ക് അയച്ച എട്ടു ലക്ഷം രൂപയുടെ കണക്കുകൾ പരിശോധിച്ചു. ഒരു ഇല്ക്ട്രിക് പോസ്റ്റ് മാറ്റിവെക്കുന്നതിന് 8000 രൂപയുടെ ബിൽ വെച്ചിരിക്കുന്നത് സജി എന്റെ ശ്രദ്ധയിൽപെടുത്തി. ഉടനെ അത് ഇലക്ട്രിസിറ്റി ബോർഡിൽ അന്വേഷിച്ചപ്പോൾ ലഭിച്ച മറുപടി ഞെട്ടലുണ്ടാകുന്നതായിരുന്നു. തൃശ്ശൂരിലെ വാസുദേവനോട് ഇക്കാര്യം അറിയിച്ചു. എന്റെ ജ്യേഷ്ഠനോട് മഴുവഞ്ചേരിയിൽ പോയി കാര്യങ്ങൾ അന്വേഷിക്കാനറിയിച്ചു. 2003 ഫെബ്രുവരി 18 ന് ജ്യേഷ്ഠനറിയിച്ചു. "ഒരെത്തും പിടിയുമില്ലാതെ ചോദിക്കാനും പറയാനും ആളില്ലാതെ പോകുന്നു. അവിടെ നടക്കുന്നത് വെറും കളി



Scanned with CamScanner

തമാശാണ്. ഒരു കാര്യവും ശരിക്കു പോകുന്നില്ല.'' അവിടെ ഇനി എന്തു തീരുമാനമെടുക്കണം? സംശയിച്ചു!

**ചെന്നൈയിലെ പ്രഭാഷണ പരമ്പര**

ഫെബ്രുവരി 22 മുതൽ 26 വരെ ചെന്നൈയിൽ 16 പ്രശസ്തസ്ഥാപനങ്ങളിൽ പ്രഭാഷണങ്ങളും, ഐ.ഐ.ടി, മദ്രാസ് യൂണിവേഴ്സിറ്റി, പ്രസിഡൻസി കോളേജ്, സ്റ്റെല്ലാമേരി കോളേജ്, അണ്ണായൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെല്ലാം ക്ലാസുകൾ നടന്നു. സജിയും കൃഷ്ണകുമാറും കൂടിയാത്ര തിരിക്കുമ്പോൾ മഴുവഞ്ചേരിയിൽ നടമാടുന്ന അനാഥാവസ്ഥയിൽ ദുഃഖവും ടെൻഷനുമുണ്ടായിരുന്നു. ചെന്നൈയിലെ പരിപാടികളുടെ പൂർണ ഉത്തരവാദിത്വം ശ്രീ ഹരിനാരായണനായിരുന്നു. അദ്ദേഹം അസാധാരണ പാടവത്തോടെ പരിപാടികൾ ക്രമീകരിച്ചു എന്നു മാത്രമല്ല. എല്ലാ പരിപാടികളുടേയും വീഡിയോ എടുത്ത് വിഡിയോ സിഡികളുടെ പരമ്പര തന്നെ പുറത്തിറക്കാൻ സാധിച്ചതും ആദ്യമായിട്ടായിരുന്നു. ഐ.ഐ.ടിയിൽ നടന്ന പ്രഭാഷണ വിസിഡികൾ പിന്നീട് ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കൊണ്ടിരുന്നു. ഈ വർഷം ഞാൻ അമേരിക്കയിലേക്കു യാത്ര ചെയ്ത വേളയിൽ ചിക്കാഗോവിൽ നിന്നും ഹ്യൂസ്റ്റണിലേക്കുള്ള ഫ്ളൈറ്റിൽ എന്റെ വലതു വശത്തിരുന്ന ഒരമേരിക്കക്കാരൻ അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന ഈ വി.സി.ഡി. എന്നെ കാണിക്കുകയുണ്ടായി.

ലാബറട്ടറിയിൽ നല്ല രീതിയിൽ നടക്കുന്ന എന്റെ ആയുർവേദ പ്രോജക്റ്റിന്റെ അവസാനത്തെ ഇൻസ്റ്റാൾമെന്റ് അഞ്ചുലക്ഷം രൂപ ലഭിക്കാനായി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഡി.എം.ഇയുടെ ഓഫീസിലും, സെക്രട്ടറിയേറ്റിലെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലും നിരന്തരം കയറിയിറങ്ങേണ്ടതായിട്ടുണ്ടായിരുന്നു. ഓരോ വർഷം കഴിയുമ്പോഴും ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിക്കൽ എഡ്യൂക്കഷേൻ അഞ്ചുലക്ഷം രൂപ റിലീസ് ചെയ്തു തരുമായിരുന്നു. 5+5+3 ലക്ഷം രൂപ വീതം യഥാക്രമം ഓരോ വർഷവും നൽകുന്ന വിധത്തിലാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരുന്നത്. ഓരോ സാമ്പത്തീകവർഷം കഴിയുമ്പോഴും അടുത്തവർഷത്തെ സംഖ്യ ലഭിക്കാനായി എത്ര പ്രാവശ്യമാണ് മെഡിക്കൽ കോളേജ് കാമ്പസിലെ ഡി.എം.ഇ. ഓഫീസിൽ കയറിയിറങ്ങേണ്ടി വരുന്നതെന്ന് വിവരിക്കാനസാദ്ധ്യമാണ്. അവിടെനിന്നും ഫയലുകൾ സെക്രട്ടറിയേറ്റിൽ വന്നാൽ പിന്നെ ഒരു മൂന്നു മാസം സെക്രട്ടറിയേറ്റിൽ പല ഡിപ്പാർട്ടുമെന്റുകളിലും കയറിയിറങ്ങിയാലെ തുക ലഭിക്കുകയുള്ളൂ. ഈയജ്ഞം മൂന്നു



Scanned with CamScanner

വർഷങ്ങളായി നടത്തിയപ്പോളാണ് അത് ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞതു പോലെയായിത്.

മാർച്ചു മാസത്തിൽ പാലക്കാട് നടന്ന പരിപാടികൾ കഴിഞ്ഞ് തത്തമംഗലത്തെ ചോനാട്ടെ വീട്ടിലെ ശ്രീ രാമചന്ദ്രൻനായരുടെ വീട്ടിൽ രാത്രി വിശ്രമിക്കുമ്പോഴായിരുന്നു, മഴുവഞ്ചേരിയിലെ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി ശ്രീ.കെ.ആർ. ഉണ്ണികൃഷ്ണനെ ശ്രീരാമചന്ദ്രൻ അവർകൾ ശുപാർശ ചെയ്തത്. മിലിട്ടറിയിൽ സിവിലിയനായി പ്രവർത്തിച്ച് ശാരീരാസ്വാസ്ഥ്യം കൊണ്ട് വിരമിച്ച്, അമൃതാനന്ദമയീ മഠത്തിൽ വളരെക്കാലം പ്രവർത്തിച്ച്, ചിന്മയാ മിഷന്റെ ഓഫീസിൽ ചെറിയജോലി ചെയ്തിരുന്ന ഉണ്ണികൃഷ്ണൻ പുണ്യഭൂമി പത്രത്തിന്റെ പ്രചരണത്തിനായി ജീവിതത്തിലെ വലിയ പങ്ക് മാറ്റിവെച്ചിരുന്നുവത്രെ. കുറേയെറെ വിമർശിക്കപ്പെടുന്ന സ്വഭാവത്തിന്റെ ഉടമയായിരുന്ന ബി.എ.ക്കാരനായ ഉണ്ണികൃഷ്ണൻ ഈ പരിചയപ്പെടുത്തലിനെത്തുടർന്ന് മഴുവഞ്ചേരിയുടെ ഭാഗമാവുകയാണുണ്ടായത്. ശ്രീ.എൻ.എൻ. മേനോൻ ഉണ്ണികൃഷ്ണനെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്തതും 2003 മാർച്ചിലായിരുന്നു.

## മഴുവഞ്ചേരിയിലെ നിർമ്മാണ പ്രവർത്തനം നിർത്തുന്നു

മാർച്ച് മാസം ആദ്യവാരത്തിൽ തിരുവനന്തപുരത്തു നിന്നു അതിരാവിലെ ഞാൻ മഴുവഞ്ചേരിയിൽ എത്തി, ഒരു വഴിപോക്കനെ പോലെയാണ് ഞാനവിടെ കയറിയത്. ഓരോരുത്തരും ചെയ്യുന്ന നിരുത്തരവാദപരമായ പ്രവർത്തനങ്ങൾ കണ്ടു. മേൽനോട്ടം വഹിക്കുന്ന വ്യക്തിയെക്കണ്ട് ഇതാരുടെ സ്ഥാപനമാണെന്നു ചോദിച്ചു. അയാൾ മറുപടി പറഞ്ഞു. "ഏതോ ഒരു ഗോപാലകൃഷ്ണന്റെ"- അയാളിങ്ങോട്ടു വരാറില്ലേ എന്നു ഞാൻ ചോദിച്ചു. അയാളുടനെ മറുപടി പറഞ്ഞു. "ഇവിടെ ചോദിക്കാനും പറയാനുമൊന്നുമാരുമില്ല." നിങ്ങളാരാണെന്നു ഞാൻ ചോദിച്ചു. "ഞാനടുത്തകാലത്ത് എനാർക്കിൽ ചേർന്നു, ഇവിടെ വന്നു" എന്നയാൾ പറഞ്ഞു. "ഇത്രയുമധികം ജോലിക്കാർ കാര്യമായിട്ടൊന്നും ചെയ്യുന്നില്ലല്ലോ? വെറുതേ തെക്കോട്ടും വടക്കോട്ടും നടക്കുകയാണല്ലോ?" എന്നു ഞാൻ ചോദിച്ചു. അതു ചോദിക്കാൻ താനാരാണെന്നായി അയാൾ. "ഞാനാരുമല്ല, ഈ നടക്കുന്നതുകണ്ട് ഉണ്ടായ വേദനകൊണ്ടു ചോദിച്ചതാണെ"ന്നു ഞാൻ പറഞ്ഞു.

"ഉണ്ടാക്കുന്നവനും ഉണ്ടാക്കാമെന്നു ഏറ്റവനും ഉത്തരവാദിത്വമില്ലെങ്കിൽ ഇങ്ങനെയൊക്കെയേ നടക്കൂ. ചാരിറ്റബിൾ ട്രസ്റ്റല്ലേ സാറെ" എന്നയാൾ പറഞ്ഞു. അയാളവിടെത്തെ സൂപ്പർവൈസറായിരുന്നു. അയാളുടെ കയ്യിൽ മൊബൈൽ ഫോണുണ്ടായിരുന്നു. അതിൽ രാമ



Scanned with CamScanner

കൃഷ്ണനെ വിളിക്കാൻ ഞാൻ പറഞ്ഞു. എന്റെ മുഖഭാവത്തിലെ മാറ്റം കണ്ട് എന്തോ പന്തികേടുണ്ടെന്ന് മനസ്സിലാക്കി അയാൾ എനാർക്കിന്റെ മാനേജിങ് പാർട്ട്ണറായ രാമകൃഷ്ണനെ ഫോണിൽ വിളിച്ചു. അദ്ദേഹത്തിനോടു ഞാൻ പറഞ്ഞു.

"മഴുവഞ്ചേരി മഹാദേവക്ഷേത്രത്തിന്റെ കോമ്പൗണ്ടിൽ നടക്കുന്ന നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ നിർമ്മാണപ്രവർത്തനം ഉടനെ നിർത്തുക. ഇതു നിർദ്ദേശമാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ ഡയറക്ടർ ഡോ.എൻ.ഗോപാലകൃഷ്ണൻ മഴുവഞ്ചേരി മഹാദേവന്റെ മുന്നിൽ നിന്നുകൊണ്ടാണ് ഈ നിർദ്ദേശം തരുന്നത്"

ഒരു മണിക്കൂറിനകം അദ്ദേഹം മഴുവഞ്ചേരിയിലെത്തി. ഏകദേശം ഒരു മണിക്കൂർ വാഗ്വാദം നടന്നു. ഞാൻ പറഞ്ഞതിൽ നിന്ന് ഒരിഞ്ചു മാറ്റമില്ല എന്നറിയിച്ചു. നേരെ ഞാൻ കൊട്ടിലിൽ ശ്രീ രാഘവമാരാരുടെ വീട്ടിലേക്കു പോയി. ശ്രീ. വാസുദേവനെന്നെ വിളിച്ചു പറഞ്ഞു. "തട്ടടിച്ചിട്ടുള്ളതിൽ വാർപ്പു കൂടി തീർത്തോട്ടെ എന്നു ശ്രീ രാമകൃഷ്ണൻ ചോദിച്ചു. ഇല്ലെങ്കിൽ വലിയനഷ്ടം വരുമെന്നുമറിയിച്ചു." ഞാൻ മറുപടി കൊടുത്തു. "ഇനിയെത്ര നഷ്ടം വന്നാലും ഒരിഞ്ചു മുന്നോട്ട് എനാർക്കിലൂടെയില്ല." മാർച്ച് 5, 2003 ൽ നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ നിർമ്മാണം നിർത്തി. ഇനിയെന്ത്? എന്ന ചോദ്യവുമായി തളരാതെ ചിന്തിച്ചു, ചിന്തിച്ചുകൊണ്ടേയിരുന്നു. എറണാകുളത്തെ ശ്രീ. എൻ.എൻ.മേനോനും അദ്ദേഹത്തിന്റെ ബന്ധുവും സ്വയം മുന്നോട്ടു വന്ന് മാർച്ച് 13 നു ശ്രീ.നാരായണൻ നമ്പൂതിരി എൻജിനീയറായും ചാർജ്ജെടുത്ത് നാഷണൽ ഹെറിറ്റേജ് സെന്റർ നിർമ്മാണത്തിന്റെ ഉത്തരവാദിത്വമേറ്റെടുത്തു.

മാർച്ച് 20 ന് മംഗലാപുരത്ത് പ്രഭാഷണപരമ്പരകൾക്കായി ഞങ്ങൾ പുറപ്പെട്ടു. അവിടെ പ്രഭാഷണ കാര്യങ്ങളെല്ലാം സംഘടിപ്പിക്കുന്നത് കുറേ ചെറുപ്പക്കാരും പിന്നെ ഇരുത്തം വന്ന ഒരു ആയുർവേദ ഔഷധ വ്യാപാരിയുമായ ശ്രീ.എം.എൻ. ഷേണായിയുമായിരുന്നു. മൂന്നു ദിവസത്തെ പരിപാടികൾ നിർബാധം തുടരുന്നതിന്റെ രണ്ടാം ദിവസം, തിരുവനന്തപുരത്തു നിന്ന് ഒരു ടെലിഫോൺ കാൾ സംഘാടകർക്ക് ലഭിച്ചു. "ആർ.എസ്.എസും പരിവാർ സംഘടനകളുമായി ബന്ധപ്പെട്ടവർ ഗോപാലകൃഷ്ണന്റെ പരിപാടിയിൽ പങ്കെടുക്കരുത്. അയാളുടെ എല്ലാ പരിപാടികളും സ്വാർത്ഥമാണ്. സ്വയം കാശുണ്ടാക്കാനാണിതു ചെയ്യുന്നത്." സ്വദേശീ ശാസ്ത്രപ്രസ്ഥാനത്തിന്റെ മുഖ്യസംഘാടകൻ ജയകുമാർ പ്രചരിപ്പിച്ചത് മംഗലാപുരത്തും പ്രതിധ്വനിച്ചു. ജയകുമാർ ഇഫക്റ്റ് പല പരിവാർ സംഘടനകളും ഏറ്റെടുത്ത് കേരളത്തിനകത്തും പുറത്തും



Scanned with CamScanner

ഭാരതത്തിനുപുറത്തുമെല്ലാം പ്രചരിപ്പിച്ചുകൊണ്ടേയിരുന്നതിന്റെ ഫല മായിരുന്നു തിരുവനന്തപുരത്ത് നിന്ന് മംഗലാപുരത്തേക്ക് വന്ന ഫോൺ സന്ദേശം. ഇതേപോലെയുള്ള സന്ദേശങ്ങൾ മലപ്പുറത്തിനപ്പുറത്തുള്ള എല്ലാ ജില്ലകളിലും കാര്യമായിട്ടെത്തിക്കൊണ്ടേയിരുന്നു. അവിടെയുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകർ, ആർ.എസ്.എസുമായി പണ്ട് ബന്ധമു ള്ളവരായിരുന്നു. ചിലർക്ക് ഇന്നും ബന്ധമുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന് എല്ലാ പാർട്ടിയിലും, ജാതിയിലും, മതത്തിലും പെട്ട പ്രവർത്തകരുണ്ട്. അതിൽ ആർ.എസ്.എസുമായി ബന്ധമുള്ളവർക്ക് ലഭിക്കുന്ന സന്ദേശവും അത് പ്രചരിക്കുന്ന രീതിയും പ്രവർത്തകർ എന്നെ അറിയിക്കാറുമുണ്ട്. അങ്ങി നെയാണ് മംഗലാപുരം യാത്രയിൽ, രണ്ടാം ദിവസം തിരുവനന്തപു രത്തു നിന്ന് പ്രവർത്തകരോട് നിസ്സഹരിക്കാൻ നിർദ്ദേശിച്ചുകൊ ണ്ടുള്ള ടെലിഫോൺ സന്ദേശം അവിടത്തെ ആർ.എസ്.എസ്. പ്രവർത്തകർക്ക് ലഭിച്ചത് ഞാനറിഞ്ഞത്. എന്റെ പ്രഭാഷണത്തിനായി സംഘടിപ്പിച്ച വലിയ ഒരു സദസ്സിലെ അദ്ധ്യക്ഷന് തിരുവനന്തപുരത്ത് നിന്ന് നേരിട്ട് ഫോൺ കാൾ ലഭിച്ചത്, സമ്മേളനം ആരംഭിച്ചതിന് ശേഷ മായിരുന്നു. സംഘാടകർ എന്തുചെയ്യണമെന്നറിയാതെ കുഴഞ്ഞു.

അവിടത്തെ പ്രധാന സംഘാടകനായ ശ്രീ ഷേണായ് വാക്കുകൊടുത്തു. "ഗോപാലകൃഷ്ണന്റെ പേരിൽ എന്തു പ്രശ്നമു ണ്ടെങ്കിലും ഞാൻ അന്വേഷിച്ചുവേണ്ടതു ചെയ്യാം, ഇപ്പോൾ പരിപാടി, നടക്കട്ടെ. വിജയകരമായി മംഗലാപുരത്തും 24-ാം തീയതി കാസർഗോഡും പ്രഭാഷണങ്ങൾ നടന്നു. മംഗലാപുരത്ത് അതിപ്രഗ ത്ഭരായ അനവധി വ്യക്തികളും ഉദ്യോഗസ്ഥരും പങ്കെടുത്തു. ധാരാളം ആർ.എസ്.എസുകാരുമുണ്ടായിരുന്നു. അസാധാരണമായ ശുഷ്കാന്തി യോടെ പത്രമാധ്യമങ്ങൾ ഫോട്ടോ സഹിതം പ്രഭാഷണത്തിന്റെ സംക്ഷിപ്തം പ്രസിദ്ധീകരിച്ചു. മൂന്നു ദിവസങ്ങളിലേയും പരിപാടികൾ ശ്രദ്ധേയമായി, പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു. പരിപാടികൾ കഴിഞ്ഞതി നുശേഷം തിരുവനന്തപുരത്തെ ടെലിഫോൺ കാളിനെക്കുറിച്ച് എന്നോട് ചിലർ സ്വകാര്യമായി അന്വേഷിച്ചതല്ലാതെ മറ്റൊന്നും സംഭവിച്ചില്ല. പ്രഭാ ഷണത്തിൽ ഞാൻ പറഞ്ഞ കാര്യങ്ങൾ പങ്കെടുത്ത എല്ലാവരും പൂർണ മായും സ്വാഗതം ചെയ്തു. എനിക്ക് അത്ഭുതകരമായി തോന്നിയത് കാസറഗോഡും ഇവിടെ നിന്ന് സന്ദേശമെത്തിയിരുന്നെങ്കിലും അവിടെ എന്റെ പ്രഭാഷണ പരിപാടികൾ, പൊതു പരിപാടിയായും, വിദ്യാർത്ഥി കൾക്കായും, രക്ഷാകർത്താക്കൾക്കായും സ്കൂളിലും, ആശ്രമത്തിലും, സംഘടിപ്പിച്ചത് പൂർണമായും ആർ എസ് എസുകാരായിരുന്നു. ഇൻസ്റ്റി റ്റ്യൂട്ടിന്റെ കാസറഗോഡിലെ കോർഡിനേറ്റർ അഡ്വ ബാലകൃഷ്ണൻ



Scanned with CamScanner

നായരാകട്ടെ ഒരു കറകളഞ്ഞ കോൺഗ്രസ് പാർട്ടി ഭാരവാഹിയുമായി രുന്നു. കാസറഗോഡ് പ്രഭാഷണവും തടസ്സപ്പെടുത്താൻ തിരുവനന്ത പുരത്തുള്ള ആർ എസ് എസുകാരുടെ ഫോൺകാളുപോയെങ്കിലും അവരാരും അതു കാര്യമാക്കിയില്ല. 2003 ഏപ്രിൽ 4 മുതൽ 6 വരെ വയ നാട്ടിൽ നടന്ന പരിപാടിയിൽ എന്റെ പ്രഭാഷണം 'വൻ പരാജയമാ ക്കാൻ' അശ്രാന്ത പരിശ്രമം നടന്നു എന്ന് അവിടത്തെ ശ്രീധർജി പറ ഞ്ഞു. ഇതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നല്ല പ്രവർത്തകരായ മാരുതി ചിറ്റ് ഫണ്ടിന്റെ ഉടമയായ ചന്ദ്രനും സുഹൃത്തുക്കളും ഈ പരിപാടി യിൽ നിന്നു വിട്ടുനിന്നുവെങ്കിലും വയനാട് പരിപാടി വൻ വിജയമായി രുന്നു. ഏപ്രിൽ 18 മുതൽ നടന്ന മലപ്പുറത്തും തുടർന്ന് ഗുരുവായൂരും ചാവക്കാടും, എന്റെ പ്രഭാഷണങ്ങൾ വിജയകരമായി നടന്നു. ഈ അവസരത്തിലാണ് മഴുവഞ്ചേരിയിലെ നാഷണൽ ഹെറിറ്റേജ് സെന്റർ 2003 ഏപ്രിൽ 20 ന് ഉൽഘാടനം നടന്നത്.

### ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകർ

ഏകദേശം മൂന്നു-നാലു മാസങ്ങളായി എറണാകുളത്ത് ശ്രീ. എൻ. എൻ. മേനോന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റേറ്റ് റീസോഴ്സ് സെന്റർ കാര്യമായ പ്രവർത്തനങ്ങളൊന്നുമില്ലാതി രുന്നതിനാൽ ജൂലൈ 24 ന് അടയ്ക്കുകയുണ്ടായി. ഈ സംഭവത്തിൽ ശ്രീ മേനോൻ വളരെ ദുഃഖിതനായിരുന്നു. തഴക്കവും പഴക്കവും വ്യക്തി ത്വവും കുലീനതയുമുള്ള ശ്രീ. എൻ. എൻ. മേനോനോട് എന്റെ പെരു മാറ്റം വളരെ അപക്വവും അംഗീകരിക്കാനാകാത്ത വിധത്തിൽ താഴ്ന്ന നിലവാരം പുലർത്തുന്നതുമായിരുന്നു എന്ന് എനിക്ക് ഇന്നും തോന്നു ന്നു. ഞാനതിൽ വളരെയേറെ ദുഃഖിക്കുന്നു. പല കാര്യങ്ങൾ ചിന്തിച്ചും ചർച്ച ചെയ്തും പ്രവർത്തിച്ചും മുമ്പോട്ടു പോകുമ്പോൾ ജഗദീശ്വര നോട് പ്രാർത്ഥിച്ചുകൊണ്ടാണ് എല്ലാ തീരുമാനങ്ങളുമെടുക്കാറുള്ളത്. എന്നാൽ ശ്രീ. എൻ.എൻ. മേനോന്റെ നാവിൽ നിന്നും പരുഷമായ ഒരു വാക്കുപോലും വന്നില്ല. എന്നോടുള്ള ആദരവിലും സ്നേഹത്തിലും ഒരിഞ്ചുപോലും കുറവും വരാത്തതിന് കാരണം ആ വലിയ മനുഷ്യന്റെ വലിയ മനസാണ് അതിന്റെ മുമ്പിൽ ഞാനെന്നും പ്രണമിക്കാറുണ്ട്. എറണാകുളം കരയോഗത്തിന്റെ ഭാഗമായി ടി.ഡി.എം.ഹാളിൽ പ്രഭാഷ ണങ്ങളുണ്ടാകുമ്പോൾ ശ്രീ മേനോൻ മുൻപന്തിയിലുണ്ടാകും. ഞാൻ പറയുന്നതിലെ ഓരോ വാക്കും ശ്രദ്ധിക്കും. അസാധാരണ ഭക്തി യോടെയായിരിക്കും അതിലെ ഓരോ വരിയും വിലയിരുത്തി സ്വീകരി ക്കുക. ഒന്നു രണ്ടു തെറ്റുകൾ ഒരിക്കലുണ്ടായി Superficial എന്ന വാക്കും Superfluous എന്ന വാക്കും ഞാൻ തെറ്റിയുപയോഗിച്ചപ്പോൾ സ്വകാ



Scanned with CamScanner

ര്യമായി അതു തിരുത്തിയത് ഒരു ജ്യേഷ്ഠന്റെ സ്നേഹവായ്പോടെയാണ്. ചുരുങ്ങിയ വാക്കുകളിൽ, വിടർന്ന മനസ്സോടെയും മുഖത്തോടെയും അനുഗ്രഹിച്ചനുമോദിക്കുന്ന ശ്രീ മേനോനിൽ നിന്ന് ധാരാളം പഠിച്ചതിൽ, കണ്ടുപഠിച്ച ഏറ്റവും നല്ല പാഠം 'ആവശ്യമില്ലാതെ സംസാരിക്കരുതെ'ന്നതായിരുന്നു.

എന്റെ പ്രഭാഷണങ്ങൾക്ക് വിലയേറുന്ന സംതൃപ്തിയുണ്ടായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ (ഐ.എം.ജി) ജില്ലാ കളക്ടർമാർ മുതൽ ഹെഡ് ക്ലാർക്കു വരെ മാനേജ്മെന്റ് വിഷയത്തിൽ ക്ലാസെടുക്കാൻ മാസത്തിൽ നാലും അഞ്ചും പ്രാവശ്യം പോകാനുള്ള ഭാഗ്യമുണ്ടായത് (2003) ജൂൺ 26, 2003 മുതൽക്കാണ്. ഡോ. ജോൺപുൽപറമ്പിൽ ഐ.എം.ജി.യിലെ (തിരുവനന്തപുരത്തെ) പ്രഗത്ഭനായ ഒരു പ്രൊഫസറും സനാതന ധർമ്മ വിശ്വാസിയുമായിരുന്നു ഈ ബന്ധത്തിനു കാരണമായത്. കേരള സർക്കാർ സ്ഥാപനമായ ഐ.എം.ജിയിൽ അന്നുമുതൽക്കിന്നു വരെ ധാരാളം ക്ലാസുകളെടുക്കാൻ സാധിക്കുന്നതിൽ എനിക്ക് അഭിമാനം തോന്നാറുണ്ട്.

അറിയപ്പെടുന്ന ശാന്തനായ ഒരു നല്ല പൊതു പ്രവർത്തകനായ ശ്രീകൃഷ്ണകുമാറിന്റെ (കുട്ടൻ വൈദ്യൻ) നേതൃത്വത്തിലാണ് ഹരിപ്പാട് പ്രദേശങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഭാഷണങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്. ആവശ്യത്തിന് മാത്രം ഒന്നോ രണ്ടോ വരി സംസാരിക്കുന്ന ശ്രീ വൈദ്യൻ എല്ലാ ധാർമ്മീക സംഘടനയിലും സ്വയം പ്രവർത്തനോന്മുഖനായിരുന്നു. സത്യം ധർമ്മം നീതി ഇവയുടെ മൂർത്തിമത് ഭാവമായ അദ്ദേഹം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നത് എനിക്കെന്നും ആഹ്ളാദകരമായിരുന്നു. അതുപോലെയായിരുന്നു, ആലപ്പുഴയിലെ കോമള വിലാസം ഹോട്ടലിന്റെ ഉടമയും സായിഭക്തനുമായ ശ്രീ. ജയൻ അവർകളുടെ സഹായവും. ആലപ്പുഴയിൽ നിരന്തരമായി നടക്കാറുള്ള എന്റെ പ്രഭാഷണ വേളയിൽ ഞങ്ങൾക്ക് ഭക്ഷണവും താമസവും ജയന്റെ ഔട്ട് ഹൗസിലാണ് പതിവ്. മണിക്കൂറുകളോളം നല്ല അനുഭവങ്ങൾ പങ്കുവെക്കാൻ അദ്ദേഹത്തിന്റെ കൂടെയിരിക്കുമ്പോൾ മടുപ്പു തോന്നാറില്ല. ഔദ്യോഗിക കാരണങ്ങളാലും, ചെറിയ ഒരു തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലും, കമ്പ്യൂട്ടറിന്റെ വ്യാപനത്തോടെ സ്വന്തം കർമ്മമണ്ഡലം ക്ഷയിച്ചു വന്നതിനാലും, ആലപ്പുഴയിലെ കോർഡിനേറ്ററായ ശ്രീ. വേണു ജി. മേനോൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ നിന്ന് സാവധാനത്തിൽ പുറകോട്ടു പോയിരുന്നു. ഇപ്പോൾ ആലപ്പുഴയിൽ ശ്രീ.കെ.വി. ഗോപാലകൃഷ്ണന്റെ നേതൃത്വം, വളരെയേറെ കാര്യങ്ങൾ ഏറ്റെടുക്കുന്നതിനും, നല്ല രീതി



Scanned with CamScanner

യിൽ പ്രാവർത്തികമാക്കുന്നതിനും സഹായിക്കുന്നു. കുടുംബസമേതം അദ്ദേഹം ചെയ്യുന്ന കർമ്മങ്ങൾക്ക് പ്രതീക്ഷിക്കുന്നതിനേക്കാൾ വലിയ പ്രതികരണമാണ് ആലപ്പുഴയിൽ ലഭിക്കുന്നത്.

### ആയുർവേദത്തിലൊരു പ്രത്യേക ശിബിരം

2003 ജൂലൈ 19 മുതൽ ആലപ്പുഴ ജില്ലയിൽ പ്രഭാഷണങ്ങൾ നടത്തികൊണ്ടിരിക്കുമ്പോഴും, അതു കഴിഞ്ഞ് അടുത്ത ദിവസം മുതൽ ജൂലൈ 25 വരെ ലാബറട്ടറിയിൽ ആയുർവേദത്തിന്റെ ഗഹനമായ ഒരു പഠനശിബിരം സംഘടിപ്പിക്കുകയായിരുന്നു ഞാൻ. ഇത്രയും ഗഹനമായ ഒരു പഠനകളരി, ഇതുവരെ നടന്നിട്ടില്ലെന്ന് പങ്കെടുത്തവർ പറഞ്ഞു. ഇതിന്റെ ഉത്തരവാദിത്വം ആയുർവേദ പ്രോജക്റ്റ് ഏറ്റെടുത്ത എന്നിലായിരുന്നു, ഡയറക്ടർ ഏൽപിച്ചത്. നിർഭാഗ്യവശാൽ ഡിവിഷൻ ഹെഡ് സ്വയം ഒന്നും ചെയ്തുമില്ല, സഹായിച്ചുമില്ല, സഹായിക്കാൻ മുന്നോട്ടു വന്നവരെ അദ്ദേഹത്തിന്റെ കൂടെ നിന്നവർ പിന്തിരിപ്പിക്കുകയും ചെയ്തു. എന്റെ ലാബറട്ടറിയിൽ മറ്റൊരു ഡിവിഷണിൽ പ്രവർത്തിക്കുന്ന ശ്രീ. കെ.ആർ. പ്രസാദ്, ഈ ആയുർവേദ പഠനശിബിരം വൻവിജയമാക്കുന്നതിന് പൂർണമായും എന്റെ കൂടെയുണ്ടായിരുന്നു. ശാസ്ത്രമണ്ഡലത്തിൽ നില നിൽക്കുന്ന ആഡംബരങ്ങളും, ചിക്കൻകറി, മട്ടൺകറി സംസ്കാരവും പൂർണമായും ഇല്ലാതാക്കി ലളിതമായ ഭക്ഷണം കൊടുത്ത്, രാവിലെ 8.00 മുതൽ വൈകു. 6 നു ശേഷവും ക്ലാസുകൾ നടത്തിയിരുന്നു. ശാസ്ത്രീയമായി സംഘടിപ്പിച്ച ഈ വർക്ക്ഷോപ്പ് വളരെയേറെ പ്രത്യേകതകൾ നിറഞ്ഞതായിരുന്നു എന്ന്, അന്ന് താൽക്കാലിക ഡയറക്ടറുടെ ചാർജ് വഹിച്ചിരുന്ന ഡോ.ബി.സി.പൈ സർട്ടിഫിക്കറ്റ് വിതരണം ചെയ്ത വേളയിൽ പറയുകയുണ്ടായി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് ഒരു വലിയ സന്ദേശം ശാസ്ത്രജ്ഞന്മാർക്കിടയിൽ പ്രചരിപ്പിക്കുന്നു. എല്ലാത്തിലും ഭാരതത്തിന്റെ സന്ദേശമായ ലാളിത്യം! ആഡംബരങ്ങളെല്ലാമൊഴിവാക്കിയുള്ള സെമിനാർ, ചടങ്ങുകൾ, ക്ലാസുകൾ, ഭക്ഷണരീതികൾ, പങ്കെടുക്കുന്നവരോടുള്ള ലളിതമായ പ്രോട്ടോക്കോൾ സംവിധാനങ്ങൾ, ഇതായിരുന്നു പ്രചരിപ്പിച്ചത്. അത് ആർ ആർ എല്ലിൽ എന്റെ ഔദ്യോഗിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി സംഘടിപ്പിച്ച അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ശിബിരത്തിൽ പ്രാവർത്തികമാക്കിയപ്പോൾ അപ്രതീക്ഷിത സ്വീകരണമാണ് ലഭിച്ചത്. മദ്യവും, മാംസവും, നാൽപതുകൂട്ടം കറികളും ആയിരക്കണക്കിനു രൂപയുടെ മെമെന്റോകളും ബാഗുകളും ഡെലിഗേറ്റ്സിനു നൽകുന്ന സംസ്കാരത്തിൽ നിന്നു തികച്ചും ഭിന്നമായിരുന്നു ഈ ശിബിരസംസ്കാരം.



Scanned with CamScanner

ഈ ക്ലാസുകൾ നടന്നുകൊണ്ടിരിക്കുന്ന വേളയിൽ, എറണാകുളത്തെ ശ്രീ.എൻ. എൻ. മേനോനും, സെന്തിൽ നാഥും മഴുവഞ്ചേരിയിൽ, നാഷണൽ ഹെറിറ്റേജ് സെന്ററിനോട് ചേർന്നുള്ള ഒരേക്കർ സ്ഥലം അവിടത്തുകാരനായ ശ്രീ വർഗ്ഗീസിൽ നിന്നും വാങ്ങുവാനുള്ള ചർച്ചകൾ നടത്തികൊണ്ടിരുന്നു. തുടർന്നു ശ്രീ.കെ.ആർ. പ്രസാദും അതിൽ പങ്കെടുത്ത് ആഗസ്റ്റ് 6 ന് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 12 ന് പതിനായിരം രൂപ അഡ്വാൻസ് കൊടുത്തതും ഇവരായിരുന്നു. ആഗസ്റ്റ് 24 ന് 112 സെന്ററു സ്ഥലം വാങ്ങിക്കുകയും ചെയ്തു.

**സേവാരത്ന പുരസ്കാരം സ്വീകരിച്ചു**

ആഗസ്റ്റ് 22 ന് ഞാൻ കുടുംബസമേതം ചെന്നൈയിൽ പോയി. കാഞ്ചി കാമകോടി പീഠം ശങ്കരാചാര്യരുടെ ശതാബ്ദി സ്മാരക സേവാരത്ന പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടതായി അറിയിപ്പു കിട്ടി. ഇത്രയും കാലവും പിന്നീടും എനിക്കു ലഭിച്ച 15 ൽപരം അവാർഡുകൾ സ്വീകരിച്ചതിൽ 2004 ജനുവരി 18 ന് നടന്ന സ്വീകരണ ചടങ്ങിൽ മാത്രമായിരുന്നു എന്റെ ഭാര്യ പങ്കെടുത്തത്. ഡോ. എ.പി.ജെ. അബ്ദുൾ കലാം ഉൾപ്പെടെ ഏകദേശം ഒരു ഡസനോളം വ്യക്തികൾക്ക് ഈ സേവാരത്ന പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഇങ്ങിനെയൊരു പുരസ്കാരം എനിക്കു ലഭിക്കുവാൻ കാരണം. കോയമ്പത്തൂർ വെച്ച് ഡോ.എ.പി. ജെ. അബ്ദുൾ കലാമുമായി കുറേ സമയം പൈതൃകത്തെക്കുറിച്ച് ചർച്ച ചെയ്തു കൊണ്ടിരുന്ന വേളയിൽ ഞാനെഴുതിയ രണ്ടു മൂന്നു പുസ്തകങ്ങൾ അദ്ദേഹത്തിന് സമർപ്പിച്ചിരുന്നു. അത് അദ്ദേഹം ഭാരത പ്ലാനിങ് കമ്മീഷൻ അംഗമായ ഡോ. വെങ്കിട സുബ്രഹ്മണ്യന് അയച്ചു കൊടുത്തത് അഗാധമായ അഭിനന്ദന വരികളോടെയായിരുന്നു. ഡോ. വെങ്കിട്ട സുബ്രഹ്മണ്യന്റെ ശുപാർശ പ്രകാരമായിരുന്നു കാഞ്ചി കാമകോടി പീഠാധിപതി എനിക്ക് സേവാരത്ന പുരസ്കാരം നൽകാൻ തീരുമാനിച്ചത്. ചെന്നൈയിൽ നിന്ന് മടങ്ങി അടുത്ത അഞ്ചു ദിവസങ്ങളിൽ ആലപ്പുഴ ജില്ലാ പര്യടനമായിരുന്നു.

2003 സെപ്റ്റംബർ മാസത്തിൽ ഏകദേശം പൂർണമായും ഇംഗ്ലണ്ടിലായിരുന്നു എന്റെ പ്രഭാഷണ പരിപാടികൾ. ഇംഗ്ലണ്ടിൽ നിന്ന് വന്ന് ഏകദേശം ഓരോ ആഴ്ച വീതം കാസറഗോഡ് കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിലായിരുന്നു ക്ലാസ്. തൃശ്ശൂർ വിമലാ കോളേജിൽ അവിടത്തെ ഒരു റിട്ടയർ ചെയ്ത അദ്ധ്യാപികയുടെ നിർബന്ധപ്രകാരമാണ് ക്ലാസിനു പോയത്. പ്രിൻസിപ്പാളിനും മാനേജ്മെന്റിനും എന്റെ ക്ലാസ് സംഘടിപ്പിക്കുന്നതിൽ കാര്യമായ താൽപര്യമുണ്ടായിരുന്നില്ല. കൃത്യം 2.30 ന് ക്ലാസാരംഭിച്ചപ്പോൾ സ്വാഗ



Scanned with CamScanner

തത്തോടൊപ്പം പ്രിൻസിപ്പാൾ നിർദ്ദേശം നൽകിയിരുന്നു. 3.20 വരെ മാത്രമേ ക്ലാസ് പോകാവൂ എന്ന് (3.30 ന് എല്ലാ കോളേജ് ബസ്സും കാമ്പസ്സിൽ നിന്നു പുറപ്പെടും). വലിയ ഹാളിൽ നിറഞ്ഞ സദസിൽ, മുന്നിൽ തന്നെ വലിയ ക്ലോക്ക് വെച്ചിരുന്നതുകൊണ്ട് കൃത്യം 3.20 ന് ഞാൻ ക്ലാസ് അവസാനിപ്പിച്ചു. പ്രിൻസിപ്പാൾ പെട്ടെന്ന് സ്റ്റേജിലേക്ക് ചാടികയറി വന്ന് വിദ്യാർത്ഥികളോടു പറഞ്ഞു. "ഈ ക്ലാസ് 4 മണി വരെയുണ്ടാകും നാല് പത്തിനേ ബസ് പോകൂ." ഞാൻ ക്ലാസ് തുടർന്നു. വിവരണാതീതമായ അനുഭവമായിരുന്നു തൃശ്ശൂർ വിമലാ കോളേജിൽ നിന്നു ലഭിച്ചത്. സംശയദൃഷ്ടിയോടെ ക്രമീകരിച്ച ഈ പരിപാടി സംശയാതീതമായി സ്വീകരിക്കപ്പെട്ടു.

**വിജയദശമി പുരസ്കാര സ്വീകരണം**

ഇന്നുവരെ ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങളെല്ലാം വിലയിരുത്തി തിരുവനന്തപുരത്തെ ആറ്റുകാൽ ഭഗവതി ക്ഷേത്രം നൽകുന്ന വിജയദശമി പുരസ്കാരത്തിന് ഞാൻ അർഹനായിട്ടുണ്ടെന്ന് അറിയിപ്പു ലഭിച്ചു. 2003 ഒക്ടോബർ 5-ാം തീയതി ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിന്റെ 'വിജയദശമി പുരസ്കാരം' സ്വീകരിക്കാൻ ഭാഗ്യമുണ്ടായി. നിറഞ്ഞ സദസ്സിൽ ക്ഷേത്രത്തിനകത്ത് വെച്ചായിരുന്നു ഈ പുരസ്കാരം സ്വീകരിച്ചത്.

അടുത്ത വർഷം ജൂണിൽ അമേരിക്കയിലേക്കുള്ള യാത്രയ്ക്കായി ഒക്ടോബർ 26 ന് വിസക്കു വേണ്ടതായ എല്ലാ ഏർപ്പാടുകളും ചെയ്യുന്ന കൂട്ടത്തിൽ ഒരു വർഷത്തേക്ക് ലാബറട്ടറിയിൽ നിന്ന് സബാറ്റിക്കൽ ലീവിനും അപേക്ഷ കൊടുത്തു. തിരുപ്പതിയിലെ ദേശീയ സംസ്കൃത വിദ്യാപീഠത്തിൽ ശാസ്ത്രത്തെക്കുറിച്ചൊരു ഗ്രന്ഥമെഴുതാനും അതു പകരിക്കണം അതായിരുന്നു ആഗ്രഹം. നവംബറിൽ അപേക്ഷ സമർപ്പിച്ചപ്പോൾ ഡോ. ബി.സി.പൈയായിരുന്നു ഡയറക്ടർ സ്ഥാനത്ത്. കാര്യങ്ങൾ മുഴുവനും ചോദിച്ചറിഞ്ഞ് അദ്ദേഹം അനുവാദം നൽകുകയുണ്ടായി. എന്നാലും സയിന്റിഫിക് കമ്മിറ്റിയിൽ അതു 'കാര്യമായി' ചർച്ച ചെയ്യപ്പെട്ടു, എന്നു ഞാൻ പിന്നീടറിഞ്ഞു. എന്റെ എല്ലാ പ്രവർത്തനങ്ങളും സമംഗളം നടന്നുകൊണ്ടിരുന്നത് എന്റെ ലാബറട്ടറിയിലെ ചില 'സഹപ്രവർത്തകരെ' വല്ലാതെ ചൊടിപ്പിക്കുന്നുണ്ടായിരുന്നു. അവരെല്ലാം കഴിയുന്നത്രയും എതിർത്തിട്ടും. എന്റെ പ്രവർത്തനങ്ങളൊന്നും തടഞ്ഞു നിർത്താനോ ഏതെങ്കിലും വിധ പ്രശ്നങ്ങളുണ്ടാക്കാനോ സാധിച്ചിരുന്നില്ല. അങ്ങിനെയിരിക്കുമ്പോഴാണ് ഏകദേശം 10 വർഷങ്ങൾക്കു മുമ്പ് പൂർണ ശമ്പളത്തോടു കൂടി ഒരു പ്രാവശ്യം സബാറ്റിക്കൽ ലീവെടുത്ത് ഞാൻ കാനഡയിൽ പോയതുപോലെ (ഞാനായി

രുന്നു അപ്രകാരമൊരു ലീവ് ലാബിൽ ആദ്യമായെടുക്കുന്നത്). വീണ്ടും ശമ്പളത്തോടെ പൈതൃക ശാസ്ത്ര വിഷയങ്ങളിൽ ഗവേഷണം നടത്താൻ ഒരു സംസ്കൃത യുണിവേഴ്സിറ്റിയിൽ പോകുന്നു എന്നു കേട്ടപ്പോൾ പലർക്കും എതിർപ്പുതോന്നി. അത് പ്രതീക്ഷിക്കാവുന്നതു മാത്രമാണെന്നെനിക്കറിയാം. ഇത്രയൊക്കെയായില്ലേ ഇനി എന്തു വന്നാലും നേരിടാമെന്നുറപ്പുണ്ട്. കരയാനും, പ്രതിഷേധിക്കാനും, ദുഃഖിക്കാനും പ്രതികരിക്കാനുമൊന്നും നിന്നില്ല. ലഭിക്കുന്ന ഓരോ നിമിഷവും ധന്യമാക്കുക, പ്രയോജനപ്രദമാക്കുക. ഡോ. ബി.സി. പൈ (ആക്റ്റിങ് ഡയറക്ടർ) എന്നും നന്മയുടെ കൂടെമാത്രമേ നിന്നിട്ടുള്ളൂ. ആരോടും പരിധിക്കപ്പുറം അടുപ്പവുമില്ല അകൽച്ചയുമില്ല. ശരിയും തെറ്റും കോക്കസിന്റെ വീക്ഷണ കോണിലൂടെയല്ലാതെ തിരിച്ചറിയാൻ കഴിവുള്ള വ്യക്തിയാണദ്ദേഹം.

## പിലാനിയിലെ ബിറ്റ്സിലേക്കൊരു മിന്നൽ പര്യടനം

2003 നവംബർ 10 ന് വളരെപ്പെട്ടെന്നായിരുന്നു രാജസ്ഥാനിലെ പിലാനിയിൽ ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഒരു ഡിപ്പാർട്ടുമെന്റ് ഉൽഘാടനം ചെയ്യാനുള്ള ക്ഷണം ലഭിച്ചത്. നവംബർ 11 ന് ഡൽഹിയിലെത്തി അവിടെനിന്നും രാത്രി കാറിൽ ബിറ്റ്സിലെത്തി. അവിടെ മൂന്നു നല്ല ക്ലാസുകളും ഡിപ്പാർട്ട്മെന്റ് ഉൽഘാടനവും കഴിച്ചു. രാത്രി പൂന്തോട്ടത്തിൽ ഇരുന്നുകൊണ്ട് അനവധി വിദ്യാർത്ഥികൾക്ക് പഠന നിർദ്ദേശവും എല്ലാം നൽകി അങ്ങോട്ടുകൊണ്ടു പോയിരുന്ന എന്റെ പ്രഭാഷണ സിഡികൾ വിതരണം ചെയ്ത്, 13-ാം തീയതി തിരിച്ചു വീട്ടിലെത്തിയപ്പോൾ മകൻ ഹരീഷിന് ഇടക്കിടക്ക് വരാറുള്ള മലേറിയ പോലെയുള്ള അസുഖമായിരുന്നത് എന്നെത്തളർത്തിക്കളഞ്ഞു. എല്ലാം സഹിക്കാൻ കഴിവുള്ള മകനെ വളരെ ചെറുപ്പം മുതൽക്ക് വല്ലാതെ വിഷമിപ്പിച്ചിരുന്ന ഒരു അസുഖമായിരുന്നു പ്രത്യേക തരത്തിലുള്ള ഒരു മലേറിയ. ഇന്നുവരെയുള്ള അവന്റെ ജീവിതത്തിൽ ഈ രോഗം അവനെ പലപ്രാവശ്യം കീഴ്പ്പെടുത്തിയിട്ടുണ്ട്. ഇടക്കിടെ വരുന്ന ഈ അസുഖം കാരണം അവൻ മെലിഞ്ഞ് തളർന്ന് തകർന്നുപോയിരുന്നു എന്നു പറയുന്നതാവും ശരി. പതിനാലു ദിവസങ്ങളോളം ഏതെങ്കിലും ആശുപത്രിയിൽ ചികിത്സയിൽ കഴിയും, രോഗത്തിന്റെ കാരണവും കണ്ടുപിടിക്കാൻ ആർക്കും സാധിച്ചില്ല, അത്രയും ദിവസം കഴിയുമ്പോൾ അവൻ ഈർക്കിൽ പോലെയാകും. അവനെക്കാണുമ്പോൾ ഞാനുള്ളിൽ കരയും. എല്ലാത്തിനും 'സാരമില്ല, ഒരു പ്രശ്നവുമില്ല' എന്നു പറയുന്ന അവന്റെ വേദനയും മെലിഞ്ഞു ശോഷിച്ച ശരീരപ്രകൃതിയും എനിക്ക് ഹൃദയഭേദകമാകാറുണ്ട്.



Scanned with CamScanner

## മഴുവഞ്ചേരിയിൽ പ്രശ്നങ്ങളുയരുന്നു

മഴുവഞ്ചേരിയിൽ ഉണ്ണികൃഷ്ണൻ മറ്റാരുമായും ചേർന്നു പോകാത്തവിധത്തിലുള്ള പ്രവർത്തനങ്ങളായിരുന്നു ചെയ്തു കൊണ്ടിരുന്നത്. ആത്മാർത്ഥതയും അർപ്പണബോധവും ചങ്കൂറ്റവും നല്ലപോലെയുള്ള ഉണ്ണികൃഷ്ണന് ഒരു ഏകാധിപതിയുടെ മനസ്സാണുള്ളത്. സ്വന്തം തീരുമാനം, പ്രവർത്തനരീതി, മാർഗം, കർമ്മം, ഭാഷാപ്രയോഗം, സ്വന്തമായ പല ഉദ്ദേശങ്ങൾ എന്നിവയുമായി, യോജിക്കാത്തവരെയൊക്കെ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുള്ളവനാണെന്നു വരുത്തിത്തീർത്ത് എന്നെ തെറ്റിദ്ധരിപ്പിക്കാൻ നല്ല കഴിവുണ്ടായിരുന്നു. വളരെ ആത്മാർത്ഥതയും അർപ്പണബോധവുമുള്ള, (ഇപ്പോൾ പോലീസിൽ പ്രവർത്തിക്കുന്ന) അനിൽകുമാറുമായും കാര്യമായ പ്രശ്നങ്ങളുണ്ടാക്കിയതുകൊണ്ട്, ഡിസംബറിൽ തന്നെ അനിലിനെ മഴുവഞ്ചേരിയിലെ സേവനം മതിയാക്കി തിരുവനന്തപുരത്തേക്ക് മടക്കി വിളിക്കേണ്ടി വന്നു. ഉണ്ണികൃഷ്ണനുമായി ആരും യോജിച്ചു പോകാത്ത ഒരവസ്ഥ വന്നപ്പോഴും എല്ലാനിർമ്മാണ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിച്ചിരുന്നത് ഉണ്ണികൃഷ്ണനായിരുന്നു. എനാർക്കിനെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് മാറ്റിയതിനു ശേഷം വന്ന നമ്പൂതിരിയും ശരിയല്ലാതിരുന്നതിനാൽ അദ്ദേഹത്തേയും മാറ്റി പിന്നീടു നടന്ന നിർമ്മാണം, പൂർണമായും ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലായിരുന്നു. അതിലും സഹപ്രവർത്തകർക്കെല്ലാം വിശ്വാസക്കുറവുണ്ടായിരുന്നു. ആലപ്പുഴയിലെ ഭീമാജ്വല്ലറി ഉടമ ശ്രീ ലക്ഷ്മീകാന്തന്റെ സാമ്പത്തീക സഹായത്തോടെ മഴുവഞ്ചേരിയിൽ ഒരു ഓഡിറ്റോറിയം നിർമ്മാണമാരംഭിച്ചു. തിരുവനന്തപുരത്തെ വി.എസ്.എസ്.സി യിലെ സീനിയർ ടെക്നിക്കൽ ഉദ്യോഗസ്ഥനായിരുന്ന ശ്രീ രാജപ്പൻ ചേട്ടന്റെ നേതൃത്വത്തിലായിരുന്നു നിർമ്മാണം. ആത്മാർത്ഥതയുടെ മൂർത്തിമത്ഭാവമാണ് ശ്രീ. രാജപ്പൻ. ഞങ്ങൾ അദ്ദേഹത്തെ രാജപ്പൻ ചേട്ടൻ എന്നാണു വിളിക്കുക പതിവ്. ഇൻസ്റ്റിറ്റ്യൂട്ട് കാസറ്റു റെക്കാർഡു ചെയ്തുതരുന്നകർമ്മമണ്ഡലത്തിൽ കുറച്ചു ദിവസങ്ങൾ പ്രവർത്തിച്ചിരുന്നപ്പോൾ തന്നെ രാജപ്പൻ ചേട്ടൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൂർണ സമർപ്പണബോധമുള്ള ഒരു പ്രവർത്തകനായി കഴിഞ്ഞിരുന്നു. ഏറ്റെടുക്കുന്ന കാര്യങ്ങൾ വ്യക്തമായും കൃത്യമായും ചെയ്തു തീർക്കുമ്പോഴും തിരിച്ചൊന്നും പ്രതീക്ഷിക്കാതെ എല്ലാവരിലുമുള്ള നന്മകൾ കാണുകയും, പ്രവർത്തകരിലുള്ള തിന്മകൾ സ്ഥാപനത്തിന് പ്രശ്നമാകാതിരിക്കാനുള്ള മുന്നറിയിപ്പ് (ഇന്നും) നൽകുകയും ചെയ്യുന്ന വ്യക്തിയാണദ്ദേഹം. നിസ്സഹരണത്തിലൂടെ രാജപ്പൻ ചേട്ടൻ മേൽനോട്ടം വഹിച്ച ഓഡിറ്റോറിയ നിർമ്മാണം തടസ്സപ്പെടുത്താനും ഉണ്ണികൃഷ്ണൻ ശ്രമിച്ചു



Scanned with CamScanner

എന്ന് പിന്നീടറിഞ്ഞു. എന്നാലും രാജപ്പൻ ചേട്ടന്റേയും സജിയുടേയും നേരിട്ടുള്ള മേൽനോട്ടത്തിൽ കൃത്യസമയത്തുതന്നെ മഴുവഞ്ചേരിയിലെ ഓഡിറ്റോറിയം പണി ഭംഗിയായി പുരോഗമിക്കുന്നുണ്ടായിരുന്നു. അതിന്റെ എല്ലാ കാര്യങ്ങൾക്കും ആവശ്യമായ നിർദ്ദേശം നൽകാനും എനിക്ക് സാധിച്ചിരുന്നു.

2003 അവസാനം മലപ്പുറത്ത്, കോട്ടക്കലിൽ ഡിസംബർ 21 ന് ശാസ്ത്ര 2003 ഉജ്ജ്വലമായി, 'കോട്ടക്കൽ ആര്യവൈദ്യശാലയുടെ സഹകരണത്തോടെ നടത്തി മടങ്ങുന്നതിനു മുമ്പ് മലപ്പുറത്ത് നാലു പ്രഭാഷണങ്ങളും കഴിഞ്ഞ്, ലാബറട്ടറിയിൽ എത്തിയപ്പോൾ തിരുപ്പതിയിൽ ദേശീയ സംസ്കൃത വിദ്യാപീഠത്തിൽ പ്രവർത്തിക്കാനുമുള്ള എന്റെ സബാറ്റിക്കൽ ലീവിനുള്ള അനുമതി ലഭിച്ചിരുന്നു. ഒരു വർഷം ഒരു യജ്ഞം പോലെ ഭാരതീയ പൈതൃകം പഠിക്കാനും ദേശീയ സംസ്കൃത വിദ്യാപീഠം തിരുപ്പതിയിലെ നിർദേശപ്രകാരം അത് ജനങ്ങളിലെത്തിക്കുവാനുമുള്ള യജ്ഞമാണ് ഈ ഒരു വർഷം നടത്താനായി ഏറ്റെടുക്കുന്നത്. ജഗദീശ്വരൻ അനുഗ്രഹിച്ചു നൽകിയ ഈ അസുലഭാവസരം, ലാബിൽ നിന്ന് ലഭിക്കുന്ന വരദാനം പോലെ എനിക്കനുഭവപ്പെട്ടു.

2004 എന്ന ഒരു വർഷം ജീവിതത്തിലെ അവിസ്മരണീയ വർഷമായിരുന്നു. ഡിലിറ്റിന് വേണ്ടി പഠിച്ചതും നിരന്തരം ഗവേഷണം നടത്തുന്നതുമെല്ലാം വ്യത്യസ്ഥവിഭാഗത്തിലുള്ള ജനങ്ങൾക്കെത്തിക്കാനുള്ള പുണ്യം ലഭിച്ച വർഷമായിരുന്നു ഇത്.

### ഭാരതീയ വിദ്യാവിഹാർ സ്കൂൾ സ്ഥാപിതമാകുന്നു

2004 ലാണ് നാഷണൽ ഹെറിറ്റേജ് സെന്ററിൽ ഭാരതീയ വിദ്യാവിഹാർ സ്കൂൾ സ്ഥാപിതമായത്. ശ്രീ.കെ. ആർ. ഉണ്ണികൃഷ്ണന്റെ മാത്രം ശ്രമഫലമായിരുന്നു ഈ സ്കൂൾ. സ്കൂൾ ആരംഭിക്കുന്നതിന്റെ ബുദ്ധിമുട്ടുകളോർത്ത് പലപ്രാവശ്യം അതിനെ ഞാൻ എതിർത്തിരുന്നു. അചഞ്ചലനായി ഉണ്ണി അത് ആരംഭിച്ചു. എന്തു ത്യാഗം സഹിച്ചും അത് മുമ്പോട്ടു പോകും എന്ന് ഉണ്ണി തീർത്തു പറഞ്ഞു. സ്കൂളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഞാൻ നോക്കിക്കോളാമെന്ന് പറഞ്ഞതുകൊണ്ടു മാത്രമാണ് ഇപ്രകാരമൊരു വിദ്യാലയം തുടങ്ങി ഇത്രയും എത്താൻ അവസരമുണ്ടായത്. മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിൻ കീഴിലുള്ള സ്കൂളുകളിലും ചിന്മയാ വിദ്യാലയത്തിലും പ്രവർത്തിച്ച് പരിചയമുള്ള ഉണ്ണിക്ക് അതിന്റെ ആധുനീക വശങ്ങളെക്കുറിച്ചുള്ള അറിവു കുറവായിരുന്നെങ്കിലും ആരംഭിക്കാനുള്ള എല്ലാ ചങ്കൂറ്റവും ഉണ്ടായിരുന്നു. ട്രസ്റ്റ് ചെയർമാനായ ഡോ. സംബശിവനും



Scanned with CamScanner

ഞാനും ഈ വിദ്യാഭ്യാസ സംരംഭത്തെ ഒരിക്കലും അനുകൂലിച്ചില്ലെന്നു മാത്രമല്ല, എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ ഉണ്ണിയെ പഴിചാരാനും ഞാൻ ശ്രമിച്ചിരുന്നു. അതെല്ലാം തരണം ചെയ്ത് അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സ്വയം കണ്ടെത്തി, ഉള്ള സൗകര്യങ്ങളുപയോഗിച്ച് ക്ലാസു നടത്തികൊണ്ടുപോകാൻ മറ്റാരാണെങ്കിലും സാധിക്കുമായിരുന്നില്ല. ചുറ്റുമുള്ളവർ കൂടെനിൽക്കാതിരുന്നിട്ടും ഈ നേട്ടമുണ്ടാക്കാൻ ഉണ്ണിക്കു സാധിച്ചു. ശ്രീ. രാജപ്പന്റെ നേതൃത്വത്തിൽ ഓഡിറ്റോറിയത്തിന്റെ പണി വളരെ വേഗത്തിൽ പൂർത്തിയായിക്കൊണ്ടിരുന്നതിനാൽ സ്കൂൾ അതിൽ തന്നെയാണ് ആരംഭിച്ചത്.

2004 ജനുവരി 1-ാം തീയതി മുതൽക്കായിരുന്നു സബാറ്റിക്കൽ ലീവ് ആരംഭിക്കുന്നത്. അതുകൊണ്ട് എനിക്ക് ഡിലിറ്റ് ബിരുദം തന്നനുഗ്രഹിച്ച തിരുപ്പതിയിലെ ദേശീയ സംസ്കൃത വിദ്യാപീഠത്തിൽ അന്നു തന്നെ ഞാൻ റിപ്പോർട്ട് ചെയ്തു. എന്റെ പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ അവിടെ സമർപ്പിച്ച് അംഗീകാരം നേടി. ഇടക്കിടക്ക് അവിടെ വരുകയും മറ്റു സമയങ്ങളിൽ ഈ വിഷയത്തിൽ പരമാവധി പുസ്തകങ്ങൾ പരിശോധിക്കുകയും, പ്രചരണ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനത്തിന്റെ രൂപരേഖ അവിടത്തെ വൈസ്ചാൻസലറും, രെജിസ്ട്രാറും അംഗീകരിച്ചു. 2004 ജനുവരി മാസം മുതൽക്കങ്ങോട്ട് കേരളത്തിന്റെ വിവിധ ജില്ലകളിൽ ദിവസം 3 പ്രഭാഷണങ്ങൾ വീതം എന്ന കണക്കിൽ അനേകം പ്രഭാഷണങ്ങൾ നടത്തി. ഭാരതീയ പൈതൃകം എന്താണെന്ന് എല്ലാവിഭാഗത്തിൽപ്പെടുന്ന ജനങ്ങൾക്കും വ്യക്തമായ ധാരണയുണ്ടാക്കി.

### പൂന യൂണിവേഴ്സിറ്റിയിൽ

പൂന യൂണിവേഴ്സിററിയിലെ സംസ്കൃത ഗവേഷണ വിഭാഗം നടത്തിയ പുതിയ കോഴ്സ് ഉൽഘാടനം ഞാനായിരുന്നു. ജനുവരി 27 മുതൽ ഫെബ്രുവരി 1 വരെ എല്ലാ ദിവസവും 6 മണിക്കൂർ വീതം അവിടെ ക്ലാസെടുത്തു. ആദ്യമായിട്ടായിരുന്നു ഇപ്രകാരമൊരു ക്ലാസ് പരമ്പര നടത്തുന്നത്. ക്ലാസിൽ പങ്കെടുത്ത പലരും യൂണിവേഴ്സിറ്റിയിലെ മറ്റു ഡിപ്പാർട്ടുമെന്റുകളിലും പ്രഭാഷണം വേണമെന്നു പറഞ്ഞു ക്ഷണിച്ചു. ഒരു പുരോഗമന വിഭാഗസംഘടനയുടെ മീറ്റിങ്ങിൽ ഭാരതീയ പൈതൃകത്തെ പുച്ഛിച്ചു സംസാരിച്ചവർക്ക് യൂണിവേഴ്സിറ്റിയിലെ സദസ്സിൽ വെച്ചുതന്നെ മറുപടി കൊടുക്കാനുള്ള അവസരവുമുണ്ടായി. അവരുടെ കൂടെയുണ്ടായിരുന്നവർ തന്നെ അതിന് കൈയ്യടിച്ച്ഭിനന്ദിച്ചു. അടുത്ത മൂന്നുമാസത്തെ പ്രഭാഷണങ്ങൾ ഏതാണ്ട് നൂറു കവിഞ്ഞിരുന്നതിൽ, കോയമ്പത്തൂരും കന്യാകുമാരി ജില്ലയും ഇതിലുൾപ്പെട്ടിരുന്നു.



Scanned with CamScanner

### സ്വന്തം സ്ഥാപനത്തിൽ താമസം

ഇത്രയും കാലം തൃശ്ശൂരിൽ നിന്ന് വടക്കോട്ടുള്ള ജില്ലാ പര്യടന വേളകളിൽ തൃശ്ശൂർ കോർഡിനേറ്റർ വാസുദേവന്റെയോ അദ്ദേഹത്തിന്റെ സഹോദരന്റേയോ അതു സാധിച്ചില്ലെങ്കിൽ എന്റെ ബന്ധുക്കളുടേയോ വീട്ടിലാണ് രാത്രി ഉറങ്ങിയിരുന്നത്. 2004 ഏപ്രിൽ മുതൽ അത് മഴുവഞ്ചേരിയിലെ ഗസ്റ്റ് ഹൗസിലേക്ക് മാറ്റി. സ്വന്തം സ്ഥലത്ത് താമസിച്ച് പ്രചരണം നടത്താനുള്ള അവസരം ആരംഭിച്ചതിൽ ഞങ്ങൾക്കെല്ലാവർക്കും സന്തോഷമുണ്ടായത് വിവരണാതീതമായിരുന്നു.

### പ്രഭാഷണത്തിലൊരു കൂവൽ

മേയ് മാസത്തിൽ കോഴിക്കോട്, വടകര, മലപ്പുറം ജില്ലകളിൽ ക്ലാസുകൾ സംഘടിപ്പിച്ചതിന്റെ കൂട്ടത്തിൽ കോഴിക്കോട് ചേന്ദമംഗലം ക്ഷേത്രത്തിൽ തിങ്ങിനിറഞ്ഞ സദസ്സിൽ ഭാരതീയ പൈതൃകത്തെക്കുറിച്ച്, ഗഹനമായ പ്രഭാഷണം 20-ാം തീയതി ഉച്ചക്കുശേഷം നടത്തി, "നമ്മുടെ നാട് സ്വതന്ത്രമായെങ്കിലും ഇന്നും നമ്മെ ഭരിക്കാൻ ഇറ്റലിയിൽ നിന്നുള്ള ഒരാളുടെ നേതൃത്വം വേണ്ടിവന്നു" എന്ന് അൽപം ആവേശത്തോടെ സോണിയാഗാന്ധിയുടെ പേരുപറയാതെ കുറ്റപ്പെടുത്തിയിരുന്നു. ഞാൻ പറഞ്ഞത് കുറച്ചു കോൺഗ്രസുകാരെ ചൊടിപ്പിച്ചു എന്നു തോന്നി. ഏതാണ്ട് മുൻകൂട്ടി നിശ്ചയിച്ചതുപോലെ സദസ്സിൽ നിന്ന് നൂറുമീറ്റർ അകലെ നിന്നവരിൽ മൂന്നുപേർ കൂവിയതും, പിന്നീട് ഞങ്ങളുടെ വാഹനം, പ്രഭാഷണം കഴിഞ്ഞ്, മെയിൻ റോഡിലെത്തിയപ്പോൾ അവിടെ ഒരാൾ നിന്ന് കൂവിയതും ഇന്നും ഓർമ്മിക്കുന്നു. ജീവിതത്തിലെ ആദ്യത്തെ അനുഭവമായിരുന്നു അത്. പിന്നിടിന്നു വരെ ഓർമ്മയിൽ വരുന്ന ഒരു നെഗറ്റീവും പ്രഭാഷണവേളകളിലുണ്ടായിട്ടില്ല.

### ഒരു മോസ്കിലെ പ്രഭാഷണം

കോഴിക്കോട്ട് നിന്ന് വയനാട്ടിലേക്കുള്ള യാത്രയിൽ മേയ് 21 ന് മറ്റൊരനുഭവമുണ്ടായി; രാവിലെ അഞ്ചരമണിക്ക് ഒരു മുസ്ലീം പള്ളിയിൽ മുന്നൂറോളം പേർ പങ്കെടുത്ത സദസ്സിൽ നടന്ന ക്ലാസ്. ഹൈറേഞ്ചിന്റെ തണുപ്പത്തും അമ്മമാരും കുഞ്ഞുങ്ങളും ഈ ക്ലാസ് കേൾക്കാനുണ്ടായിരുന്നു എന്നു മാത്രമല്ല. അവർ സൂര്യനമസ്കാരം, യോഗാസനം എന്നിവയെല്ലാം ഓം കാരം ജപിച്ച് (പള്ളിയിൽ) അനുശാസിക്കുകയും ചെയ്തു. അവരിൽ സംഘാടകരെ പരിചയപ്പെട്ടപ്പോൾ അത്യത്ഭുതം തോന്നി. ഓരോ വ്യക്തിക്കും സമുദായത്തിൽ ഓരോ ഉത്തരവാദിത്വമുണ്ട്. ഒരു വ്യക്തി സമുദായത്തിന്റെ ചെറുപ്പക്കാരുടെ വിവാഹകാര്യങ്ങൾ, മറ്റൊരു വ്യക്തി വിദ്യാഭ്യാസ കാര്യങ്ങൾ, അങ്ങിനെ



Scanned with CamScanner

സർക്കാരിൽ നിന്നു ലഭിക്കുന്ന സൗജന്യം, നിയമസഹായം, സാമ്പത്തീക സഹായം, ചികിത്സാസഹായം, ലോൺ, വ്യവസായം, തുടങ്ങി ഓരോന്നും വിശദമായി പഠിച്ച്, പരിഹാരം കണ്ട്, അത് പ്രാവർത്തികമാക്കി, ഫലം കണ്ട്, മുമ്പോട്ടു പോകുന്ന തലം വരെയെത്തിക്കുന്ന മുസ്ലീം സമുദായത്തിലെ ഈ പ്രത്യേക വിഭാഗത്തിൽ പെടുന്ന 600 ഓളം കുടുംബങ്ങളായിരുന്നു. ഈ പരിപാടിയിൽ പങ്കെടുത്തിരുന്നത്.

വയനാട്ടിലെ ക്ലാസു കഴിഞ്ഞ് എറണാകുളം വഴി വന്നപ്പോൾ ഞാൻ പഠിച്ച മഹാരാജാസിലേയും, സെന്റ് ആൽബർട്ട്സിലേയും പഠിപ്പിച്ച കൊച്ചിൻ കോളേജിലേയും അനേകം അദ്ധ്യാപകരേയും, പ്രത്യേകിച്ച് ഡോ.പി.എസ്.രാമൻ സാറിനേയും, ആൽബർട്ട്സിലെ പ്രൊഫ. മത്തായിയേയും കണ്ടു വന്ദിച്ചാണ് മടങ്ങിയത്. ഈ ക്ലാസുകൾക്കിടക്ക് എന്റെ ആർ ആർ എല്ലിലെ ആയുർവേദ പ്രോജക്റ്റിന്റെ അവസാന ഭാഗഗവേഷണവും നടത്തി, അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടായിരുന്നു. അതിന്റെ ഒരു ഭാഗം ജൂൺ 3 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസ്സിലുള്ള ഡി.എം.ഇ. ഓഫീസിൽ സമർപ്പിച്ചു. അവർക്കതിൽ ഒരു താൽപര്യവും കണ്ടില്ല. രണ്ടുവർഷം (1997 മുതൽ 99 വരെ) സെക്രട്ടറിയേറ്റിൽ അപേക്ഷ സമർപ്പിച്ച് ഹെൽത്ത് സെക്രട്ടറിയുടേയും, ഡി.എം.ഇയുടേയും ഓഫീസിലേക്ക് നിരന്തരം കയറിയിറങ്ങി ഇതിനാവശ്യമായ ഫണ്ടു മാറ്റി വെപ്പിച്ച് ഓരോ ഡിപ്പാർട്ടുമെന്റിലും, പ്രോജക്റ്റ് അംഗീകരിച്ചതിനുശേഷവും, കയറിയിറങ്ങി, 2000 മാർച്ച് 30 -ാം തീയതി അംഗീകാരം ലാപ്സാകാതെ രാത്രി മുഴുവനും സെക്രട്ടറിയേറ്റിലിരുന്ന്, ട്രഷറിയിൽ നിന്നും ചെക്കു മാറിയെടുത്ത പ്രോജക്റ്റ് ലക്ഷ്യം വെച്ചതിനേക്കൾ എത്രയോ അധികം റിസൾട്ടോടു കൂടി, റിപ്പോർട്ട് സമർപ്പിച്ചപ്പോൾ അത് അനുവദിച്ചു തന്ന മന്ത്രിയോ, സെക്രട്ടറിയോ, ഡി.എം.ഇയോ ആരും ആ കസേരയിലുണ്ടായിരുന്നില്ല. ഇതാണ് എപ്പോഴും സംഭവിക്കാറുള്ളതെന്ന് ഡി.എം.ഇ. ഓഫീസിലുള്ളവർ പറഞ്ഞപ്പോൾ ഇതു കേരളമായതിനാൽ എനിക്ക് ഒരു വിഷമവും തോന്നിയില്ല.

**മഴുവഞ്ചേരിയിൽ പിതൃസ്മരണ ചടങ്ങുകൾ**

മഴുവഞ്ചേരിയിലെ നാഷണൽ ഹെറിറ്റേജ് സെന്ററിൽ ഈ വർഷം മുതൽ ശാസ്ത്രീയമായി കർക്കിടകത്തിലെ അമാവാസി പിതൃ കർമ്മം ജാതി-മതങ്ങൾക്കതീതമായി നിർവഹിക്കണമെന്നു തീരുമാനിച്ച്, ജൂണിൽ തന്നെ അതിനുള്ള പ്രചാരണം ആരംഭിക്കുകയും ചെയ്തു. ജൂൺ 21 ന് തിരുപ്പതിയിലെ ദേശീയ സംസ്കൃത വിദ്യാപീഠത്തിലെത്തി അർധവാർഷികപഠന ഗവേഷണ റിപ്പോർട്ട് സമർപ്പിച്ച്, നേരെ തൃശ്ശൂരിലിറങ്ങി നാഷണൽ ഹെറിറ്റേജ് സെന്ററിൽ ഒരു മ്യൂസിയത്തിന്റെ

പ്രവർത്തനവും ആരംഭിക്കാൻ തീരുമാനിച്ചു. ജൂലൈ മാസം മുഴുവനും മധ്യകേരളത്തിൽ, പ്രത്യേകിച്ചും എറണാകുളം പാലക്കാട് ജില്ലകളിലായിരുന്നു പ്രഭാഷണങ്ങൾ. ആഗസ്റ്റ് മാസത്തിൽ കാനഡയിലേക്ക് പോകാനുള്ള തയ്യാറെടുപ്പും വേണ്ടിവന്നു. ജൂലൈ 17-ാം തീയതി 2004 ൽ ആദ്യത്തെ കർക്കിടക വാവു പിതൃസ്മരണ നടത്താനാരംഭിച്ചത് വളരെയേറെ ആത്മവിശ്വാസം പകർന്നു. നല്ല പ്രതികരണമായിരുന്നു ലഭിച്ചത്.

**ശ്രീനാരായണഗുരുദേവസന്ദേശം വ്യക്തമാക്കി**

ആലപ്പുഴ ജില്ലയിൽ നടന്ന ശ്രീനാരായണ ഗുരുദേവന്റെ കർമ്മ ധർമ്മമണ്ഡലത്തെക്കുറിച്ചുള്ള പ്രഭാഷണം അവിടെക്കൂടിയിരുന്നവരിൽ അസാധാരണ പ്രതികരണമുണ്ടാക്കി. ശ്രീനാരായണഗുരുവിനെക്കുറിച്ച് പ്രചരിപ്പിച്ചിരുന്ന തെറ്റിദ്ധാരണകൾക്കെല്ലാം കർക്കശമായ ഭാഷയിൽ മറുപടി കൊടുത്ത് രണ്ടു മണിക്കൂർ നീണ്ടുനിന്ന (വൻ സദസ്സിന്റെ സാന്നിധ്യത്തിലുള്ള) പ്രഭാഷണത്തിനിടക്ക്, പ്രതിഷേധമുയർത്തി ഏതാണ്ട് മുപ്പതോളം കുറിപ്പുകൾ പ്രഭാഷണം നിർത്താൻ നിർദ്ദേശിച്ചുകൊണ്ട് എന്റെ കയ്യിൽ (പ്രഭാഷണം നടന്നുകൊണ്ടിരിക്കുമ്പോൾ) കിട്ടി. ഒരു കാരണവശാലും ഭീഷണിക്കു വഴങ്ങില്ലെന്നും ജീവിതത്തിൽ വന്ന വഴിയേ ഇനി തിരിച്ചില്ലെന്നും, രണ്ടു മണിക്കൂറും പ്രഭാഷണം നടത്തിയിട്ടേ നിർത്തുകയുള്ളൂ എന്നും പറഞ്ഞുകൊണ്ടു തന്നെയായിരുന്നു എന്റെ പ്രഭാഷണം തുടർന്നത്. പ്രഭാഷണത്തിന്റെ തുടക്കത്തിൽ ഏകദേശം നൂറു പേരാണുണ്ടായിരുന്നത്. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അത് ആയിരത്തിലധികമായി. ഈ പ്രഭാഷണത്തിന്റെ കാസറ്റുകളും, സിഡികളും, അസാധാരണ വേഗതയിലാണ് ജനങ്ങൾക്കെത്തിക്കൊണ്ടിരുന്നതും അവരതു സ്വീകരിച്ചതും. ശ്രീനാരായണഗുരുദേവൻ ഒരു കമ്മ്യൂണിസ്റ്റായിരുന്നുവെന്നും, ഗുരു ഒരു ഹിന്ദുവേയല്ലായിരുന്നു എന്നും, ഗുരുദേവൻ ഒരു ക്ഷേത്രധ്വംസകനായിരുന്നു എന്നുമുള്ള പ്രചരണത്തെ അടിമുടി തീപ്പൊരിവാക്കുകളുപയോഗിച്ച് എതിർത്തുകൊണ്ടായിരുന്ന പ്രസംഗിച്ചത്. കമ്മ്യൂണിസ്റ്റുകാർക്ക് സ്വാധീനമുള്ള വ്യാപാരി വ്യവസായി യൂണിറ്റിലെ പ്രസിഡന്റാണ്, മറ്റു സഹപ്രവർത്തകരുടെ എതിർപ്പിനെ അവഗണിച്ച് എന്നെ ഈ പ്രസംഗത്തിന് ക്ഷണിച്ചത്. ഈ ഒരു കാസറ്റ് പതിനായിരക്കണക്കിനു കോപ്പികൾ കേരളത്തിൽ ഒഴുകിയിട്ടുണ്ട്. ഇപ്പോഴും അതിന്റെ സിഡികൾ ഒഴുകുന്നു.

ആഗസ്റ്റ് 4 മുതൽ സെപ്റ്റംബർ 14 വരെ കാനഡയിലെ പര്യടനം കഴിഞ്ഞ് നാട്ടിലെത്തിയപ്പോൾ മഴുവഞ്ചേരിയിൽ നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ മൂന്നാം നിലയുടെ പണി, ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ടായിരുന്നു. സെപ്റ്റംബറിൽ 25 ദിവസം നീണ്ടുനിൽക്കുന്ന



Scanned with CamScanner

പഠനപര്യടന പ്രഭാഷണങ്ങൾ കഴിഞ്ഞ് തിരുവനന്തപുരത്തെത്തി. സെപ്റ്റംബർ 29 ന് എന്റെ മകന്റെ കോളേജിലേക്കുള്ള ആദ്യയാത്ര എന്റെ കൂടെയായിരുന്നു. എന്നെ പഠിപ്പിച്ച പല അദ്ധ്യാപകരും, കോളേജ് ഓഫ് എൻജിനീയറിങ്, തിരുവനന്തപുരത്ത് അവനെ സ്വീകരിക്കാനുണ്ടായിരുന്നു. അവിടെ അഡ്മിഷൻ സ്വീകരിച്ചവരിൽ ഒന്നാമനായിരുന്നതിനാൽ അഭിമാനത്തോടെയാണ് അവനെ ഞാൻ കോളേജിലേക്ക് കൊണ്ടുപോയി അദ്ധ്യാപകരെ ഏൽപ്പിച്ചത്. എൻട്രൻസ് പരീക്ഷയിൽ, കേരളത്തിൽ അഡ്മിഷൻ സ്വീകരിക്കുന്നവരിൽ ഒന്നാമനായിരുന്നു അവൻ. അവനെ തിരുവനന്തപുരം എൻജിനീയറിങ് കോളേജിൽ ഏറെ സ്നേഹാദരവുകളോടെയായിരുന്നു അദ്ധ്യാപകർ സ്വീകരിച്ചത്.

**ഇൻസ്റ്റിറ്റ്യൂട്ടിന്റെ കുടുംബ സംഗമം**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആരംഭകാലം മുതൽക്കുതന്നെ അംഗത്വമെടുത്തവർ ഉണ്ട്. അവരെയെല്ലാം ക്ഷണിച്ച് വരുത്തി സ്വതന്ത്രമായി ഒരു സംഗമം നടത്തണമെന്ന് തീരുമാനം പ്രാവർത്തികമാക്കിത്തുടങ്ങിയത് 2004 ഒക്ടോബർ 2 മുതൽക്കാണ്. എല്ലാ വർഷവും ഈ ദിവസമാണ് കുടുംബസംഗമമെന്നും തീരുമാനിച്ചിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ കുടുംബ സംഗമം നാഷണൽ ഹെറിറ്റേജ് സെന്ററിൽ ആരംഭിച്ചതും ഈ സമയത്തായിരുന്നു. സെപ്റ്റംബർ 30 ന് ഡി.എം.ഇയുടെ ഓഫീസിൽ എന്റെ ആർ.ആർ.എൽ. പ്രോജക്റ്റിന്റെ റിപ്പോർട്ടിന്റെ രണ്ടാം ഭാഗവും സമർപ്പിച്ചിട്ടാണ് ഞാൻ തൃശ്ശൂരിലേക്ക് യാത്രയായത്. ഈ വർഷം മുതൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കർമ്മഭാഗമായി ഒക്ടോബർ 21 മുതൽ ഏഴു ദിവസത്തേക്ക് സൂര്യഫെസ്റ്റിവെല്ലിൽ രാമായണ വിശകലനം ക്ലാസ് തുടർച്ചയായി ആരംഭിക്കാൻ സാധിച്ചു. ഇന്നും അത് തുടരുന്നു. ആരാധ്യനായ സൂര്യകൃഷ്ണമൂർത്തിയുടെ അഭിപ്രായ പ്രകാരം 'സൂര്യഫെസ്റ്റിവെൽ ഉള്ളിടത്തോളം കാലം നിങ്ങളുടെ ക്ലാസുമുണ്ടായിരിക്കും.' ഈ വരിയും അഭിനന്ദനവും ഒരനുഗ്രഹമായി ഞാനെന്നും ഹൃദയത്തിൽ സൂക്ഷിക്കാറുണ്ട്. ഒക്ടോബർ അവസാനം വരെ നീണ്ടു നിന്ന തിരുവനന്തപുരത്തെ വിവിധ പരിപാടികളും, സൂര്യഫെസ്റ്റിവെൽ ഉൾപ്പെടെയുള്ളതും കഴിഞ്ഞ് നവമ്പറിൽ വീണ്ടും ഞാൻ യാത്ര തുടർന്നു.

**പൂർവോത്തര ഭാരതത്തിലേക്കൊരു യാത്ര**

ഞാനും കെ.ആർ.പ്രസാദും, സജിയും, ആസാം - അരുണാചൽ പ്രദേശിലേക്ക് 2004 നവംബർ 20 ന് യാത്രയായി. അവിസ്മരണീയമായ അനുഭവങ്ങളുടെ പരമ്പരയായിരുന്നു ഈ പൂർവോത്തര ഭാരതത്തിലേക്കുള്ള യാത്ര. ഏതാനും മാസങ്ങൾക്കു മുമ്പ് കന്യാകുമാരി വിവേകാനന്ദകേന്ദ്രത്തിൽ ഒരു ശിബിരമുണ്ടായിരുന്നതിൽ രണ്ടു ദിവസം പങ്കെ

ടുത്ത് ക്ലാസെടുക്കാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിരുന്നു. ആ പരിപാടി അദ്ധ്യാപകർക്കുള്ളതായിരുന്നു. അതിൽ പങ്കെടുത്ത അനവധി അദ്ധ്യാപകർ അരുണാചൽ പ്രദേശ്, ആസാം, നാഗാലാണ്ട് എന്നിവിടങ്ങളിലുള്ള വിവേകാനന്ദ കേന്ദ്രയുടെ വിദ്യാലയങ്ങളിലുള്ളവരായിരുന്നു. അവർക്ക് ക്ലാസുകൾ വളരെയിഷ്ടപ്പെട്ടു. അന്നുതന്നെ അവരുടെ പ്രിൻസിപ്പാളും ചീഫ് കോർഡിനേറ്ററും എന്നെ അവിടേക്ക് ക്ഷണിച്ചിരുന്നു. അതിന്റെ തുടർച്ചയാണീയാത്ര. തിരുവനന്തപുരത്തു നിന്ന് കൽക്കത്തക്കും, അവിടെനിന്നും സി.എസ്.ഐ.ആർ ഗസ്റ്റ് ഹൗസിൽ താമസിച്ച് അടുത്ത ദിവസം ജോർഹാട്ടിലേക്കും ഫ്ളൈറ്റിലായിരുന്നു യാത്ര. 4-ാം തീയതി ആസ്സാമിൽ ഗോലാഘട്ടിൽ മൂന്നു ക്ലാസുകൾ പരമ്പരയായി നടന്നു. 5-ാം തീയതി രാവിലെ മുതൽക്ക് നാലു ക്ലാസുകളും ഡിബ്രുഗഢിൽ നടന്നു. തിൻ സുഖിയായിൽ 6-ാം തീയതി നാലു ക്ലാസുകൾ, 7 ന് ഭവഗോലാൽ 8 ന് മാർഗറെറ്റ പിന്നെ അവിടെ നിന്നും അരുണാചലിലേക്കായിരുന്നു യാത്ര.

കേരളത്തിന്റെ ഭൂപ്രകൃതിയുള്ള ആസാമിലേക്കും പൂർവോത്തര ഭാരതത്തിലേക്കും പോകാനുള്ള ഭാഗ്യമുണ്ടായത് ഈശ്വരാനുഗ്രഹം കൊണ്ടായിരുന്നു. വിവേകാനന്ദ കേന്ദ്രവുമായി ബന്ധപ്പെട്ട എല്ലാ സ്കൂളുകളിലേയും എല്ലാ അദ്ധ്യാപകർക്കും, എന്റെ ക്ലാസുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ ഒരു ഭാഗ്യം ഞങ്ങൾക്കു ലഭിച്ചത്. ശ്രീ പ്രസാദിനും സജിക്കും എനിക്കും ഇതൊരനുഭവമായിരുന്നു. ഇവിടത്തെ ക്ലാസുകൾ പല സ്ഥലങ്ങളിൽ പലവിധത്തിലായിരുന്നു. ചിലയിടങ്ങളിൽ രണ്ടുമൂന്നു ദിവസങ്ങൾ അദ്ധ്യാപകർക്കു മാത്രമായും, ചിലയിടങ്ങളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും, മറ്റു ചിലയിടങ്ങളിൽ രക്ഷാകർത്താക്കൾക്കുമായിരുന്നു. ചിലയിടങ്ങളിലാകട്ടെ പൊതുജനങ്ങൾക്കും ക്ഷണിക്കപ്പെട്ട സദസ്സിനുമുണ്ടായിരുന്നു. ക്ലാസുകൾ മാത്രമല്ല, ഓരോ കാഴ്ചയും അറിവിന്റേയും അനുഭവത്തിന്റേയും ഭണ്ഡാരങ്ങളാണ് തുറന്നു തന്നത്. ഒരു ശിവക്ഷേത്രത്തിനു മുന്നിൽ കുറേ ക്രൈസ്തവർ ഒരു യേശുക്രിസ്തുവിന്റെ പ്രതിമ വെച്ചെഴുതിയിരുന്നു. "Siva Kills Jesus Saves' മറ്റൊന്നുകൂടി ഞാനിവിടെ എടുത്തു പറയുവാനാഗ്രഹിച്ചത് ഞങ്ങൾ പതിറ്റാണ്ടുമുമ്പ് ഈ സ്ഥലത്തുകൂടെയെല്ലാം യാത്ര ചെയ്തിട്ടുണ്ടായിരുന്നു. ഞാനും എന്റെ സഹോദരൻ ശ്രീനിവാസനും പൂജപ്പുരയിലെ ശ്രീ. ജയശങ്കറും കൂടിയുള്ള യാത്രയുടെ സ്മരണ പുതുക്കൽ കൂടിയായി ഇത്. ആസാമിന്റെ സൗന്ദര്യവും ജനങ്ങളുടെ ലാളിത്യവും അവിസ്മരണീയമായിരുന്നു. മലകളും പിന്നെ ചായത്തോട്ടങ്ങളും ന്യൂബൊംഗൈഗാങ് റിഫൈനറിയും ബ്രഹ്മ



Scanned with CamScanner

പുത്ര നദിയും അതിന്റെ സ്വഭാവ വിവരണവുമെല്ലാം കൗതുകത്തോടെ യാണ് ഞങ്ങൾ കേട്ടറിഞ്ഞതും നോക്കിക്കണ്ടതും.

നവംബർ 9 മുതൽ 12 വരെ ഞങ്ങൾ അരുണാചലിലെ വിവേകാനന്ദകേന്ദ്രത്തിന്റെ ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാമിൽ ക്ലാസെടുത്തു. 12-ാം തീയതി തിൻസുഖിയയിലേക്ക് കാറിൽ യാത്ര തിരിച്ചു. ഇവിടെ വെച്ച്, മഴുവഞ്ചേരിയിലെ മ്യൂസിയത്തിനാവശ്യമായ പല സാധനങ്ങളും വാങ്ങിച്ചു. ഇവിടെ അസാധാരണമായ തോതിൽ മതപരിവർത്തനം നടക്കുന്നുണ്ടായിരുന്നു. ആ പ്രദേശങ്ങളിൽ മത പരിവർത്തനത്തിന്നനുമതിയില്ലായിരുന്നിട്ടും സോണിയാഗാന്ധി കോൺഗ്രസ് പ്രസിഡന്റായതിനു ശേഷമാണ് മതപരിവർത്തനം അത്യധികം ശക്തിയായി നടക്കുന്നതത്രെ. കേരളത്തിൽ നിന്നുള്ളവർ മാത്രമാണ്, മതപരിവർത്തനത്തിന്റെ പൂർണ നേതൃത്വവും നൽകുന്നത്. ഇവിടത്തുകാർ ഒരേ വീട്ടിൽ തന്നെ ചിലർ ക്രിസ്ത്യാനികളും ചിലർ ഹിന്ദുക്കളുമാണ്. ക്രൂരമായും നീചമായുമാണ് അവിടെ മലയാളികൾ പാവപ്പെട്ട അരുണാചലുകാരേയും ആസാംകാരേയും മതം മാറ്റുന്നത്. ഇവിടെ ഒരു ക്ലാസ് മാത്രമേ ഈ ദിവസം എനിക്കുണ്ടായിരുന്നുള്ളൂ. അതു കഴിഞ്ഞു ഗൗഹാട്ടിയിലേക്ക് യാത്രയായി. ഗൗഹാട്ടിയിലെത്തിയപ്പോഴാണറിഞ്ഞത് കൈകേയിയുടെ രാജ്യവുമായിരുന്നു (പ്രാക് ജ്യോതിഷപുരം) അത് എന്ന്. കൈകേയി ദശരഥനോട് രാമനെ വനത്തിലേക്കയക്കണമെന്നു നിർദ്ദേശിച്ചപ്പോൾ ഭരതനും ശത്രുഘ്നനും ഗൗഹാട്ടിയിലായിരുന്നിരിക്കാം.

ഗൗഹാട്ടി ഐ.ഐ.ടിയിൽ ഒരു ക്ലാസെടുക്കാൻ സാധിച്ചു. കൂടാതെ അവിടത്തെ ചിന്തകർക്കായി സംഘടിപ്പിച്ച ബർതാക്കൂർ സ്മാരക പ്രഭാഷണവും നടത്താനുള്ള യോഗമുണ്ടായി. ഇത് നവംബർ 14 നായിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു സാമൂഹ്യ പഠന ഗവേഷണ കേന്ദ്രത്തിലായിരുന്നു പ്രഭാഷണം. പ്രഗത്ഭരായ പണ്ഡിതരുടെ വലിയ സദസ്സിൽ ഭാരതീയ ശാസ്ത്ര പൈതൃകമായിരുന്നു പ്രഭാഷണ വിഷയം. നമ്മുടെ ശാസ്ത്ര പൈതൃകത്തെക്കുറിച്ച് സംസ്കൃത ശ്ലോകങ്ങളുദ്ധരിച്ചുകൊണ്ട് ഏകദേശം രണ്ടുമണിക്കൂർ സമയം നടത്തിയ പ്രഭാഷണം കഴിഞ്ഞപ്പോൾ അത്ഭുത സ്തബ്ധരായിരുന്നവർ പറഞ്ഞു. “ഇതാണ് ഭാരതപൈതൃകമെന്ന് ഇന്നുവരെ നമ്മളാരും കേട്ടിട്ടില്ലല്ലോ.” ഒരു കാര്യം എനിക്കു വ്യക്തമായിരുന്നു. നമ്മുടെ നാടിന്റെ പൈതൃകത്തെക്കുറിച്ച് പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ആ സ്ഥാപനം സംഘടിപ്പിച്ച എന്റെ പ്രഭാഷണത്തിൽ ഞാൻ ഉദ്ധരിച്ച ഒരു വരിപോലും സദസ്സിലെ ഒരാളും ഇതുവരെ കേട്ടിട്ടുണ്ടാവാൻ സാദ്ധ്യതയില്ല!

“അന്ന് അവിടെത്താമസിച്ച്, വൈകുന്നേരവും പകലും ഗൗഹാ



Scanned with CamScanner

ട്ടിയിലെ പല ഭാഗങ്ങളിലേക്കും ദർശന സൗഭാഗ്യത്തിനായി പോയിരുന്നു. അടുത്ത ദിവസം കാമാക്ഷി ക്ഷേത്രത്തിലേക്കു പോയി. മൃഗബലിയും അവിടത്തെ ചോരയും, ബലിക്കായി കൊണ്ടുപോകുന്ന കോഴി, താറാവ്, പ്രാവ്, ആട്, പോത്ത് ഇവയെല്ലാം കണ്ടപ്പോൾ അറപ്പും വെറുപ്പും തോന്നി. ഇവിടെയാണ് പാർലമെന്റിൽ വിശ്വാസവോട്ടെടുപ്പിൽ മൻമോഹൻസിങ്ങിന് ഭൂരിപക്ഷം തെളിഞ്ഞതിന് അനുകൂലമായി വോട്ടു ചെയ്തവരുടെ അത്രയും എണ്ണം ആടുകളേയും, ഒരു പോത്തിനേയും മുലായം സിങ് യാദവ് ബലി കൊടുത്തത്. ക്ഷേത്രവും പരിസരവും വൃത്തിയായിട്ടുണ്ടായിരുന്നെങ്കിലും അറവു ശാല പോലെ അവിടവിടെ ചോര ഉണ്ടായിരുന്നു. കൽക്കട്ടയിലെ കാളി ക്ഷേത്രത്തിലാകട്ടെ പൂർണമായും അറപ്പു തോന്നുന്ന അന്തരീക്ഷവും ചുറ്റുപാടുകളുമായിരുന്നു. രണ്ടു സ്ഥലത്തും പണ്ട് ശങ്കരാചാര്യർ സന്ദർശിച്ച് മൃഗബലിയില്ലാതാക്കാൻ കഠിനശ്രമം നടത്തിയെങ്കിലും പരാജയപ്പെട്ടുവത്രെ.

2004 നവംബർ 16 ന് ഗൗഹാട്ടിയിൽ നിന്നും ബാംഗ്ലൂർ, കൊച്ചി വഴി ഞാൻ തിരുവനന്തപുരത്തെത്തി. 19 ന് തൃശ്ശൂർ, പാലക്കാട്, ഗുരുവായൂർ പ്രഭാഷണങ്ങൾ കഴിഞ്ഞ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മഴുവഞ്ചേരി ക്ഷേത്രത്തിലെ പൂജാരിമാരുടെ തലവേദനയുണ്ടാക്കുന്ന പെരുമാറ്റവുമെല്ലാം കുറെയൊക്കെ പരിഹരിച്ച് രണ്ടു മൂന്നു ദിവസത്തിനുള്ളിൽ അവരെ പറഞ്ഞയക്കുകയും ചെയ്തു. 23 ന് തിരുവനന്തപുരത്തെത്തി, ഡിസംബറിൽ നടക്കാനിരുന്ന ശാസ്ത്ര 2004 ന് (പാലക്കാട്) എല്ലാ സജ്ജീകരണങ്ങളും ചെയ്തുകൊണ്ടിരുന്നു. ഇതിനിടക്കുതന്നെ ഹിന്ദുസ്ഥാൻ ലാറ്റക്സിലും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലും കേരള യൂണിവേഴ്സിറ്റിയിലും ക്ലാസും ഉണ്ടായിരുന്നു.

മഴുവഞ്ചേരിയിൽ നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ മൂന്നാം നിലയും ഗസ്റ്റ് ഹൗസ് നിർമ്മാണവും വളരെ നല്ല രീതിയിൽ ഉണ്ണിയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട് എന്ന് ശ്രീ.കെ. ആർ. പ്രസാദ് അറിയിച്ചു. ഡിസംബർ 11 ന് ടൂറിസം ഡിപ്പാർട്ടുമെന്റിന് എറണാകുളത്തും തുടർന്ന് തൃശ്ശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട്, മഴുവഞ്ചേരി, 17-ാം തീയതി വരെ പ്രഭാഷണങ്ങളുണ്ടായിരുന്നു. വീണ്ടും 22-ാം തീയതി മുതൽ പാലക്കാട് വിവിധ സംഘടനകൾക്കായും 25, 26 തീയതികളിൽ ശാസ്ത്ര 2004 ന്റെ തകർപ്പൻ പരിപാടിയും കഴിഞ്ഞപ്പോൾ പാലക്കാടിൽ നടന്നത് ഒരു തീർത്ഥയാത്രയായിരുന്നു.

ഡിസംബർ 27 ന് മഴുവഞ്ചേരിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കെല്ലാം വേണ്ടതായ നിർദ്ദേശങ്ങൾ നേരിട്ടു നൽകി, ഹരിപ്പാട് ഭാഗവത സത്ര പ്രഭാഷണത്തിനെത്തി. അവിടെ നിന്നും തിരിച്ച് തൃപ്പൂ



Scanned with CamScanner

ണിത്തുറക്ക് യാത്ര ചെയ്യവേയാണ് ലോകചരിത്രത്തിലെ സംഭവമായ സുനാമി തിരമാലകളടിച്ചത്. തൃപ്പൂണിത്തുറ നിന്നും ഒക്കലിൽ വന്ന് ശ്രീ. നാരായണഗുരുവിനെക്കുറിച്ച് സുദീർഘമായ പ്രഭാഷണം നടത്തി. ഡിസംബർ 28 ന് ഉച്ചക്കുശേഷം 3 മണിക്ക് കേരള എക്സ്പ്രസ്സിൽ ഞാൻ തിരുപ്പതിയിലേക്ക് യാത്രയായി. ഈ ഒരു വർഷം ശേഖരിച്ച സംസ്കൃത ശാസ്ത്രസങ്കേതിക പൈതൃക ജ്ഞാനവിജ്ഞാനങ്ങളെല്ലാം ഒരു പുസ്തക രൂപത്തിലാക്കി തയ്യാറാക്കിയിരുന്നു. വളരെ നല്ല ഒരു പുസ്തകമാക്കി പ്രസിദ്ധീകരിക്കാനായിരുന്നു അപ്രകാരം ചെയ്തത്. ഡിസംബർ 29 ന് ദേശീയ സംസ്കൃത വിദ്യാപീഠത്തിലെത്തി ഒരു വർഷത്തെ പഠന ഗവേഷണ റിപ്പോർട്ട് സമർപ്പിച്ച്, സബാറ്റിക്കൽ ലീവ് പര്യവസാനിപ്പിച്ച് 30 ന് കാളഹസ്തി ക്ഷേത്രവും സന്ദർശിച്ച്, മഴുവ ഞ്ചേരിയിലെ നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ മൂന്നാം നില പണി നടക്കുന്നത് പരിശോധിച്ച്, ശിവരാത്രിക്ക് മഴുവഞ്ചേരി തീർത്ഥാടനം നടത്തണമെന്ന് നിർദ്ദേശങ്ങളും ലക്ഷ്യങ്ങളും മാർഗങ്ങളും നൽകി, ഉണ്ണിയെ അതിന്റെ ഉത്തരവാദിത്വമേൽപ്പിച്ച് രാത്രി ട്രെയിനിൽ കിടന്നു റങ്ങി, 2005 ജനുവരി 1 ന് തിരുവനന്തപുരത്ത് ഞാനിറങ്ങി. മഴുവഞ്ചേരി യിലെ വികസനത്തിന് സംപൂജ്യനായ ശ്രീ. ഈശ്വർജി നൽകിയ സഹാ യഹസ്തവും അനുഗ്രഹവും സുവർണലിപികളാൽ ഒരദ്ധ്യായത്തിലെ ഴുതിയാലും തീരില്ല. എന്നിവിടെ നിറഞ്ഞ ഹൃദയത്തോടെ സ്മരിക്കട്ടെ.

**പരാജയപ്പെട്ട ദൗത്യം**

2005 വർഷമാരംഭിച്ചത്, പ്രവർത്തനങ്ങളുടെയും പ്രഭാഷണങ്ങ ളുടേയും ചൈതന്യത്തോടെയായിരുന്നു. തൃശ്ശൂരിലെ നാഷണൽ ഹെറി റ്റേജ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയുമായിരുന്നു. ജനുവരി മാസത്തിൽ ഏകദേശം അൻപതിൽ പരം പ്രഭാഷണങ്ങളുമു ണ്ടായിരുന്നു. ഈ പ്രഭാഷണങ്ങൾക്കിടയിൽ നാഷണൽ ഹെറിറ്റേജ് സെന്ററിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് ആന്റ് ഹ്യൂമാനി റ്റീസ് (ഐ.ഐ.സി.എച്ച്) സ്ഥാപിച്ച് നല്ലവണ്ണം പ്രചാരണം നടത്തിയി രുന്നു. അദ്ധ്യാപകരുടെ ഇന്റർവ്യൂ നടത്താനായിരുന്നു എൻ.എച്ച്.സി യുടെ ഇന്നത്തെ ഡയറക്ടറായിരിക്കുന്ന ഡോ. കെ.ഹരിദാസൻ പിള്ള (2005) ജനുവരി 16 ന് ആദ്യമായി ഇവിടെ വന്നത്. മഴുവഞ്ചേരിയിലെ നാഷണൽ ഹെറിറ്റേജ് സെന്ററിൽ ആധുനീകവും പുരാതനവുമായ പല വിഷയങ്ങളും പഠിപ്പിക്കണമെന്ന ആഗ്രഹവും ആർട്സും കോമേഴ്സും പഠിപ്പിക്കാൻ ആ പ്രദേശത്ത് പാരലൽ കോളേജുകളൊന്നുമില്ലാ എന്ന റിവും, ഈ സെന്ററിന്റെ സമീപത്തുകൂടിത്തന്നെ ധാരാളം ബസ് സർവീ സുമുള്ളതുകൊണ്ട് നല്ല രീതിയിൽ വിജയിക്കുമെന്ന പ്രതീക്ഷയുമാണ്



Scanned with CamScanner

അങ്ങിനെയൊരു പഠന വിഭാഗം തുടങ്ങാൻ ശ്രമിച്ചതിന്റെ പിന്നിലുണ്ടായിരുന്നത്. ആ ദൗത്യം പൂർണമായും പരാജയപ്പെട്ടു.

ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്ത ഏകാഹയജ്ഞം എന്ന എന്റെ 8 മണിക്കൂർ പൈതൃക പഠനപ്രഭാഷണം ആദ്യമായി നടന്നത് 2005 ഫെബ്രുവരി 12 ന് ചെങ്ങമനാടായിരുന്നു, 2-ാമത്തേത് കോയമ്പത്തൂരും ആയിരുന്നു. ഈ യാത്രക്കിടക്ക് ഫെബ്രുവരി 19 ന് ഒന്നര ഏക്കർ വയൽ കൂടി ഇൻസ്റ്റിറ്റ്യൂട്ട് വാങ്ങിച്ചു. കുറെയധികം സ്ഥലം മണ്ണിട്ടു നികത്താനും നിരപ്പാക്കാനും സാധിച്ചത് ശ്രീ. ഉണ്ണികൃഷ്ണന്റെ കഴിവുകൊണ്ടായിരുന്നു. ബുദ്ധിജീവികളെ വ്യംഗ്യമായിനിർവചിക്കുന്ന ഒരു നോട്ടീസ് എഴുതി പതിനായിരക്കണക്കിന് കോപ്പികളടിച്ച് വിതരണം ചെയ്തു കഴിഞ്ഞപ്പോൾ കേരളത്തിൽ ഇന്നാരും ബുദ്ധിജീവി ചമഞ്ഞു നടക്കാത്ത അവസ്ഥയിലായി.

### മഴുവഞ്ചേരി മഹാശിവരാത്രി തീർത്ഥാടനം

കഴിഞ്ഞ നാലുമാസങ്ങളായി തികച്ചും നൂതനമായ ആശയം മുന്നോട്ടുവെച്ച്, (ശ്രീ. നാരായണ ഗുരുദേവൻ വർക്കല ശിവഗിരി തീർത്ഥാടനം നടത്തിയതു പോലെ) മഴുവഞ്ചേരി ശിവരാത്രി തീർത്ഥാടനം നടത്തണമെന്നാഗ്രഹിച്ചു. മൂല്യാധിഷ്ഠിത ജീവിതസന്ദേശവും നൽകി പതിനായിരക്കണക്കിന് ലഘുലേഖകൾ വിതരണം ചെയ്ത്, അതിന്റേതായ സിഡികളുമുണ്ടാക്കി ജനങ്ങളെ ഇളക്കി മറിച്ചുകൊണ്ടൊരു ശിവരാത്രി തീർത്ഥാടനമായിരിക്കണമെന്ന് നിർബന്ധമായിരുന്നു. നാലു മാസത്തെ പ്രവർത്തനഫലമായി കേരളത്തിലെ വിവിധഭാഗങ്ങളിൽ നിന്നും ജനങ്ങൾ പങ്കെടുക്കുന്ന ശിവരാത്രി തീർത്ഥാടനത്തിന് ധ്വജാരോഹണം, മഴുവഞ്ചേരിയിൽ നടത്തിയത്, തിരുവിതാംകൂർ മഹാരാജാവായിരുന്നു. അത് 2005 മാർച്ച് 5 ന്! നിർഭാഗ്യവശാൽ ഗുരുവായൂരിലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകരെല്ലാം വിട്ടു നിന്നു. തൃശ്ശൂരിൽ നിന്നും കാര്യമായ പ്രതികരണം പ്രവർത്തകരിൽ കണ്ടുമില്ല. ശിവരാത്രി തീർത്ഥാടനത്തിനു ശേഷം ഉത്തരകേരള പ്രഭാഷണപര്യടനമായിരുന്നു. മാർച്ച് 20 ന് തിരുവനന്തപുരത്ത് 'വിജ്ഞാന' എന്ന പേരിൽ ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു. മൂന്നാമത്തെ ഏകാഹയജ്ഞം കോട്ടയത്ത് ഭരണങ്ങാനത്തായിരുന്നു, നാലമത്തേതാകട്ടെ എറണാകുളം ടിഡി എം ഹാളിൽ അതിവിപുലമായ തോതിലും നടന്നു.

### ഇനി ലാബറട്ടറിയിൽ ആയിരം ദിവങ്ങൾ മാത്രം

ഏപ്രിൽ 6-ാം തീയതി ഞാനോർത്തു ഇനി ലാബറട്ടറിയിൽ ഞാൻ ഒരായിരം ദിവസമാണുള്ളത് എന്ന്. എന്റെ അച്ഛൻ മരിക്കുന്നതിന്



Scanned with CamScanner

ഏതാനും ദിവസങ്ങൾക്കുമുമ്പ് ഞാൻ തൃപ്പൂണിത്തുറയിലെത്തിയ ഉടനെ അച്ഛനെന്നെ അടുത്തേക്കു വിളിച്ച് വളരെയടുത്തിരുത്തി പറഞ്ഞു. “ഞാൻ നിന്നോട് ഒരു കാര്യം പറയണമന്നു വിചാരിച്ചു. നീ പഠിച്ച കാര്യങ്ങളെല്ലാം മറ്റുള്ളവരെ പഠിപ്പിക്കണം. ഞാൻ ആകാശത്തു നിന്ന് നീ പഠിപ്പിക്കുന്നതെല്ലാം നോക്കിയിരിക്കും.” കുറേ നേരം മൗനത്തിലായ അച്ഛൻ വീണ്ടും പറഞ്ഞു. നീ ഏകദേശം 25 വർഷക്കാലം പഠിച്ചു. ഇനിയൊരു 25 വർഷം നല്ല രീതിയിൽ ലാബറട്ടറിയിൽ പ്രവർത്തിക്കണം. പിന്നെ ഒരു 25 വർഷം നാടിനുവേണ്ടി പ്രവർത്തിക്കണം. പഠിച്ചതെല്ലാം ലോകത്തിനു മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞുകൊടുക്കണം. നിനക്കതു സാധിക്കും, നിനക്കേയതു സാധിക്കൂ. ഞാൻ രണ്ടാം ക്ലാസേ പഠിച്ചിട്ടുള്ളൂ എങ്കിലും നീ ബി.എസ്സി കെമിസ്ട്രി വിദ്യാർത്ഥികൾക്ക് കെമിസ്ട്രി പഠിപ്പിക്കുന്നത് പോലും എനിക്കും മനസ്സിലാകാറുണ്ട്. അതുകൊണ്ട് നിനക്കിതു സാധിക്കുമെന്നെനിക്കറിയാം.” ഇത്രയും പറഞ്ഞ് നിറഞ്ഞ കണ്ണുകളോടെ അച്ഛൻ, ഒരിക്കലും പതിവില്ലാത്തപോലെ, കൈയ് എന്റെ തലയിൽ വെച്ചനുഗ്രഹിച്ചു. ആ ഒരനുഭവം എനിക്ക് വിവരണാതീതമായി സ്മരണയിലിന്നും നിൽക്കുന്നു. അന്നുമനസ്സിലുറച്ചിരുന്നു, 25 വർഷത്തെ ഔദ്യോഗിക പ്രവർത്തനത്തിനുശേഷമുള്ള ജീവിതം രാഷ്ട്രത്തിനും പൈതൃകത്തിനും മാറ്റിവെക്കണം. സബാറ്റിക്കൽ ലീവിൽ 2004 മുഴുവനും ദേശീയ സംസ്കൃത വിദ്യാപീഠത്തിന്റെ കീഴിൽ പഠന പ്രചരണ ഗവേഷണങ്ങൾ നടത്തിയപ്പോൾ ലീവ് ലഭിക്കുവാൻ ഒരു കണ്ടീഷനുണ്ടായിരുന്നു. ലീവിനുശേഷം മൂന്നു വർഷം ലാബറട്ടറിയിൽ (സി.എസ്.ഐ. ആറിൽ) തുടരണമെന്ന് അതായത് 365 X 3 ദിവസങ്ങൾ! അങ്ങിനെ കൂട്ടിയെടുത്താണ് 2005 ജനുവരി ഒന്നു മുതൽ കൗണ്ട് ഡൗൺ തുടങ്ങിയത്. അതനുസരിച്ച് കണക്കാക്കിയപ്പോളാണ് ഏപ്രിൽ ആറിന് ബാക്കിയുള്ളത് ഒരായിരം ദിവസങ്ങളാണെന്നു ലഭിച്ചത്. നിരന്തരം ലാബറട്ടറിയിൽ (ആർ ആറെല്ലിൽ) പോയിക്കൊണ്ടിരുന്നപ്പോഴും മുടക്കദിവസങ്ങൾ പൂർണമായും, കൂടാതെ കാഷ്വൽ ലീവും മറ്റു ലീവുകളും എടുത്തും, പഠന ക്ലാസുകളും പ്രഭാഷണങ്ങളും നടത്തിയിരുന്നു. ഏപ്രിൽ 8 ന് ആദ്യമായി ഇന്ത്യാവിഷനിൽ ലൈവ് ടെലിക്കാസ്റ്റിന് അവസരം ലഭിച്ചു. ഏപ്രിൽ 9 നും 10 നും കോഴിക്കോടും കണ്ണൂരിലുമായിരുന്നു പ്രഭാഷണം.

### ഗുരുദേവഭക്തരിൽ നിന്നു വിമർശനവും അനുമോദനവും

ഒരു വിപരീതാനുഭവമുണ്ടായത് തലശ്ശേരിയിലെ പ്രഭാഷണത്തിലായിരുന്നു. ശ്രീ. നാരായണഗുരുവിന്റെ സന്ദേശങ്ങൾ പ്രഭാഷണത്തിലൂടെ അറിയിച്ചതിൽ വികാരതീവ്രമായി ചില സംഭവങ്ങൾ ഞാൻ വിവ



Scanned with CamScanner

രിച്ചതും ഏതാനും മലയാള വാക്കുകൾ പ്രയോഗിച്ചതും പരിപാടിയുടെ അദ്ധ്യക്ഷനായിരുന്ന ശ്രീ. ചമ്പാടൻ വിജയൻ എന്ന ഗുരുഭക്തന് ഇഷ്ടപ്പെട്ടില്ല. ഗുരു സാഹിത്യപണ്ഡിതനുമായ അദ്ദേഹത്തിനെന്റെ വിവരണങ്ങൾ തീരെ ഇഷ്ടപ്പെട്ടില്ലെന്നു മാത്രമല്ല, സദസ്സിൽ എന്നെ കളിയാക്കി വിമർശിക്കുകയും ചെയ്തു. അതിനു ഞാൻ മറുപടി യും കൊടുത്തു എങ്കിലും ഇപ്രകാരം വിഷയം അവതരിപ്പിച്ചതിന്റെ പിന്നിൽ എനിക്ക് ഗുരുദേവനെ ഹിന്ദുവാക്കാനുള്ള ദുരുദ്ദേശമുണ്ടെന്ന് അദ്ദേഹം വീണ്ടും ആരോപിച്ചു. പിന്നീട് എന്റെ പ്രഭാഷണത്തെ അടിമുടി വിമർശിച്ചുകൊണ്ട് ചമ്പാടൻ വിജയൻ 'ഗുരുദേവൻ' മാസികയിൽ 14 പേജുകളിലായി ഒരു ലേഖനമെഴുതി. അതു ലഭിച്ച ഉടനെ അതിലെ ഓരോ വരിയും ഖണ്ഡിച്ചു കൊണ്ട് അതേ മാസികയിൽ ഞാൻ മറുപടിയായി ഒരു ലേഖനമെഴുതി ആ ലേഖനം ഒരു ലഘുലേഖയാക്കി ജനങ്ങളിലുമെത്തിച്ചു. ഒരു നെഗറ്റീവിനെ പോസിറ്റീവാക്കിയതിന്റെ വലിയ അഭിനന്ദനങ്ങളാണ് ലഭിച്ചത്. ശ്രീ. വിജയൻ ഇങ്ങിനെ വിമർശിച്ചെഴുതിയതിന് പലരും ക്ഷമ ചോദിച്ചുകൊണ്ടും എന്നെ ബന്ധപ്പെട്ടിരുന്നു. എനിക്ക് ഗുരുദേവൻ നൽകിയ ഒരവസരമായിരുന്നു ഇത് എന്നാണെന്റെ മനസ്സ് പറഞ്ഞിരുന്നത്. ഗുരുദേവനെക്കുറിച്ച് ലോകമെമ്പാടും വിവിധ ഭാഷകളിലെഴുതിയ ആയിരത്തിലധികം പുസ്തകങ്ങളുടെ ശേഖരമുള്ള വ്യക്തിയുടെ വിമർശനത്തെ ഖണ്ഡിച്ചുകൊണ്ടൊരു ലേഖനമെഴുതാൻ യോഗ്യതയുള്ള വ്യക്തി എന്ന് ഗുരുവിന്റെ ആരാധകർ എന്നെ അംഗീകരിച്ചു എന്നായിരുന്നു അനുഭവങ്ങളിൽ നിന്ന് മനസ്സിലായത്.

**ഒരു പഠനശിബിരം പരാജയപ്പെട്ടു.**

ഏപ്രിൽ 13, 14 തീയതികളിൽ പ്രവേശനപരീക്ഷക്ക് പഠിക്കുന്നതിനെക്കുറിച്ചും, ടെൻഷനില്ലാതാക്കുന്നതിനെക്കുറിച്ചുമെല്ലാം വ്യക്തമായി ബോധ്യപ്പെടുത്തുന്നതിന്, വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്ത് ക്ലാസു സംഘടിപ്പിച്ചിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചതിനു ശേഷം നടന്ന എല്ലാ പരിപാടികളും വൻ വിജയമായിരുന്നു. ഇത് അടിമുടി പരാജയമായിരുന്നു എന്നു മാത്രമല്ല. രണ്ടു വിദ്യാർത്ഥികൾ മാത്രമാണ് ഇതിന് പങ്കെടുക്കാനെത്തിയത് അതുകൊണ്ടുതന്നെ ക്ലാസ് നടത്തിയതുമില്ല.

ഏപ്രിൽ 28 മുതൽ ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ നടന്ന സോമയാഗത്തിന്റെ വിവിധ ഉദ്ദേശങ്ങളെക്കുറിച്ചും ക്ലാസെടുത്തു. ഇത് യാഗത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളകറ്റാൻ വളരെയേറെ സഹായിച്ചു. പുതുപ്പള്ളി ഹിന്ദുമത സമ്മേളനത്തിൽ വെച്ച് സംഘാടകർ സാമ്പത്തീക ബുദ്ധിമുട്ടിനെക്കുറിച്ചറിയിച്ചപ്പോൾ സദുദ്ദേശത്തോടെ ഞാൻ പറഞ്ഞു. "എല്ലാ ദിവസവും ഒരു ഭണ്ഡാരം വെച്ച് നടത്തിപ്പിനുള്ള സംഭാവന



Scanned with CamScanner

അതിലിടണമെന്നഭ്യർത്ഥിക്കുക" അത് ദുർവ്യാഖ്യാനം ചെയ്ത് എനിക്ക് കാശിനു വേണ്ടിയാണീ നിർദ്ദേശം ഞാൻ നൽകിയത് എന്നാക്കിതീർത്തു സംഘാകർ. അഞ്ചാമത്തെ 8 മണിക്കൂർ പ്രഭാഷണമായ ഏകാഹയജ്ഞം പാലക്കാട് ടൗൺ ഹാളിൽ ഏപ്രിൽ അവസാനദിവസം നടന്നു.

## ലാബറട്ടറിയിൽ ഞാൻ പ്രതികരിച്ചു

സബാറ്റിക്കൽ ലീവിനു ശേഷം എന്റെ ലാബറട്ടറിയിൽ ഞാൻ കാര്യമായി ഒന്നിനും പ്രതികരിക്കാറുമില്ല, കഴിയുന്നത്രയും ഒന്നിലുമിട പെടാറുമില്ല. ഒരു കമ്മിറ്റിയിലും എന്റെ പേര് ചേർത്തിട്ടുമില്ല. എന്റെ ഡിവിഷനിലെ ഹെഡ് ഡോ. അറുമുഖവും അദ്ദേഹത്തിന്റെ കൂടെ മാർഗ ദർശിയായി നിൽക്കാറുള്ള ശ്രീകുമാറും സ്വാധീനിച്ചിട്ടാണെന്നതുപോലെ മേയ് മാസം 4-ാം തീയതി ലാബറട്ടറിയിലെ ശാസ്ത്രജ്ഞന്മാരുടെ മീറ്റി ങ്ങിൽ അവഹേളനാത്മകാം വിധത്തിൽ എന്നെ പുതിയ ഡയറക്ടർ ഡോ. ചന്ദ്രശേഖരാ കാര്യമായി വിമർശിച്ചു. ഒന്നും ചെയ്യാത്തവരുടെ ലിസ്റ്റിൽ എന്നേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഡയറക്ടർ കുറ്റപ്പെടു ത്തി. ഞാൻ കൊടുത്ത റിപ്പോർട്ടുകളൊ എന്റെ ആയുർവേദത്തിലെ അഭിനന്ദനം ലഭിച്ച പ്രോജക്റ്റിനെക്കുറിച്ചോ ഒന്നും അറിയാനാഗ്രഹി ക്കാതെ സീനിയർ ശാസ്ത്രജ്ഞന്മാരുടെ മുമ്പിൽവെച്ച് കമ്മിറ്റി മീറ്റി ങ്ങിൽ നടത്തിയ നിശിതമായ വിമർശനത്തിന്റെ ഏതാണ്ട് പത്തു വരി കൾ പറഞ്ഞു കഴിഞ്ഞപ്പോൾ ഞാൻ ഡയറക്ടറോട് പ്രതികരിച്ചു. "ഇനി ഒരു വരി കൂടി പറഞ്ഞാൽ അതേ നാണയത്തിൽ ഞാൻ തിരിച്ചുപറ യും. ഞാനൊരു സയിന്റിസ്റ്റാണ് അങ്ങ് ഡയറക്ടറാണ്. മറ്റുള്ളവരുടെ മുന്നിൽ വെച്ച് അങ്ങയെ ഞാൻ അങ്ങയോട് അതേ ശബ്ദത്തിൽ പ്രതി കരിച്ചാൽ അങ്ങയ്ക്കാണ് അഭിമാനക്ഷതമുണ്ടാകുക..." അതൊന്നും കേൾക്കാതെ ഡയറക്ടർ വീണ്ടും തുടർന്നു. ഒരു സംശയവും സങ്കോ ചവുമില്ലാതെ അതേ ശബ്ദത്തിൽ ഞാൻ തിരിച്ചടിച്ചത് എന്റെ ഔദ്യോ ഗിക ജീവിതത്തിലാദ്യമായിട്ടായിരുന്നു. ഡോ. പൈയും, ഡോ. അറുമു ഖനും ശാന്തനാകാൻ എന്നോട് പറഞ്ഞുവെങ്കിലും ഞാൻ ശക്തമായി പ്രതികരിച്ചു. അത് ലാബറട്ടറിയിൽ ഒരു സംസാരവിഷയമായി. അതെ ന്നിൽ ഒരു വികാരവും, ദുഃഖവും, പുനർവിചിന്തനവുമൊന്നുമുണ്ടാക്കി യില്ല. സയിന്റിഫിക് കമ്മിറ്റിയിൽ ഞാൻ ശക്തിയായി പ്രതികരിച്ചപ്പോൾ അതു കണ്ടും കേട്ടുമിരുന്നവർ മാനസീകമായി നല്ല മൂഡിലായിരുന്നിരി ക്കും. ഇന്നുവരെ എന്നിൽ നിന്ന് ഇങ്ങിനെയൊരു പ്രതികരണമില്ലാതി രുന്നതിൽ നിന്ന് ഭിന്നമായി കേട്ട സ്വരത്തെ അനുമോദിക്കണമോ വിമർശിക്കണമോ എന്നൊരു സംശയം. ഏതു ചെയ്താലും എന്റെ പ്രതികരണമെന്തായിരിക്കുമെന്നറിഞ്ഞു കൂടാത്തതിനാൽ ആരും നേരിട്ട്



Scanned with CamScanner

വന്ന് എന്നോട് ഒന്നും പറഞ്ഞില്ല. ഞാനും ആരിൽ നിന്നും ഒന്നും പ്രതീക്ഷിച്ചതുമില്ല. ഇങ്ങിനെയൊരു സംഭവം നടന്നതായിട്ടുപോലും ഭാവിക്കാതെയായിരുന്നു ഞാൻ പിന്നീടും പെരുമാറിയത്.

ജൂലൈ മാസം അമേരിക്കയിൽ നടക്കുന്ന സമ്മേളനത്തിനുള്ള വിസക്കായി ശ്രമമാരംഭിച്ചതും ഈ ദിവസങ്ങളിലായിരുന്നു. മേയ് 5 മുതൽക്കുള്ള പ്രഭാഷണങ്ങളിൽ, 7 ന് കുഴുപ്പിള്ളിയിലെ പ്രഭാഷണം സ്മരണയിൽ നിൽക്കുന്നു. ഞാന് ഓടിക്കളിച്ച മണ്ണ്, എന്റെ വലിയച്ഛന്റേയും പിതൃസഹോദരിയുടേയും ബാലകൃഷ്ണനായി ജീവിച്ച പള്ളത്താംകുളങ്ങര ക്ഷേത്രത്തിന്റെ മണ്ണിൽ, പതിറ്റാണ്ടുകൾക്കു മുമ്പ് വളരെ ചെറുപ്പത്തിൽ ഓടിക്കളിച്ച അതേ മണ്ണിൽ നിന്നുകൊണ്ടുള്ള പ്രഭാഷണമായിരുന്നു അത്. അതിന്റെ സംഘാടകർ എഴുതിയ ബോർഡുകളെല്ലാം "ഡോ. ഗോപാലകൃഷ്ണന് ജന്മനാട്ടിലേക്ക് സ്വാഗത"മെന്നായിരുന്നു. അവിടത്തെ പ്രഭാഷണം കഴിഞ്ഞ് നേരെ മഴുവഞ്ചേരിയിലേക്കായിരുന്നു യാത്ര. അവിടെ മേയ് 8 മുതൽ കാന്റീന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. കുറേയേറെ വയലുകൾ നിർമ്മാണപ്രവർത്തനങ്ങൾക്കായി നികത്തിക്കഴിഞ്ഞിരുന്നു. ക്ഷേത്രത്തിലെ സിമന്റ് ജാളികൾ വെച്ചുള്ള ഫെൻസിങ് പുരോഗമിക്കുകയും അഞ്ചുദിവസങ്ങൾ കൊണ്ട് പ്രദക്ഷിണവഴി പൂർണമാക്കുകയും ചെയ്തുകഴിഞ്ഞിരുന്നു.

## എന്റെ ഗോൾഡൻ ജൂബിലി ആരുമറിയാതെ

മേയ് 28-ാം തീയതിയായിരുന്നു (2005) എന്റെ അനൗദ്ധ്യോഗിക അമ്പതാം ജന്മവാർഷികം. തൃപ്പൂണിത്തുറയിലും എറണാകുളത്തുമായി ഞാൻ പഠിച്ചതും പഠിപ്പിച്ചതുമായ സ്കൂളുകളിലേക്കും കോളേജുകളിലേക്കും ഒറ്റക്ക് സന്ദർശനം നടത്തി. തൃപ്പൂണിത്തുറ ഗവ. ഗേൾസ് ഹൈസ്കൂളിലെ ലോവർ പ്രൈമറി സ്കൂളിൽ കുറേ നേരം ഇരുന്നു. അവിടെ നിന്നും ആർ.എൽ.വിയിലേക്ക് മൂന്നു വർഷത്തെ അപ്പർ പ്രൈമറി ക്ലാസിലെ ജീവിതം സ്മരിക്കാനായെത്തി. പിന്നീട് നടന്ന് തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹൈസ്കൂളിലേക്ക് യാത്രയായി. അവിടെ നിന്നും എറണാകുളം മഹാരാജാസ് കോളേജിൽ പോയി പഴയ പ്രീഡിഗ്രി അഡ്മിഷന്റേയും പോസ്റ്റ് ഗ്രാജ്വേഷന്റേയും കാര്യങ്ങളോർത്തു. പിന്നെ യാത്ര, സെന്റ് ആൽബർട്സിലേക്കായിരുന്നു. പ്രൊഫ. മത്തായിസാർ അഡ്മിഷൻ നൽകിയ കാര്യങ്ങളെല്ലാം സ്മരിച്ചു. അടുത്ത ദിവസം തേവര സേക്രഡ് ഹാർട്ട്സ് കോളേജിലെ സ്മരണകൾ പുതുക്കാനായി അവിടെയെത്തി. ഒരു മണിക്കൂർ സ്മരണിയിലാണ് അവിടെ ചിലവഴിച്ചു. കൊച്ചിൻ കോളേജിലെ അനുഭവങ്ങൾ മനസ്സിലെത്തിച്ചു കൊണ്ട് അവിടെയും ആരും ശ്രദ്ധിക്കാതെ നടന്ന് കാന്റീ



Scanned with CamScanner

നിൽ നിന്ന് ഒരു ചായയും കുടിച്ച്, എറണാകുളത്തെ എം.ജി. റോഡിലുള്ള ദ്വാരക ഹോട്ടലിലെത്തി. വർഷങ്ങളോളം സപ്ലയറായി ജോലി ചെയ്ത് സർദാർജിയുടെ അടികൊണ്ടു വേദനിച്ച കസേരയിലിരുന്ന് ടിഫിൻ കഴിച്ചു. പഴയമുഖങ്ങളൊന്നുമവിടെ ഇന്നില്ല. മറൈൻ ഡ്രൈവിലൂടെ കുറേ സമയം നടന്നു. എല്ലാം, സിനിമയിലെ സ്ക്രീനിൽ കാണുന്നതു പോലെ ഓർത്തു എന്ന് ഞാനീപേനയിലൂടെ എഴുതുമ്പോൾ പോലും എന്റെ കണ്ണുകൾ നിറയുന്നു. ഗോപാലകൃഷ്ണന്റെ ശരീരം, ജീവിതത്തിന്റെ ഗോൾഡൻ ജൂബിലിയാഘോഷിക്കുന്നു. ഈശ്വരാ! കടന്നുവന്ന വഴികൾ, അനുഭവിച്ചറിഞ്ഞ സംഭവങ്ങൾ, ചെയ്തുതീർത്ത കാര്യങ്ങൾ. എല്ലാമെല്ലാം ദീർഘശ്വാസത്തോടെയോർത്തു എന്ന് ഞാനെഴുതുമ്പോൾ എന്റെ പേനക്ക് വേഗത കൂടുന്നതുപോലെ തോന്നുന്നു.

മേയ് 30 ന് എന്റെ മകൾ ഹേമക്ക് ഇൻഫോസിസിൽ ജോലിക്ക് ഇന്റർവ്യൂവിന് പോകണമെന്നായിരുന്നു, യാത്ര കഴിഞ്ഞ് ഞാൻ തിരിച്ചെത്തിയപ്പോൾ അറിഞ്ഞത്. അടുത്ത ദിവസം അറിയിപ്പുമുണ്ടായി. അവൾക്ക് ഇൻഫോസിസിൽ ജോലി ലഭിച്ചുവെന്ന്. സംതൃപ്തി തോന്നി! കുറേ നേരം മകളുടെ ജീവിതത്തെക്കുറിച്ചുള്ള ഗതകാല സ്മരണകൾ അയവിറക്കി!

അതിശക്തമായ മഴയുണ്ടായിരുന്നിട്ടും കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി ജില്ലകളിലെ പ്രഭാഷണപര്യടനങ്ങൾ മാസത്തിന്റെ ആദ്യഭാഗങ്ങളിലെ ശനി, ഞായർ ദിവസങ്ങളിലുണ്ടായിരുന്നു.

ഈ യാത്ര കഴിഞ്ഞ് മഴുവഞ്ചേരിയിലെത്തി. ജൂൺ മാസത്തിലാരംഭിക്കാനുദ്ദേശിച്ചിരുന്ന കോമേഴ്സ് ആന്റ് ഹ്യൂമാനിറ്റീസ് കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചില്ല. ഒരു വിദ്യാർത്ഥി മാത്രമായിരുന്നു ചേർന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി ആരംഭിക്കാനുദ്ദേശിച്ച ഈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് ആന്റ് ഹ്യുമാനിറ്റീസ്, പരാജപ്പെട്ടതിൽ ആദ്യം ദുഃഖം തോന്നി, പിന്നീട് മനസ്സിലായി അതത്രയും വലിയ ഒരു ഭാരമായിരുന്നു. അതാരംഭിച്ചിരുന്നെങ്കിൽ ആ ഭാരം ഒരിക്കലും താങ്ങുവാൻ സാധിക്കുമായിരുന്നില്ല. ഇൻസ്റ്റിറ്റ്യൂട്ട് അത്രക്കും ഭാരമെടുക്കാൻ പാകത്തിന് വളർന്നിട്ടില്ല. ഈ പരാജയം ഒരു ഈശ്വരാനുഗ്രഹമായി കാണുവാൻ പിന്നീട് സാധിച്ചു. മലപ്പുറത്തും കോഴിക്കോട്ടും, എറണാകുളത്തും ജൂലൈ മാസത്തിലും ആഗസ്റ്റിലും, ശനി, ഞായർ ദിവസങ്ങളിലെ പ്രഭാഷണങ്ങൾ കഴിഞ്ഞ് ആഗസ്റ്റ് 14 കർക്കിടക വാവു പിതൃതർപ്പണം മഴുവഞ്ചേരിയിൽ ആചരിച്ചു. അതിനായി പിതൃസ്മരണ ലേഖനങ്ങളും കർമ്മ മാർഗങ്ങളും ജനങ്ങളെ അറിയിച്ചു. നോട്ടീസുകൾ വഴിയും, ബാനറുകൾ വഴിയും കഴിഞ്ഞ മൂന്നു മാസ



Scanned with CamScanner

ങ്ങളിൽ പരസ്യം ചെയ്തിരുന്നു. ശാസ്ത്രീയ വിശകലനത്തോടെ നടത്തിയ കർമ്മം അതിഗംഭീരമായിരുന്നു. ശാസ്ത്രീയമായി ആചാരങ്ങൾ ക്രോഡീകരിച്ചനുഷ്ഠിച്ചനുഷ്ഠിപ്പിച്ചതിന്റെ പ്രത്യക്ഷഫലമായിരുന്നു, എല്ലാ മതത്തിലും എല്ലാ ഇസത്തിലുംപെട്ടവരുടെ സാന്നിദ്ധ്യം. മഴുവഞ്ചേരിയിലെ പിതൃസ്മരണ ഒരു ചരിത്ര സംഭവമാകണമെന്ന ആഗ്രഹം സഫലീകൃതമാകുന്നതായിരുന്നു, ആഗസ്റ്റ് 14 ലെ അവിടത്തെ പരിപാടി. അവിടെനിന്നും തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി, മംഗലാപുരം തിരിച്ച് കാസറഗോഡ് വരെ തുടർച്ചയായി പ്രഭാഷണങ്ങൾ നടത്തി. ചിലിയിടങ്ങളിൽ ജയകുമാർ ഇഫക്റ്റ് (ഗോപാലകൃഷ്ണൻ കാശുകട്ടിട്ടുണ്ടെന്ന് സ്വദേശി ശാസ്ത്രപ്രസ്ഥാനത്തിന്റെ സംഘാടകൻ പറഞ്ഞു നടന്ന കഥയുടെ ഇഫക്റ്റ്) ഉണ്ടായിരുന്നു. ആഗസ്റ്റ് മാസത്തിലായിരുന്നു വേദങ്ങളെല്ലാം ഡിവിഡിയാക്കി ഇറക്കിയത്. അത് ഉത്തരഭാരതശൈലിയിലുള്ള വേദമന്ത്രാലാപനമായിരുന്നു.

### ടി വി മാധ്യമങ്ങളിലൂടെ ജനങ്ങളിലേക്ക്

സെപ്റ്റംബർ മുതൽക്ക് പ്രഭാഷണങ്ങൾ നടക്കുന്നതു കൂടാതെ പാലക്കാട് എ.സി.വിയിലൂടെ ദിവസവും അരമണിക്കൂർ എന്റെ പ്രഭാഷണം സംപ്രേക്ഷണം തുടങ്ങി. മൂന്നു മാസങ്ങൾക്കു മുമ്പ് അമൃത ടിവിയുടെ ശ്രീ രെജി പുതിയ ഒരു പരിപാടി ആവിഷ്കരിക്കണമെന്നു പറഞ്ഞ്, മേയ് മാസത്തിൽ വന്നിരുന്നു. അന്ന് എന്റെ ചില ആശയങ്ങൾ രെജിയോട് അറിയിക്കുകയും ചെയ്തു; അതനുസരിച്ചായിരുന്നു ആഴ്ചയിൽ എല്ലാ ദിവസവും അമൃതാടിവിയിൽ പൈതൃക സന്ദേശം ടെലികാസ്റ്റിങ് തുടങ്ങിയത്.

### അമൃത ടിവിയിലൂടെ പൈതൃക സന്ദേശം

അമൃത ടിവിക്കുവേണ്ടിയുള്ള പൈതൃക സന്ദേശം റെക്കോഡിങ് തുടങ്ങിയത്, 2005 ഒക്ടോബർ 29 നായിരുന്നു. ആ റെക്കോഡിങ്ങും അതിലൂടെ കൊടുത്ത സന്ദേശങ്ങളും അമൃത ടിവിക്ക് വളരെയേറെ സ്വീകാര്യമായിരുന്നു. ഒരു മന്ദസ്മിതത്തോടു കൂടി വേണം പരിപാടി അവതരിപ്പിക്കാനെന്ന അഭിപ്രായവും നിർദ്ദേശവും ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഒരു പൂർണദിന റെക്കോഡിങ് നവംബർ 12 ന് തച്ചോട്ടുകാവ് അഭയ എന്ന സ്ഥലത്ത് നടന്നു. ഡിസംബറിൽ ഏകദേശം പൂർണമായും, (ഒഴിവു ദിനങ്ങളിലും, ശനി, ഞായർ ദിവസങ്ങളിലും) കേരളത്തിന്റെ വിവിധ ജില്ലകളിൽ പര്യടനവും പ്രഭാഷണങ്ങളും നടനടത്തി.

ഡൽഹിയിലേക്കൊരു ഓട്ടപ്രദക്ഷിണം നടന്നത് ഡിസംബർ 19 നായിരുന്നു. ഡൽഹി സ്റ്റേറ്റ് ഗവണ്മെന്റിന്റെ പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ. ഭട്ടിന്റെ ക്ഷണമനുസരിച്ച് സംസ്കൃതത്തിലുള്ള ആധുനീക വിഷയങ്ങൾ സമാഹരിക്കാനായിരുന്നു പെട്ടെന്നൊരു പണ്ഡിതസദസ്സ് വിളിച്ചു കൂട്ടിയത്. തണുത്തു വിറങ്ങലിക്കുന്ന ഡൽഹിയിൽ രണ്ടു ദിവസം താമസിച്ചു. വലിയ പ്രയോജനമൊന്നുമില്ലാത്ത പരിപാടിയായിരുന്നു. അറിയാവുന്ന കാര്യങ്ങൾ വ്യക്തമായി പറഞ്ഞു കൊടുത്ത് മീറ്റിങ്ങിൽ നല്ല ഒരു സ്വാധീനമുണ്ടാക്കി 22 ന് തിരിച്ചെത്തി.

23 ന് എറണാകുളത്തും, 24 ന് മയ്യഴിയിലും, 25 ന് തലശ്ശേരിയിൽ ശാസ്ത്ര 2005 ഉജ്ജ്വലമായി സംഘടിപ്പിച്ചും, 26 ന് തൃശ്ശൂർ പരിപാടിയും കഴിഞ്ഞ്, തിരിച്ചെത്തിയത് 27 നായിരുന്നു. വീണ്ടും 30 ന്, തൃശ്ശൂർ, കോഴിക്കോട്, പാലക്കാടിലേക്ക് യാത്ര തിരിക്കുന്നതിനു മുമ്പ് 28-ാം തീയതി ആൾ ഇന്ത്യാ റേഡിയോവിൽ തുടർച്ചയായി സംപ്രേക്ഷണം ചെയ്യാനുള്ള 'തേൻതുള്ളികൾ' എന്ന മൂന്നു മിനിറ്റു സന്ദേശങ്ങളുടെ റെക്കോർഡിങ് നടന്നു. വളരെയേറെ ജനശ്രദ്ധ പിടിച്ചുപറ്റിയ ഒരു ലഘു സന്ദേശ പരിപാടിയായിരുന്നു റേഡിയോവിലൂടെ പ്രക്ഷേപണം ചെയ്യപ്പെട്ട തേൻ തുള്ളികൾ. ആ സന്ദേശങ്ങളെല്ലാം പിന്നീട് സിഡികളായും പ്രകാശനം ചെയ്തിട്ടുണ്ട്. അനവധി മാസങ്ങൾ ഈ സന്ദേശങ്ങൾ തുടർന്നു പോന്നു, അവയുടെ പുനസംപ്രേക്ഷണം 2009 ലും നടക്കുന്നുണ്ട്.

2006 ലെ ജീവിതം പൂർണമായും, ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ആർ.ആറെല്ലിലും ശനിയും ഞായറും മറ്റു മുടക്കദിവസങ്ങളിലും, അതു ചേർന്നു വരുന്നദിവസങ്ങളിലും, ലീവെടുത്തും പ്രഭാഷണയാത്രയായിരുന്നു പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ ഭയം തോന്നുന്നത്രക്കും യാത്രയായിരുന്നു. എന്റെ ശരീരത്തിനോട് എനിക്ക് തോന്നുന്നത് ഭയവും ഭക്തിയുമാണ് എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. അത്രക്കും ഞാനെന്റെ ശരീരത്തെക്കൊണ്ട് പണിയെടുപ്പിച്ചു!

**കോട്ടമൈതാനിയിലെ അവിസ്മരണീയപ്രഭാഷണം**

2006 വർഷാരംഭം തന്നെ പാലക്കാട്, ജനുവരി 1 ന് അഞ്ചുസുദീർഘ പ്രഭാഷണങ്ങളുമായിട്ടായിരുന്നു. ഏറ്റവും അവിസ്മരണീയമായത് കോട്ട മൈതാനിയിൽ വൈകു. 5.30 ന് നടന്ന പൊതുപരിപാടിയായിരുന്നു. എല്ലാ ജാതിമത ഇസക്കാരെയും നേരിൽ കണ്ട് ക്ഷണിച്ചിരുന്നു. പാർട്ടി ഓഫീസുകളിൽ പോലും കയറിയിറങ്ങി പ്രവർത്തകർ ക്ഷണിച്ചിരുന്നു. വലിയ തോതിൽ പോസ്റ്ററുകളോ ബാനറുകളോ ഒന്നുമുണ്ടായിരുന്നില്ല. പോലീസോ മറ്റു നിയമപാലകരോ പ്രതീക്ഷിക്കാത്തത്രയും വലിയൊരു ജനാവലി പാലക്കാട് കോട്ട മൈതാനിയിൽ എന്റെ പ്രഭാഷണത്തിനുണ്ടായിരുന്നു. ശ്രീ. ശങ്കരനാരായണനും ശ്രീ.



Scanned with CamScanner

സി.കെ. ഹരിദാസും നൂറുകണക്കിന് പ്രവർത്തകരും ചേർന്നു നടത്തിയ പ്രവർത്തനങ്ങളുടെ ഫലവും, പാലക്കാട് ജില്ലയിലുണ്ടായ മാറ്റത്തിന്റേയും പ്രതിഫലനവുമായിരുന്നു ഈ സമ്മേളനം. എല്ലാ മതത്തിൽപ്പെട്ടവരും രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരും വൻ നേതാക്കളും ഗ്രൗണ്ടിലുണ്ടായിരുന്നു. സ്റ്റേജിൽ കസേരയുണ്ടായിരുന്നില്ല. ശ്രീ.സി.കെ. ഹരിദാസിന്റെ സ്വാഗതം ഏകദേശം രണ്ടുമിനിറ്റ്, അതിനുശേഷം കേരളത്തിലേയും ഭാരതത്തിലേയും സമകാലീന പ്രശ്നങ്ങളും, പൈതൃകം, ലോക ജനത സ്വീകരിക്കുന്നതും നാം തിരസ്കരിക്കുന്നതും ചേർത്ത് വിളമ്പിയ പ്രഭാഷണത്തിന് ശ്രോതാക്കളുടെ വൻ കയ്യടിയുണ്ടായി. ഈ സമ്മേളന നടത്തിപ്പിന് ഒരു സംഭാവനയും നേരിട്ട് സ്വീകരിച്ചിരുന്നില്ല. അന്ത്യത്തിൽ ഒരപേക്ഷ മാത്രം അനൗൺസ് ചെയ്തു. "മൈതാനത്തിന്റെ നാലു ഭാഗത്തും നാലു ചെറിയ പാത്രങ്ങൾ വെച്ചിട്ടുണ്ട്. സാധിക്കുന്നവർ സാധിക്കുന്നതു മാത്രം നിക്ഷേപിക്കുക." ഈ പ്രഭാഷണം സംഘടിപ്പിക്കാനുളള ചിലവ് ഈ ഭണ്ഡാരങ്ങളിലുണ്ടായിരുന്നു.

പ്രഭാഷണം കഴിഞ്ഞ് ഞാനിറങ്ങിയ ഉടനെ സ്റ്റേജിന്റെ ഏറ്റവും അടുത്ത് കാർ നിൽക്കുന്നുണ്ടായിരുന്നു. ഞാൻ കാറിൽ കയറിയ ഉടനെ നാലുപോലീസുകാർ രണ്ടുപേർ വീതം, രണ്ടുവശത്തുമായി എന്റെ കാറിനോട് ചേർന്ന് എനിക്ക് എസ്കോർട്ട് തരുന്നുണ്ടായിരുന്നു. എനിക്ക് ഈ എസ്കോർട്ടിന്റെ ഉദ്ദേശവും, ആവശ്യവും, ആരാണിത് ക്രമീകരിച്ചതെന്നും മനസ്സിലായില്ല. കാറിന്റെ ചില്ല് താഴ്ത്തി വാഹനം സാവധാനത്തിലാക്കി ഞാൻ പോലീസുകാരോട് ചോദിച്ചു. "നിങ്ങളെന്തിനാണ് എന്റെ കാറിന്റെ സൈഡിലൂടെ വരുന്നത്. ഞാൻ അടുത്ത പ്രഭാഷണ സ്ഥലത്തേക്കു പോകുകയാണ്." പോലീസുകാർ മറുപടി പറഞ്ഞു. "സാറിന്റെ മൈതാനിയിലെ പ്രഭാഷണം തീപ്പൊരിയായിരുന്നു സാർ. സാറിന്റെ ജീവൻ വിലപ്പെട്ടതാണ്. ഞങ്ങളുടെ തീരുമാനമനുസരിച്ചാണ് സാറിനെ അടുത്ത പോയിന്റിലെത്തിക്കുന്നത്. അതു ഞങ്ങളുടെ ആവശ്യമാണ്." പിന്നീട് ഞാനൊന്നും പറഞ്ഞില്ല. അടുത്ത ദിവസത്തെ പത്രത്തിൽ പ്രഭാഷണവും വിഷയവും നിറഞ്ഞു നിന്നിരുന്നു. അജയ്യമായ ഒരു പ്രഭാഷണപരമ്പര നടത്തിയ 2006 ജനുവരി 1, പാലക്കാടിന്റെ പുത്രനായി മാറിയതു പോലെ എനിക്കു തോന്നി. മൂന്നുനാലു ദിവസം കൂടി പാലക്കാടിൽ തങ്ങി എ.സി.വിയിൽ തുടർച്ചയായ റെക്കോഡിങ് കഴിഞ്ഞ് തിരുവനന്തപുരത്തെത്തി ഒരുദിവസം പൂർണമായും അമൃത ടിവിക്ക് കൂടി വേണ്ടി റെക്കോർഡിങ് കഴിഞ്ഞ്, 6-ാം തീയതി മുതൽ 12 ദിവസം പ്രഭാഷണ യാത്രയായിരുന്നു. കൊല്ലം മുതൽ വടക്കോട്ടായിരുന്നു യാത്ര.



Scanned with CamScanner

കഴിഞ്ഞ കുറേക്കാലമായി എന്റെ വലിയച്ഛന്റെ മകനുമായി എന്റെ സഹോദരന്മാരും ഞാനും കാര്യമായ വഴക്കിലായിരുന്നു. ഭൂമിയിടപാടിൽ തുടങ്ങിയ ഒരു കുടുംബകലഹമായിരുന്നു അത്. ഒരു ദിവസം എന്നെ വിളിച്ച് വലിയച്ഛന്റെ മകൻ ശ്രീ.എൻ.ജി കൃഷ്ണൻ പറഞ്ഞു "ഞാൻ മരിക്കാറായി. കുറേ ദിവസം ആശുപത്രിയിൽ കിടന്നു. എനിക്കു നിന്നെയൊന്നു കാണണം." ഏതു ശത്രുത്വവും മരണം വരെ മാത്രം, ഏതു ബന്ധുത്വവും അതുപോലെയാണെന്നും എനിക്കറിയാം. എല്ലാ സദസ്സുകളിലും കുടുംബബന്ധത്തെക്കുറിച്ചു പറയുന്ന ഞാൻ ശ്രീ. എൻ. ജി. കൃഷ്ണനുമായി എന്തിനു ശത്രുത്വം നിലനിർത്തണമെന്നു ചിന്തിച്ചു. ഈ വിവരം ഞാനെന്റെ സഹോദരന്മാരോടു പറഞ്ഞാൽ കാട്ടുതീ പോലെ അവർ ജ്വലിക്കുമെന്നെനിക്കറിയാം. ഞാൻ ആരോടും ഒന്നും പറഞ്ഞില്ല. അഭിപ്രായവും ചോദിച്ചില്ല. 2006 ജനുവരി 15-ാം തീയതി പ്രഭാഷണ യാത്രാവേളയിൽ തൃപ്പൂണിത്തുറ കണ്ണൻകുളങ്ങരയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ പോയി. സുഖമില്ലാതെ കിടക്കുന്ന അദ്ദേഹത്തെ കണ്ടതിനുശേഷം അവിടെനിന്നും തൃപ്പൂണിത്തുറയിലുള്ള എന്റെ വീട്ടിലേക്കും വന്നു. സഹോദരന്മരോട് ഈ സന്ദർശനത്തെക്കുറിച്ചു പറയുകയും ചെയ്തു. എല്ലാ സഹോദരന്മാരും ഒരു വശത്തുനിന്ന് എന്റെ ഈ ചെയ്തിയെ എതിർത്തു. ഞാനൊറ്റക്ക് മറുവശത്തുമായി. എന്റെ കുടുംബബന്ധത്തിൽ അഗാധമായ വിള്ളലുണ്ടാക്കിക്കൊണ്ട് ജനുവരി 23 ന്, ഞാനുമായുള്ള എല്ലാ ബന്ധവും അവസാനിപ്പിച്ചു എന്നൊരു കത്ത് ഞങ്ങളുടെ സഹോദരൻ എനിക്കെഴുതി. തികച്ചും അപ്രതീക്ഷിതമായ വാക്കുകളുടെ സമാഹാരമായിരുന്നു ജ്യേഷ്ഠന്റെ കത്ത്. പലപ്പോഴും തോന്നാറുണ്ടായിരുന്നു എന്റെ ലാബറട്ടറിയിൽ ഞാൻ ഒറ്റപ്പെടുന്നതുപോലെ, എന്റെ വലിയച്ഛന്റെ മകനെ അരമണിക്കൂർ രോഗശയ്യയിൽ കാണാൻ പോയതിന് ഞാനെന്റെ വീട്ടിലും ഒറ്റപ്പെട്ടു. എന്റെ മകൾ മാത്രം പറഞ്ഞു. "അച്ഛൻ ചെയ്തതാണ് ശരി." ആര് എതിർത്താലും ഒറ്റപ്പെടുത്തിയാലും സത്യം ധർമ്മം നീതി ന്യായം വിടാതിരിക്കുന്നിടത്തോളം ജഗദീശ്വരാനുഗ്രഹമുണ്ടായിരിക്കുമെന്നറിയാം. ഭാരതീയ കുടുംബങ്ങളിലെ സഹോദരബന്ധങ്ങൾ മുറിഞ്ഞു പോകുന്നതിനു കാരണം. ചില വ്യക്തികളുടെ കടുംപിടുത്തം മാത്രമാണ്. ക്ഷമിക്കാനും പൊറുക്കാനും നമ്മുടെ സംസ്കാരം നമ്മളെ പഠിപ്പിക്കുമ്പോഴും വ്യക്തികളുടെ മനസ്സിൽ അതൊന്നും എത്തുന്നില്ല. മറ്റെല്ലാവരോടും യോജിക്കാനും ഒരുമിക്കാനും നാം ആഹ്വാനം ചെയ്യുമ്പോളും സ്വന്തം കുടുംബത്തിൽ അനൈക്യം വളരെപ്രകടമായി തുടരുന്നത് പൂർണമായും വ്യക്തികളുടെ സ്വാർത്ഥതയും തന്നിഷ്ടവും കൊണ്ടു മാത്രമാണെന്നെനിക്കു തോന്നി.



Scanned with CamScanner

### അന്തർദേശീയ ആയുർവേദസെമിനാർ

എന്റെ യാത്ര 2006 ജനുവരി 20 മുതൽ 23 വരെ മഹാബലീപുരത്തെ അന്തർദേശയ ആയുർവേദ ശിൽപശാലയിൽ പ്രഭാഷണം നടത്തി ആരംഭിച്ചു. അനവധി വിദേശികളുമായി വിഷയം ചർച്ച ചെയ്ത് അവരുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞുകൊടുത്തു. പിന്നെ നേരെ ചെന്നൈ നഗരത്തിലേക്കു പോയി. അവിടെ തുടർച്ചയായി പ്രഭാഷണ പരിപാടികളും നടത്തി, തിരിച്ചു വന്ന് ഫെബ്രുവരി 12 വരെ കേരളത്തിലുടനീളം കാസർഗോഡു മുതൽക്കിങ്ങോട്ടു ക്ലാസുകളായിരുന്നു.

### ശ്രീ. ബാലകൃഷ്ണമേനോൻ സ്മാരകാപുരസ്കാരം ലഭിച്ചു

ഫെബ്രുവരി 13 ന് തൃശ്ശൂർ പാറമേക്കാവ് ക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ അഗ്രശാലയിൽ തിങ്ങിനിറഞ്ഞ സദസ്സിൽ വെച്ച് എനിക്ക് വലിയൊരു പുരസ്കാരം നൽകി. കിഴക്കേവീട്ടിൽ ബാലകൃഷ്ണമേനോൻ സ്മരാക പുരസ്കാരം! ധാരാളം പരിചയക്കാർ ഈ സമ്മാനദാനത്തിന് സാക്ഷ്യം വഹിച്ചിരുന്നു. ഞാൻ സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് എന്റെ വീടിന്റെ അടുത്തുള്ള ശ്രീ. എം.ജി.എ. പണിക്കരുടെ വലിയ ബംഗ്ലാവിലേക്ക് നിത്യവും രാവിലെ പാലുകൊണ്ടുപോയി കൊടുക്കുമായിരുന്നു. വർഷങ്ങളോളം ഇതു തുടർന്നു. കുറേക്കാലം കഴിഞ്ഞപ്പോൾ പണിക്കരുടെ രണ്ടുമക്കളേയും പഠിപ്പിക്കാനുള്ള ഭാഗ്യവും എനിക്കുണ്ടായി. ആ കുടുംബത്തിലെ പ്രഗത്ഭനായ ഒരു അംഗത്തിന്റെ പേരിലുള്ള പുരസ്കാരമായിരുന്നു ശ്രീ. ബാലകൃഷ്ണമേനോൻ സ്മാരക പുരസ്കാരം. എനിക്കു പുരസ്കാരം നൽകിയ ഈ വേദിയിൽ ശ്രീ.എം.ജി.എ. പണിക്കരുടെ ധർമ്മപത്നിയും ഞാൻ പഠിപ്പിച്ച അദ്ദേഹത്തിന്റെ രണ്ടു മക്കളും സന്നിഹിതരായിരുന്നു എന്നത് അഭിമാനം തോന്നി.

### മഴുവഞ്ചേരിയിൽ ശ്രീയേശുദാസ് ധ്വജാരോഹണം നടത്തുന്നു

അടുത്ത മഹായജ്ഞം, മഴുവഞ്ചേരിയിലെ രണ്ടാം ശിവരാത്രി തീർത്ഥാടനത്തിനായി ശ്രീ യേശുദാസിന്റെ വരവായിരുന്നു. 2006 ഫെബ്രുവരി 23 ന് ശ്രീ. യേശുദാസ് മഴുവഞ്ചേരിയിലെത്തിയിരുന്നു. വൻജനാവലി ഈ പരിപാടിക്ക് പങ്കെടുക്കുകയും ചെയ്തു. തൃശ്ശൂർ-ഗുരുവായൂർ യൂണിറ്റിലെ പ്രവർത്തകരെല്ലാം ഇവിടേയും വിട്ടുനിന്നതുപോലെ തോന്നി. എല്ലാപ്രവർത്തകരും ശ്രീയേശുദാസന്റെ പരിപാടിയിൽ മുഴുകി എന്നു മാത്രമല്ല അദ്ദേഹം കുറേയധികം സമയം അവിടെ ചിലവഴിച്ചതിനാൽ, പ്രവർത്തകർ മറ്റെല്ലാം മറന്നുപോയിരുന്നു. വൻ വിജയത്തോടെ രണ്ടാം ശിവരാത്രി തീർത്ഥാടനം, നാലു ദിവസം നീണ്ടു നിന്നത് മനസ്സിലൊരു സന്തോഷവും നൽകിയില്ലെന്നു മാത്രമല്ല എവി



Scanned with CamScanner

ടേയോ എന്തോ പതറിപ്പോയതുപോലെ തോന്നി. എ.സി.വി.യിലും, അമൃതയിലും, ആൾ ഇന്ത്യാ റേഡിയോവിലും നടക്കുന്ന റെക്കോഡിങ്ങും നിരന്തരമുളള പ്രക്ഷേപണങ്ങളും, ഈ പ്രഭാഷണങ്ങൾക്കുമിടക്കും നടന്നുകൊണ്ടിരുന്നു.

(2006) മാർച്ച് 23 ന് എന്റെ അമ്മയുടെ വാർഷിക ശ്രാദ്ധമായിരുന്നു. സഹോദരന്മാരെല്ലാം എന്നോട് ദേഷ്യത്തിലാണ്. തീരാത്ത പകപോലെയായിരുന്നു എല്ലാവരും എന്നോട് പ്രതികരിച്ചത്. അമ്മയുടേയും അച്ഛന്റേയും വാർഷിക ശ്രാദ്ധം ഞങ്ങൾ ഒരുമിച്ചായിരുന്നു ആചരിക്കാറുള്ളത്. തൃപ്പൂണിത്തുറയിലേക്ക് പോകുമ്പോഴെല്ലാം ഞാൻ ജ്യേഷ്ഠന്റെ വീട്ടിലാണ് താമസിക്കുക പതിവ്. ഇത്തവണത്തെ കുടുംബാന്തരീക്ഷമെന്താണെന്നറിയാമായിരുന്നു. എന്നാലും പിതൃകർമ്മം ഒരുമിച്ചാചരിക്കണം എന്നു കരുതി, എറണാകുളത്തുള്ള ശിക്ഷാഭവനിൽ മുറിയെടുത്തുതാമസിച്ച് ശ്രാദ്ധകർമ്മദിവസം തൃപ്പൂണിത്തുറയിൽ പോയി, ശ്രാദ്ധം കഴിച്ച് മടങ്ങി. തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ പ്രഭാഷണ പരിപാടികൾ കഴിഞ്ഞ്, 1.6 ഏക്കർ സ്ഥലം മഴുവഞ്ചേരിയിൽ വാങ്ങിയത് രെജിസ്റ്റർ ചെയ്തിട്ടായിരുന്നു മടക്കയാത്ര.

ഭാഗവത പുരാണത്തെക്കുറിച്ച് ഞാൻ തയ്യാറാക്കിയ ഒരു പുസ്തകം ഈയവസരത്തിൽ പ്രകാശനം ചെയ്തു. കമ്മ്യൂണിസത്തിന്റെ ഈറ്റില്ലമായ പെരുമ്പാവൂരിനടുത്ത് കീഴില്ലത്തും സമീപത്തുമായി കുറേയേറെ ക്ഷേത്രങ്ങളിൽ ക്ലാസുകൾ ഏപ്രിൽ ഒന്നാം ആഴ്ചയിലുണ്ടായിരുന്നു. ഏപ്രിൽ 5 മുതൽ 17 വരെ ഒമാനിലും ബഹ്റെനിലും അനവധി ക്ലാസുകളുണ്ടായിരുന്നത് അന്യത്ര വിവരിക്കുന്നുണ്ട്.

ഏപ്രിൽ, മേയ് മാസങ്ങളിൽ കോഴിക്കോട്, പാലക്കാട്, വയനാട് ജില്ലകളിൽ പ്രഭാഷണയാത്രകൾ നടത്തുന്നതിനിടക്ക് വേദനാജനകമായ അനുഭവമുണ്ടായത് തിരുവനന്തപുരത്തെ ഇൻകം ടാക്സ് ഓഫീസിൽ നിന്നും കൈപ്പറ്റിയ ഒരു നോട്ടീസായിരുന്നു. വലിയ ഒരു തുക പെനാൽട്ടിയായി അടക്കാനുള്ള നിർദ്ദേശമായിരുന്നു അതിലുണ്ടായിരുന്നത്. സംഭവമെന്താണെന്ന് വ്യക്തമായിരുന്നില്ല. ഓരോന്നായി പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. ഇൻകം ടാക്സ് ഓഫീസിൽ നിന്നും പല കത്തുകളും, വിവരങ്ങൾ അറിയാനുള്ള അന്വേഷണരേഖകളും അയച്ചതെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഡിറ്ററുടെ പക്കൽ എത്തിച്ചുകൊണ്ടേയിരുന്നുവെങ്കിലും വേണ്ടതു ചെയ്തു കൊള്ളാമെന്നു പറഞ്ഞിരുന്നതല്ലാതെ അദ്ദേഹം ഒന്നും ചെയ്തിരുന്നില്ല. മാത്രമല്ല യഥാസമയം ഇൻകം ടാക്സിലേക്ക് ഫയലുചെയ്യുവാനുള്ളതൊന്നും ഫയലുചെയ്തിരുന്നുമില്ല. ഇതിന്റെ പ്രതിഫലനം ഒന്നരവർഷം ഇൻകം ടാക്സ്



Scanned with CamScanner

കമ്മീഷണറുടെ ഓഫീസിൽ കയറിയിറങ്ങേണ്ടിവന്നു എന്നതാണ്. ജീവിതാനുഭവങ്ങളിൽ വളരെ കയ്പുനിറഞ്ഞതായിരുന്നു, ഇൻകം ടാക്സ് ഓഫീസിലെ അനുഭവങ്ങൾ. അവിടെ പോകുമ്പോൾ എല്ലാവരും സ്നേഹവും ബഹുമാനവും നടിക്കുന്നുണ്ടായിരുന്നു, പക്ഷേ ആരും ഒന്നും സഹായിക്കാനുണ്ടായിരുന്നില്ല. സത്യവും ധർമ്മവും വിട്ട് ഒരിഞ്ചു മാറിയിട്ടില്ലെന്ന് എല്ലാവർക്കുമറിയാം. പല ചാരിറ്റബിൾ ട്രസ്റ്റിന്റെയും പേരിൽ വൻ തട്ടിപ്പുകൾ നടക്കുന്നതിനാൽ നമുക്കും ഈ പാപഭാരം ഏൽക്കേണ്ടിവന്നു എന്നതായിരുന്നു സത്യം. പുതിയ ഒരു കമ്മീഷണർ വന്ന് ചാർജെടുത്ത് കാര്യങ്ങളെല്ലാം ബോധ്യപ്പെട്ട് അഥവാ ബോധ്യപ്പെടുത്തി, പ്രശ്നപരിഹാരം നേടി. മാസങ്ങളോളമുള്ള വേദനാജനകമായ അനുഭവങ്ങൾക്കുശേഷം ഒരു ചാരിറ്റബിൾ സൊസൈററിയുമില്ലാതെ പ്രവർത്തിച്ചാൽ മതിയായിരുന്നു എന്ന് തോന്നി. ഈ നാട്ടിൽ സത്യത്തിനും ധർമ്മത്തിനും അനുഭവിക്കേണ്ടി വരുന്ന വേദന ഞാനൊറ്റക്ക് അനുഭവിച്ചു.

ഒമാനിലെ യാത്ര കഴിഞ്ഞുവന്നപ്പോഴാണ് അറിയുന്നത് കൊട്ടാരക്കര ഗണപതിക്ഷേത്രത്തിൽ ശ്രീ ഗോകുലം ഗോപാലന്റെ ഏകദിന പൂജക്ക് വഴിപാടിന്റെ കൂട്ടത്തിൽ എന്റെ പ്രഭാഷണവുമുണ്ടെന്ന്. ഞാനൊരിക്കലും ഈ പ്രഭാഷണവഴിപാടെന്ന അന്ധവിശ്വാസത്തിനു കൂട്ടുനിൽക്കില്ല എന്ന് പലപ്രാവശ്യം പറഞ്ഞു. പ്രഭാഷണം കൂടി വഴിപാടിന്റെ കൂടെപ്പെടുത്തുക എന്ന അന്ധവിശ്വാസം. തിരുവനന്തപുരത്തുള്ള ഗോകുലം ചിറ്റ്സ് ഫണ്ടിന്റെ മാനേജർമാരും എന്റെ വീട്ടിലേക്ക് വന്ന് നിർബന്ധമായും വരണമെന്നഭ്യർത്ഥിച്ചു. എന്റേതായ സ്വാർത്ഥതയോടെ ഞാൻ പറഞ്ഞു. "നമ്മുടെ പൈതൃകം പഠിപ്പിക്കാനുള്ള ഒരു കേന്ദ്രം തൃശ്ശൂർ മഴുവഞ്ചേരിയിൽ ഉയർന്നു വരുന്നു. അതിന് ഒരു ചെറിയ സഹായമെങ്കിലും ചെയ്താൽ ഉപകാരമായിരിക്കും. എങ്കിൽ മാനസീകമായി എതിരാണെങ്കിലും താങ്കൾ നിർബന്ധിച്ചതുകൊണ്ടുമാത്രം താങ്കളുടെ പേരിലുള്ള കർമ്മത്തിന് കൊട്ടാരക്കര ഗണപതി കോവിലിൽ പ്രഭാഷണത്തിനു വരാം." "ഒരു സംശയവുമില്ല അങ്ങയുടെ പ്രോജക്റ്റ് എന്താണെന്നറിയിച്ചാൽ വേണ്ടതു ചെയ്യാൻ സന്തോഷമേയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞിരുന്നു. പ്രഭാഷണം കഴിഞ്ഞുവെങ്കിലും ഇന്നുവരെ ഒരു നന്ദി പറയാൻ പോലും അദ്ദേഹമോ സഹപ്രവർത്തകരോ ഫോണിൽ വിളിച്ചിട്ടില്ല. ധാരാളം വ്യക്തികൾ അവരുടെ കാര്യങ്ങൾ കാണുവാനും ശരിയാക്കുവാനും മാത്രമായി ഇങ്ങിനെ ബന്ധപ്പെടുക എന്നത് അനുഭവമാകാറുണ്ട്. ഇനി എന്റെ പ്രഭാഷണം വഴിപാടായി ആരും ഈശ്വരനു സമർപ്പിക്കരുത് എന്നു ഞാനും തീരുമാനിച്ചു, പിന്നീടൊരിക്കലും വഴിപാടു പ്രഭാഷണങ്ങൾക്ക് പോയിട്ടില്ല.



Scanned with CamScanner

ആദ്യമായി മറ്റൊരു സി.എസ്.ഐ.ആറിലെ ഒരു ലാബറട്ടറിയിൽ നടത്തുന്ന പ്രൊമോഷൻ ഇന്റർവ്യൂവിന് എനിക്ക് കമ്മിറ്റിയംഗമായി ക്ഷണ കത്തുകിട്ടി. 2006, 7 മുതൽ 9 വരെ ജൂൺ മാസത്തിലായിരുന്നു മൈസൂരിലെ സി.എഫ്.ടി.ആർ.ഐ ലാബറട്ടറിയിൽ അവിടത്തെ സ്റ്റാഫിന്റെ ഇന്റർവ്യൂവിന് കമ്മിറ്റിയംഗമായി ക്ഷണിച്ചത്! എന്റെ ലാബറട്ടറിയിൽ കിട്ടാത്ത ചെറിയൊരു അംഗീകാരം എനിക്ക് അവിടെ നിന്നെങ്കിലും ലഭിച്ചതിൽ സന്തോഷം തോന്നി.

ജൂൺ 2 മുതൽ 6 വരെ ബോംബേയിലെ വിവിധ പരിപാടികളിൽ ക്ലാസെടുത്ത് തിരുവനന്തപുരത്തു വന്നതിന്റെ അടുത്ത ദിവസമാണ് ഈ ഇന്റർവ്യൂവിനു പോകേണ്ടി വന്നത്. തുടർന്നുള്ള എല്ലാ മുടക്ക ദിവസങ്ങളിലും കേരളത്തിലെ വിവിധ ജില്ലകൾക്കായി മാറ്റിവെച്ച്, 20 -ാം തീയതി വള്ളിക്കാവ് അമൃതവിദ്യാലയത്തിലെ ക്ലാസുകഴിഞ്ഞ് തിരുവനന്തപുരത്തെത്തിയപ്പോൾ, ഇന്ത്യാവിഷൻ ടിവി ചാനലിൽ ശബരിമലയിലെ (പരപ്പനങ്ങാടി ഉണ്ണികൃഷ്ണപണിക്കരുടെ) ദേവപ്രശ്നവും, സിനിമാനടി ശ്രീകോവിലിൽ കയറിയതും എല്ലാം ചേർന്നൊരു പ്രശ്നത്തെക്കുറിച്ചുള്ള വാർത്താബുള്ളറ്റിനിലെ ലൈവ് കമ്മന്ററിക്ക് ക്ഷണം ലഭിച്ചു. കത്തിക്കസറിക്കൊണ്ട് നടത്തിയ അഭിപ്രായ പ്രകടനം ഇന്ത്യാവിഷൻ, ഏഷ്യാനെറ്റ്, സൂര്യാടിവി, എ.സി.വി എന്നീ ചാനലുകളിൽ ഇത്തരം സംഭവവിശകലനത്തിൽ, പൈതൃകത്തിന്റെ ആധികാരിക വക്താവായും ക്ഷണിതാവായും സ്ഥാനം ലഭിക്കാൻ കാരണമായി.

ജൂൺ 22 ന് മകളുടെ പരീക്ഷ കഴിഞ്ഞ് അടുത്ത ദിവസം തന്നെ ഇൻഫോസിസിലെ ട്രെയിനിങ്ങിൽ പങ്കെടുക്കാനായി അവളുമായി കോഴിക്കോട് വഴി മൈസൂരിലേക്ക് യാത്രയായി. 25 ന് മൈസൂരിൽ വിശ്രമിച്ച് മകളെ ട്രെയിനിങ് സെന്ററിലാക്കി, യാത്രയും പറഞ്ഞ് കോഴിക്കോട് വഴി എറണാകുളത്തെത്തി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കുറെ സമ്പന്നരെ കാണുവാൻ യാത്രയായി. മഴുവഞ്ചേരിയിലാരംഭിക്കുന്ന സ്കൂളിന് ഫണ്ടു ശേഖരണാർത്ഥമായിരുന്നു ഈ യാത്ര. കൂട്ടത്തിൽ പഴയ സുഹൃത്ത്ബന്ധങ്ങളെല്ലാം പുതുക്കി, കർമ്മമണ്ഡലങ്ങളിലുള്ളവരെ കണ്ടു. തൃപ്പൂണിത്തുറയിലെ വീട്ടിലേക്ക് പോകാതെ എറണാകുളത്തെ അദ്ധ്യാപക (ശിക്ഷക്) ഭവനിൽ തന്നെ താമസിച്ചുകൊണ്ടായിരുന്നു ഈ സന്ദർശനമെല്ലാം.

ജൂലൈ മാസത്തിലെ എല്ലാ പ്രഭാഷണങ്ങളും ജൂലൈ 20-ാം തീയതി ആചരിച്ച മഴുവഞ്ചേരിയിലെ പിതൃകർമ്മവുമായി ബന്ധപ്പെട്ടായിരുന്നു. ഏകദേശം നൂറോളം പ്രഭാഷണങ്ങൾ മുടക്കദിവസങ്ങളിൽ, അടുത്ത മൂന്നു മാസങ്ങളിലായി നടത്തിയത് കൂടാതെ, റേഡിയോക്കും



Scanned with CamScanner

വിവിധ ടി വി ചാനലുകൾക്കുമുള്ള റെക്കോഡിങ്ങും ഉണ്ടായിരുന്നു.

മഴുവഞ്ചേരിയിൽ മാനേജിങ് കോർഡിനേറ്ററായ ഉണ്ണികൃഷ്ണന്റെ പ്രവർത്തനരീതി പെരുമാറ്റരീതി ഇവയിൽ പ്രകടമായ വ്യത്യാസവും തെറ്റുകളും ദൃശ്യമായിത്തുടങ്ങിയപ്പോൾ ആഗസ്റ്റ് 21 മുതൽ പാലക്കാട് ബി.എസ്.എൻ.എൽ ഡെപ്യൂട്ടി ജനറൽ മാനേജറായിരുന്ന ശ്രീ. സി. കെ. ഹരിദാസിനോട് അതിന്റെ ഡയറക്ടറായി ചാർജ്ജെടുക്കണമെന്നഭ്യർത്ഥിച്ചു. പക്ഷേ കാര്യമായ പ്രയോജനമൊന്നുമുണ്ടായിരുന്നില്ല. പാലക്കാട് ജില്ലയിലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഇത്രയും ഉയരങ്ങളിലെത്തിക്കുവാൻ അവിടത്തെ ചീഫ് കോർഡിനേറ്ററായി ശ്രീ. ശങ്കരനാരായണനും ശ്രീ. ഹരിദാസും വഹിച്ച പങ്കിന്റെ മഹത്വം കണ്ടറിഞ്ഞായിരുന്നു ഈ ഉത്തരവാദിത്വമേൽപ്പിച്ചത്. എങ്കിലും മഴുവഞ്ചേരിയിൽ പ്രശ്നങ്ങൾ കൂടിക്കൊണ്ടിരുന്നു. ഭാരതസ്വാതന്ത്ര്യത്തിന്റെ അറുപതാം വാർഷികം സമുചിതമായി ആഘോഷിച്ചു. ജനങ്ങൾക്കെല്ലാം സന്ദേശമെത്തിക്കാനുള്ള ബൃഹത്പദ്ധതി ആവിഷ്കരിച്ചിരുന്നു. ഭാരതത്തിലെ വിവിധ ഭാഷകളിൽ സന്ദേശങ്ങളുടെ പതിനായിരക്കണക്കിന് കോപ്പികൾ പ്രസിദ്ധീകരിച്ചായിരുന്നു, 2006 ആഗസ്റ്റ് 15 മുതൽ 2007 ആഗസ്റ്റ് 15 വരെയുള്ള ഇന്ത്യാ സിക്സ്റ്റി വിഷൻ ആന്റ് മിഷൻ എന്ന പരിപാടികളും സന്ദേശപ്രചരണങ്ങളും ആവിഷ്കരിച്ചിരുന്നത്. അതിന്റെ ഉൽഘാടനം നടന്നത് 2006 ആഗസ്റ്റ് 15 ന് പാലക്കാട് പാർവതി കല്യാണമണ്ഡപത്തിലായിരുന്നു.

## ശ്രീ സത്യസായിബാബയുടെ സന്നിധിയിൽ

ആഗസ്റ്റ് മാസം മുഴുവനും ലീവെടുത്തായിരുന്നു കേരളത്തിലും ബാംഗ്ലൂരും പ്രഭാഷണങ്ങൾ നടത്തിയത്. പുട്ടപർത്തിയിൽ നിന്ന് രണ്ടു മാസങ്ങൾക്കു മുമ്പ് ഒരു കത്തുകിട്ടിയിരുന്നു. അവിടെ ആഗസ്റ്റിൽ നടക്കുന്ന അതിരുദ്രയജ്ഞത്തിന് സത്യസായി ബാബയുടെ മുന്നിൽ നിന്ന് പ്രഭാഷണം നടത്തണം എന്ന ക്ഷണകത്തും ലഭിച്ചിരുന്നു. 2006 ആഗസ്റ്റ് 15 ന് പാലക്കാട് പ്രഭാഷണവും ഇന്ത്യാ സിക്സ്റ്റി വിഷൻ ആന്റ് മിഷൻ സെമിനാറും കഴിഞ്ഞ് നേരെ ബാംഗ്ലൂർക്കായിരുന്നു, ഇൻസ്റ്റിറ്റ്യൂട്ടിന്റെ തന്നെ വാഹനത്തിൻ യാത്ര. പാലക്കാട് നടന്ന ഇന്ത്യാസിക്സ്റ്റി സെമിനാർ അതീവ സംതൃപ്തി പകർന്നതായിരുന്നു. പാലക്കാട് ജില്ലയിൽ എൻ.ഡി.എഫിന്റേയും, യുവമോർച്ചയുടേയും, ഡി.വൈ.എഫ്.ഐയുടേയും വലിയ ജാഥകൾ ഒരുമിച്ചു ൗണിലൂടെ പോയപ്പോഴും പ്രഗത്ഭരായ പോലീസുദ്ധ്യോഗസ്ഥരും സർക്കാരുദ്ധ്യോഗസ്ഥരും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെമിനാറിലുണ്ടായിരുന്നു. വളരെനല്ലരീതിയിൽ അംഗങ്ങളും പ്രതിനിധികളും പങ്കെടുത്ത ഏകദിന സെമിനാർ ഇൻസ്റ്റിറ്റ്യൂട്ട് ഒറ്റക്കാണ്



Scanned with CamScanner

നടത്തിയത്. എല്ലാവർക്കും സന്തോഷം നൽകികൊണ്ട് മാതാഅമൃതാനന്ദമയിയുടേയും, ശ്രീ സത്യസായി ബാബയുടേയും, ശ്രീശ്രീ രവിശങ്കറിന്റേയും കർമ്മമണ്ഡലത്തിലുള്ളവർ ഒത്തുചേർന്ന് നാടിനു ചെയ്യുന്ന നന്മകൾ വിവരിക്കാൻ ഈ സെമിനാറിൽ അവസരം നൽകിയത് ഏവർക്കും ഇഷ്ടപ്പെട്ടു.

കോഴിക്കോട് റിജിയണൽ എൻജിനീയറിങ് കോളേജിലെ പ്രൊഫസറായിരുന്ന ഡോ. ബാലഗോപാലപ്രഭുവിന്റെ വാസ്തുവിദ്യയുടെ സമകാലീന പ്രസക്തി എന്ന വിഷയാവതരണവേളയിൽ ഞാൻ നൽകിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അരോചകമായി അദ്ദേഹം വ്യാഖ്യാനിച്ചു. പ്രഭാഷണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഞാൻ സൂചിപ്പിച്ചത് അവഹേളനമായിട്ടെടുത്തതുപോലെയാണ് പ്രഭാഷണത്തിൽ പലപ്രാവശ്യം വ്യംഗ്യാർത്ഥത്തിൽ ചിലത് സൂചിപ്പിച്ചത് എന്നതിൽ ദുഃഖം തോന്നി. സമയത്തുതന്നെ എത്താമെന്ന് വാക്കു തന്നിരുന്നുവെങ്കിലും ഡോ. പ്രഭു വൈകിവരുകയും ലാഘവത്തോടെ അതിനു കാരണം പറയുകയും ചെയ്തു.

ഈ സെമിനാർ കഴിഞ്ഞായിരുന്നു ഞങ്ങൾ ബാംഗ്ലൂർക്ക് യാത്രയായത്. അവിടെ എം.ഇ.എസ്. കോളേജിലെ ജൂബിലി ആഘോഷത്തോടനുബന്ധമായിട്ടു സംഘടിപ്പിച്ച ക്ലാസുകളിലും പങ്കെടുത്ത് നേരെ പുട്ടപർത്തിയിലേക്ക് പോയി. പുട്ടപർത്തിയാത്രയിൽ അവിടെയുള്ള ആചാരമര്യാദകളൊന്നും അറിയാത്ത എന്നെ പോലെയുള്ള ഒരാളെ പ്രഭാഷണത്തിന് വിളിക്കുന്നത് ആദ്യമായിട്ടാണെന്നെനിക്കുതോന്നി. പാന്റും ഷർട്ടുമായിട്ടുപോകുകയാണെങ്കിൽ പോലും അതിനൊരു ചിട്ടവട്ടമൊക്കെയുണ്ടെങ്കിലും അതൊന്നും അനുശാസിക്കാത്ത എനിക്കും എന്റെ കൂടെയുണ്ടായിരുന്ന സജി, പാലക്കാടിലെ രാജു, എറണാകുളത്തെ കോർഡിനേറ്റർ മധു ഇവർക്കും ദർശനത്തിന് 30 മിനിറ്റു മുമ്പ് ഹാളിൽ സന്നിഹിതരാകാൻ നിർദ്ദേശവും ലഭിച്ചു. വൈകുന്നേരം 4.00 മണിയായപ്പോൾ ഒരു റോസാപ്പൂവുമായി ഞാൻ ബാബയുടെ മുന്നിലെത്തി, കുനിഞ്ഞ് തൊഴുതു കൊണ്ടുനിന്നു. മുട്ടുകുത്തി കൈ ബാബയുടെ മടിയിൽ വെച്ചതും, ബാബ ഇടത്തെക്കൈ എന്റെ പുറകിലൂടെ തോളത്തിട്ടു വലത്തെ കയ്യുയർത്തി തെലുങ്കിൽ ചോദിച്ചു. എപ്പുഡു ഓച്ചാറു? (എപ്പോഴാണ് വന്നത്) ഇപ്പുഡേ...(ഇപ്പോൾ വന്നതേയുള്ളു) എന്നു ഞാനും പറഞ്ഞു. എന്റെ പിഎച്ച്.ഡി. ചെയ്ത രണ്ടരവർഷക്കാലത്തെ ഹൈദരാബാദ് തെലുങ്കു ബന്ധം ഈ സമയത്ത് ഏറെ സഹായകമായി. ബാബ വീണ്ടും ചോദിച്ചു. ഭോജനമായിന്താ? (ഊണു കഴിച്ചോ) ചേസാനണ്ടി (കഴിച്ചു) എന്നു ഞാനും പറഞ്ഞു. ഇന്തവരകു ഏമി

ക്കിടക്കിറാവട്ടലേതു (എന്തുകൊണ്ട് ഇത്രയും കാലം ഇവിടെ വന്നില്ല) കാരണമേമിലേതു (കാരണമൊന്നുമില്ല) എന്നു ഞാൻ പറഞ്ഞു.

മീക്കു ഏമികാവാലേ? (എന്താ നിനക്കു വേണ്ടത്?)

ഏമൊദ്ധു (ഒന്നും വേണ്ട)

ഏമൊദ്ധാ (ഒന്നും വേണ്ടേ?)

ഏമൊദ്ധു (ഒന്നും വേണ്ട?)

പെട്ടെന്ന് ഒരു ബുദ്ധി തോന്നി. ലോകജനത നമസ്കരിക്കാൻ കൊതിക്കുന്ന പാദങ്ങളിൽ നമസ്കരിക്കാനൊരവസരമാണിത്. പാദ നമസ്കാരത്തിനുള്ള അവസരം ! ബാബയുടെ കാലിൽ വീണു നമസ്കരിക്കാൻ ജീവിതത്തിൽ ലഭിക്കുന്ന ഒരവസരം, ഒരേഒരവസരം എന്നു പറയുന്നതാവും ശരി. ബാബയുടെകാലിൽ ഫ്രാക്ച്ചർ ഉള്ളതിനാൽ നമസ്കരിക്കരുതെന്ന് കർശനനിർദ്ദേശം എനിക്കു ലഭിച്ചിട്ടുണ്ട്, എങ്കിലും ഞാൻ ബാബയോടു ചോദിച്ചു. പാദനമസ്കാരം...? "ഏംകാവാലോ അതു ചേസു-?" (എന്തുവേണോ അതു ചെയ്തോളൂ)

ഞാൻ ബാബയുടെ പാദങ്ങളിൽ മുഖം ചേർത്തുവെച്ച് സെക്കന്റുകളോളം നമസ്കരിച്ചു. ഒരു ബോധവുമില്ലാത്തവനെപോലെ! ആരോ വന്ന് എന്നെ എഴുന്നേൽപ്പിച്ചു. പതിനായിരങ്ങൾ ഈ ദൃശ്യമെല്ലാം കണ്ടുകൊണ്ടു മുമ്പിലിരിക്കുന്നുണ്ടായിരുന്നു എന്ന് ഞാൻ മറന്നു. എന്നെ എഴുന്നേൽപ്പിച്ചതിനു ശേഷം ബാബയുടെ മുമ്പിൽ നിന്ന് തൊഴുതപ്പോൾ, ബാബ മൈക്കിലേക്ക് കൈകാണിച്ച് സംസാരിച്ചോളാൻ നിർദ്ദേശം തന്നു. പ്രപഞ്ചത്തിലും, ശിവനിലും, ബാബയിലുമുള്ള ശാസ്ത്രവും ആത്മീയതയും സമഞ്ജസപ്പെടുത്തിയാണ് ഞാൻ സംസാരിച്ചത്. അത്യത്ഭുതകരമായ വസ്തുത; ഒരു ചെറിയ മഴക്കാറിന്റെ ലക്ഷണം പോലുമില്ലാതിരുന്ന പുട്ടപർത്തിയിൽ എന്റെ പ്രഭാഷണം തുടങ്ങി തീരുന്നതുവരെയുള്ള ഏകദേശം 12 മിനിറ്റ് സമയം അസ്സൽ മഴ പെയ്തു എന്നത് ഇന്നും അത്ഭുതത്തോടുകൂടിയാണ് ഞാനോർമ്മിക്കുന്നത്.

ഞാൻ പ്രഭാഷണം പെട്ടെന്ന് നിർത്തിയതുപോലെ ബാബക്കു തോന്നി (എന്നെനിക്കു തോന്നി). എന്താണ് പെട്ടെന്ന് നിർത്തിയതെന്ന് ബാബ തിരക്കുന്നുണ്ടായിരുന്നു. എനിക്കനുവദിച്ചിരുന്ന സമയം 15 മിനിറ്റായിരുന്നു. കൂടാതെ എന്റെ തൊട്ടുപുറകിലുണ്ടായിരുന്ന അവിടത്തെ പ്രധാന വ്യക്തി നിലത്തിരുന്ന് ഒരുകെട്ടു പേപ്പർ ഒന്നൊന്നായി മറിച്ചു നോക്കുന്നവേളയിൽ പേപ്പർ എന്റെ കാലിൽ തൊട്ടുകൊണ്ടിരുന്നപ്പോൾ ഞാൻ വിചാരിച്ചു എന്നോട് പ്രസംഗം നിർത്താൻ അയാൾ കാലിൽ തൊട്ട് നിർദ്ദേശിക്കുകയാണെന്ന്. അങ്ങിനെ പ്രസംഗം കഴിഞ്ഞ് അൽപ



Scanned with CamScanner

നേരം കൂടി അവിടെ കറങ്ങി നടന്ന്, ഞങ്ങൾ അന്നുതന്നെ തിരിച്ചുള്ള യാത്രയാരംഭിച്ചു. ഞാൻ വളരെ വൈകാതെ ഓഡിറ്റോറിയത്തിൽ നിന്നു പുറത്തു വന്നു. പ്രഭാഷണം കഴിഞ്ഞ ഉടനെ എന്റെ കൂടെയുണ്ടായിരുന്നവരോട് ഞാൻ ചോദിച്ചു ഞാൻ പറഞ്ഞതൊക്കെ ശരിയായിരുന്നോ എന്ന്. എന്നോട് സംഘാടകർ ചോദിച്ചു. ആരത്തിക്ക് നിൽക്കുന്നില്ലേ എന്ന്. ഞാനൊന്നും പറഞ്ഞില്ല. എനിക്കൊരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ ജീവിച്ചിരുന്ന കാലത്ത് ജീവിച്ചിരിക്കുന്ന മൂന്ന് അവതാരങ്ങളായ ശ്രീ. സത്യസായി ബാബ, മാതാ അമൃതാനന്ദമയീ, ശ്രീ ശ്രീ രവിശങ്കർ ഇവരെ കണ്ട് അവരുടെ കാലുതൊട്ട് നമസ്കരിക്കണം. അമ്മയെ (മാതാ അമൃതാനന്ദമയീ) കണ്ട് രണ്ടുമൂന്നുപ്രാവശ്യം നമസ്കരിക്കാനുള്ള ഭാഗ്യം കിട്ടി. ബാബയേയും കണ്ടു നമസ്കരിച്ചു. അതിനേക്കാളും വലിയ ആരത്തിയും പ്രസാദവും ഒന്നും പ്രധാനപ്പെട്ട കാര്യമല്ല, എന്നു ചിന്തിച്ചു പുറത്തു വന്നപ്പോഴാണ് മഴ തിമിർത്തു പെയ്തതിന്റെ വെള്ളം അവിടവിടെ കെട്ടിക്കിടക്കുന്നത് കണ്ടത്. പുറത്തിറങ്ങിയ ഉടനെ കണ്ടത് എഡ്മണ്ടനിണിലെ എന്റെ ജ്യേഷ്ഠസഹോദരനു തുല്യനായ ഡോ. ഭാസ്കരനേയും കുടുംബത്തേയുമാണ്. ഞങ്ങൾ കുറച്ചു നേരം സംസാരിച്ചുകൊണ്ടിരുന്നു. കാര്യങ്ങൾ വെട്ടിത്തുറന്നു പറയുന്ന ഭാസ്കരനും കുടുംബവും എന്റെ പ്രഭാഷണം വളരെ നന്നായിരുന്നു എന്നു പറഞ്ഞപ്പോൾ വളരെ സന്തോഷം തോന്നി. ഞാനവിടെ കുറേ സമയം കൂടി നിന്നു. ആരതിയിലും മറ്റും പങ്കെടുക്കാത്തതിൽ ചില വോളന്റീയേഴ്സിന് പരിഭവം തോന്നിയെന്ന് എനിക്കു മനസ്സിലായി. ഇന്നും ഈ ദർശന സംഭവം സായിസേവാ സമിതിയിലെല്ലാം പറയാറുമുണ്ട്. ചിലപ്പോൾ ചിലകാര്യങ്ങളെല്ലാം ചെയ്യുമ്പോൾ അതിരാവിലെ സ്വപ്നത്തിൽ ബാബ വന്ന് മാർഗനിർദ്ദേശം നൽകുന്നതായിട്ടും തോന്നിയിട്ടുണ്ട്. ഒരിക്കൽ 10 മണിക്കൂറുള്ള 'ആൾ ദൈവങ്ങൾ' എന്ന ഒരു സിഡി മുഴുവൻ റെക്കോർഡ് ചെയ്തു. അടുത്ത ദിവസം അർധരാത്രി ബാബ വന്നു പറഞ്ഞതായി തോന്നി; ഇന്ന ഇന്ന കാര്യങ്ങൾ കൂടി ചേർത്താലെ അതു പൂർത്തിയാകൂ എന്ന്. പിന്നീട് ആ കാര്യങ്ങളും കൂടി ഒരു മണിക്കൂർ റെക്കോർഡു ചെയ്തു ചേർത്തിട്ടാണ് സിഡി തയ്യാറാക്കിയത്.

ഒരിക്കൽ ബാബ പറയുന്നതായി ഞാൻ കേട്ടു "നിനക്ക് കാര്യമായ അഹങ്കാരമുണ്ട്, അതഅവസാനിപ്പിക്കണം. നീ ഒരു പണ്ഡിതനാണെന്ന തോന്നലുണ്ട്, അതുണ്ടാകരുത്. ഇതെല്ലാം കേട്ടതിനുശേഷം ഞാൻ സ്വപ്നത്തിൽ തന്നെ ബാബയോടു ചോദിച്ചു (എനിക്ക് വട്ടൊന്നുമില്ല കേട്ടോ) ഇനി ഞാനെന്തു ചെയ്യണം? വിരലിലെണ്ണിക്കൊണ്ടു ബാബ പറഞ്ഞതായി ഞാൻ കേട്ടു. "നീ പൂച്ചെണ്ടും, ബൊക്കെയും,



Scanned with CamScanner

പൊന്നാടയുമൊന്നും സ്വീകരിക്കരുത്. നിന്നെ പുകഴ്ത്തുന്ന വരികൾ പറയരുതെന്നു നീ നിർദ്ദേശിക്കണം. സാധാരണക്കാരനെപോലെ ജീവിക്കണം. നിനക്ക് പരിമിതമായ അറിവേയുള്ളൂ എന്ന് നീ ലോകത്തിനോടു പറയണം. നീ പറയുന്നതൊന്നും നിന്റേതല്ലെന്നും ഋഷിമാരുടെതാണെന്നും നീ പറയണം...'' ഞാനിന്നും ജീവിതത്തിൽ ഈ സ്വപ്ന നിർദ്ദേശം പകർത്തുന്നുണ്ട്, പാലിക്കുന്നുമുണ്ട്.

പിന്നീടൊരിക്കൽ പുട്ടപർത്തിയിൽ നിന്ന് ഒരു ക്ഷണം കൂടി ലഭിച്ചു. ദിവങ്ങൾ കുറേ കഴിഞ്ഞിട്ടും അതിനെക്കുറിച്ചൊരു വിവരവുമില്ലായിരുന്നു. ഒരു ദിവസം രാത്രി വീണ്ടും ബാബ പറഞ്ഞതുപോലെ എനിക്കു തോന്നി. ''നിന്റെ  അഹങ്കാരം പോയിട്ടില്ലാത്തതുകൊണ്ടാണ് നിന്നെ ഞാൻ വീണ്ടും വിളിക്കേണ്ടെന്ന് തീരുമാനിച്ചത്.''

എന്തായാലും എന്റെ വീട്ടിൽ ബാബയുടെ ഫോട്ടോയോ, ഭജനയോ, കാസറ്റോ എനിക്കു സായിസേവാസമിതിയിലെ പ്രവർത്തനമോ ഒന്നും, അന്നും ഇന്നുമില്ല. എന്റെ ഓഫീസിലെ മേശയിലെ ചില്ലിന്റെ ചുവട്ടിൽ ഞാൻ പുട്ടപർത്തിയിൽ ബാബയുമായി സംസാരിക്കുന്ന മൂന്നു ഫോട്ടോകൾ അഭിമാനത്തോടെ വെച്ചിട്ടുണ്ടെന്നു മാത്രം. ബാബയുടെ അനുഗ്രഹം ലഭിച്ച സന്ദർശനത്തിനു ശേഷം ലോകത്തിലെ ഏതു രാജ്യങ്ങളിൽ പോകുമ്പോഴും സായി സേവാ സമിതിയിൽ എന്റെ ക്ലാസുകൾ പതിവുണ്ട്.

സെപ്റ്റംബർ മാസത്തിൽ പുതിയ ചില പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. റേഡിയോവിലൂടെ സംപ്രേക്ഷണം ചെയ്ത തേൻതുള്ളികൾ വീട്ടിലിരുന്ന് റെക്കോഡു ചെയ്ത്, എഡിറ്റ് ചെയ്ത് സിഡികളാക്കി. എ.സി.വിയിലൂടെ നിരന്തരം സംപ്രേക്ഷണം ഉണ്ടായിരുന്നു. അമൃതയിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പൈതൃക സന്ദേശത്തിന് നല്ല പ്രേക്ഷക നിലവാരമുണ്ടെന്നറിയിപ്പും ലഭിച്ചു.

## സേവനം സമർപ്പണം പരിപാടി

ഇതെല്ലാം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ ഇൻസ്റ്റിറ്റ്യൂട്ട് 'സേവനം സമർപ്പണം' എന്ന സേവന പരിപാടി സെപ്റ്റംബർ 27 ന് (2006) ആരംഭിച്ചു. വിദ്യാർത്ഥികൾക്ക് പുസ്തകം, ലോക കല്യാണിലൂടെ തിമിര  ശസ്ത്രക്രിയ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം, മലയോര മേഘലകളിൽ വസ്ത്ര വിതരണം, കണ്ണാശുപത്രിയിലൂടെ കണ്ണട വിതരണം പാവപ്പെട്ട കുടുംബങ്ങൾക്ക് 1000 രൂപയുടെ സ്റ്റീൽ പാത്രകിറ്റ് ഇവയെല്ലാമായിരുന്നു പരിപാടികൾ. വൻ വിജയത്തോടെ ഇന്നും ഈ സേവന പ്രവർത്തനം തുടരുന്നു.

സെപ്റ്റംബറിലും ഒക്ടോബറിലും എൽ.ഐ.സി, ഐ.എം.ജി,



Scanned with CamScanner

കാനറാബാങ്ക്, ആൾ ഇന്ത്യാ റേഡിയോ, പ്രൊഫഷണൽ കോളേജുകൾ, കോളേജുകൾ, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പതിവു ക്ലാസുകളും വിവിധ ജില്ലകളിൽ ക്ലാസുകളും നടത്തുമ്പോഴും ഓഫീസ് പ്രവർത്തനങ്ങളിൽ ശ്രദ്ധിച്ചിരുന്നു. നവംബറിൽ അമേരിക്കയിലേക്കും കാനഡക്കും പോകാനുള്ള തയ്യാറെടുപ്പുമുണ്ടായിരുന്നു. ഒരു വർഷത്തേക്കുള്ള അമേരിക്കൻ വിസക്ക് അപേക്ഷ സമർപ്പിച്ചപ്പോൾ, ഭാഗ്യത്തിന് 10 വർഷത്തേക്കുള്ള വിസ ലഭിച്ചു, ഇംഗ്ലണ്ടിലേക്കും, കാനഡയിലേക്കുമുള്ള 10 വർഷ വിസയുള്ളതുകൊണ്ട് വരുമ്പോഴും പോകുമ്പോഴും അവിടെയിറങ്ങാനും കുറച്ചു ദിവസങ്ങൾ ചിലവഴിക്കാനും ബുദ്ധിമുട്ടുണ്ടാകാറില്ല. മാർച്ച് 10-ാം തീയതി തന്നെ വിസക്കുള്ള ഇന്റർവ്യൂവും കഴിഞ്ഞു, 26-ാം തീയതിയായിരുന്നു വിസ ലഭിച്ചത്. 2006 നവംബർ 14 മുതൽ 28 വരെ അമേരിക്കയിലും കാനഡയിലും പ്രഭാഷണ പരമ്പരകൾ നടത്തി 28 ന് ബോംബേ വഴി തിരുവനന്തപുരത്തെത്തി 29 ന് അടുത്ത ദിവസം ഞാൻ ദുബായിലേക്ക് യാത്രയായി. പിന്നീട് ഡിസംബർ 4-ാം തീയതി തിരിച്ചു വന്നു.

### ഭാസിയുടെ അവിസ്മരണീയ സംഭാവന

ഡിസംബർ 7 മുതൽ എറണാകുളം തൃശ്ശൂർ പരിപാടിയായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തകനും ദുബായിലെ ഒരു വ്യവസായിയുമായ ശ്രീ ഭാസി തറയിൽ ഇൻസ്റ്റിറ്റൂട്ടിന് സ്വന്തമായി ഒരു സ്കോർപിയോ വാഹനം നൽകി. അവിസ്മരണീയായ ഒരു സംഭാവനയായിരുന്നു അത്. ശ്രീ ഭാസിയുടെ മകൻ മഴുവഞ്ചേരിയിൽ വന്ന് താക്കോൽ തന്ന് അച്ഛൻ ഈ വണ്ടി സാറിനെ ഏൽപ്പിക്കാൻ പറഞ്ഞു എന്നറിയിച്ചുകൊണ്ടാണ് സമ്മാനിച്ചത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രത്തിൽ സ്വന്തം വാഹനത്തിലുള്ള പ്രഭാഷണയാത്ര എന്ന സങ്കൽപം പൂവണിഞ്ഞത് ശാന്തനും, അസാധാരണ കർമ്മശേഷിയുമുള്ള ശ്രീ ഭാസിയുടെ ഈ വാഹന ദാനത്തിനു ശേഷമാണ്. വാഹനം ഡിസംബർ 12 ന് തിരുവനന്തപുരത്ത് IISH ന്റെ ഓഫീസിലേക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകനായ കുമാർ കൊണ്ടുവന്നു.

എല്ലാം മംഗളമായപ്പോഴായിരുന്നു സ്കൂൾ ബസ്സിന്റെ പേരിൽ ഉണ്ണികൃഷ്ണന് ഒരബദ്ധം പറ്റിയത്. അത് വലിയ ഒരു തലവേദനയായി മാറി. വളരെ പഴയ ഒരു ടാക്സി വണ്ടി 1.65 ലക്ഷം രൂപ കൊടുത്തു വാങ്ങിച്ചു എന്നു മാത്രമല്ല താൻ ചെയ്ത തെറ്റ് ന്യായീകരിക്കുകയും ചെയ്തു കൊണ്ടേയിരുന്നു. അതൊരു പോലീസ് കേസാക്കി, ഡി.വൈ.എസ്.പി. ശ്രീ സുരേഷും മറ്റും ഇടപെട്ട് ഉണ്ണികൃഷ്ണന്റെ പെരുമാറ്റവും അപാകതകളുമെല്ലാം അറിയിക്കുകയുണ്ടായി. ഉണ്ണിയുമായി ബന്ധ



Scanned with CamScanner

പ്പെട്ട് ധാരാളം പ്രവർത്തകർക്ക് എതിർപ്പും വിദ്വേഷവുമുണ്ടായിരുന്നു എന്ന് മനസിലാക്കാൻ ഇതിലൂടെയും സാധിച്ചു. അത് ആരും തന്നെ വ്യക്തമായി എന്നെ അറിയിച്ചിരുന്നുമില്ല. ഏതെല്ലാം വിധത്തിൽ വിവരങ്ങൾ ശേഖരിക്കാൻ ശ്രമിക്കുമ്പോഴും ലഭിക്കുന്നുമുണ്ടായിരുന്നില്ല. എന്നാൽ ഈ സംഭവത്തോടെ ഉണ്ണികൃഷ്ണനെക്കുറിച്ച് കുറേ കാര്യങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലായി.

2006 ഡിസംബർ 15 ന് വടക്കൻ കേരളത്തിലേക്ക് പ്രഭാഷണയാത്ര ആരംഭിച്ചു. ശ്രീ ഭാസി നൽകിയ സ്വന്തം വാഹനത്തിലായിരുന്നു അത്. 19-ാം തീയതി മഴുവഞ്ചേരിയിൽ പ്രതിഷ്ഠിക്കാനുള്ള ദക്ഷിണാമൂർത്തി വിഗ്രഹം വീട്ടിലെത്തിയിരുന്നതും കൊണ്ടുപോയിരുന്നു. ഡിസംബർ 21 ന് അങ്ങാടിപ്പുറം ഭാഗവതസത്രവും, പാർളിക്കാട് ഭാഗവതസത്രവും, വാടാനപ്പള്ളിയിലെയും ഗുരുവായൂരിലെ ശാസ്ത്ര 2006, എന്ന സെമിനാർ 24, 25 ദിവസങ്ങളിലും കഴിഞ്ഞ്, മഴുവഞ്ചേരിയിലെത്തിയപ്പോൾ ഉണ്ണിയുടെ പെരുമാറ്റത്തിൽ കാര്യമായ വിയോജിപ്പ് തോന്നിത്തുടങ്ങിയിരുന്നു.

## ഔദ്യോഗിക വർഷാവസാനവും ഇന്റർവ്യൂവും

ജീവിതത്തിൽ 2007 എന്ന വർഷത്തിലേക്ക് ഞാൻ കടക്കുമ്പോൾ ചിന്തിച്ചത്, ഇനി എന്റെ ഔദ്യോഗിക ജീവിതം അവസാനിക്കാൻ 365 ദിവസങ്ങൾ മാത്രമേ ഉള്ളൂ എന്നാണ്. ജനുവരി മാസത്തിൽ കേരളത്തിലെ എട്ടു വടക്കൻ ജില്ലകളിലായി ഏതാണ്ട് 40 ൽ പരം പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. നിറഞ്ഞ സദസ്സുകളിലെ ക്ലാസുകളിൽ ഗവൺമെന്റ് സ്ഥാപനങ്ങളും പൊതുമേഖലാസ്ഥാപനങ്ങളും ഉൾപ്പെട്ടിരുന്നു. കൂടാതെ എന്റെ ഔദ്യോഗിക ജീവിതത്തിലെ അടുത്ത തലത്തിലേക്കുള്ള പ്രൊമോഷന്റെ ഇന്റർവ്യൂവിനായി ഞാൻ ബാംഗ്ലൂരിലെ എൻ.എ.എൽ. ഗസ്റ്റ് ഹൗസിലെത്തിയത് ജനുവരി 17-ാം തീയതിയായിരുന്നു. എനിക്ക് ഈ പ്രൊമോഷൻ ലഭിക്കില്ലെന്ന് നല്ലതുപോലെ അറിയാമായിരുന്നുവെങ്കിലും, ഞാൻ ചെയ്തതിന്റെ പത്തിലൊരംശം മാത്രം ശാസ്ത്ര സംഭാവനയുള്ളവർക്ക് ലഭിച്ചത് എനിക്കും ലഭിക്കില്ലേ എന്ന ഒരു പ്രതീക്ഷയുമുണ്ടായിരുന്നു. അതുകൊണ്ടു മാത്രമാണ് ഞാൻ ഇന്റർവ്യൂവിന് പോയത്. അവിടെയെത്തിയ ദിവസം തന്നെ എന്റെ കൂടെ ഇന്റർവ്യൂവിന് വന്ന ശ്രീകുമാറും സുന്ദരേശ്വരനും, ഇന്റർവ്യൂ കമ്മിറ്റിയിലെ അംഗമായ ഞങ്ങളുടെ ഡയറക്ടറുടെ കൂടെത്തന്നെ പൂർണമായും ചിലവഴിച്ചിരുന്നു. ഡയറക്ടറും ഇന്റർവ്യൂകമ്മിറ്റിയിലെ വളരെ പ്രധാനതീരുമാനമെടുപ്പിക്കുന്ന അംഗമാണ്. എന്റെ കൂടെ തിരുവനന്തപുരം ആർ.ആറെല്ലിൽ പ്രവർത്തിക്കുന്ന ശ്രീകുമാറിന്റെ പെരുമാററം



Scanned with CamScanner

വളരെയധികം ദുഃഖവും വേദനയും തോന്നിപ്പിക്കുന്നതായിരുന്നു. എന്നോട് വെറുപ്പോടെയാണ് അയാൾ ആ ദിവസം പെരുമാറിയത്. ജനുവരി 18 ന് ഇന്റർവ്യൂവിൽ ചോദിച്ച ചോദ്യങ്ങൾക്ക് നല്ലതുപോലെ മറുപടി പറഞ്ഞു, പൂർണതൃപ്തിയോടെയാണ് ഇറങ്ങിയതെങ്കിലും ഡയറക്ടർ ഒന്നും പറയാത്തതും, ഇന്റർവ്യൂ കമ്മിറ്റി ചെയർമാൻ ഉറങ്ങുന്നതുപോലെ ഇരുന്നതും, എന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ഡോ. അറുമുഖം എന്ന ഡിവിഷൻ ഹെഡ് എഴുതിയതുമെല്ലാം വിവരണ വിഷയമായപ്പോൾ, എനിക്ക് എന്റെ ഔദ്യോഗിക ജീവിതത്തിലെ അവസാനത്തെ ഇന്റർവ്യൂവിൽ പ്രൊമോഷൻ ലഭിക്കില്ലെന്നുറപ്പായിരുന്നു. എങ്കിലും ഇനി ഔദ്യോഗിക ജീവിതം ഒരു വർഷം കൂടി മാത്രം ചിലവഴിച്ചാൽ മതിയല്ലോ എന്ന ആശ്വാസം എന്നെ അക്ഷരാർത്ഥത്തിൽ ഊർജ്ജസ്വലനാക്കിയിരുന്നു. പുറത്തിറങ്ങി കൂടുതലാരോടും, ഒന്നും പറയാതെ നേരെ എയർ പോർട്ടിൽ പോയി ഉടനെ കിട്ടിയ ഫ്ളൈറ്റ് ടിക്കറ്റിൽ മടക്കയാത്രയും ചെയ്തു. പ്രതീക്ഷിച്ചതുപോലെ തന്നെയായിരുന്നു, റിസൽട്ടും എന്നതുകൊണ്ട് കുറേ ദിവസത്തേക്കുണ്ടായിരിക്കേണ്ട ദുഃഖത്തിന്റെ കാഠിന്യം വളരെ കുറഞ്ഞിരുന്നു.

പ്രഭാഷണപരമ്പരകൾ ഫെബ്രുവരിയിലും തുടർന്നു. തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ ഹിന്ദുസമ്മേളനത്തോടനുബന്ധിച്ചു നടത്തിയ പ്രസംഗം തീപ്പൊരി പ്രസംഗമായിരുന്നു. ഹിന്ദുസമൂഹത്തിനെതിരെ നടക്കുന്ന എല്ലാ കയ്യേറ്റത്തിലും അതിശക്തമായ ഭാഷയിൽ പ്രതികരിച്ചതിന് ശ്രോതാക്കൾ വളരെയധികം കയ്യടി നൽകി. ഫെബ്രുവരി 13 ന്, മൂന്നാം ശിവരാത്രി തീർത്ഥാടനത്തിന് കൊച്ചി സാമൂതിരി രാജാവാണ് ധ്വജാരോഹണം നടത്തിയത്. അതിനുമുമ്പ് യേശുദാസായിരുന്നു. കുലീനതകൊണ്ട് നിലവാരം പുലർത്തുന്ന ഒന്നായിരുന്നു സാമൂതിരിയുടെ സാന്നിദ്ധ്യം. നാലു ദിവസത്തെ ശിവരാത്രി തീർത്ഥാടനം നല്ല രീതിയിൽ നടന്നെങ്കിലും അവിസ്മരണീയമായ അനുഭൂതിയൊന്നുമുണ്ടായിരുന്നില്ല. ശിവരാത്രി തീർത്ഥാടന വേളയിൽ തന്നെ തൃശ്ശൂർ ജൂബിലി മെമ്മോറിയൽ മെഡിക്കൽ കോളേജിൽ നടത്തിയ ക്ലാസ് മലയാള മനോരമ ചീഫ് റിപ്പോർട്ടർ ശ്രീ. ഉണ്ണിയുടെ നിർദ്ദേശപ്രകാരമായിരുന്നു. കോളേജിൽ കയറിയ എന്റെ കഴുത്തിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ കുരിശണിയിച്ചതിനെ തമാശ രൂപത്തിലാണെങ്കിലും ഞാൻ പ്രതികരിച്ചു. ഇത് എതിർപ്പിന്റെ ശബ്ദത്തിൽത്തന്നെയെന്നും അവരറിഞ്ഞു.

മാർച്ച് മാസത്തിലെ യാത്രയിൽ പാലക്കാട് മുതൽക്ക് നടത്തിയ പ്രസംഗങ്ങളിൽ ദേവപ്രശ്നത്തെക്കുറിച്ചും പൂജാരിമാരുടേയും തന്ത്രിമാരുടേയുമെല്ലാം പെരുമാറ്റത്തെക്കുറിച്ചും വരികളിൽ, വിമർശന വരി



Scanned with CamScanner

കളുമുണ്ടായിരുന്നു. കോഴിക്കോട് സർവകലാശാലയിൽ നടത്തിയ 'മതം ധർമ്മം' എന്ന പ്രഭാഷണം ശ്രവിക്കാൻ അനവധി കമ്മ്യൂണിസ്റ്റുകാരും മുസ്ലീമുകളും യൂണിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ നിറഞ്ഞിരുന്നു. കൂടാതെ വൈസ് ചാൻസലറാണ് ഈ പ്രസംഗം ഉൽഘാടനം ചെയ്തതും. അവിടെത്തന്നെ എം.ബി.എ. വിദ്യാർത്ഥികൾക്കായി വേദിക് മാനേജ്മെന്റ് ക്ലാസ്സെടുത്തത് വളരെ ശ്രദ്ധേയമായി. ലയൺസ് ക്ലബ്, ലോ കോളേജ് എന്നിവിടങ്ങളിലും പ്രത്യേകമായിട്ടുള്ള ക്ലാസുകളായിരുന്നു, സംഘടിപ്പിച്ചിരുന്നത്. പാലക്കാട് നടന്ന പ്രഭാഷണങ്ങളിലെല്ലാം, ശ്രീ. സോമസുന്ദരൻ മാഷിനോടൊത്തുള്ള യാത്രയിൽ അനവധി ഉപദേശങ്ങൾ ലഭിക്കുകയുണ്ടായി. മഴുവഞ്ചേരിയിൽ, ഗുരുവായൂർ കോർഡിനേറ്ററായ ശ്രീ. രവിചങ്കത്തിന്റെ പത്നിയുടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൂളിൽ അദ്ധ്യാപകവൃത്തിയുമായും പ്രത്യേക പ്രൊമോഷൻ വേണമെന്ന ആവശ്യവുമായും ബന്ധപ്പെട്ടുണ്ടായ അഭിപ്രായവ്യത്യാസം ഈ നല്ല പ്രവർത്തകന്റെ (ശ്രീ രവിചങ്കത്തുമായുള്ള) അകൽചക്ക് കാരണമായിത്തീർന്നു. കുടുംബകാര്യങ്ങളും ഇന്റിസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങളും തമ്മിൽ കൂട്ടിക്കുഴക്കരുതെന്ന് പ്രത്യേകം ഓർമ്മിപ്പിച്ചെങ്കിലും ഫലമുണ്ടായില്ല. മാർച്ച് മാസം അവസാനത്തെ ആഴ്ചയിൽ മഴുവഞ്ചേരിയിൽ ആര്യഭട്ട ലൈബ്രറി പ്രവർത്തനമാരംഭിച്ചു. ആയിരക്കണക്കിനു പുസ്തകങ്ങൾ ജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിച്ചാണ് ഈ പരിപാടി ആരംഭിച്ചത്. പുരാതന പുസ്തകങ്ങളോടൊപ്പം ആധുനിക വിഷയപുസ്തകങ്ങളും ശേഖരണത്തിൽപ്പെടുത്തി. എറണാകുളം ജില്ലയിലെ നല്ല പ്രവർത്തകനായ ശ്രീ സദാനന്ദ ഭട്ട് നൽകിയ റാക്കുകളെല്ലാം ലൈബ്രറിക്ക് കാര്യമായി പ്രയോജനപ്പെട്ടു.

**പെരുന്നയിലെ പ്രഭാഷണം**

ഏപ്രിൽ മാസം 6-ാം തീയതി (2007) ദുഃഖ വെള്ളിയാഴ്ച ദിവസം പെരുന്ന സുബ്രഹ്മണ്യ സ്വാമിക്ഷേത്രത്തിൽ നടത്തിയ പ്രസംഗം എന്റെ കർമ്മമണ്ഡലത്തിലെ ഒരു പ്രത്യേക സംഭവമായിരുന്നു. ഒരു വലിയ ഓഡിറ്റോറിയത്തിൽ തിങ്ങിനിറഞ്ഞ സദസ്സിൽ അരഡസൻ വീഡിയോ ക്യാമറ പ്രവർത്തിച്ചുകൊണ്ടിരിക്കേ സ്റ്റേജിലേക്ക് കയറുന്നതിനു മുമ്പ് എന്റെ പ്രഭാഷണം സംഘടിപ്പിച്ച കോർഡിനേറ്റർ അടുത്തു വന്നു പറഞ്ഞു. "സാറിന്റെ പ്രസംഗം ഇവിടെ സംഘടിപ്പിക്കുന്നതിൽ എൻ.എസ്.എസ്.കാരായ ചില ക്ഷേത്രഭാരവാഹികൾക്ക് എതിർപ്പുണ്ട്. എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ശ്രീ. നാരായണപണിക്കരുടെ ആൾക്കാരാണവർ. അവർ ഈ പരിപാടിയെ കാര്യമായി എതിർത്തു." ഇത്രയും പറഞ്ഞതും കേട്ടുകൊണ്ടാണ് ഞാൻ സ്റ്റേജിലേക്ക് കയറിയത്. എന്റെ



Scanned with CamScanner

ഒരു പ്രഭാഷണത്തിലും ആറേഴുക്യാമറകൾ ഒരിടത്തും ഒരിക്കലുമുണ്ടായിട്ടില്ല. നിർഭാഗ്യവശാൽ എന്തുകൊണ്ടിത്ര ക്യാമറ എന്നു ഞാനന്വേഷിച്ചതുമില്ല. മതപരിവർത്തനത്തെക്കുറിച്ചും, ക്രൈസ്തവരുടെ ക്രൂരതയെക്കുറിച്ചും ദുഃഖവെള്ളിയാഴ്ച കൂടിയായ ആ ദിവസം പ്രഭാഷണത്തിൽ പറഞ്ഞു. എൻ.എസ്.എസ്സിന്റെ സമദൂര സിദ്ധാന്തത്തെക്കുറിച്ചും ശ്രീ. നാരായണപണിക്കർ എൻ.എസ്.എസ്സിന്റെ തലപ്പത്ത് ഒന്നും ചെയ്യാതെ സെക്രട്ടറിയായി തുടരുന്നതിനെക്കുറിച്ചും, ക്രിസ്ത്യൻ ലോബിയുമായിട്ടുണ്ടാക്കിയിട്ടുള്ള കൂട്ടുകെട്ടുമെല്ലാം പച്ചക്കു വിളിച്ചു പറഞ്ഞ്, രണ്ടു മണിക്കർ വിഷയത്തിലൂടെയും കടന്ന് പോയി. ഇറങ്ങിയ ഉടനെ ഏറ്റുമാനൂരിൽ നിന്ന് ശ്രീ.പി.എൻ. ഗോപാലകൃഷ്ണൻ എന്റെ മൊബൈൽ ഫോണിലേക്ക് വിളിച്ച് (ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോട്ടയത്തെ ആത്മാർത്ഥതയുള്ള സംഘാടകനാണ് ശ്രീ.പി.എൻ. ഗോപാലകൃഷ്ണൻ). "പ്രസംഗം അടിച്ചു കസറികേട്ടോ" എന്ന്, ഞാനിവിടെ പ്രസംഗിച്ചുതീർന്ന ഉടനെ വിളിച്ചു പറഞ്ഞു. ഈ റിപ്പോർട്ട് എവിടെ നിന്നാ കിട്ടിയത് എന്നു ഞാൻ ചോദിച്ചു. ഉടൻ വന്നു മറുപടി. "എ.സി.വിയിൽ ലൈവ് ടെലിക്കാസ്റ്റുണ്ടായിരുന്നു." ഞാനറിയാതെ പറഞ്ഞു. "എന്റീശ്വരാ ഇതെന്നോട് സ്റ്റേജിലേക്ക് കയറും മുമ്പ് ആരും പറഞ്ഞില്ലല്ലോ...?" ഉടനെ സംഘാടകൻ പറഞ്ഞു. "സാറിനോട് ലൈവ് ടെലിക്കാസ്റ്റുണ്ടെന്നു പറഞ്ഞാൽ പ്രസംഗം മയപ്പെടുത്തും. അതുണ്ടാവാതിരിക്കാനാണ് പറയാത്തത്. പള്ളികളിൽ നിന്നും എൻ.എസ്.എസിന്റെ ഓഫീസിൽ നിന്നും ലൈവ് ടെലിക്കാസ്റ്റിനെതിരെ ധാരാളം ഫോൺ കോളുകൾ വന്നിരുന്നു. അതൊന്നും വകവെക്കാതെയാണ് ഞങ്ങൾ ടെലിക്കാസ്റ്റ് ചെയ്തത്. മാത്രമല്ല ലൈവ് ടെലിക്കാസ്റ്റ് നിയന്ത്രിച്ചിരുന്ന മൂന്നു എ.സി.വി. ഉദ്യോഗസ്ഥരും ചെറുപ്പക്കാരായ ക്രിസ്ത്യാനികളായിരുന്നു" എന്നും അവർ പറഞ്ഞു. ഈ ടെലിക്കാസ്റ്റിന്റെ മാറ്റൊലി ഇന്നും അവിടങ്ങളിൽ കേൾക്കാറുണ്ട്.

### ഹെറിറ്റേജ് ഇന്ത്യാന്യൂസ് വെബ്സൈറ്റ്

ഏപ്രിൽ 13-ാം തീയതി ഹെറിറ്റേജ് ഇന്ത്യാന്യൂസ് എന്ന വെബ്സൈറ്റ് തയ്യാറാക്കി. ഭാരതീയ പൈതൃകത്തെക്കുറിച്ച് ലോകമെമ്പാടും നടക്കുന്ന സംഭവ വികാസങ്ങളെല്ലാം ഭാരതത്തെ സ്നേഹിക്കുന്നവർക്കെത്തിക്കാനായി അമേരിക്കയിലെ ശ്രീ. ശബരീഷ് ആണ് ഈ വെബ്സൈറ്റ് വികസിപ്പിച്ചത്. അസാധാരണ ചൈതന്യമുള്ള വെബ്സൈറ്റ് വികസിപ്പിച്ച തൃപ്പൂണിത്തുറക്കാരനായ ശബരീഷ് എന്ന ഐ.ടി വിദഗ്ദൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വെബ്സൈറ്റിൽ തന്റെ പാഠവം പൂർണമായും പ്രദർശിപ്പിച്ചിരുന്നു. ആ വെബ്സൈറ്റ് ഏപ്രിൽ 14 ന്,



Scanned with CamScanner

മേട വിഷുവിന് അപ്‌ലോഡ് ചെയ്തു. ഏകദേശം ആറുമാസത്തെ ശ്രമ ഫലമായിരുന്നു ഈ വെബ്സൈറ്റ്. പിന്നീട് അത് നിലനിർത്താൻ ശബ രീഷിന് വളരെയേറെ ബുദ്ധിമുട്ടേണ്ടിവന്നു. സമയപരിമിതികൊണ്ട് അതിനെ സമകാലീനമാക്കാനും സാധിക്കാതെ വന്നപ്പോൾ ഇറേസ് ചെയ്യാൻ പലപ്രാവശ്യം അഭ്യർത്ഥിച്ചു. അതിലും കാര്യമായ വീഴ്ച വന്നപ്പോഴാണറിഞ്ഞത്, ഹെറിറ്റേജ് ഇന്ത്യാ ന്യൂസ് വെബ്സൈറ്റ് ശബ രീഷും സുഹൃത്തുക്കളും വിചാരിച്ചാലും ഇറേസ് ചെയ്യാൻ സാധിക്കി ല്ലെന്ന്. ഇത് വളരെയേറെ വിഷമത്തിനു കാരണമായി. ശബരീഷുമാ യുള്ള ബന്ധം പോലും ഒരു തരത്തിൽ ഇല്ലാതായതും ഈ വെബ്സൈ റ്റിന്റെ കാര്യത്തിലായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് കാര്യ മായ സഹായഹസ്തം നീട്ടിയ ശബരീഷിൽ നിന്ന് ധാരാളം നൂതന ആശയങ്ങൾ ലഭിക്കുമായിരുന്നു.

### ടി.വി. ചാനലുകളിൽ നിന്ന് ലഭിച്ച അംഗീകാരം

പല കാരണങ്ങളാലും ഈ ഏപ്രിൽ മാസം ഓർമ്മയിൽ നിൽക്കു ന്നു. ശ്രീ. യേശുദാസിന്റെ ഗുരുവായൂർ ക്ഷേത്രപ്രവേശനം, ശബരിമല ദേവ പ്രശ്നം, ശബരിമലയിൽ സ്ത്രീകളുടെ പ്രവേശനം തുടങ്ങിയ ഹിന്ദുക്കളുമായി ബന്ധപ്പെട്ട അനവധി വിഷയങ്ങളെക്കുറിച്ച് ഇന്ത്യാവി ഷനിലും, ഏഷ്യാനെറ്റിലും, മറ്റു ചില ചാനലുകളിലും നടന്ന ലൈവ് ന്യൂസ് ടെലിക്കാസ്റ്റിൽ സനാതനധർമ്മത്തെക്കുറിച്ച് വിവരിക്കാനുള്ള അവസരം ജഗദീശ്വരൻ എനിക്കു നൽകി. ഈ പ്രശ്നങ്ങളിലെല്ലാം പൈതൃകത്തിന്റെ അടിസ്ഥാനത്തിൽ മറുപടി പറയാൻ നിരന്തരം ലഭി ച്ചുകൊണ്ടേയിരുന്ന അവസരം സമൂഹത്തിൽ നല്ല സ്വാധീമുണ്ടാക്കി എന്നത് എനിക്ക് ലഭിച്ചുകൊണ്ടിരുന്ന സന്ദേശങ്ങളിൽ നിന്ന് വ്യക്തമാ യിരുന്നു. സനാതനധർമ്മത്തിനെതിരെ നടക്കുന്ന പല പല വിമർശന ങ്ങൾക്കും മറുപടി പറയുകയും സാധാരണക്കാർക്കും സ്വീകാര്യമായ ഒരു പരിഹാരമാർഗം നിർദ്ദേശിക്കുകയും ചെയ്തുകൊണ്ടിരുന്നത് ഏറെ പ്രശംസക്ക് പാത്രമായി. തിരുവനന്തപുരത്തു നിന്നു മാത്രമല്ല കേരള ത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രഭാഷണത്തിനു പോകുന്ന വേളകളിൽ അവിടെ നിന്നെല്ലാം ലൈവ് ടെലിക്കാസ്റ്റിന് പങ്കെടുക്കാനുള്ള ക്ഷണവും ലഭിച്ചിരുന്നു. ശബരിമല മകരജ്യോതിസ്സിനെക്കുറിച്ചും ഗുരുവായൂർ ക്ഷേത്രത്തിൽ ശ്രീ. വയലാർ രവിയുടെ മകന്റെ വിവാഹത്തെക്കുറി ച്ചുമുള്ള മാധ്യമചർച്ചകളെ വളരെ കാര്യമായിത്തന്നെ നേർവഴിക്കു നയി ക്കാനുള്ള അവസരം എനിക്ക് ഇന്ത്യാവിഷനിലും ഏഷ്യാനെറ്റിലും പത്ര ങ്ങളിലുമെല്ലാമുണ്ടായി.

പാലക്കാട് കണ്ണാടി പുഴയുടെ തീരത്ത്, നാൽപതു വർഷങ്ങ



Scanned with CamScanner

ളായി അനാഥമായിക്കിടന്നിരുന്ന അഞ്ചുമൂർത്തി ക്ഷേത്രത്തിന്റെ പുനരുദ്ധാരണം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാർഗനിർദ്ദേശത്തിലൂടെ ശ്രീ. സോമസുന്ദരൻ മാസ്റ്ററുടെ നേതൃത്വത്തിലേക്ക് വന്നു. ഇതേ മാസം തന്നെ ജീവൻ ടി.വിക്കായി ഇന്റർവ്യൂ നടന്നു. എന്നെ ഇന്റർവ്യൂ നടത്തിയതാകട്ടെ ലോകപ്രശസ്ത മനഃശാസ്ത്രജ്ഞനായ ഡോ. വെല്ലൂർ പി.എം.മാത്യുവാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വളർച്ചയിലെ നാഴികക്കല്ലായിത്തീരുന്ന പൈതൃകം മാഗസിൻ 2007 മേയ് 18-ാം തീയതി ആദ്യമായി പ്രസിദ്ധീകരിച്ച് പ്രകാശനം ചെയ്തു. മഴുവഞ്ചേരി നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ല് എന്നതുപോലെ മേയ് 19-ാം തീയതി സ്ഥാപനത്തിന്റെ ഡയറക്ടറായി ഡോ. കെ. ഹരിദാസപിള്ള ചാർജ് എടുത്തു.

അനവധി വർഷം വടക്കാഞ്ചേരി എൻ.എസ്.എസ്. വ്യാസാ കോളേജിന്റെ പ്രിൻസിപ്പാളായും, അദ്ധ്യാപകനെന്ന നിലയിലും പൊതുപ്രവർത്തകനെന്ന നിലയിലും തൃശ്ശൂരിൽ, സാംസ്കാരിക രംഗത്ത് അറിയപ്പെടുന്ന സംഭാവന നൽകിയിട്ടുള്ള വ്യക്തിയായ ഡോ. ഹരിദാസൻ പിള്ളയെ കണ്ടുമുട്ടുന്നത്, അവിചാരിതമായിട്ടായിരുന്നു. അതും ഒരു ഈശ്വര നിയോഗം പോലെ, കേച്ചേരിക്കടുത്ത് ഒരു ഹെറിറ്റേജ് ഹോട്ടലിൽ, ഏകദേശം രണ്ടുവർഷം മുമ്പ്. ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന വേളയിലാണ് അവിടെയെത്തിയ അദ്ദേഹത്തിനെ പരിചയപ്പെടുന്നത്. അദ്ദേഹത്തിന്റെ മുഖഭാവവും അദ്ധ്യാപകന്റെ കുലീനതയും കണ്ട്, ഭക്ഷണം കഴിഞ്ഞ് ഡോ. പിള്ളയുടെ അടുത്തുപോയി ഞാൻ ചോദിച്ചു. "എന്നെങ്കിലും മഴുവഞ്ചേരിയിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുകയാണെങ്കിൽ അതിന്റെ പ്രിൻസിപ്പാളായി വരാൻ വിരോധമുണ്ടോ?" അദ്ദേഹം പറഞ്ഞു. "ഞാൻ എന്തുചെയ്യണമെന്ന് ഇതുവരെ തീരുമാനിച്ചിട്ടില്ല. ഇപ്പോൾ ഒന്നും പറയുന്നില്ല. എന്നും ഈ യജ്ഞത്തിനു കൂടെയുണ്ടാകും എന്നു മാത്രം പറയുന്നു." അങ്ങിനെ ലഭിച്ച വാക്കുകളുടെ പൂർത്തീകരണമെന്ന പോലെയായിരുന്നു, ഡോ. ഹരിദാസൻ പിള്ള നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ പൂർണ ഉത്തരവാദിത്വമേറ്റെടുത്തത്.

ദീർഘനാളത്തെ ഇടവേളക്കുശേഷം ഇൻകം ടാക്സ് ഓഫീസിൽ ഒരു ഒറീസ്സാക്കാരൻ കമ്മീഷണറായി വരുകയും അവിടേക്ക് നിരന്തരം കയറിയിറങ്ങേണ്ടിവന്നതിന്റെ ദുഃഖമെല്ലാം അദ്ദേഹത്തിനോട് പറയുകയും ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓരോ എക്കൗണ്ടും പരിശോധിച്ച്, കുറേ മാസങ്ങൾ എന്നെ വീണ്ടും നടത്തിച്ച്, അനുഭവിപ്പിക്കേണ്ടതെല്ലാം അനുഭവിപ്പിച്ചതിനുശേഷം അദ്ദേഹം പ്രശ്നങ്ങളിൽ നിന്ന് എന്നെ മോചി



Scanned with CamScanner

പ്പിക്കുന്ന ഒരു വിധി പ്രഖ്യാപിച്ചു. ഏതാണ്ട് ഒരു വർഷം ഈ ഒരു കാര്യത്തിനുവേണ്ടി അനുഭവിച്ച മാനസീക സംഘർഷം ചെറുതായിരുന്നില്ല. നിയമത്തിന്റെ വഴിയിൽ നിന്ന് ഒരിഞ്ചു മാറാതെ ചെയ്തു പോന്ന കാര്യങ്ങളിൽ പോലും ഇത്രക്കു വേദനിക്കേണ്ടതായ അനുഭവം എനിക്കുണ്ടായത് ഇന്നും ഭയപ്പാടോടെ മനസ്സിലുണ്ട്.

ഭാര്യയുടെ ശാരീരിക അസുഖങ്ങളും, എന്റെ നിരന്തരയാത്രയും, ആർ ആറെല്ലിലെ വേദനകളും, കർമ്മഭാരവും ചിലപ്പോൾ എന്നെ തളർത്തുന്നതു പോലെ തോന്നിത്തുടങ്ങിയിരുന്നു. പതിവില്ലാത്ത ദേഷ്യം എന്നെ കീഴ്പ്പെടുത്തുന്നതുപോലെതോന്നി. ഫോണിലൂടെയും, ഇ.മെയിലിലൂടെയും, കത്തുകൾ വഴിയുമെല്ലാം വരുന്ന ചോദ്യങ്ങൾക്കും, ഇൻസ്റ്റിറ്റ്യൂട്ടിൽ ചർച്ച ചെയ്യാൻ വരുന്നവരോടും എനിക്ക് ദേഷ്യം നിയന്ത്രിക്കാൻ പറ്റാത്ത ഒരവസ്ഥ. ധാർമ്മീക മൂല്യങ്ങൾ ഉപദേശിക്കുന്ന എനിക്ക് ഇങ്ങിനെ ദേഷ്യം വരുന്നത്, എന്റെ വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരം വലുതാക്കുന്നു എന്നും ഞാനറിയുന്നുണ്ടായിരുന്നു. ജൂൺ മാസത്തിൽ ഭാരതീയ വിദ്യാവിഹാറിന്റെ രണ്ടാം വർഷാരംഭമായിരുന്നു. ഉണ്ണികൃഷ്ണന്റെ ശ്രമഫലമായിട്ടായിരുന്നു, വളരെ നല്ല രീതിയിൽ ഈ വർഷം അഡ്മിഷൻ നടന്നതും, അദ്ധ്യാപകരെ തെരഞ്ഞെടുത്തതും കാര്യങ്ങൾ മുമ്പോട്ടു പോയതുമെല്ലാം. അതോടൊപ്പം തന്നെ ജൂൺ മാസത്തിലെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് കാര്യമായി നേതൃത്വം നൽകാൻ ഡോ.ഹരിദാസൻപിള്ള കൂടി വന്നപ്പോൾ വളരെയധികം ആശ്വാസവും ആത്മവിശ്വാസവും തോന്നി. ജൂൺ 2-ാം തീയതി അഞ്ചു കമ്പ്യൂട്ടറുകൾ വാങ്ങി കമ്പ്യൂട്ടർ പഠനവും ആരംഭിച്ചു. ക്ലാസുകൾ ഉൽഘാടനം ചെയ്തത് ഡോ. പിള്ള തന്നെയായിരുന്നു. ജൂൺ 8 നു തന്നെ ബി.എസ്.എസ്. കമ്പ്യൂട്ടർ കോളേജിന്റെ ഗവൺമെന്റ് അംഗീകാരവും ലഭിച്ചു എന്നത് ചാരിതാർത്ഥ്യജനകമായിരുന്നു. ജൂലൈ 13 ന് മഴുവഞ്ചേരിയിൽ തന്നെ വൊക്കേഷണൽ ട്രെയിനിങ് കോളേജിനും ബി.എസ്.എസിന്റെ അംഗീകാരം ലഭിച്ചു. ജൂൺമാസത്തിൽ ലൈബ്രറിയുടെ കർമ്മമണ്ഡലത്തിൽ ശ്രീ. താരാനാഥ് സ്വയം സമർപ്പിച്ച് പ്രവർത്തിക്കാനും തുടങ്ങി. ബാങ്കിലെ ഉദ്യോഗസ്ഥനായ ശ്രീ താരാനാഥ് തൃശ്ശൂരിൽ നിന്ന് സ്വയം മഴുവഞ്ചേരിയിലെ കർമ്മമണ്ഡലത്തിലെത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റേ നേതൃത്വത്തിൽ ജൂൺ അവസാന ആഴ്ചയോടെ ലൈബ്രറി വളരെ നല്ല പന്ഥാവിലൂടെ ചരിക്കാൻ തുടങ്ങി.

ജൂൺ അവസാനത്തോടെ അമൃത ടി.വിയിലെ ജീവധാര എന്ന പരിപാടിയിലും എന്റെ സന്ദേശങ്ങൾ വരാൻ തുടങ്ങി. കൂടാതെ ജസ്റ്റിസ് പരിപൂർണ്ണൻ ശബരിമലയെക്കുറിച്ച് നടത്തിയ അന്വേഷണങ്ങളെല്ലാം



Scanned with CamScanner

പത്രമാധ്യമങ്ങളിലൂടെ ജനലക്ഷങ്ങൾ അറിയുമ്പോൾ അവയൊന്നും അതിസങ്കീർണ പ്രശ്നങ്ങളല്ലെന്നും പരിഹരിക്കാവുന്നതേയുള്ളൂ എന്നുമുള്ള സന്ദേശം സമൂഹത്തിന് നൽകാനും സാധിച്ചു. ജൂൺ 27 മുതൽ ആഗസ്റ്റ് 6 വരെയുള്ള അമേരിക്ക, കാനഡ, ദുബൈ എന്നിവിടങ്ങളിലെ പര്യടനം ഞാൻ മറ്റൊരിടത്ത് വിവരിച്ചിട്ടുണ്ട്.

## ചന്ദ്രഹരിയുടെ ആരോപണങ്ങളും അതിന്റെ പ്രതിഫലനവും

2007 ആഗസ്റ്റ് 7 നാണ്, ദീർഘനാളത്തെ വിദേശ പര്യടനത്തിനു ശേഷം ലാബറട്ടറിയിൽ മടങ്ങിയെത്തിയത്. ആയിരക്കണക്കിന് വ്യക്തികൾക്കും സംഘടനകൾക്കും വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങൾക്കും കൂടാതെ ഭാരത പ്രസിഡന്റ് മുതൽ താഴെക്കിടയിലുള്ളവർക്കും, ചന്ദ്രഹരി അയച്ച ഇ.മെയിലിന്റേയും കത്തിന്റേയും പ്രതികരണമെന്തായിരിക്കുമെന്ന ആശങ്കയോടെയാണ് ഞാൻ ആർ.ആറെല്ലിൽ ആദ്യം പോയത്. ആർ ആറെല്ലിൽ നിന്നും യാത്ര പറയാനുള്ള ദിവസം എണ്ണിക്കഴിയുന്ന എന്നെ അത്ഭുതപ്പെടുത്തിയത്, ചന്ദ്രഹരിയുടെ ഇ. മെയിലും, ഭീഷണിയും. (എന്റെ പ്രഭാഷണ സിഡികളും, പുസ്തകങ്ങളും, അവകാശവാദങ്ങളും പിൻവലിച്ച് ലോകത്തോട് മാപ്പു പറഞ്ഞില്ലെങ്കിൽ ആഗസ്റ്റ് 14 ന് പത്രസമ്മേളനം വിളിച്ചുകൂട്ടി എനിക്കെതിരെ ശക്തമായി പ്രതീകരിക്കുമെന്നായിരുന്നു ഭീഷണി) അതിലുള്ള കഥകളും ലാബറട്ടറിയിലെ നല്ല ഒരു വിഭാഗം എനിക്കെതിരെ ശക്തമായി ഉപയോഗിക്കുമെന്നു ഞാൻ വിചാരിച്ചതൊന്നും സംഭവിച്ചില്ല എന്നതാണ്. രാഷ്ട്രീയ വീക്ഷണത്തിലും, എന്റെ പ്രവർത്തനരീതിയിലും, ചിന്താധാരകളിലും യോജിക്കാത്ത ശക്തമായ ഒരു ഗ്രൂപ്പ് അവിടെ ഉണ്ടായിരുന്നിട്ടും അവരാരും ചന്ദ്രഹരിയുടെ കത്തിലെ ഒരു വരിപോലും എനിക്കെതിരെ ഉപയോഗിച്ചില്ല. ടി.വി.യിലെ പൈതൃകസന്ദേശത്തിലൂടെയും, പത്രമാധ്യമങ്ങളിലൂടെയും, പ്രഭാഷണങ്ങളിലൂടെയും, സിഡികളിലൂടെയും എന്റെ പൈതൃകസന്ദേശങ്ങൾ കേട്ട് അഭിനന്ദിച്ചിരുന്ന 90 ശതമാനം സഹപ്രവർത്തകരുടെയിടയിൽ 10 ശതമാനം പേരുടെ വിമർശനങ്ങൾ മുങ്ങിപ്പോയതാണെന്ന് ലാബറട്ടറിയിലുള്ള ചില സുഹൃത്തുക്കളെന്നെ അറിയിച്ചു.

ആഗസ്റ്റ് 12 നായിരുന്നു സർവതന്ത്ര സ്വതന്ത്രമായി ജനങ്ങളംഗീകരിച്ച മഴുവഞ്ചേരിയിലെ പിതൃസ്മരണ. ഞാൻ നേരിട്ട് ആചാര്യത്വം വഹിക്കുന്നതായിരുന്നു ഈ കർമ്മം. ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുത്തു എന്നത് അസാധാരണ സംതൃപ്തിയുണ്ടാക്കി.

ഞാൻ അമേരിക്ക പര്യടനത്തിലായിരുന്നപ്പോൾ, എന്റെ പ്രസിദ്ധീകരണങ്ങളെല്ലാം മറ്റു പ്രഗത്ഭരുടെ പുസ്തകങ്ങളുടെ കോപ്പിയടി

യാണെന്നും, പ്രഭാഷണങ്ങളെല്ലാം അന്ധവിശ്വാസങ്ങളാണെന്നും ഒ. എൻ.ജി.സിയിലെ ഉദ്യോഗസ്ഥനായിരുന്ന (?) ചന്ദ്രഹരി കുറേ ആരോപണങ്ങൾ ഉന്നയിച്ച് ഈമെയിൽ വഴിപ്രചരിപ്പിക്കാൻ തുടങ്ങി.

ജൂലൈ 20 മുതൽ തന്നെ ആർ.ആറെല്ലിലെ ഡോ. സെബാസ്റ്റ്യൻ എന്ന ശാസ്ത്രജ്ഞൻ വിവിധ സ്ഥലങ്ങളിലേക്കും ക്രൈസ്തവ സമൂഹത്തിനിടയിലും എന്നെ അതിനിശിതമായി അവഹേളിച്ചുകൊണ്ടുള്ള ചന്ദ്രഹരിയുടെ ഇ.മെയിൽ പ്രചരിപ്പിക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് ആർ.ആറെല്ലിൽ ഇത് അതിന്റേതായ ദുഃസ്വാധീനമുണ്ടാക്കുമെന്ന് എനിക്കുറപ്പായിരുന്നു. എന്റെ ലാബറട്ടറിയിലുള്ള, ശക്തമായ ക്രിസ്ത്യൻ ലോബിയും ഇടതുപക്ഷ പ്രവർത്തകരും ചന്ദ്രഹരിയുടെ ഇ.മെയിൽ പരമ്പരയിലെ ആരോപണങ്ങൾ ഉപയോഗിക്കാതിരിക്കില്ലെന്നറിഞ്ഞുകൊണ്ടാണ് ഞാൻ ലീവും വിദേശയാത്രയും കഴിഞ്ഞ് എന്റെ ഓഫീസിൽ കയറിയത്. ഈശ്വരാനുഗ്രഹത്താൽ എനിക്ക് ശക്തമായ ആത്മ ധൈര്യമുണ്ടായിരുന്നു. അതിനു കാരണം, സത്യം, ധർമ്മം, നീതി, ന്യായം ഇല്ലാത്തതൊന്നും ഞാൻ ചെയ്തിട്ടില്ല എന്ന ഉറച്ച വിശ്വാസം തന്നെ. പിന്നെ ഞാനാരെ ഭയപ്പെടണം? എന്തിനെ ഭയക്കണം? ലാബറട്ടറിയിൽ എന്നെ നല്ലവണ്ണം അറിയുന്നവരിൽ ഒന്നുരണ്ടു പേർ ആഴ്ചകൾക്കു ശേഷവും, ഡയറക്ടർ ഒന്നു രണ്ടു മാസങ്ങൾക്കു ശേഷവും വെറുതേ ഒന്നു ചോദിച്ചു. "ചന്ദ്രഹരി എന്ന വ്യക്തിക്ക് നിങ്ങളോടെന്താ ഇത്ര വിരോധം? അയാളെന്തിനാ ഇങ്ങിനെയൊക്കെ നിങ്ങൾക്കെതിരെ പ്രചരിപ്പിക്കുന്നതും എഴുതുന്നതും?"

ചോദിച്ചവരോടെല്ലാം ഞാൻ ചിരിച്ചുകൊണ്ടു തന്നെ മറുപടി പറഞ്ഞു "സർവ്വ തന്ത്ര സ്വതന്ത്രമായ ഒരു രാജ്യത്തിൽ ശരിയും തെറ്റും ചെയ്യുവാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. എന്തൊക്കെ ചെയ്താലും സംഭവിച്ചാലും ശാശ്വത നന്മയുള്ളതൊക്കെ നിലനിൽക്കും അല്ലാത്തത് പ്രകൃതി തന്നെ തകർത്തുതരിപ്പണമാക്കും ഞാനെന്തിനു ഭയപ്പെടണം." ഈ മറുപടിയിൽ ചോദ്യം ചോദിച്ചവരെല്ലാം തൃപ്തരായിരുന്നു. എനിക്ക് ഡോ.എ.പി.ജെ. അബ്ദുൾ കലാമുൾപ്പെടെയുള്ളവർ അയച്ചു തന്നിരിക്കുന്ന അഭിനന്ദന കത്തുകളെല്ലാം ഞാൻ സ്വയം അവരുടെ പേരിലെഴുതി പ്രദർശിപ്പിച്ചുകൊണ്ടു നടക്കുന്നതാണെന്നുമെല്ലം ആരോപിച്ചുകൊണ്ട് ആയിരക്കണക്കിന് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും, ചന്ദ്രഹരി കത്തുകളും, ഇ.മെയിലും അയച്ചിരുന്നു. ഞാൻ കാനഡയിലെ വാൻകൂവറിൽ, പ്രഭാഷണങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോഴായിരുന്നു ആ ഇ.മെയിൽ എനിക്കാദ്യമായി ലഭിച്ചത്.



Scanned with CamScanner

## ഭാരതീയ കണ്ടുപിടുത്തങ്ങൾ എന്ന പുസ്തകം

2007 ആഗസ്റ്റ് 13, 14 തീയതികളിൽ ഭാരതത്തിലെ എല്ലാ പത്രങ്ങളിലും വന്നിരുന്ന ഒരു വാർത്തയായിരുന്നു മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്ന കേരളീയനായ പ്രൊഫ. ഗീവർഗ്ഗീസിനെക്കുറിച്ചുള്ള വാർത്ത. കാൽകുലസ് കണ്ടുപിടിച്ചത് കേരളീയരാണെന്ന വിവരം പ്രൊഫ. ഗീവർഗ്ഗീസ് മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് ലോകശാസ്ത്രജ്ഞന്മാർ സ്വീകരിച്ചു എന്നതായിരുന്നു വാർത്തയുടെ സംക്ഷിപ്തം. ഈ അറിവ് കേരളീയരുടേതായിരുന്നു എന്ന് ഞാൻ 2002 ൽ പ്രസിദ്ധീകരിച്ചിരുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച വീക്ക്ലെയിം ദീസ് ആർ ഇന്ത്യൻ ഡിസ്കവറീസ് എന്ന പുസ്തകവുമായി മാതൃഭൂമി, മനോരമ, ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് പത്രമാഫീസുകളിലൂടെ ഞാൻ കയറിയിറങ്ങി. വ്യത്യസ്ഥമായ രീതിയിലായിരുന്നെങ്കിലും ഇന്ത്യൻഎക്സ്പ്രസ് (ഇംഗ്ലീഷിൽ) വളരെ നല്ല ഒരു ലേഖനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വിഷയത്തിലുള്ള പ്രചരണത്തെക്കുറിച്ച് പ്രസിദ്ധീകരിച്ചു. മറ്റുപത്രങ്ങളൊന്നുമെഴുതിയില്ല എങ്കിലും ചില പത്രങ്ങളെങ്കിലും എന്റെ ഈ കർമ്മത്തിൽ താൽപര്യം പ്രകടിപ്പിച്ചതിൽ സന്തോഷം തോന്നി. അതോടൊപ്പം ഭാരതീയനായ ഞാൻ ഭാരതത്തിൽ നിന്നുകൊണ്ട് ഇതെല്ലാം അക്ഷരാർത്ഥത്തിൽ എഴുതി പ്രസിദ്ധീകരിച്ച് ആയിരക്കണക്കിന് കോപ്പികൾ ജനസഹസ്രങ്ങൾക്ക്, 2002 മാർച്ച് 21 മുതൽ എത്തിച്ചുതുടങ്ങിയത് 2007 ൽ ഒരു ഗീവർഗീസ് മാഞ്ചസ്റ്ററിലിരുന്നു പറഞ്ഞപ്പോൾ മാത്രമേ കേരളത്തിലെ മാതൃഭൂമിയും മലയാളമനോരമയും പോലും അറിഞ്ഞുള്ളു എന്നും എന്റെ പുസ്തകം അവരിൽ പ്രമുഖരെ കാണിച്ചപ്പോൾ ഒരാൾ പോലും അതു മൈന്റ് ചെയ്തില്ലെന്നും നേരിട്ടനുഭവിച്ചപ്പോൾ ദുഃഖം തോന്നി.

പാലക്കാടും, തൃശ്ശൂരുമെല്ലാം പര്യടനം കഴിഞ്ഞ് തിരുവനന്തപുരത്തെത്തി, സെപ്റ്റംബർ 20 ന് ആർ ആർ എല്ലിൽ പോയപ്പോഴാണ് ലാബറട്ടറിയിലെ പല പ്രോജക്റ്റുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും സാമ്പത്തീക ഇടപാടുകളെക്കുറിച്ചും സി.ബി.ഐ. അന്വേഷണം ആരംഭിച്ചതായിട്ടറിഞ്ഞത്. ഈ മാസാവസാനം എന്റെ എച്ച്.ഒ.ഡി. ഡോ. അറുമുഖൻ സർവീസിൽ നിന്നും വിരമിക്കുകയുമായിരുന്നു. ജീവിതത്തിൽ ആരെയൊക്കെ മറന്നാലും ഞാൻ മറക്കാത്ത രണ്ടു വ്യക്തികളാണ് ഡോ. അറുമുഖവും ശ്രീകുമാറും. എക്കാലവും ഒരേ പോലെ ഭൂമിയിൽ നിലനിൽക്കുമെന്നു വിശ്വസിച്ച രണ്ടു പേരിൽ ഒരാൾ കസേര ഒഴിയുന്നു ഞാൻ ചിന്തിച്ചു, കാലചക്രം തിരിയുമ്പോൾ ഓരോരുത്തരും

ഇറങ്ങും. കയറിയവരൊക്കെ ഇറങ്ങിയല്ലേ മതിയാകൂ. കുറച്ച് 'കയറിയവൻ' കുറച്ചിറങ്ങണം. കുറേക്കയറിയവൻ കുറേയിറങ്ങണം. കുറേക്കാലം കൂടി ഡോ. അറുമുഖൻ ആർ ആറെല്ലിൽ കൺസൾട്ടന്റായി ഉണ്ടായിരുന്നു. പിന്നീടദ്ദേഹത്തിന്റെ സേവനം മതിയാക്കി, അദ്ദേഹത്തെ പുറത്താക്കാൻ കാരണമായത്, അദ്ദേഹത്തോടൊപ്പം കൈകോർത്തു പിടിച്ച് സുഖിപ്പിച്ചവർ തന്നെയാണെന്നും അടുത്ത കാലത്തറിഞ്ഞു. പൂന്താനത്തിന്റെ വരികൾ ഓർമ്മ വന്നു. "മാളികമുകളിലേറിയ മന്നന്റെ തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ...."

ഒക്ടോബർ 17 മുതൽ കോഴിക്കോട്ടും മറ്റിടങ്ങളിലും നടന്ന പരിപാടികൾക്കു ശേഷം 21 മുതൽ സൂര്യാകൃഷ്ണമൂർത്തിയുടെ സൂര്യാ ഫെസ്റ്റിവെല്ലിലെ രാമായണ പരിപാടികളിൽ രാമായണത്തെക്കുറിച്ചുള്ള ക്ലാസുകളും കഴിഞ്ഞു. മഴുവഞ്ചേരിയിൽ മാനേജിംഗ് കോർഡിനേറ്ററായിരുന്ന ഉണ്ണിയുടെ പ്രവർത്തനങ്ങൾ, അതുമായി ബന്ധപ്പെട്ട പോലീസ് കേസുകൾ, ഇവയൊന്നും വകവെക്കാതെ വീണ്ടും അയാൾ തുടരുന്നതെറ്റുകൾ, അവയുടെ ന്യായീകരണങ്ങൾ എല്ലാം എന്നെ കാര്യമായിത്തളർത്തുന്നുണ്ടായിരുന്നു. ഉണ്ണികൃഷ്ണൻ കുന്ദംകുളം പോലീസ് സ്റ്റേഷനിൽ, നവംബർ മാസത്തിൽ അഹങ്കാരത്തിന്റെ പദപ്രയോഗങ്ങൾ നടത്തിയതു മുതൽക്കാരംഭിക്കുന്നു, പ്രശ്നങ്ങൾ. ഉണ്ണികൃഷ്ണന്റേതുൾപ്പെടെ മഴുവഞ്ചേരിയുടെ എല്ലാ ഉത്തരവാദിത്വങ്ങളും നവംബർ 3-ാം തീയതി മുതൽ ഡോ. ഹരിദാസൻപിള്ളയുടെ ചുമതലയിലാക്കുവാൻ ഇതു കാരണമായി. വിപരീതങ്ങളെല്ലാം പ്രയോജനപ്പെടുത്തി നന്മകളാക്കി മാറ്റുക എന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുദ്രാവാക്യം പൂർണമായും അന്വർത്ഥമായി. ഈ പ്രശ്നങ്ങളോടൊപ്പം മറ്റൊരു പ്രശ്നവുമുണ്ടായി. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള രണ്ടു മാസികകൾ പ്രസിദ്ധീകരിച്ച് എല്ലാ മാസവും ആയിരക്കണക്കിന് കോപ്പികൾ അയച്ചിരുന്നതും രെജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേഴ്സ് ഓഫ് ഇന്ത്യയുടെ അനുമതിയില്ലാതിരുന്നതിൽ പോസ്റ്റാഫീസിൽ പിഴയൊടുക്കേണ്ടിവന്നു എന്നു മാത്രമല്ല പിന്നീട് ഒരരാറുമാസക്കാലം മാസിക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട രെജിസ്ട്രേഷനു വേണ്ടി വില്ലേജ് ഓഫീസ്, തഹസീൽ ദാർ, കളക്ടറേറ്റ്, ഡൽഹിയിലെ രെജിസ്ട്രാർ എന്നിവരുടെ ഓഫീസുകളിൽ കയറിയിറങ്ങേണ്ടി വന്നു. ഒരു മാസിക പ്രസിദ്ധീകരിക്കാനായി അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ വളരെ വലുതാണെന്നു മനസ്സിലായി. അനുഭവങ്ങളുടെ കൂട്ടത്തിൽ ഒരദ്ധ്യായം പോലെയായിരുന്നു ഈ മാസികാ പ്രസിദ്ധീകരണങ്ങളുടെ കാര്യങ്ങൾ ശരിയാക്കാനായി മാസങ്ങളോളം ചെയ്യേണ്ടി വന്ന യാത്ര.



Scanned with CamScanner

**ഭാരതീയ വിദ്യാവിഹാർ കെട്ടിടത്തിന്റെ സമാരംഭം**

നവംബർ അവസാന വാരത്തിൽ നടന്ന ഉത്തരകേരളത്തിലേക്കുള്ള സുദീർഘയാത്രയിൽ, മഴുവഞ്ചേരിയിലാരംഭിക്കുന്ന ഭാരതീയ വിദ്യാവിഹാർ സ്കൂൾ കെട്ടിട സമുച്ചയത്തിന്റെ പ്ലാൻ പൂർത്തിയാക്കലും നടക്കുന്നുണ്ടായിരുന്നു. സർക്കാരിന്റെ പുതിയ നിയമപ്രകാരമുള്ള സ്കെച്ച് വരക്കാൻ അനവധിപ്രാവശ്യം പഞ്ചായത്താഫീസും, ഡിസ്ട്രിക്ട് ഠൗൺ പ്ളാനിങ്ങ് ഓഫീസും കയറിയിറങ്ങേണ്ടി വന്നു. ഇതു സംഭവിച്ചത് ഉണ്ണികൃഷ്ണൻ ഇതെല്ലാം തനിക്കറിയാമെന്ന ഭാവത്തിൽ ചെയ്തതുകൊണ്ടായിരുന്നെന്ന്, തൃശ്ശൂർ ജില്ലാ പ്ലാനിങ് ഓഫീസർ വിവരിച്ചപ്പോഴാണ് മനസ്സിലായത്. "നിങ്ങളുടെ മാനേജർക്ക് ഒന്നും മനസ്സിലാകുന്നുമില്ല അയാൾ സർവജ്ഞനെപ്പോലെ പെരുമാറുകയും ചെയ്യുന്നു. ഈ ഡ്രോയിങ് തിരുവനന്തപുരത്തെത്തി ഒരിക്കൽ തിരസ്കരിച്ചാൽ പിന്നെ ഇങ്ങിനെയൊന്നിനു അംഗീകാരം ലഭിക്കാൻ വലിയ ബുദ്ധിമുട്ടാണ്. വിവരമുള്ള ആരെയെങ്കിലും ഈ ജോലി ഏൽപ്പിച്ചുകൂടെ" എന്നു തൃശ്ശൂർ ഠൗൺ പ്ലാനിങ് ഓഫീസർ ചോദിച്ചു. ഡിസൈൻ ഉൾപ്പെടെയുള്ളതിന്റെ ചുമതല ഇൻസ്റ്റിറ്റ്യൂട്ടിന്റെ എൻജിനീയർ ശ്രീ. യു.എസ്. നാരായണനും, ഡോ. ഹരിദാസൻ പിള്ളയും ഏറ്റെടുത്തു. പിന്നീടാണ് കാര്യങ്ങൾ നീങ്ങാൻ തുടങ്ങിയത്. ഭാരതീയ വിദ്യാവിഹാറിന്റെ ഠൗൺപ്ലാനിങ്ങിലേക്കായുള്ള സ്കെച്ച് തയ്യാറാക്കിത്തുടങ്ങിയതും അപ്പോഴാണ്. ഡിസംബർ മാസത്തിൽ ഏകദേശം പൂർണമായും പ്രസംഗപരമ്പരകളായിരുന്നു.

ശാസ്ത്ര 2007 സെമിനാർ എറണാകുളം ജില്ലയിൽ നാലിടത്തായി നടന്നു. 29-ാം തീയതിയിലെ പാർളിക്കാട് ഭാഗവത സത്ര പ്രഭാഷണം കേൾക്കാൻ ജനസഹസ്രങ്ങൾ പങ്കെടുത്തു. മാസാവസാനം പുണ്യഫലം പോലെ ശ്രീ ശ്രീ രവിശങ്കർജിയുടെ ഒന്നാമത്തെ ശിഷ്യൻ വീട്ടിലേക്കു വന്നു. ശാസ്ത്ര 2007 മായി ബന്ധപ്പെട്ട പരിപാടികളെല്ലാം അതിഗംഭീരമായി നടന്നുവെങ്കിലും അതുകഴിഞ്ഞ ഉടനെ എറണാകുളം ജില്ലയിലെ ഭാരവാഹികളിൽ പലരും അഭിപ്രായ വ്യത്യാസത്താൽ പരസ്പരം പഴിചാരുന്നുണ്ടായിരുന്നു. ഒത്തുചേരാനും നല്ലരീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുമായി നടത്തുന്ന ശാസ്ത്ര വാർഷിക സെമിനാർ പ്രശ്നങ്ങളുണ്ടാകാൻ കാരണമാകുന്നു എന്ന അനുഭവങ്ങളാണ് പിന്നീടുണ്ടായിക്കൊണ്ടിരുന്നത്.

കർമ്മനിരതമായ ഒരു വർഷം കൂടി കഴിഞ്ഞു. ഡിസംബർ 31 ന് സ്വയം പറഞ്ഞു "ഇനി ആർ ആറെല്ലിൽ പോയി എന്നന്നേക്കും വിട പറയുന്നു" എന്നെഴുതിക്കൊടുക്കേണ്ടതെന്നാണെന്നു തീരുമാനിക്കാ

നുള്ള സുദിനമാണ് ഡിസംബർ 31 ലെ സൂര്യോദയത്തിലാരംഭിക്കുന്നത് എന്ന്. ആഹ്ളാദം മനസ്സിനെ കീഴ്പ്പെടുത്തിയിരുന്നു.

## ഔദ്യോഗിക വിരാമ യാത്രാ പത്രികസമർപ്പണം

2008 എന്ന വർഷം എന്റെ ജീവചരിത്രത്തിൽ എന്തെക്കോയോ ആണ്. ജനുവരി ഒന്നാം തീയതി എന്റെയച്ഛന്റെ ആശീർവാദത്മകമായ ഉപദേശം നടപ്പിലാക്കി. "25 വർഷക്കാലം നീ പഠിക്കാനായി ഉപയോഗിച്ചു, 25 വർഷക്കാലം ശാസ്ത്രജ്ഞനായി പ്രവർത്തിക്കണം. ഇനിയൊരു 25 വർഷം ഈ നാടിന്റെ പൈതൃക പ്രചരണത്തിനായി പ്രവർത്തിക്കണം. നീ പറഞ്ഞുകൊടുത്താൽ അതു ജനങ്ങൾ സ്വീകരിക്കും. പഠിക്കണം പഠിച്ചതെല്ലം മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കണം." ജനുവരി 1-ാം തീയതി ഞാൻ ആർ ആറെല്ലിൽ, നിന്ന് യാത്ര പറയാനുള്ള പൂർണ മനസ്സോടെയാണ് എത്തിയത്. എന്റെ തീരുമാനത്തെ കുടുംബാംഗങ്ങളും എതിർത്തില്ല. 25 വർഷങ്ങൾ പൂർത്തിയാകുന്നു എന്ന വികാരവുമുണ്ടായിരുന്നില്ല. 1982 ഡിസംബർ 31 ന് അകത്തേക്കു പ്രവേശിച്ച ഞാൻ 2008 ജനുവരി 1 ന് മാനസീകമായി പുറത്തിറങ്ങുന്നു. എന്റെ അച്ഛൻ പറഞ്ഞ 25 വർഷങ്ങളും പൂർത്തിയാക്കി ജനുവരി 3 ന് ഞാൻ വിരമിക്കുന്നതിന്റെ അപേക്ഷ ഡയറക്ടർക്ക് കൊടുത്തു. ഏപ്രിൽ 1 ന് ഞാൻ സ്ഥാനമൊഴിയുന്നു എന്നു പറഞ്ഞു. ലാബറട്ടറിയിലെ പലരും അറിഞ്ഞില്ല. ആരേയും അറിയിച്ചതുമില്ല. എന്നെ ഒരു സഹോദരനെ പോലെ ബഹുമാനിച്ചിരുന്ന ശ്രീമതി നിർമ്മലാമേനോൻ എന്റെ പേരിലുള്ള എല്ലാ ഉപകരണങ്ങളുടേയും ബാധ്യതകളും ഏറ്റെടുത്തു. മാനസീകമായി വർഷങ്ങൾക്കുമുമ്പ് ഈ വിട പറയലിന് തയ്യാറായിരുന്ന എനിക്ക് ഒരു വികാരവും തോന്നിയില്ല. എന്റെ ജീവിതത്തിൽ 7-ാം ക്ലാസ് കഴിഞ്ഞ് ആർ. എൽ.വി.യിൽ നിന്നും, 10-ാം ക്ലാസ് കഴിഞ്ഞപ്പോൾ തൃപ്പൂണിത്തുറ ഗവ. ഗേൾസ് ഹൈസ്കൂളിൽ നിന്നും, പ്രീഡിഗ്രി കഴിഞ്ഞപ്പോൾ മഹാരാജാസിൽ നിന്നും, ബി.എസ്സി കഴിഞ്ഞപ്പോൾ സെന്റ് ആൽബർട്ട്സിൽ നിന്നും, രണ്ട് എം.എസ്.സിയും കഴിഞ്ഞപ്പോൾ മഹാരാജാസിൽ നിന്ന് വീണ്ടും, അദ്ധ്യാപകനായി കൊച്ചിൻ കോളേജിൽ നിന്നും, പി.എച്ച്.ഡി കഴിഞ്ഞ് ഹൈദരാബാദ് ആർ.ആറെല്ലിൽ നിന്നും, വിസിറ്റിങ് സയിന്റിസ്റ്റായി, കാനഡയിലെ യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിൽ നിന്നും യാത്ര പറഞ്ഞിറങ്ങിയപ്പോൾ എനിക്കു ദുഃഖം തോന്നിയിരുന്നു. തിരുവനന്തപുരത്തെ റിജിയണൽ റിസർച്ച് ലാബറട്ടറിയിൽ നിന്നിറങ്ങാനായി മൂന്നു മാസത്തെ നോട്ടീസ് സമർപ്പിച്ചപ്പോഴും മൂന്നുമാസംകഴിഞ്ഞ് ഇറങ്ങിയപ്പോഴും എനിക്ക് ദുഃഖമൊന്നും തോന്നിയില്ല.

ശാസ്ത്ര 2007 വളരെ നന്നായി സംഘടിപ്പിച്ച എറണാകുളത്തെ



Scanned with CamScanner

പ്രവർത്തകരിൽ ചിലർക്കുണ്ടായ വേദനയുടെ പ്രതിഫലനം ഞാനറി യാതെ പോയി. ജനുവരി 4-ാം തീയതി ഇൻസ്റ്റിറ്റ്യൂട്ടിന്റെ എറണാകു ളത്തെ കോർഡിനേറ്റർ ശ്രീ. ഷേണായി ഫോണിലൂടെ വിളിച്ചു പറഞ്ഞ അതിനിശിതമായ വിമർശന വാക്കുകൾ ലാബററ്ററിയിൽ നിന്നും വിടപ റയുന്ന അവസരത്തിൽ വേദനാജനകമായി മനസ്സിൽ തങ്ങിനിൽക്കു ന്നു. ഇതൊന്നും എന്റെ ശരീരത്തെ തളർത്താതെ ഞാൻ പ്രഭാഷണ ങ്ങൾക്കായി യാത്ര തുടർന്നുകൊണ്ടിരുന്നു. മെഡിക്കൽ ലീവെടുത്താ യിരുന്നു പല യാത്രയും. ആലപ്പുഴയിലും സമീപ പ്രദേശങ്ങളിലും മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുകാരുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങ ളിലും പ്രഭാഷണം നടത്തിയപ്പോൾ ലഭിച്ച സ്വീകരണം അവിസ്മരണീ യമായിരുന്നു. ഈ പരിപാടികൾക്കിടയിലും മാസത്തിൽ രണ്ടുദിവസം പൂർണമായും അമൃത ടിവിയിലെ പൈതൃക സന്ദേശം റെക്കോഡിങ്ങി നായി മാറ്റിവെച്ചു. കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിയുടെ നേതൃ ത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോയമ്പത്തൂർ ചാപ്റ്റർ നടത്തിയ പരിപാ ടിയിൽ അവിടത്തെ ശ്രീ ശങ്കര കണ്ണാശുപത്രിയുടെ എം.ഡി.യായ ഡോ. രമണിക്കും കുടുംബത്തിനും സ്വീകരണം നൽകുകയുണ്ടായി. 2007 ലെ പൈതൃക രത്ന അവാർഡ് നൽകിയത് അദ്ദേഹത്തിനായിരുന്നു. ഏതാനും മാസങ്ങൾക്കുമുമ്പ് കോയമ്പത്തൂരിൽ വന്നപ്പോൾ ഇദ്ദേഹം സൗജന്യമായി നടത്തുന്ന കണ്ണാശുപത്രിയിൽ എനിക്കൊരു സ്വീകരണം നൽകുകയുണ്ടായി. ഇന്ത്യാക്കാരും അല്ലാത്തവരുമായ നൂറിൽപരം ഡോക്ടർമാർ സൗജന്യമായി പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ ലഭിച്ച സ്വീകരണം ഏതുതരത്തിലുള്ള വാക്കുകളുപയോഗിച്ചാണ് വിവ രിക്കേണ്ടതെന്ന് ഇന്നും എനിക്കറിഞ്ഞുകൂടാ. അവിടത്തെ പ്രഗത്ഭരായ ഡോക്ടർമാരുടെ സദസ്സിൽ 30 മിനിറ്റ് ഞാൻ സംസാരിച്ചു. സേവനം എന്ന പദത്തെ ഭാരതപൈതൃകം എങ്ങിനെ വിവരിക്കുന്നു എന്നതായി രുന്ന വിഷയം. എന്റെ ക്ലാസ്സു കഴിഞ്ഞപ്പോൾ അവിടത്തെ അഡ്മിനി സ്ട്രേറ്റർ സ്റ്റേജിൽ വെച്ചുതന്നെ എന്നെ നമസ്കരിച്ചു. ആ അസാധാ രണ സ്വീകരണം ഏറ്റുവാങ്ങിയ ഞാൻ അറിയാതെ വിയർത്തുപോയി. അതെല്ലാം മനസ്സിൽ നിറച്ചുവെച്ചായിരുന്നു ഡോ. രമണിക്ക് കോയമ്പ ത്തൂരിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകർ സ്വീകരണം നൽകിയത്.

ജനുവരിയിലെ ഏറ്റവും വലിയ നേട്ടമെന്നത് സ്കൂളിന്റെ പ്ളാൻ തൃശ്ശൂർ ടൗൺ പ്ലാനിങ് ഓഫീസിൽ സമർപ്പിച്ചത്, പലരുടേയും സഹാ യത്താൽ അവിടെനിന്നും തിരുവനന്തപുരത്തെത്തിയെന്നതുമാണ്. ഇവി ടെയുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകനായ എൽ.ഐ.സിയിലെ ഗോപ കുമാറിന്റെ സഹായത്താൽ 2008 മാർച്ച് ആദ്യവാരത്തിൽ പ്രശ്നങ്ങ ളൊന്നുമില്ലാതെ പ്ലാൻ അംഗീകരിച്ച്. മഴുവഞ്ചേരി പഞ്ചായത്താഫീസി



Scanned with CamScanner

ലെത്തി. ജനുവരി ഫെബ്രുവരി മാസങ്ങളിൽ തന്നെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാസികകൾക്ക് കേന്ദ്രസർക്കാർ രെജിസ്ട്രേഷനും ലഭിച്ചു. ശാരീരികാസ്വാസ്ഥ്യം കൊണ്ട് ഞാൻ ഏറെ ബുദ്ധിമുട്ടുന്നുണ്ടായിരുന്നു, എന്റെ കുടുംബത്തിലുണ്ടാകുന്ന കുറേയേറെ അസ്വസ്ഥതകളെല്ലാം എന്നെ കാര്യമായി തളർത്തുന്നുമുണ്ടായിരുന്നു. ഇതു കൂടാതെ മഴുവഞ്ചേരിയിലെ ഉണ്ണികൃഷ്ണന്റെ ചില പെരുമാറ്റപ്രശ്നങ്ങൾ സഹപ്രവർത്തകർക്കും കൂടുതൽ ആഴത്തിലുള്ള മുറിവുകളുണ്ടാക്കിക്കൊണ്ടിരുന്നു.

**അന്താരാഷ്ട്ര ആയുർവേദ സെമിനാർ**

2008 ഫെബ്രുവരി 8 ന് അന്താരാഷ്ട്ര ആയുർവേദസെമിനാറിൽ പങ്കെടുക്കാനായി ഞാൻ ഋഷീകേശിലേക്ക് യാത്രയായി. ഡെൽഹിയിൽ നിന്ന് റോഡു വഴിക്കുള്ള യാത്ര അവിസ്മരണീയമായിരുന്നു. പണ്ട്, 26 വർഷങ്ങൾക്കു മുമ്പ് കാഠ്മണ്ഡുവിൽ നിന്ന് ഒരു ക്യാമറയുമായി ഹരിദ്വാറിലും, ഋഷീകേശിലും, റൂർക്കിയിലും, ബറേലിയിലും, ഡൽഹിയിലുമെത്തിയ അതേ വഴിയിലൂടെയായിരുന്നു രാത്രിയുള്ള യാത്ര. കാറിന്റെ ഡ്രൈവർ അർധരാത്രിയായപ്പോൾ കുറേ മദ്യമകത്താക്കിയാണ് കാറോടിച്ചത്. ഇതറിഞ്ഞപ്പോൾ ഞങ്ങൾ കാർ നിർത്താനാവശ്യപ്പെട്ടു, പിന്നീട് കാറിന്റെ ഉടമസ്ഥനെ വിവരമറിയിച്ച്, അയാൾ മറ്റൊരു കാറുമായി വന്ന് ഞങ്ങളോടു മാപ്പു പറഞ്ഞ്, ആ കാറിലേക്ക് മാറിക്കയറിയതിനു തൊട്ടുമുമ്പ് ആദ്യത്തെക്കാറിന്റെ എഞ്ജിൻ പൊട്ടിപുകയാൻ തുടങ്ങി, ഭാഗ്യത്തിന് രക്ഷപ്പെട്ടു. ഏതോ ഒരദൃശ്യ ശക്തി രക്ഷപ്പെടുത്തിയതുപോലെ, രക്ഷപ്പെട്ടു, അർദ്ധ രാത്രിയിൽ ഞങ്ങൾ ഋഷികേശിലേക്ക് യാത്ര തുടർന്നു.

ഫെബ്രുവരി 19 മുതൽ തണുത്തു വിറക്കുന്ന പരമപവിത്ര ഗംഗയിൽ സ്നാനവും, നല്ല ഭക്ഷണവും, കഴിച്ചുകൊണ്ട് ഈ സെമിനാറിൽ പങ്കെടുത്തത് അവിസ്മരണീയമായിരുന്നു. പ്രബന്ധാവതരണത്തിന് എനിക്കനുവദിച്ചിരുന്ന സമയം കുറച്ചു മാത്രമായിരുന്നതിനാൽ ഞാൻ സെമിനാർ തുടങ്ങുന്നതിനു മുമ്പ് എല്ലാദിവസവും രാവിലെ 6 മുതൽ ഭാരതീയ പൈതൃകത്തിൽ ക്ലാസെടുത്തു. പങ്കെടുത്തവരിൽ ധാരാളം പേർക്ക് കാര്യമായിട്ടിഷ്ടപ്പെട്ടു. 23-ാം തീയതി തണുത്ത കാറ്റടിച്ചുകൊണ്ടിരുന്ന വേളയിൽ ഞാൻ ക്ലാസെടുത്തുകൊണ്ടിരിക്കുമ്പോൾ തന്നെ തലചുറ്റി വീഴുകയും ചെയ്തു. സദസ്സിലുള്ളവർ എന്നെ താങ്ങിപിടിച്ചിരുത്തി, അരമിനിറ്റിനകം ഞാനിരുന്നുകൊണ്ട് ക്ലാസ് തുടർന്നു. പൊതുപരിപാടിയിൽ വേദങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ നടത്തിയ ക്ലാസുകളെല്ലാം പങ്കെടുത്തവർക്കിഷ്ടപ്പെട്ടുവെന്നു മാത്രമല്ല എനിക്കു മാത്ര



Scanned with CamScanner

മാണ് പൂർണമായ സ്റ്റാൻഡിങ് ഒവേഷൻ ലഭിച്ചത്. സദസ്സ് മുഴുവനും ആസ്വദിച്ചു എന്നറിയിക്കുന്ന കയ്യടിയായിരുന്നു, ദൈവാനുഗ്രഹത്താൽ, എനിക്കു ലഭിച്ചത്.

അടുത്ത ദിവസം, ലോകപ്രശസ്തരായ ശാസ്ത്രജ്ഞന്മാർക്കും, റോബർട്ട് സുബോധ, ഡേവിഡ് ഫ്രോളി എന്നിവർക്കുമെല്ലാം മെമെന്റോ കൊടുക്കാനുള്ള ഭാഗ്യവും എന്നിൽ നിക്ഷിപ്തമായത് അവിചാരിതമായി ലഭിച്ച മഹാഭാഗ്യമായിരുന്നു. ഓരോ മെമെന്റോ കൊടുത്തപ്പോഴും ഞാൻ ഓരോ വേദമന്ത്രം ചൊല്ലിയത് അത്ഭുതത്തോടെയാണ് സദസ് സ്വീകരിച്ചത് എന്നു മാത്രമല്ല പലരും എന്റെ കാൽ തൊട്ടു വന്ദിച്ചു. ഋഷികേശിലെ ആയുർവേദ സെമിനാർ മറക്കാനാകാത്ത ജീവിതാനുഭൂതിയായിരുന്നു.

## ഔദ്യോഗിക ജീവിതത്തിലെ അന്ത്യമാസം

മാർച്ച് മാസത്തിൽ ഞാൻ ആർ ആറെല്ലിൽ പ്രവർത്തിക്കുന്നതിന്റെ അവസാനത്തെ മാസമായിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരന്തരം ക്ലാസുകളും മഴുവഞ്ചേരിയിൽ നാലാം ശിവരാത്രി തീർത്ഥാടന മഹാമഹവും നടന്നു. 4-ാം തീയതി ഭാരതീയ വിദ്യാവിഹാർ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പൂർണാനുമതിയും ലഭിച്ചു. മാർച്ച് 19 മുതൽ 26 വരെ ആർ.ആറെല്ലിൽ സമർപ്പിക്കേണ്ടതായ എല്ലാ രേഖകളും, പത്രങ്ങളും, സമർപ്പിച്ചു. ഔദ്യോഗികാന്ത്യയാത്രക്കുള്ള തയ്യാറെടുപ്പ് പൂർത്തിയായിക്കഴിഞ്ഞു. യാത്രയയപ്പിന്റെ പേരിൽ ഒരു പാർട്ടിയോ പൂച്ചെണ്ടോ വേണ്ടെന്ന് ഞാനറിയിച്ചിരുന്നു. ആക്റ്റിങ് ഡയറക്ടർ ഡോ.ബി.സി.പൈ യാത്രയയപ്പു പാർട്ടി സ്വീകരിക്കണമെന്ന് നിർബന്ധിച്ചതുപോലെ ക്ലബ് അംഗങ്ങളും നിർബന്ധിച്ചു പറഞ്ഞിരുന്നുവെങ്കിലും വേണ്ടെന്നു പറഞ്ഞ് ഞാനൊഴിഞ്ഞു. എന്റെ ഡിവിഷനിലുള്ളവരോടും അതേ വാക്കുകൾ പറഞ്ഞിരുന്നതിനാൽ യാത്രയയപ്പിന്റെ ചടങ്ങുകളൊന്നും അനുഭവിക്കേണ്ടി വന്നില്ല. മാർച്ച് 27 ന് ആർ ആറെല്ലിൽ ഒരു മണിക്കൂറും, 28 ന് കുറച്ചു നിമിഷങ്ങളും മാത്രം ചില വഴിച്ച് 31-ാം തീയതി തിങ്കളാഴ്ച അത്യാവശ്യം ചിലരെ മാത്രം കണ്ടു യാത്ര പറഞ്ഞു. സ്ഥാപനത്തോട് യാത്ര പറഞ്ഞ് ഇറങ്ങാനായി ഡയറക്ടർ ഡോ. ചന്ദ്രശേഖരയെ കണ്ടു. അദ്ദേഹം പറഞ്ഞു "ഇടക്കിടക്ക് ഇവിടെ വരണം." ഞാൻ മറുപടി കൊടുത്തു "അങ്ങേക്ക് വ്യക്തി പരമായ ആവശ്യമുണ്ടെങ്കിൽ വിളിച്ചാൽ വരാം ഔദ്യോഗിക കാര്യങ്ങൾക്കിനി ഇങ്ങോട്ടില്ല." ഒരു ദുഃഖവും ഒരു ബന്ധനവും ഒരു ബന്ധവും തോന്നാതെ ഞാനിറങ്ങി സഹപ്രവർത്തകരിൽ പലരും എന്റെ വിടപറ

യൽ യാത്ര അറിഞ്ഞിരുന്നില്ല അറിയിച്ചിരുന്നുമില്ല. ഞാനെന്നന്നേക്കു മായി വിട പറയുകയാണെന്ന്!

1982 ഡിസംബർ 31 ന് ഈ ലാബറട്ടറിയിൽ ശാസ്ത്രജ്ഞപദവി യിൽ ചേർന്ന് 25 വർഷം പൂർത്തിയാക്കി കുറേയധികം അനുഭവങ്ങൾ ലാബറട്ടറിക്കകത്തും പുറത്തുമായി സ്വന്തമാക്കി ഞാൻ യാത്ര തിരി ച്ചു. നിറഞ്ഞ കൃതാർത്ഥതയുണ്ടായിരുന്നു. കൊച്ചിൻ കോളേജിലെ ഒര ദ്ധ്യാപകനായി തുടർന്നിരുന്നെങ്കിൽ ഞാനൊന്നുമാകുമായിരുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ കൗൺസിൽ ഓഫ് സയിന്റിഫിക് ആന്റ് ഇൻഡസ്ട്രി യൽ റിസർച്ചിന്റെ കീഴിലുള്ള റീജിയണൽ റിസർച്ച് ലാബറട്ടറിയിലെ ഒരു സയിന്റിസ്റ്റായിരുന്നതുകൊണ്ട് കേരളത്തിനകത്തും പുറത്തും ഭാര തത്തിനുപുറത്തും ഞാനെന്ന ഒരു ചെറിയ വ്യക്തി ഒന്നുമല്ലാത്തതിൽ നിന്ന് ഇത്രയും എത്തി. അഥവാ എത്താൻ ജഗദീശ്വരൻ അനുവദിച്ചു എന്നതിലായിരുന്നു കൃതാർത്ഥത തോന്നിയത്. ജഗദീശ്വരനോടും മാതാ പിതാക്കളോടും കൃതജ്ഞത തോന്നി! അടുത്ത രണ്ടു മൂന്നു ദിവസങ്ങ ളിൽ എന്റെ പെൻഷൻ പേപ്പറുകളെല്ലാം ശരിയാക്കി ലഭിച്ചു.

**ഭാരതീയ വിദ്യാവിഹാർ കെട്ടിടത്തിന്റെ നിർമ്മാണം**

മാർച്ച് 22 ന് തിരുവനന്തപുരത്തെ ഹീതർ കൺസ്ട്രക്ഷൻസിലെ ശ്രീ രാജീവ് ഭാരതീയ വിദ്യാവിഹാറിന്റെ നിർമ്മാണ ചുമതല ടാറ്റാ എലിക്സിയിലെ ശ്രീ ഗിരീഷും, ശ്രീ ജോർജ്ജും സാക്ഷിനിർത്തി ഏറ്റെ ടുത്തു. മാർച്ച് 25 ന് ശ്രീ രാജീവും ഞാനും രേഖകളിലൊപ്പുവച്ചു. ജഗ ദീശ്വരനെ സാക്ഷിനിർത്തിയായിരുന്നു ഇതെല്ലാം ചെയ്തത് എന്നു മാത്രം എനിക്കറിയാം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെറിയ ബാങ്ക് ബാലൻസ് വെച്ചു കൊണ്ട് രണ്ടുകോടി രൂപയിൽ കൂടുതൽ ചിലവുള്ള ഈ വലിയ കെട്ടിട സമുച്ചയം നിർമ്മിക്കാൻ ആരംഭിച്ച ഞാൻ മാസങ്ങളോളം ഉറങ്ങിയിട്ടി ല്ല. കെട്ടിടനിർമ്മാണം എവിടെച്ചെന്നെത്തുമെന്നറിയാത്ത ഒരു തരം ഭയം.

മാർച്ച് 28 ന് ദൂരദർശന്റെ നിശാഗന്ധി പരിപാടിയിൽ പങ്കെടു ത്തുകൊണ്ട് ഒരു മണിക്കൂർ നേരം അന്ധവിശ്വാസവും ദുരാചാരവു മില്ലാതാക്കാൻ നൽകിയ വിവരണങ്ങളുടെ പ്രതികരണം വിവരണാതീ തമായിരുന്നു.

ആർ. ആറെല്ലിൽ നിന്നിറങ്ങിയതിനുശേഷം എന്റെ ശ്രദ്ധ സ്കൂളിന്റെ തറക്കല്ലിടൽ കർമ്മത്തിലായിരുന്നു. കേരളത്തിന്റെ പ്രിയ എഴുത്തുകാരനും ജ്ഞാനപീഠം ജേതാവുമായിരുന്ന ഡോ. എം.ടി.വാ സുദേവൻ നായർ ഏപ്രിൽ 6 ന്, സ്വയം ഭൂമിപൂജ നടത്തി കല്ല് സ്ഥാപിച്ച്, അസാധാരണ വേഗത്തിൽ ഈ സമുച്ചയം പൂർത്തിയാകട്ടെയെന്നു പ്രാർത്ഥിച്ചു. 8-ാം തീയതി 25 ലക്ഷം രൂപയുടെ ചെക്ക് ഹീഥർ കൺസ്ട്ര

ക്ഷനെ ഏൽപിച്ചു, 26 ന് പണിയുടെ ക്രമീകരണമാരംഭിച്ച്, സെറ്റിങ് ഔട്ടും നടത്തിത്തുടങ്ങിയിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ എൻജിനീയറായ ശ്രീ. നാരായണന്റെ അർപ്പണബോധത്തോടെയുള്ള കർമ്മജ്ഞാനവും ഡോ. ഹരിദാസൻ പിള്ളയുടെ നേതൃത്വപാഠവവും നിറഞ്ഞുകൊണ്ടുള്ള പ്രയാണത്തിൽ എന്റെ ഭയം സാവധാനത്തിൽ കുറഞ്ഞു വന്നിരുന്നു. പിന്നീട് സാമ്പത്തീക ഭാരത്തെക്കുറിച്ചുള്ള ഭയം മാത്രമായിരുന്നു മനസ്സിൽ! സാമ്പത്തീകമായ കാര്യങ്ങൾക്കായി ഏപ്രിൽ 25 മുതൽ 28 വരെ ഞാൻ ബോംബേയിൽ പോയി പലരേയും കണ്ടു സംഭാവനയഭ്യർത്ഥിച്ചു. ചെറുതും വലുതുമായ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. മേയ് മാസം ഏകദേശം പൂർണമായും എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിലെ പര്യടനവും 10,11 തീയതികളിൽ ദേശീയ ആയുരാരോഗ്യ സെമിനാറും മഴുവഞ്ചേരിയിലും നടത്തി.

മേയ് മാസം മധ്യത്തോടെ എന്റെ വലം കൈയ്യും ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പരിപാടികളും ക്രമീകരിച്ചിരുന്ന വ്യക്തിയുമായ സജി വരാതായി. മുന്നോട്ടുള്ള പ്രയാണത്തെക്കുറിച്ച് ഭയം തോന്നിയെങ്കിലും ശ്രീ. കെ. ആർ. പ്രസാദ് ഈ അവസരത്തിൽ പരിപാടികളുടെ ആവിഷ്കരണത്തിന്റെ പൂർണ ഉത്തരവാദിത്വം ഏറ്റെടുത്തു. പിന്നീട് ഏതാനും മാസങ്ങൾ കഴിഞ്ഞാണ് സജി തിരിച്ചു വന്ന് സജീവമായത്. ഓരോ ആഴ്ചകഴിയുമ്പോഴും സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ഭാരവും കുടുംബഭാരവും, പ്രഭാഷണങ്ങൾക്കായുള്ള നിരന്തര യാത്രയും, മാസിക തയ്യാറാക്കലും, വ്യാഴാഴ്ച ദിവസങ്ങളിലെ തേസ്ഡേ മെസ്സേജ്ജുകളും, പരിപാടികൾ ക്രമീകരിക്കുന്നതും, മഴുവഞ്ചേരിയിലേക്കാവശ്യമായ നിർദേശങ്ങളും അഭിപ്രായങ്ങളും അയക്കലും, അക്കൗണ്ടിങ്ങ് പരിശോധിക്കലുമെല്ലാം എനിക്ക് വലിയ ഭാരമായി തോന്നി. നടക്കാൻ പോലും വയ്യാതായ അവസ്ഥയിലും ഏറ്റെടുത്ത പ്രഭാഷണ പരിപാടികളിൽ ഒന്നിൽ പോലും എന്റെ ശാരീരികവും മാനസീകവുമായ വേദന പ്രതിഫലിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

ജൂൺ 30 മുതൽ ഏകദേശം രണ്ടു മാസക്കാലം തിരുവനന്തപുരം സംസ്കൃതകോളേജിൽ ഡോ. ഉണ്ണികൃഷ്ണന്റെ കീഴിൽ സംസ്കൃതം ഏകനായ പഠിച്ചു, സമയ ദൗർലഭ്യം മൂലം രണ്ടുമാസമേ തുടരാൻ സാധിച്ചുള്ളൂ.

## നാഷണൽ ഹെറിറ്റേജ് സെന്ററിൽ പുതിയ ചൈതന്യം

അനവധി മാസങ്ങളിലെ പല പ്രശ്നങ്ങളും സംശയങ്ങളുമെല്ലാം അവസാനിപ്പിച്ചുകൊണ്ട് മഴുവഞ്ചേരിയിലെ മാനേജർ സ്ഥാനത്ത് നിന്നും ശ്രീ ഉണ്ണി രാജിവെച്ചൊഴിഞ്ഞു. ജൂലൈ 1-ാം തീയതി സുപ്രഭാതത്തിൽ

ഞാൻ രാജിവെക്കുകയാണെന്നു പറഞ്ഞ ഉണ്ണിയോട് അൽപം പരുഷമായി പ്രതികരിക്കേണ്ടി വന്നു എന്നതിൽ പിന്നീട് ദുഃഖം തോന്നി. ഇൻസ്റ്റിറ്റ്യൂട്ടിലെ എല്ലാ രേഖകളും, ചെക്കുപുസ്തകങ്ങളും, സാമ്പത്തീക കാര്യ വ്യവഹാര വസ്തുക്കളും, ക്ഷേത്രത്തിന്റെതായതെല്ലാം കൈകാര്യം ചെയ്തിരുന്ന വ്യക്തി ഒരു മാസത്തെ നോട്ടീസ് അഥവാ മുന്നറിയിപ്പു തരാതെ ഇറങ്ങിപോയാൽ ഇവിടെ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ/ എന്തെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെയെല്ലാം ഉത്തരം പറയേണ്ടിവരും എന്നു മാത്രം മുന്നറിയിപ്പു നൽകി. എങ്കിലും ഈ രാജി നാഷണൽ ഹെറിറ്റേജ് സെന്ററിന്റെ വഴിത്തിരിവും അച്ചടക്കവും നിയമവീഥിയിലൂടെയുള്ള ചലനത്തിനും വളരെയധികം അനുഗ്രഹമായി ഭവിച്ചു. നാഷണൽ ഹെറിറ്റേജ് സെന്ററിന് 10 ഏക്കർ വിസ്തീർണമുണ്ടാകാനും, സ്കൂളാരംഭിക്കാനും, ക്ഷേത്രകാര്യങ്ങളെല്ലാം വൻവിജയമാക്കാനും, സംഘടനാശക്തി വർധിപ്പിക്കാനും ശ്രീ. ഉണ്ണികൃഷ്ന്റെ സംഭാവന അവിസ്മരണീയമാണെന്ന് അടിവരയിട്ടു പറയട്ടെ. ഉണ്ണിയില്ലായിരുന്നെങ്കിൽ നാഷണൽ ഹെറിറ്റേജ് സെന്റർ ഇന്നത്തെ അവസ്ഥയുടെ പകുതി പോലും എത്തുമായിരുന്നില്ലെന്നും എന്റെ ഓർമ്മയിലുണ്ടാകും. മഴുവഞ്ചേരിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം സ്വയം പ്രശ്നങ്ങളുണ്ടാക്കുന്നുമുണ്ടായിരുന്നു എന്നത് ഉണ്ണിയുടെ പ്രത്യേകതയായിരുന്നു.

ആഗസ്റ്റ് 1-ാം തീയതിയിൽ നടന്ന മഴുവഞ്ചേരിയിലെ പിതൃസ്മരണ അതിഗംഭീരമായിരുന്നു. ആ പ്രദേശം മുഴുവനും പിതൃസ്മരണക്ക് പങ്കെടുക്കാനെത്തിയവരുടെ വാഹനങ്ങൾ കൊണ്ടു നിറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് രണ്ടു മൂന്നു സിഡികൾ റെക്കോഡ് ചെയതത് പ്രകാശനം ചെയ്തതും ആൾ ദൈവങ്ങൾ എന്ന സി ഡി, സനാതന ധർമ്മത്തിനെതിരെ നടക്കുന്ന ആക്രോശങ്ങൾക്ക് പ്രതികരണമായിട്ടിറക്കിയതും, ശ്രദ്ധേയമായി. കന്യാകുമാരി ജില്ലയിലുൾപ്പെടെ കേരളത്തിനകത്തും പുറത്തും വളരെയേറെ പ്രഭാഷണ സിഡികൾ വേഗത്തിൽ തന്നെ സ്വീകരിക്കപ്പെട്ടു. ആഗസ്റ്റ 16 മുതൽ (ചിങ്ങം 1) വേദപ്രചരണ വർഷമായി ആഘോഷിക്കാനാരംഭിച്ച് വേദങ്ങളുടെ ആയിരക്കണക്കിന് സിഡികൾ ജനങ്ങളിലെത്തിച്ചുകൊണ്ടേയിരിക്കുന്നു.

**എന്നെ ഞാനാക്കിയ ഡോ. രാമൻസാർ ഇഹലോകവാസം വെടിഞ്ഞു**

ആഗസ്റ്റ് രണ്ടാം ഭാഗത്തിൽ ചെന്നൈയിൽ വിവിധ സ്ഥാപനങ്ങളിൽ പ്രശസ്ഥമായ രീതിയിൽ പരിപാടികൾ ആവിഷ്കരിച്ചത് സി.എം.സിയിൽ ഉന്നത ഉദ്യോഗസ്ഥനായ ശ്രീ ഹരിനാരായണനായിരുന്നു. ഏകദേശം 12 ക്ലാസുകൾ മൂന്നു ദിവസങ്ങളിലായി സംഘടിപ്പിച്ചത് സതേൺ റെയിൽവേ, യൂണിവേഴ്സിറ്റി, ഐ.ഐ.ടി തുടങ്ങിയ പ്രശസ്ഥ സ്ഥാപ



Scanned with CamScanner

നങ്ങളിലായിരുന്നു. മടങ്ങി വരുന്ന വഴിക്ക് കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിയുടെ സ്ഥാപകാചാര്യന്റെ ശതവാർഷീക സെമിനാറിലും പങ്കെടുത്ത് ക്ലാസെടുത്ത് മടങ്ങവേയാണ് എന്നെ ഞാനാക്കി മാറ്റിയ ഡോ. പി.എസ്. രാമൻസാർ ദിവംഗതനായി എന്ന വിവരം ലഭിച്ചത്. ഓരോ വർഷവും കുറഞ്ഞത് പത്തു പ്രാവശ്യമെങ്കിലും സാറിനെ കാണാൻ ഞാൻ പോകുമായിരുന്നു. ഇനി ഞാനങ്ങോട്ടു പോകേണ്ടതില്ലല്ലോ എന്നു മനസ്സ്, വേദനയോടെ മന്ത്രിച്ച് സാറിന് പ്രണാമമർപ്പിച്ചു. മലപ്പുറം, കോട്ടയ്ക്കൽ, തിരൂർ എന്നിവിടങ്ങളിലെ പ്രഭാഷണവേളയിൽ കോട്ടക്കൽ ആര്യ വൈദ്യശാലയുടെ എം.ഡി. ഡോ.വാര്യർ സാർ അവർകളെ സന്ദർശിക്കാനും പോയിരുന്നു. സെപ്തംബറിൽ ബോംബേ ശ്രീ. നാരായണഗുരുമന്ദിര സമിതിയുടെ കാര്യപരിപാടികളുമായി ബന്ധപ്പെട്ടും അരഡസനോളം പ്രഭാഷണങ്ങൾക്കായും ബോംബയിലെത്തിയത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പല കാര്യങ്ങൾക്കും വളരെയേറെ പ്രയോജനപ്രദമായി.

സെപ്തംബറിൽ നടത്താനിരുന്ന അമേരിക്കൻ പര്യടനത്തിൽ, പരിപാടികളെക്കുറിച്ച് അവ്യക്തതയും ദുരൂഹതയും നിറഞ്ഞു നിന്നിരുന്നതിനാൽ ഞാൻ അമേരിക്കൻ യാത്ര ഒഴിവാക്കി. ആ സമയം പൂർണമായും ഉത്തര കേരളത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. ഒക്ടോബർ 10 ന് തൃശ്ശൂർ തേക്കിൻ കാട് മൈതാനിയിൽ ഭാഗവതസത്രത്തിൽ ചെയ്ത പ്രഭാഷണം പങ്കെടുത്തവരിൽ പ്രത്യേകാനുഭവങ്ങളുണ്ടാക്കി. ഭാരതം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഭാഗവതത്തിന്റെ പ്രതിവിധിയായിരുന്നു വിഷയം കത്തിക്കാളുന്ന പ്രഭാഷണം കഴിഞ്ഞപ്പോൾ പലരും പറഞ്ഞു ''ജീവനു ഭീഷണിയുണ്ടാകും!'' ഞാൻ പതിവു പോലെ മറുപടി പറഞ്ഞു. ''വന്ന വഴിക്കിനി തിരിച്ചില്ലല്ലോ, വീട്ടിലെത്തിയതിനുശേഷം അരിയിട്ടാൽ മതിയെന്നും ഭാര്യയോട് പറഞ്ഞിട്ടുണ്ട്. വീട്ടിലേക്ക് എത്തുമെന്നോ എത്തണമെന്നോ എനിക്ക് നിർബന്ധവുമില്ല.'' എല്ലാവരും എന്റെ ദീർഘായുസ്സിനായി പ്രാർത്ഥിക്കുന്നതുകണ്ടു.

**ഐ.ആർ.എസ്കാർക്ക് എന്റെ ക്ലാസ്**

എറണാകുളത്തു നടന്ന പ്രഭാഷണങ്ങളിൽ പങ്കെടുത്ത പ്രഗത്ഭനായ ഒരുദ്യോഗസ്ഥൻ ശ്രീ ജയശങ്കർ നാഗ്പൂരിലെ നാഷണൽ അക്കാദമി ഓഫ് ഡയറക്ട് ടാക്സ്സിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഐ.ആർ.എസ് (ഇന്ത്യൻ റവന്യൂ സർവ്വീസിൽ) മണ്ഡലത്തിൽ പ്രവർത്തിക്കുന്നവർക്കുള്ള ട്രെയിനിങ് നൽകുന്നതിനായി ഒക്ടോബർ 18 ന് നാഗ്പൂരിലേക്ക് എന്നെ ക്ഷണിച്ചു. അവിടെ ക്ലാസെടുത്തത് വളരെ പ്രയോജനപ്പെട്ടുവെന്ന് അദ്ദേഹം അറിയിക്കുകയും ചെയ്തു. പിന്നീട് രണ്ടുമൂന്നു പ്രാവശ്യം തുടർച്ചയായി എൻ.എ.ഡി.ടിയിൽ ക്ലാസെടുക്കാനുള്ള അവസരം ലഭിച്ചത് സന്തോഷകരമായ അനുഭവമായിരുന്നു.



Scanned with CamScanner

അതേപ്രകാരം കേരളത്തിലെ വിവിധ ജില്ലകളിലേക്ക് ഡപ്യൂട്ടി കളക്ടർമാരായി നിയമനം ലഭിച്ച ഐ.എ.എസുകാർ അതാതു ജില്ലകളിൽ ജോലിക്കു പ്രവേശിക്കുന്നതിനു മുമ്പ് ഐ.എം.ജി.യിലും (തിരുവനന്തപുരം) എന്റെ നാലു മണിക്കൂർ നീണ്ടു നിന്ന ക്ലാസ് സംതൃപ്തിയും അഭിമാനവും നൽകുന്നതായിരുന്നു.

നവംബർ 10 ന് നാഗ്പൂരിലേക്കുള്ള യാത്രാവേളയിലായിരുന്നു ബോംബേയിലെ പ്രഗത്ഭനായ പൊതുപ്രവർത്തകൻ ശ്രീ. ദേവദാസൻനായരെ കണ്ടുമുട്ടിയത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് സംഭാവനകൾ സംഘടിപ്പിക്കാനുള്ള ശ്രമമാരംഭിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. ഈ സമയത്തുതന്നെ ചെമ്പഴന്തിയിലും അരുവിപ്പുറത്തും രണ്ടു മൂന്നു ക്ലാസുകൾ സംഘടിപ്പിക്കുകയും, വർക്കല ശിവഗിരി തീർത്ഥാടനത്തോടനുബന്ധമായി വിതരണം ചെയ്യാനാവശ്യമായ ശ്രീ നാരായണസന്ദേശമുള്ള ബ്രോഷറുകൾ തയ്യാറാക്കി നൽകുകയും ചെയ്തു.

ആഗസ്റ്റ് 11 ന് ഭാരതീയ വിദ്യാവിഹാർ സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നിലയുടേയും സെപ്തംബറിൽ 2-ാം നിലയുടേയും ഒക്ടോബർ രണ്ടിന് 3-ാം നിലയുടേയും നവംബർ 2 ന് മൂന്നാം നിലയുടെ കോൺക്രീറ്റിങ് പൂർണമായുംകഴിഞ്ഞിരുന്നു.

നവംബർ 22 മുതൽ 27 വരെ ഇടപ്പള്ളി അമൃത വിദ്യാപീഠത്തിലെ വിദ്യാർത്ഥികൾക്കായി രാവിലേയും ഉച്ചക്കുശേഷവുമുള്ള ക്ലാസുകൾ പരമ്പരയായി എടുത്തത്, വിദ്യാഭ്യാസ പ്രഭാഷണ പരമ്പരയിലെ ആദ്യ സംഭവമായിരുന്നു. തുടർന്ന് എറണാകുളത്തും തൃശ്ശൂരുമായി പ്രഭാഷണങ്ങൾ നടന്നു. ഡിസംബർ 9 മുതൽ 15 വരെ ദുബായ് പ്രഭാഷണപരമ്പരയായിരുന്നു. ഡിസംബർ 19 ന് മകൻ ഹരീഷിന് ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്, ബാംഗ്ലൂരിൽ മാനേജ്മെന്റ് കാഡറിൽ ജോലി ലഭിച്ചു. അവനെ 24-ാം തീയതിക്കുള്ള ഫ്ളൈറ്റിൽ സന്തോഷാശ്രുക്കളോടെ ബാംഗ്ലൂർക്ക് യാത്രയാക്കി. അവിടെ ജോലിക്കു ചേരാൻ ആദ്യമുണ്ടായ തടസ്സങ്ങളെല്ലാം അതിജീവിച്ച് ഡിസംബർ 30 ന് ജോലിക്കു ചേരുന്നതു വരെ ഞങ്ങൾ അനുഭവിച്ച ടെൻഷനോടൊപ്പം ശാസ്ത്ര 2008 ലെ ക്രമീകരണങ്ങളുടെ രീതിയിൽ പാളിച്ച പറ്റിയതിന്റെ വേദനയുമുണ്ടായിരുന്നു. ഇപ്രാവശ്യത്തെ ശാസ്ത്ര 2008, ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക സെമിനാർ പലയിടത്തും പരാജയമായിരുന്നു എന്നത് മനസ്സിൽ അസ്വസ്ഥതയുണ്ടാക്കി. എങ്കിലും ജീവിതാനുഭവങ്ങളിൽ എനിക്കെഴുതാൻ ധാരാളമുള്ള ഒരു വർഷം പിന്നിടുമ്പോൾ ഞാൻ സഞ്ചരിച്ചു നീങ്ങിയ വർഷം, ഭാരം താങ്ങാൻ പറ്റാതെ തളർന്ന വർഷവുമൊക്കെയായിരുന്നു 2008 എന്നും ഞാൻ മനസ്സിൽ കുറിച്ചത് ഇവിടെയെഴുതുന്നു.



Scanned with CamScanner

## അഞ്ചാം ഭാഗം

### ഭാരതീയ പൈതൃക പ്രചരണം വിദേശങ്ങളിലേയ്ക്ക്

1993 – 94 കാലഘട്ടത്തിൽ കനേഡിയൻ ഡവലപ്മെന്റ് ഏജൻസിയുടെ ക്ഷണമനുസരിച്ച് കുറേക്കാലം യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിൽ ഗവേഷണം നടത്തുന്നതിനിടക്ക് ലഭിച്ച ഓരോ മണിക്കൂറും ഭാരതീയവും വിദേശീയവുമായ സംഘടനകളുമായി, സ്ഥാപനങ്ങളും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളും സഹകരിച്ച് നൂറുകണക്കിന് ക്ലാസുകളും കുടുംബസംഗമങ്ങളും ശിബിരങ്ങളും സംഘടിപ്പിച്ച് പഠിപ്പിക്കാനുള്ള ശ്രമങ്ങൾ വിജയകരമായി നടത്തുയുണ്ടായി. അതു പൂർണമായും നേരത്തേ വിവരിച്ചിട്ടുണ്ട്. അതിനുശേഷമുള്ള വിദേശ യാത്രകളാണ് ചുവടെ ചേർക്കുന്നത്. അവയുടെയെല്ലാം ആരംഭം ഏകദേശം 8 വർഷങ്ങൾക്കുശേഷം, 2001 ലാണ്.

### കുവൈറ്റിന്റെ മണ്ണിലൂടെയൊരു യാത്ര

കേരളത്തിനകത്തും പുറത്തും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വ്യാപിച്ചുകൊണ്ടരിക്കേ ഇവിടെ നിന്നും പോകുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാസറ്റുകൾ വിദേശത്തുള്ള മലയാളികളെ കാര്യമായി സ്വാധീനിച്ചിരുന്നു. കുവൈറ്റിലെ ശ്രീ കൃഷ്ണദാസ മേനോൻ, കാര്യമായ ഒരു ഇടതുപക്ഷ ചിന്തകനായിരുന്നു. ഞാൻ കുവൈറ്റിലേയ്ക്ക് പോകുവാൻ കരാണമായത് അദ്ദേഹമാണ്. എന്നെ അവിടേയ്ക്ക് കൊണ്ടുപോകണമെന്നാഗ്രഹത്തിലാണ് ക്ഷണം ഉണ്ടായത്. 2001 ഫെബ്രുവരി 7 ന് ഞാൻ അബുദാബിയിലൂടെ കുവൈറ്റിലെത്തി. അവിടെയിറങ്ങിയത്, രാത്രി 7 മണിക്കായിരുന്നു. അന്നുരാത്രി തന്നെ അവിടെ എന്റെ ഒരു ക്ലാസ്സുണ്ടായിരുന്നു. 8. 9, 10 തീയതികളിൽ പ്രഭാഷണ പരിപാടികളുമുണ്ടായി. അസാധാരണമായ തണുപ്പനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കാലമായിരുന്നു. മൂന്നുദിവസം പല സംഘടനകളുടേയും കുടുംബാംഗങ്ങളുടേയും പ്രഭാഷണ പരമ്പരകൾ കൂടാതെ ഇന്ത്യൻ സ്കൂളുകളിലും മൂന്നുദിവസം എംബസിഹാളിലും പ്രഭാഷണമുണ്ടായിരുന്നു. ഭാരതത്തിനുപുറത്തുള്ള മതസ്വാതന്ത്ര്യമില്ലാത്ത ഒരു രാജ്യമായിരുന്നതിനാൽ ഭയമുണ്ടായിരുന്നു. പക്ഷേ എല്ലാവിഭാഗം ജനങ്ങളും അതിൽ പങ്കെടുത്തഭിനന്ദിച്ചു.

കേരളീയരും കുറച്ചു മറ്റുള്ളവരും നമ്മുടെ പൈതൃകത്തെ എപ്രകാരം സ്വീകരിക്കുന്നു എന്നനുഭവിച്ചറിയാനുള്ള ആദ്യത്തെ ഈ വിദേശപര്യടനം തന്നെ വൻവിജയമായിരുന്നു. അനുഭവത്തിന്റെ വലിയൊരു ഭണ്ഡാരം തുറക്കാൻ ഇതു കാരണമാവുകയും ചെയ്തു. വലിയൊരു വിഭാഗം മലയാളികളെ പരിചയപ്പെടാനും ഈ അവസരത്തിലൂടെ സാധിച്ചു.



Scanned with CamScanner

## ബഹ്റിനിലൂടെ യാത്ര

കുവൈറ്റിൽ നിന്ന് നേരെ പോയത് ബഹ്റിനിലേക്കാണ്. 2001 ഫെബ്രുവരി 11 ഞായറാഴ്ചയും 12-ാംതീയതി പൂർണമായും 13 ഉച്ചവരെയും ബഹ്റനിൽ ഏതാണ്ട് പത്തു പരിപാടികളിൽ പങ്കെടുത്തിരുന്നു. ലക്ഷാർച്ചന എന്ന ടിവി സീരിയലിൽ എന്റെ മകൾ അഭിനയിച്ചിരുന്നു. അവളുടെ വളർത്തമ്മയായി ആ സീരിയലിൽ അഭിനയിച്ചത് ജലജ എന്ന സിനിമാ നടിയായിരുന്നു. ഒരു ദിവസത്തെ ബഹ്റിനിലെ ഭക്ഷണം അവരുടെ വീട്ടിലായിരുന്നു. വളരെ പ്രശസ്തമായ രീതിയിലായിരുന്നു ബഹ്റിനിൽ, സ്കൂളുകളിലും ക്ഷേത്രങ്ങളിലും പ്രഭാഷണ പരമ്പരകൾ സംഘടിപ്പിച്ചിരുന്നത്. ഇന്ത്യൻ അംബാസഡർ പ്രഭാഷണങ്ങൾക്കെല്ലാം സന്നിഹിതനായിരുന്നു. തികച്ചും കേരളത്തിലേതുപോലുള്ള ഒരനുഭവമായിരുന്നു ബഹ്റിനിലെ എല്ലാ പരിപാടികളിലൂടെയും ലഭിച്ചത്. ശ്രീമതി ജലജയുടെ ഭർത്താവ് പ്രകാശും, വ്യത്യസ്ഥ സനാതനധർമ്മ സംഘടനകളും, ശാസ്ത്ര-സാമൂഹിക സമിതി സംഘാടകരും ചേർന്ന്, പല മലയാളി സംഘടനകളുടേയും സഹായത്തോടെയാണ് പരിപാടികളെല്ലാം വിജയകരമായി സംഘടിപ്പിച്ചത്.

## ദുബായിലൂടെ ഒരു യാത്ര

13-ാം തീയതി (2001) ബഹ്റനിൽ നിന്ന് ദുബായിലേക്ക് പോയി. എന്റെ അനുജന്റെ കൂടെയാണ് താമസിച്ചത്. ഷാർജയിലും അജ്മാനിലും ചെറിയ ഹാളുകളിലും, വീടുകളിലും ചെറിയ തോതിൽ ക്ലാസ്സുകളുണ്ടായിരുന്നു. അവിടെയുള്ളവരെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാസറ്റുകൾ കേട്ടിട്ടുള്ളവരായിരുന്നതിനാൽ പ്രത്യേകം പരിചയപ്പെടുത്തലിന്റെ ആവശ്യമുണ്ടായിരുന്നില്ല. ദുബായ് ക്ഷേത്രത്തിലും പ്രഭാഷണം സംഘടിപ്പിച്ചിരുന്നു. 15, 16, 17 തീയതികളിൽ ദുബായ് പര്യടനം നടത്തി. വളരെ ഭയത്തോടെയായിരുന്നു ഓരോക്ലാസും സംഘടിപ്പിച്ചത്. ദുബായിൽ പത്ത് പ്രഭാഷണങ്ങളുണ്ടായിരുന്നു. സംശയങ്ങൾക്ക് മറുപടി പറഞ്ഞ് 18-ാം തീയതി അബുദാബിയിലെ വലിയ ഒരു സമൂഹത്തിനു മുന്നിലും ക്ലാസെടുത്ത് രാത്രി അബുദാബിയിൽ നിന്നും തിരിച്ചു. ദുബായിൽ നിന്ന് തിരുവനന്തപുരത്തേക്കു വരുന്ന ഫ്ളൈറ്റിൽ അബുദാബിയിൽ നിന്ന് കയറിയതിനു എയർപോർട്ടിൽ കുറേ നേരം പ്രശ്നങ്ങളുണ്ടായി. ഞാനൊരു 'ഡോക്ടർ' ഗോപാലകൃഷ്ണൻ ആണെന്നറിഞ്ഞപ്പോൾ ഒരു ഡോക്ടറാണ് എന്നു വിചാരിച്ച് പാതിരാത്രിക്ക് വളരെയേറെ പ്രശ്നങ്ങളുണ്ടാക്കാതെ ഫ്ളൈറ്റിൽ കയറ്റിവിട്ടു. അടുത്തദിവസം അതിരാവിലെ ഞാൻ തിരുവനന്തപുരത്തിറങ്ങി.



Scanned with CamScanner

ഏതാണ്ട് എട്ടുവർഷങ്ങൾക്കു മുമ്പ് കണ്ട ദുബായിൽ നിന്നും ഈ പര്യടനവേളയിൽ കണ്ട ദുബായ് വളരെയധികം മാറിയിരുന്നു. പണ്ട് ദുബായിൽ ഇറങ്ങിയതും നടന്നതുമെല്ലാം ചാരന്മാർ പിന്തുടരുന്നുണ്ടോ എന്നു ഭയന്നായിരുന്നു. ഇന്ന് ഭയത്തിന്റെ അളവ് വളരെക്കുറവായിരുന്നു. പരിപാടികൾ സംഘടിപ്പിച്ചവരെല്ലാം സാധാരണക്കാരായിരുന്നു. എന്തെങ്കിലും പ്രശ്നമുണ്ടായാൽ അതിന് പരിഹാരം കാണാനുള്ള കരുത്തുള്ളവരായിട്ടാരുമുണ്ടാകാതിരുന്നതിനാൽ ശ്രദ്ധയോടെയായിരുന്നു ഓരോ പരിപാടിയിലും പങ്കെടുത്തത്.

## ബഹറിനിലൂടെ രണ്ടാമൂഴം

2002 നവംബർ 9 ന് ഞാൻ തിരുവനന്തപുരത്തു നിന്ന് ബഹ്റിനിലേക്ക് വീണ്ടും യാത്രയായി. അവിടെ എൻ.എസ്.എസിന്റെയും, എസ്.എൻ.ഡി.പി. യുടേയും അമൃതകുടുംബസമിതിയുടേയും, സായിസേവാസമിതിയുടെയും ബ്രഹ്മകുമാരീസിന്റെയും, ചിന്മയാമിഷന്റേയും ഇന്ത്യൻ സ്കൂളുകളുടേയും, ക്ഷേത്രത്തിന്റേയും ആഭിമുഖ്യത്തിൽ ആറു ദിവസങ്ങളിലായി സർവ്വശ്രേഷ്ഠങ്ങളായ പ്രഭാഷണങ്ങൾ നടത്തി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി വ്യക്തികൾ സംഭാവനകൾ നൽകുകയും ചെയ്തു. ശാസ്ത്രമണ്ഡലത്തിലുള്ളവർക്കുമാത്രമായുള്ള ക്ലാസുകളുമുണ്ടായിരുന്നു. ശ്രീപാദം രവി, ശ്രീ.വി.ആർ.ടി. രാജൻ, സിനിമാനടി ജലജയുടെ ഭർത്താവ് ശ്രീ. പ്രകാശ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന പരിപാടികൾ വൻ വിജയമായിരുന്നു. എല്ലാ ദിവസങ്ങളിലേയും പ്രഭാഷണങ്ങളുടെ വാർത്തകൾ വൻ പ്രാധാന്യത്തോടെ പത്രമാധ്യമങ്ങളിൽ നൽകുകയും ചെയ്തിരുന്നു. ഞാൻ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പ്രഭാഷണം പര്യടനങ്ങൾ നടത്തുമ്പോൾ ഏറ്റവുമധികം മാധ്യമ പരസ്യങ്ങളും ഇന്റർവ്യൂകളും നടന്നിട്ടുള്ളത് ബഹ്റിൻ കിംഗ്ഡത്തിലാണ്. അവിടെയുള്ള ശ്രീ. വി.ആർ.ടി, രാജനും പ്രകാശും ഇത്തരത്തിലുള്ള പബ്ലിസിററിക്ക് നല്ല കഴിവുള്ളവരുമായിരുന്നു. വളരെ ചുരുങ്ങിയ സമയം കൊണ്ട് ഇത്രയുമധികം പരിപാടികൾ സ്വതന്ത്രമായി ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയെന്നതായിരുന്നു, വളരെ ചെറിയ രാജ്യമായ ബഹ്റിൻ പര്യടനത്തിന്റെ പ്രത്യേകത. (ബഹ്റിൻ) ഭാരതീയരിൽ ഇതെല്ലാം സ്വാധീനിക്കുന്നുണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ എളുപ്പവുമായിരുന്നു.

## മിഡീലിസ്റ്റിലൂടെയുള്ള യാത്രയ്ക്ക് ഒമാനിൽ നിന്നാരംഭം

2003 ജനുവരി 17 മുതൽ 24 വരെ ഒമാനിലായിരുന്നു പ്രഭാഷണങ്ങൾ. അവിടത്തെ പ്രസിദ്ധനായ മലയാളി വ്യവസായി ശ്രീ പ്രസന്നൻ,



Scanned with CamScanner

തൃശ്ശൂർ തലക്കുളം സ്വദേശിയും, സ്ഥിരോത്സാഹവും, കഠിനാദ്ധ്വാനവും, കൊണ്ട് സമുന്നത സ്ഥാനം അലങ്കരിക്കുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു പരിപാടികൾ. വിവിധ വ്യവസായ വാണിജ്യ മണ്ഡലങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച പ്രസന്നൻ, ശ്രീനാരായണഗുരുദേവ പ്രസ്ഥാനത്തിന്റേയും ആരാധ്യമായ സ്ഥാനം അലങ്കരിക്കുന്നു. ശ്രീ. ജനാർദ്ദനൻ, ശ്രീ ദിവാകരൻ, ശ്രീ സി.എൻ.പി. നമ്പൂതിരി തുടങ്ങിയ അനേകം വ്യക്തികളെ ഇൻസ്റ്റിറ്റിട്ട്യൂമായി ബന്ധപ്പെടുത്തിയതും അദ്ദേഹമാണ്. ഒമാനിലെ വിവിധ സ്ഥലങ്ങളിൽ ഭാരത സന്ദേശം പ്രചരിപ്പിക്കുന്നതിൽ സ്ത്യുത്യർഹമായ സേവനം ശാന്തമായി നടത്തുവാനാരംഭിച്ചതും അദ്ദേഹമാണ്. ഒമാനിലേക്കുള്ള എന്റെ യാത്രയുടെ എല്ലാചുമതലയും ശ്രീ പ്രസന്നനിലായിരുന്നു. ഒമാനിലെ സോഹറിലേയും, സലാലയിലെയും കൂടാതെ ആ രാജ്യത്തിലങ്ങോളമിങ്ങോളമുള്ള ഇന്ത്യൻ സ്കൂളുകളിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. എല്ലാ പ്രഭാഷണങ്ങളുടെയും രക്ഷാകർതൃ ചുമതല ഇന്ത്യൻ അംബാസഡർക്കായിരുന്നു. ഇന്ത്യൻ അംബാസഡർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒമാനിലെ പ്രവർത്തനങ്ങളുടെ രക്ഷാധികാരിപോലെയായിരുന്നു. 2003 ജനുവരി 17 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ വിവിധ മലയാളികളുടേയും പരദേശികളുടേയും സംഘടനകളിലും, സ്ഥാപനങ്ങളിലും, ക്ഷേത്രങ്ങളിലും, ചെറിയ ഹാളുകളിലും ഭാരതീയ പൈതൃകത്തിന്റെ വിവിധ വിഷയങ്ങളിൽ അഗാധമായും താരതമ്യേന ലളിതമായും പ്രഭാഷണങ്ങൾ നടത്തിയിരുന്നു. വളരെ ശ്രദ്ധയോടെയും അടുക്കും ചിട്ടയോടെയും ഒമാനിൽ ക്ലാസ്സുകൾ നടന്നതു കൂടാതെ സംഘടനാപരമായി നല്ല ഒരു ചട്ടക്കൂടുണ്ടാക്കാനും സാധിച്ചു. ഭിന്നിച്ചു നിന്ന മലയാളികളുടെ വിവിധ സംഘടനകളിലുള്ളവരെയെല്ലാം കൈകോർത്തുകൊണ്ടുപോകാനുള്ള ശ്രമം വൻവിജയമായിരുന്നു. മലയാളി സമൂഹത്തിൽ അടിമുടി മാറ്റമുണ്ടാക്കാൻ ഈ യാത്രകൾ കൊണ്ടു സാധിച്ചു. ഭാരതം എന്താണെന്നും എന്തല്ല എന്നും മനസ്സിലാക്കി കൊടുത്തത് വലിയ ഒരു മാറ്റമുണ്ടാക്കാൻ കാരണമായി. വലിയ വലിയ പ്രൊജക്റ്റുകൾ ഏറ്റെടുക്കാൻ സംഭാവന നൽകാൻ മുന്നോട്ടുവന്നവരോടെല്ലാം അറിയിച്ചു, "ചെറിയ ഇൻസ്റ്റിറ്റ്യൂട്ടിനും ചെറിയ ഗോപാലകൃഷ്ണനും പരിധിക്കപ്പുറമുള്ള ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനാകില്ല." വലിയ തുകയുടെ ചെക്ക് കിട്ടിയത് തിരിച്ചു നൽകുകയും ചെയ്തു. വിവിധ സംഘടനകളെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിൽ, വ്യവസായിക കർമ്മമണ്ഡലത്തിൽ മാത്രം ഒതുങ്ങിക്കൂടിയിരുന്ന ശ്രീ പ്രസന്നന്റെ നേതൃത്വത്തിനു സാധിച്ചു. പ്രസന്നൻ മിഡിൽ ഈസ്റ്റിലെ മുഴു



Scanned with CamScanner

വൻ കോർഡിനേറ്ററാകണം എന്നു ഞാൻ പറഞ്ഞത് അദ്ദേഹം സ്വീകരിച്ചു. പിന്നീട് അത് മറ്റുള്ളവരുമായി യോജിച്ചു പോകാത്ത നിലയിലേക്കെത്തിയെന്നത് ദുഃഖകരമായി.

പാക്കിസ്ഥാനിൽ നിന്നു കാശുവാങ്ങി ഇന്ത്യക്കെതിരെ ഒമാനിലെ പത്രങ്ങളിലെഴുതുന്ന കുറേയേറെ കേരളീയരായ മാധ്യമപ്രവർത്തകരെ കണ്ടു. അവരിൽ കാര്യമായ മാറ്റം വരുത്താനും ദേശീയബോധമുണ്ടാക്കാനും സാധിച്ചു. പ്രഗത്ഭരായ വ്യവസായികളെക്കാണാനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി സംഭാവന സ്വീകരിക്കാനും ഈ അവസരം ഉപയോഗിച്ചു.

**വീണ്ടും കുവൈറ്റിലേക്ക്**

ഒമാനിലെ ഒരാഴ്ചത്തെ പരിപാടി കഴിഞ്ഞ് 2003 ജനുവരി 25 ന് നേരെ യാത്ര കുവൈറ്റിലേക്കായിരുന്നു. മൂന്നുദിവസം ശ്രീ കൃഷ്ണദാസമേനോന്റെ വീട്ടിൽ താമസിച്ച്, അദ്ദേഹവും ശ്രീ വിജയ് ഏലന്തൊലിയും സംഘടിപ്പിച്ച പല പരിപാടികളിലും പങ്കെടുക്കുവാനും കൂടുതൽ ഗഹനമായി ഭാരതീയ മൂല്യങ്ങളെക്കുറിച്ച് വിവരിച്ചുകൊടുക്കുവാനും സാധിച്ചു. കുവൈറ്റിലേക്കുള്ള യാത്രയുടെ എണ്ണം ക്രമമായി വർദ്ധിച്ചുകൊണ്ടേയിരുന്നു. കുവൈറ്റിലെ ആദ്യയാത്ര കഴിഞ്ഞ് മലയാളികളും അല്ലാവരുമായ ഒരു വൻ സമൂഹത്തിന് ക്ലാസുകളെടുത്ത് നമ്മുടെ പൈതൃകത്തിന്റെ അടിത്തറവരെ കൊണ്ടെത്തിക്കുവാൻ മൂന്നാമത്തെ ഈ യാത്ര സഹായിച്ചു. കൂടാതെ സദ്ദാംഹുസ്സൈൻ കുവൈറ്റിലേക്ക് സൈനികമാർച്ച് നടത്തിയ വഴിയും അന്നത്തെ യുദ്ധത്തിൽ വെടിയുണ്ടകളേറ്റ വീടുകളും അതിൽ വസിച്ചിരുന്നവരുടെയെല്ലാം അനുഭവങ്ങളും മനസ്സിലാക്കി. കുവൈറ്റ് മണ്ണ് പൈതൃകപ്രചരണത്തിന് ഏറ്റവും അനുയോജ്യമായിരുന്നുവെങ്കിലും എന്റെ സുരക്ഷിതത്വത്തിൽ എല്ലാവരും വളരെയേറെ ശ്രദ്ധിച്ചിരുന്നു.

**ദുബായിലൊരു മൂന്നു ദിവസങ്ങൾ**

വൻ പരിപാടികൾ നടക്കുമ്പോൾ കാറുകൾ ഒരേസ്ഥലത്തു പാർക്ക് ചെയ്യാതിരിക്കാനും മറ്റും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കുവൈറ്റിൽ നിന്നുള്ള മടക്കയാത്ര ദുബൈവഴിക്കായിരുന്നതിനാൽ ജനുവരി 28 മുതൽ 31 വരെ ദുബൈയിലെ ഇന്ത്യൻ എംബസി ഹാളിലും മറ്റുപല സംഘടനകളിലും, വൻകിട ഹോട്ടലുകളിലും പ്രഭാഷണങ്ങൾ സംഘടിപ്പിക്കാൻ സാധിച്ചു. ഇത്രയും കാലത്തെ പര്യടനം കൊണ്ട് ദുബായ് ഒരുപരിചിത ഭൂമിയായിക്കഴിഞ്ഞിരുന്നു. പുതിയ പുതിയ പ്രവർത്തകരും അഭ്യുദയകാംക്ഷികളും പങ്കെടുക്കുകയും ചെയ്തു. ഈമെയിലുവഴിയും

മറ്റു പ്രകാരങ്ങളിലും ദുബായിലെ യാത്രകൾ വളരെയേറെ പ്രയോജന പ്രദമായിരുന്നു.

ദുബായിലെ ആദ്യകാലം മുതൽക്കുള്ള പ്രവർത്തനങ്ങളിൽ എന്റെ അനുജൻ ശ്രീ രാജഗോപാലനും ശ്രീ ഭാസിയും കാര്യമായ പങ്കുവഹിച്ചിരുന്നു. അവരെ സഹായിക്കാനും ധാരാളം ഭാരതീയർ കൂടെയുണ്ടായിരുന്നു. സ്വാർത്ഥമതികളും അല്ലാത്തവരും ഉണ്ടായിരുന്നു അക്കൂട്ടത്തിൽ. പിന്നീട് ശ്രീ കൃഷ്ണമൂർത്തിയുടെ ശാന്തമായ നേതൃത്വത്തിൽ, ശ്രീ നരേന്ദ്രനാഥ്, ശ്രീ ഗോപാലകൃഷ്ണൻ, രമേഷ്, സുകുമാരക്കുറുപ്പ്, ബാലചന്ദ്രൻ, ഭാസി തുടങ്ങിയ അനവധി നിസ്വാർത്ഥരായ പ്രവർത്തകർ കർമ്മനിരതരായി മുന്നോട്ടുവന്നു.

ദുബായിലെ പ്രവർത്തനം അന്തർദേശീയ നിലവാരം പുലർത്തുന്നതായിരുന്നു. പ്രവർത്തകർ സ്വയം പ്രശോഭിതരാകാനും പ്രസിദ്ധിക്കും വേണ്ടി പ്രവർത്തിക്കാൻ ഇഷ്ടപ്പെടാത്തവരായിരുന്നു എന്നത് വളരെയേറെ ജനശ്രദ്ധയാകർഷിച്ചു. മറ്റു പല സംഘടനകളേയും പരസ്പകരം സഹകരിപ്പിക്കാനും ദുബായിലെ പ്രവർത്തകർക്കു സാധിച്ചു. എന്റെ പ്രഭാഷണത്തിനായി വരുന്ന വിവിധ സംഘടനകളുടെ അംഗങ്ങളുടെ വലിയ സദസ്സുകൾ ദുബായിൽ സാധാരണമായിരുന്നു. അവിടുത്തെ കോൺസുലേറ്റർമാരും അംബാസിഡറും നേരിട്ട് കാര്യങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാറുണ്ട്. ഈ പ്രഭാഷണങ്ങൾക്ക് കൂടുതൽ കസേരകൾ കോൺസുലേറ്റ് ഹാളിലിടാനും, സമയത്തിൽ ഇളവനുവദിക്കാനും അവർ തയ്യാറായിരുന്നു. സ്വന്തം ഓഫീസൽ ചായയും സൽക്കാരവും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തകർക്കു നൽകാറുണ്ട്. അബുദാബി, ഷാർജ, അജ്മാൻ തുടങ്ങിയ യുഎഇ രാജ്യങ്ങളിൽ അനവധി പ്രാവശ്യം പ്രഭാഷണങ്ങൾ നടത്താനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട്. അബുദാബിയിലെ പ്രധാന പ്രഭാഷണങ്ങളെല്ലാം നടക്കാറുള്ളത് എംബസി ഹാളിലായിരുന്നു. അവിടേയും പേരെടുത്തു പറയേണ്ടതായ അനേകം പ്രവർത്തകരെ സൃഷ്ടിക്കുവാൻ ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്.

### ഇംഗ്ലണ്ടിലൂടെയൊരു യാത്ര

ഞാൻ തിരുവനന്തപുരത്ത് തീർത്ഥപാദമണ്ഡപത്തിലും മറ്റിടങ്ങളിലും നൽകാറുള്ള പ്രഭാഷണങ്ങൾ കേൾക്കാറുള്ള ദേവസ്വം ബോർഡ് ഉദ്യോഗസ്ഥയായ ശ്രീദേവിയുടെ സഹോദരൻ ഡോ. പരമേശ്വരൻ ഇംഗ്ലണ്ടിലെ പ്രസിദ്ധനായ ഒരു മെഡിക്കൽ പ്രാക്ടീഷനറാണ്. ഭാരതം ഭരിച്ച ഇംഗ്ലീഷുകാരുടെ നാട്ടിലേക്കു പോകുക എന്നതൊരാഗ്രഹമായിരുന്നു.



Scanned with CamScanner

കൂടാതെ കോളേജ് വിദ്യാർത്ഥിയായിരുന്ന കാലം മുതൽക്ക് എന്നെ ആകർഷിച്ച കവിതകളായിരുന്നു വില്യം വേർഡ്സ്‌വർത്തിന്റേത്. അദ്ദേഹത്തിന്റെ വീടു കാണണം. അദ്ദേഹം വേദതുല്യമായ വരികളിലൂടെ തന്റെ അനുജത്തിയായ ദൊരോത്തിക്കു കൊടുത്ത കവിതകളിലൂടെയുള്ള സന്ദേശങ്ങൾ നൽകിയ പുഴയുടെ തീരത്തിരിക്കണം. ഏതു മരത്തിൽ ചാരിനിന്നാണോ വേർഡ്സ്‌വർത്ത് കവിതകൾ ചൊല്ലിയത്, ആ മരത്തിൽ ചാരിനിൽക്കണം. അദ്ദേഹത്തിന്റെ ശവക്കല്ലറയിൽ പൂച്ചെണ്ടുകൾ വെയ്ക്കണം. സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ പഠിക്കാനുണ്ടായിരുന്ന ഒലിവർ ടിസ്റ്റ് എന്ന നോവലിലെ ലണ്ടൻ ബ്രിഡ്ജ് കാണണം. എലിസബത്ത് രാജ്ഞിയുടെ കൊട്ടാരം കാണണം, സർ ഐസക് ന്യൂട്ടൺ ഏതു ആപ്പിൾ മരത്തിന്റെ ചുവട്ടിലിരുന്നപ്പോഴാണോ ആപ്പിൾ തലയിൽ വീണത്, ആ ആപ്പിൾ മരത്തിന്റെ ചുവട്ടിലിരിക്കണം. ഇതെല്ലാം ഇംഗ്ലണ്ട് എന്ന രാജ്യത്തെക്കുറിച്ച് വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ എന്റെ സ്മരണയിൽ വരുമായിരുന്നു. മറ്റു രാജ്യങ്ങൾ കാണാൻ എനിക്ക് ഇത്രയ്ക്ക് താല്പര്യമുണ്ടായിരുന്നില്ല. അതുകൊണ്ട് ഡോ. പരമേശ്വരന്റെ ക്ഷണം എന്നെ അത്ഭുതത്തിന്റേയും ആഹ്ളാദത്തിന്റേയും കൊടുമുടിയിലെത്തിച്ചു എന്നു പറയുന്നതായിരിക്കും അക്ഷരാർത്ഥത്തിൽ ശരി. വിസ വീണ്ടും ശരിയാക്കാനും ടിക്കറ്റ് ശരിയാക്കാനുമായി ആഴ്ചകളുടെ പരിശ്രമം വേണ്ടിവന്നു. എല്ലാ കാര്യങ്ങളും ശരിയാക്കി മഴുവഞ്ചേരിയിലെ കാര്യങ്ങളെല്ലാം എന്റെ സഹപ്രവർത്തകരെ ഏല്പിച്ച് ഞാൻ പ്രവർത്തിക്കുന്ന ലാബറട്ടിയിൽ നിന്നും ലീവെടുത്ത് ഇംഗ്ലണ്ടിലേയ്ക്കുള്ള യാത്ര ആരംഭിച്ചത് 2003 സെപ്റ്റംബർ 4-ാം തീയതിയായിരുന്നു. തലേദിവസം തന്നെ എല്ലാകാര്യങ്ങളും ശരിയാക്കുമ്പോഴും വിവരിക്കാനാവാത്ത ഒരു ഭയം മനസ്സിലുണ്ടായിരുന്നു. ഇംഗ്ലണ്ടിലേയ്ക്കുള്ള യാത്ര ഖത്തർ എയർവെയ്സിലായിരുന്നു. അത് ദോഹയിലിറങ്ങിയാൽ അവിടെ നിന്നു ലണ്ടനിലേയ്ക്കുള്ള ഫ്ളൈറ്റ് അടുത്തദിവസമെയുള്ളൂ. അതുപോലെയാണ് ടിക്കറ്റ് ക്രമീകരണം. ദോഹയിലിറങ്ങാനുള്ള ട്രാൻസിറ്റ് വിസയില്ലാത്തതിനാൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമോ എന്ന ഭയം ആവശ്യമില്ലെന്ന് എയർ ട്രാവൽസിലെ ചീഫ് മാനേജർ ശ്രീ. കൃഷ്ണകുമാർ പറഞ്ഞുവെങ്കിലും മനസ്സ് ചഞ്ചലമായിരുന്നു.

### ദോഹയിലൊരു ഭയപ്പെടുത്തൽ

എൽ.ഐ.സി.യിലെ ശ്രീ കൃഷ്ണകുമാറും ശ്രീ ഗോപകുമാറും എന്നെ എയർപോർട്ടിൽ രാവിലെ തന്നെ എത്തിച്ചു. 10 മണിക്ക് ഫ്ളൈറ്റ്

ദോഹയിലിറങ്ങി. എന്റെ താമസം ദോഹയിലെ സോഫിൽഡ് ഹോട്ടലിലാണെന്നറിയിച്ച് കാർഡു തന്നിരുന്നു. അതനുസരിച്ച് പുറത്തുപോകാനായി എമിഗ്രേഷൻ ഓഫീസർ എന്റെ ഫോട്ടോയും മുഖവും മാറി മാറി നോക്കിയിട്ടു പറഞ്ഞു. "നിങ്ങൾക്ക് പുറത്തുപോകാൻ സാധ്യമല്ല." ഞാൻ ഭയപ്പെട്ടിരുന്നതു സംഭവിച്ചു എന്നു തോന്നി നടുങ്ങിപ്പോയി. ഇനി 26 മണിക്കർ കഴിഞ്ഞാണ് ലണ്ടൻ ഫ്ളൈറ്റ് (അടുത്തദിവസം ഉച്ചയ്ക്ക്). എന്റെ ഹോട്ടൽ താമസത്തിന്റെ കാർഡ് കാണിച്ച് പലപ്രാവശ്യം കാര്യങ്ങൾ പറഞ്ഞു നോക്കി. അയാൾ പറഞ്ഞു നിങ്ങൾ ബ്ലാക്ക് ലിസ്റ്റിലുള്ളയാളാണ്. ഖത്തറിലേക്കു ഇന്നുവരെ വരാത്ത ഞാനെങ്ങിനെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുമെന്നു ചോദിച്ചു. അയാൾ അവസാനത്തെ വാക്ക് എന്നപോലെ തറപ്പിച്ചുപറഞ്ഞു "നിങ്ങൾക്ക് പുറത്തുപോകാൻ സാധ്യമല്ല." ഞാൻ ഖത്തർ എയർവെയ്സ് ഓഫീസറോട് പരാതി ബോധിപ്പിച്ചു. ഞാനൊരു സയിന്റിസ്റ്റാണെന്നും പറഞ്ഞു. എന്റെ ഐഡന്റിറ്റി കാർഡും കാണിച്ചു. എല്ലാ തെളിവുകളും നിരത്തിയിട്ടും അയാൾ കൈമലർത്തികൊണ്ട് അശ്രദ്ധമായി പറഞ്ഞു "എമിഗ്രേഷൻ ഓഫീസർ സാധ്യമല്ലെന്നു പറഞ്ഞാൽ ഞങ്ങൾക്കൊന്നും ചെയ്യാൻ സാധ്യമല്ല." ഞാൻ ഒരു മണിക്കൂർ നേരം എയർപോർട്ടിനകത്ത് കറങ്ങിനടന്നു. ഇനി 25 മണിക്കൂർ കഴിയണം. ഉച്ചയ്ക്ക് 12 മണിയായപ്പോൾ ഏതോ ഒരു ശക്തിയുടെ പ്രേരണയെന്നപോലെ ഖത്തർ എയർവേയ്സിന്റെ മറ്റൊരു ഓഫീസറുടെ അടുത്തുപോയി പറഞ്ഞു. "ഞാൻ ഇന്ത്യാ ഗവൺമെന്റിന്റെ റിസർച്ച് വിംഗിലെ സീനിയർ സയിന്റിസ്റ്റാണ്. അന്തരാഷ്ട്ര നിയമപ്രകാരം എനിക്ക് അക്കോമഡേഷൻ അർഹതപ്പെട്ടതാണ്. അതിന്റെ കാർഡുമുണ്ട്. എനിക്ക് പുറത്തുപോകാൻ സൗകര്യം തന്നില്ലെങ്കിൽ ഈ തറയിൽ ഞാൻ മലർന്നു കിടക്കും. ഏതു പോലീസ് വന്നാലും ഞാൻ എഴുന്നേൽക്കില്ല." ശക്തമായ ഭാഷയിൽ ഞാൻ പറഞ്ഞപ്പോൾ ആ ഓഫീസർ എമിഗ്രേഷൻ ക്ലിയറൻസിൽ പോയി പത്തുമിനിറ്റിനകം തിരിച്ചുവന്ന് എന്റെ പാസ്പോർട്ടും കൊണ്ട് പോയി വീണ്ടും വന്ന് എന്നോട് സൗമ്യമായിപറഞ്ഞു. "ഒരു മണിക്ക് എമിഗ്രേഷൻ ഓഫീസർമാരുടെ ഷിഫ്റ്റ് മാറും. അതിനുശേഷം പുറത്തേക്കു വിടാം." ഉച്ചയ്ക്ക് 1 മണി കഴിഞ്ഞ ഉടനേ എന്നെ ക്ലിയറൻസ് നൽകി ടാക്സിയിൽ ഹോട്ടലിൽ കൊണ്ടുപോയി.

### വഴിമധ്യേ രണ്ടു പ്രശ്നങ്ങൾ

ഹോട്ടലിലെ ഭക്ഷണമെല്ലാം നോൺവെജായിരുന്നു. രണ്ടു മലയാളികൾ എന്നെക്കണ്ടയുടനെ അടുത്തു വന്ന് പരിചയപ്പെട്ടു. അവർ



Scanned with CamScanner

പറഞ്ഞു "ഇവിടെയുള്ള ഭക്ഷണമൊന്നും സാറിനു പിടിക്കില്ല. സാറിന്റെ കാസറ്റുകളും സി.ഡികളും ധാരാളം കേട്ടിട്ടുണ്ട്. രാത്രിയും ഇപ്പോഴും എന്തെല്ലാമാണോ സാറിനിഷ്ടമുള്ളത് അതെല്ലാം ഉണ്ടാക്കി വെയ്ക്കാം. ഞങ്ങളുടെ ഭാഗ്യമാണ് സാറിനെ നേരിട്ടു കാണാനും ഭക്ഷണമുണ്ടാക്കിത്തരാനും സാധിക്കുന്നത്. ഇത്രയും കേട്ടപ്പോൾ എയർപോർട്ടിലുണ്ടായ ദുഃഖം ഞാൻ മറന്നു. അവർ എനിക്ക് കഴിക്കാനുള്ള ഉച്ചഭക്ഷണം തയ്യാറാക്കിയത് കഴിച്ച്, ദോഹ തെരുവിഥികളിലൂടെ എഴുമണിക്കൂർ സമയം നടന്നു. രാത്രി ഹോട്ടലിൽ തിരിച്ചെത്തി അവരുണ്ടാക്കിയ വിഭവസമൃദ്ധമായ ഭക്ഷണം കഴിച്ച് കിടന്നുറങ്ങി. രാവിലേയും അവർ വിഭവസമൃദ്ധമായ പ്രാതൽ ഒരുക്കിയിരുന്നു. അതും കഴിച്ച്, കട്ടതൈരാണെന്നു വിചാരിച്ച് ഉഴുന്നുവടയുടെ കൂടെ ഐസ്ക്രീം ഇട്ട് കഴിച്ചത് ഇപ്പോഴും ഓർക്കുന്നു. 5-ാം തീയതി 10 മണിക്ക് അവരോടുയാത്ര പറഞ്ഞ് എയർപോർട്ടിലെത്തി. ഏഴരമണിക്കൂർ യാത്ര ചെയ്ത് ലണ്ടനിലെ ഹീത്രു എയർപോർട്ടിലിറങ്ങി. ഹീത്രുവിൽ നിന്ന് എനിക്ക് പോകേണ്ടിയിരുന്നത് ഡോ. പരമേശ്വരൻ താമസിക്കുന്ന ഡാർളിംഗ്ടണിലേക്കാണ്. അതുകൊണ്ട് ഹീത്രുവിൽ നിന്ന് ടീസൈഡിലേക്ക് ഫ്ളൈറ്റിൽ പോയി അവിടെ നിന്നും, ഡോക്ടറുടെ കൂടെ കാറിൽ ഡാർലിംഗ്ടണിലേക്ക് പോകണം. അതാണ് യാത്രപരിപാടി. ടീസൈഡിലേക്കുള്ള ഫ്ളൈറ്റ് വിവരം എയർപോർട്ടിൽ പ്രത്യക്ഷപ്പെടുന്നത് ടിവി സ്ക്രീനിലൂടെയാണല്ലോ. ടിവി സ്ക്രീനിലൂടെ വരുന്ന ഫ്ളൈറ്റ് സമയവും ശ്രദ്ധിച്ചുകൊണ്ടിരുന്നു. വിമാനം പുറപ്പെടാൻ മുക്കാൽ മണിക്കൂർ മാത്രം ഉണ്ടായിരുന്നിട്ടും സ്ക്രീനിൽ സമയവും ബോർഡിംഗ് ഡോർ നമ്പറും കാണാത്തതുകൊണ്ട് രണ്ടുമണിക്കൂർ കാത്തിരുന്നതിനുശേഷം ടീസൈഡ് എന്ന സ്ഥലത്തേയ്ക്കുള്ള ഫ്ളൈറ്റ് എവിടെയാണെന്നന്വേഷിച്ചു. അത്ഭുതത്തോടെ അവിടെയുള്ള സഹായി പറഞ്ഞു നിങ്ങൾ ഇപ്പോൾ ഇരിക്കുന്നത് ഹീത്രു ഇന്റർനാഷണൽ എയർപോർട്ടിലാണ്. നിങ്ങളുടെ ഫ്ളൈറ്റ് പോകുന്നത് ഹീത്രു ഡൊമസ്റ്റിക് എയർപോർട്ടിൽ നിന്നാണ്. അത് ഇവിടെ നിന്ന് രണ്ടുകിലോമീറ്റർ പോകണം. എന്റെ ശരീരം തളർന്നു മനസ്സു മരവിച്ചു. ഞാനവരോട് പറഞ്ഞു ബോർഡിംഗ് ടേബിളിലേക്ക് വിളിച്ചു പറയുക. ഞാനുടനെ ഇവിടെ നിന്നും ഓടി പോകാം.

കയ്യിലുള്ള രണ്ടു വലിയ ബാഗുമായി ഞാൻ ഓടിത്തളർന്നാണ് ഡൊമസ്റ്റിക് എയർപ്പോർട്ടിലെത്തിയത്. രാത്രി 7 മണി കഞ്ഞാൽ പിന്നെ കുഗ്രാമം പോലുള്ള ടീ സൈഡിലേക്ക് പിന്നീടുള്ള ഫ്ളൈറ്റ് അടുത്ത ദിവസം രാത്രിയാണ്. എല്ലാം മറന്ന് എന്റെ കാലുകൾ എന്നെയുംകൊണ്ട്

ഓടി. ഫ്ളൈറ്റ് ക്ലോസ് ചെയ്യുന്നതിനു പത്തു മിനിറ്റു മുമ്പ് വിയർത്തൊലിച്ച് കിതച്ച് ഞാനവിടെയെത്തി. അവസാനത്തെ യാത്രക്കാരനായി ഞാൻ ടീസൈഡ് ഫ്ളൈറ്റിൽ കയറി. ഒരു മണിക്കൂർ കൊണ്ട് ടീസൈഡ് എയർപോർട്ടിലിറങ്ങിയപ്പോൾ ജ്യേഷ്ഠസഹോദരനെപോലെ ഡോ. പരമേശ്വരൻ അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നതുകൊണ്ട്. അവിടെ നിന്നും സ്റ്റീം എഞ്ചിൻ കണ്ടുപിടിച്ച സ്റ്റീവൻസന്റെ നാടായ ഡാർളിംങ്ടണിലേയ്ക്ക് എന്നെ ഡോക്ടർ കൊണ്ടുപോയി. രാത്രി കഞ്ഞികുടിച്ചു സുഖമായിക്കിടന്നുറങ്ങി. രണ്ടുദിവസമായി ദോഹയിലും ഹീത്രൂവിലും ഉണ്ടായ സംഭവങ്ങളും ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഡോക്ടറോട് പറഞ്ഞു. ഞങ്ങൾ കുറേസമയം ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. സെപ്റ്റംബർ 6 ന് വിനായകചതുർത്ഥിയായിരുന്നു. ക്ഷേത്രത്തിൽ ഒരു ചെറിയ പ്രഭാഷണം നടത്തി, ആ പ്രദേശം മുഴുവനും ചുറ്റിനടന്നും കാറിൽ യാത്ര ചെയ്തും കണ്ടനുഭവിച്ചു. ആയിരം വർഷം പഴക്കമുള്ള ഡർഹം പള്ളി കണ്ടു. അർദ്ധരാത്രിവരെ പലതും ചർച്ച ചെയ്ത്, ഭക്ഷണം കഴിച്ച് ഒന്നാം ദിവസം കഴിച്ചു. അടുത്ത ദിവസം അതിപ്രസിദ്ധമായ റെയിൽവേ മ്യൂസിയവും മറ്റു പലസ്ഥലങ്ങളും കണ്ടു. രണ്ടു ചെറു പ്രഭാഷണങ്ങളും നടത്തി അതിലൂടെ ഭാരതീയ പൈതൃക സന്ദേശം കൊടുത്തു.

## ഇഷ്ടകവിയുടെ വീട്ടിലേക്ക്

2003 സെപ്റ്റംബർ 8 ന് രാവിലെ നല്ല തണുപ്പുണ്ടായിരുന്നെങ്കിലും ഉണർന്ന് കോഫിയുണ്ടാക്കി കുടിച്ച് വേർഡ്സ്വർത്തിന്റെ വീട്ടിലേക്കുള്ള യാത്രയായി.ഗ്രാസ്മിർ ഗ്രാമത്തിലാണത്. വേർഡ്സ് വർത്തിന്റെ രണ്ടു നിലയുള്ള ചെറിയ വീട്, ഇരുന്ന കസേര, എഴുതിയ പേന മറ്റു പ്രഗത്ഭരായ കവികളുടെ ചിത്രങ്ങൾ എല്ലാം കണ്ടു. പുഴയോരത്തുകൂടി നടന്ന് വേർഡ്സ് വർത്ത് എന്ന കവിയുടെ പാദസ്പർശമേറ്റ കല്ലും, അനുജത്തി ദൊരോത്തിയിരുന്ന പീഠവും, കവി ചാരി നിന്നു കവിത ചൊല്ലിയ മരവുമെല്ലാം ഞാൻ സ്വയം കണ്ടു നിന്നാസ്വദിച്ചു. കവിയുടെ ശവക്കല്ലറയിലൂടെ പലരും ചുവട്ടി നടക്കുന്നതു കണ്ടപ്പോൾ വേദന തോന്നി. അതിനുചുറ്റും ഞാനും ഡോക്ടറും ചേർന്ന് വൃത്തിയാക്കി, പുഷ്പങ്ങളർപ്പിച്ച്, ചെടികൾ നട്ട്, നിറഞ്ഞ നിർവൃതിയോടെ പ്രണമിച്ച്, ജീവിതസാഫല്യം ലഭിച്ച ആനന്ദത്തോടെ യാത്രപറഞ്ഞപ്പോൾ മഹാകവി വില്യം വേർഡ്സ് വർത്ത് 2003 സെപ്റ്റംബർ 8-ാം തീയതിയായ ഇന്ന് എന്റെ തലയിൽ കൈവെച്ചനുഗ്രഹിക്കുന്ന അനുഭൂതിയായിരുന്നു എനിക്കുണ്ടായത്. അവിടെയുള്ള ഒരു കടയിൽ നിന്ന് തന്നെ (ഭക്ഷണം) ഒരു ഉരുളക്കിഴങ്ങ് പുഴുങ്ങി ചുട്ടത് കഴിച്ച്, റിച്ച്മണ്ടിലെ ഒരു ബുദ്ധ



Scanned with CamScanner

ആശ്രമവും കണ്ട്, അവിടെ ഒരു പ്രഭാഷണം കേട്ട്, വീട്ടിലേക്ക് യാത്ര യായി. ജന്മസാഫല്യത്തിന്റെ യാത്ര. ബുദ്ധഭിക്ഷു വിവരിച്ച പല അബ ദ്ധങ്ങളും ഞങ്ങൾ ചർച്ച ചെയ്തു. അടുത്ത ദിവസം ഭക്ഷണമെല്ലാം പാകം ചെയ്ത്, യോഗയെക്കുറിച്ചുള്ള പ്രഭാഷണത്തിനായി പോയി, ആ പ്രദേശമെല്ലാം കണ്ട് പൂർവകാല ചരിത്രത്തിന്റെ ഏടുകളും തുറന്നു വായിക്കാനവസരം ലഭിച്ചു. 10-ാം തീയതി ഞങ്ങളുടെ യാത്ര 500 വർഷം പഴക്കമുള്ള രാജകൊട്ടാരത്തിലേക്കായിരുന്നു, ഗാറി കാസിൽ! വാക്കു കൾ കൊണ്ട് വിവരിക്കാൻ സാധിക്കുന്നതിനപ്പുറത്തെ കാഴ്ചകളായി രുന്നു. അവിടെയുണ്ടായിരുന്ന യുദ്ധസാമഗ്രികളും, കൊട്ടാരവും, വിശാ ലമൈതാനവും, ശത്രുനിഗ്രഹരീതിയും, പാചകശാലയും, എല്ലാം പണ്ട് എങ്ങിനെയുണ്ടായിരുന്നുവോ അങ്ങിനെ തന്നെ ഇന്നും നിലനിർത്തി യിട്ടുള്ളത് അത്യത്ഭുതകരമായി നോക്കികണ്ടു. അതെല്ലാം കണ്ടതിനു ശേഷം നേരെ പ്രീസ്റ്റിലി എന്ന സ്ഥലത്തെ ഹാളിൽ സംഘടിപ്പിച്ച ഒരു പ്രഭാഷണത്തിനുപോയി. ഈ പ്രഭാഷണത്തിൽ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ എന്റെ ആയുർവേദ പ്രോജക്റ്റ് അനുവദിച്ചുതന്ന ഐ.എ.എസ്. ഓഫീസറും ശ്രീ വിജയകുമാർ ഉണ്ടായിരുന്നു. റിട്ടയ റായി ഇംഗ്ലണ്ടിൽ വിശ്രമിക്കുകയാണദ്ദേഹം. ക്ലാസ്സെടുക്കുന്നതിനിടയ്ക്ക് ഞാൻ ഭാരതത്തിൽ നടക്കുന്ന മതപരിവർത്തനത്തെക്കുറിച്ച് പറഞ്ഞത് സദസ്സിൽ ചിലർക്ക് ഇഷ്ടപ്പെട്ടില്ല.

11-ാം തീയതി ന്യൂകാസിലിലേക്കായിരുന്നു യാത്ര. സ്കൂളിലെ പുസ്കങ്ങളിൽ ന്യൂകാസിൽ, ഗ്ലാസ്ഗോ എന്നെല്ലാം പഠിച്ചത് മനസ്സിലു റഞ്ഞുകിടന്നത് ഉണർന്നു. ന്യൂകാസിൽ യൂണിവേഴ്സിറ്റിയിൽ രാവിലെ 9.15ന് എത്തി. ആ യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തുന്ന ഡോ. പാരി എന്ന പ്രൊഫസറെ കണ്ടു സംസാരിച്ച് അവരുടെ കൂടെ ഗവേ ഷണം നടത്തുന്നവർക്കെല്ലാം ഞാൻ ആയൂർവേദ വിഷയത്തെക്കു റിച്ചു ഗഹനമായ ഒരു ക്ലാസ്സെടുത്തു. അവിടത്തെ ഒന്നുരണ്ടു ഇന്ത്യൻ വിദ്യാർത്ഥികൾ എനിക്ക് കാമ്പസ് മുഴുവനും കാണിച്ചുതന്നു. ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ഭാരതത്തോടുള്ള സ്നേഹാദരവുകൾ കാര്യമായി പ്രകടിപ്പിക്കാൻ താല്പര്യമുണ്ടെന്നറിയിക്കുകയും ചെയ്തു. വ്യവസായ വിപ്ലവത്തിന്റെ എല്ലാഭാഗങ്ങളും സംഭവങ്ങളും ഇന്നും അതേപ്രകാരം ന്യൂകാസിലിൽ നിലനിർത്തിയിരിക്കുന്നു. ചരിത്രപഠനത്തിൽ താല്പര്യ മുള്ള എന്റെ മനസ്സിൽ ഇന്നും ഒരുജ്ജ്വലസ്വപ്നദർശനം പോലെ ഇതെല്ലാം തെളിഞ്ഞു നിൽക്കുന്നു. മില്ലെനിയ ബ്രിഡ്ജ്, സ്റ്റീവൻസൺ ജനിച്ചു വളർന്ന വീട്.... മറക്കാനാവാത്ത അനവധി ചരിത്രഭാഗങ്ങൾ എല്ലാം കണ്ടു. ഭാരതത്തെ ഭരിച്ച ഇംഗ്ലീഷുകാരന്റെ സാമർത്ഥ്യം കാണാ



Scanned with CamScanner

നായി അവസരം നൽകിയ ജഗദീശ്വരാ അങ്ങക്കും അതിനെനിക്കു ഭാഗ്യം നൽകിയ ഡോ. പരമേശ്വരനും കണ്ണുനീരോടെ ഒരായിരം പ്രണാമം എന്നു കരഞ്ഞുകൊണ്ടു ഞാൻ പറഞ്ഞു.

**കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിലൂടെ**

സെപ്റ്റംബർ 12 ന് എന്റെ ജീവിതത്തിലെ അവിസ്മരണീയദിന മായിരുന്നു. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി കണ്ടു. അവിടത്തെ കാം റി വറിന് മുകളിലൂടെ പോകുന്ന കേം ബ്രിഡ്ജിൽ നിന്നുകൊണ്ട് ആ പ്രദേശം വീക്ഷിച്ചു. കിങ്സ് കോളേജ്, മഗ്ദലന കോളേജ്, ജോൺസ് കോളേജ്, എല്ലായിടവും കണ്ടു. അഞ്ഞൂറ് വർഷങ്ങൾക്കു മുമ്പ് പള്ളി യിലെ പുരോഹിതന്മാർക്ക് പരിശീലനം നൽകാനായി പടുത്തുയർത്തിയ പഴയ കെട്ടിടങ്ങൾ അതേപോലെ നിലനിൽക്കുന്നു. സർ ഐസക് ന്യൂട്ടൺ, കോപ്പർ നിക്കസ്, ഗലീലിയോ, റോബർട്ട് ബോയൽ, അല ക്സാണ്ടർ ഫ്ളെമിങ്ങ് എന്നിവരുടെ മുറികൾ, അവരുപയോഗിച്ച പാദ രക്ഷകൾ, ഇടുങ്ങിയ കട്ടിലുകൾ എല്ലാം കണ്ടു. ആചാര്യ ജെ.സി. ബോസിന്റെയും, രാമാനുജന്റെയും, ഹാർഡിയുടേയും ഓർമ്മകൾ ഇവിടെ നിന്നു പൊന്തിവന്നു. ഇടുങ്ങിയതാണെങ്കിലും നൂറുശതമാനം വൃത്തിയുള്ള വഴികൾ. വഴിയോരങ്ങളിലെല്ലാം സൂര്യഘടികാരം (സൺഡയൽ) വെച്ചിരിക്കുന്നു. ചിരപുരാതനമായ കേംബ്രിഡ്ജിലെ ഇന്നത്തെ ഉന്നത വിദ്യാർത്ഥികളിലേറെപേരും ജപ്പാൻകാരാണ്. ജപ്പാ നീസ് മുഖമുള്ളവർ കെട്ടിപ്പിടിച്ചും ഉമ്മവെച്ചും പോകുന്ന ആൺ പെൺകുട്ടികൾ. ചില പ്രൊഫസർമാരുടെ നടത്തം ശ്രദ്ധേയമായിരു ന്നു. കേംബ്രിഡ്ജിൽ പാദസ്പർശനത്തിന് ഭാഗ്യം കിട്ടിയ ഗോപാലകൃ ഷ്ണന്റെ ജന്മം എത്ര ധന്യം. ധന്യമീ ജന്മം എന്ന് ഹോട്ടൽസപ്ലയറായി രുന്ന ഞാനുറക്കെ പറഞ്ഞു. ഉറക്കെ വിളിച്ചു കൂവണമെന്നു തോന്നി. "ഞാൻ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലാണിപ്പോൾ നിൽക്കുന്നതെ ന്ന്". ന്യൂട്ടന്റെ തലയിൽ വീണ ആപ്പിളുണ്ടായ ആപ്പിൾ മരത്തിന്റെ ഏഴാം തലമുറയെന്നു പറയുന്ന ആപ്പിൾ മരത്തിനടുത്തെത്തിയപ്പോൾ സർ ഐസക് ന്യൂട്ടനെ ഓർത്തു. അഞ്ചു ശതാബ്ദത്തിന്റേതായിട്ടുള്ള തൊന്നും ബ്രിട്ടീഷുകാർ നശിപ്പിച്ചിട്ടില്ല. ഇംഗ്ലീഷുകാരന്റെ ചരിത്രബോധം ഗഹനമാണ്. ഭാരതത്തിലെ സംസ്കൃതത്തിന് ഡിക്ഷണറിയെഴുതിയ മോണിയർ വില്യംസിന്റെ സംസ്കൃത ഡിപ്പോർട്ടുമെന്റ് കണ്ടു, ലൈബ്ര റിയും കണ്ടു. ഭാരതത്തിൽ നിന്നു കയറ്റികൊണ്ടുവന്ന പതിനായിരക്ക ണക്കിന്നു ഗ്രന്ഥങ്ങൾ കണ്ടു. ഒരാഴ്ചയെങ്കിലും ഇവിടെ കറങ്ങിനടക്ക ണമെന്നു തോന്നി. എങ്കിൽമാത്രമേ ഒരു ശതമാനം ദർശനമാകൂ. ഈശ്വ



Scanned with CamScanner

രനിശ്ചയംപോലെ ഡാർളിങ്ടണിൽ വന്നിറങ്ങിയതിന്റെ രണ്ടാം ദിവസം ടിവിയിൽ കേംബ്രിഡ്ജ് സ്ഥാപിച്ച ഹെൻട്രിയുടെ ജീവചരിത്രം കാണിച്ചിരുന്നു. ഒരു സിനിമയായിരുന്നു അത്. ക്രൂരനായ അദ്ദേഹത്തിന് ഇങ്ങിനെയൊരു വിദ്യാലയം സ്ഥാപിക്കാൻ സാധിച്ചത് എന്തൊരത്ഭുതം. ഇതിനേക്കാൾ കൂടുതൽ എഴുതാൻ എനിക്കു വാക്കുകളില്ല. പ്രാകൃതനായ ഹെൻട്രി മതപഠനത്തിന് ആരംഭിച്ച ഈ വിദ്യാലയത്തിലൂടെ കടന്നുപോയ മനുഷ്യർ, പ്രഗത്ഭ ശാസ്ത്രജ്ഞന്മാർ നോബൽ സമ്മാനത്തിന്റെ കൂമ്പാരം. ഈ ലോകപ്രസിദ്ധ യൂണിവേഴ്സിറ്റിയിൽ പോയി നിന്നാൽ മാത്രമേ അനുഭൂതിയെന്തെന്ന് അനുഭവിച്ചറിയാനാകൂ. 52 അക്ഷരങ്ങൾ മാത്രമുള്ള മലയാളത്തിലെ എത്രയെല്ലാം വാക്കുകളുപയോഗിച്ചെഴുതിയാലും ശരി, കേംബ്രിഡ്ജ് അതുമാത്രമാണ് മറ്റൊന്നല്ല, അതു വിവരിക്കാനാകില്ല!

**കേംബ്രിഡ്ജിൽ നിന്ന് ഓക്സ്ഫോർഡിലേക്ക്**

കേംബ്രിഡ്ജിൽ നിന്നും നിറഞ്ഞ മനസ്സുമായി ഞങ്ങൾ അന്തിയുറങ്ങാൻ പോയത് ഡോക്ടറുടെ ഒരു ബന്ധുവീട്ടിലേക്കായിരുന്നു. ഈ ബന്ധുവിന്റെ വീടുകണ്ടുപിടിക്കാനായി ഏറെ ബുദ്ധിമുട്ടി. റോഡിലിറങ്ങിനടന്നപ്പോൾ ഡോക്ടർ പറഞ്ഞു നല്ല തണുപ്പുണ്ട്, ഒരു സ്വെറ്റർ ധരിക്കുക എന്ന്. എഡ്മണ്ടണിലെ -55 ഡിഗ്രിയിൽ കഴിഞ്ഞ എനിക്ക് ഇതൊരു പ്രശ്നമേയല്ല എന്ന് ഞാൻ പറഞ്ഞത് അഹങ്കാരത്തിന്റെ ശബ്ദത്തിലായിരുന്നു. നടന്ന് ഒരു മിനിറ്റു കഴിഞ്ഞപ്പോൾ എന്റെ ശരീരത്തിനകത്തും പുറത്തും വിറച്ചു തരിക്കാൻ തുടങ്ങി. എന്റെ നിയന്ത്രണം തന്നെ പോകുന്നതുപോലെയനുഭവപ്പെട്ടു.

അടുത്ത ദിവസം ലണ്ടനിലെ മുരുകക്ഷേത്രത്തിൽ ദർശനം നടത്തി ഒരു ചെറിയ പ്രഭാഷണവും നടത്തി. ലണ്ടനിലെ ഡോ. സുകുമാരൻനായരെ കണ്ട് ഡോ. പരമേശ്വരന്റെ സുഹൃത്തായിരുന്ന അദ്ദഹത്തിനെ എന്റെ ഭാരം ഏൽപ്പിച്ച് ഡോ. പരമേശ്വരൻ തിരിച്ചു യാത്രയായി. ഡോ. സുകുമാരന്റെ വീട്ടിൽ ഒരു കുടുംബ സംഗമമുണ്ടായിരുന്ന വേളയിലാണ് ഞാൻ കടന്നു ചെല്ലുന്നത്. അവിടെ രണ്ടു മണിക്കൂർ ക്ലാസ്സെടുത്തു. അവിടെ സംഘടിപ്പിച്ച പാർട്ടിയിലും ചെറു പൈതൃക പ്രസംഗം നടത്തി. എല്ലാവർക്കും ഇഷ്ടപ്പെട്ടു എന്നറിഞ്ഞതിനുശേഷം, സെപ്റ്റംബർ 13 ന് ഡോ. നാണുവിന്റെ വീട്ടിലായിരുന്നു കിടന്നുറങ്ങിയത്. അവിടെ നിന്നും റീഡിംഗ് യൂണിവേഴ്സിറ്റിയിലേക്കു പോയി. അവിടെ ഒരു വലിയ പള്ളി ഗുജറാത്തികൾ വിലക്കു വാങ്ങിയത് ക്ഷേത്രമാക്കിയിരുന്നു. അവിടെ തടിച്ചുകൂടിയ ജനങ്ങൾക്ക് ഒരു ക്ലാസെടു



Scanned with CamScanner

ത്തു. വന്നവരിൽ ഭൂരിഭാഗവും ഭക്ഷണം കഴിക്കാനായി മാത്രം വന്നവരായിരുന്നു. ആ ക്ലാസ് ശ്രദ്ധിച്ചുകൊണ്ടു ബാൽക്കണിയിൽ ധാരാളം ബ്രിട്ടീഷുകാർ ഇരുപ്പുണ്ടായിരുന്നത് ഞാനറിഞ്ഞതേയില്ല. (ബ്രിട്ടീഷുകാരുടേയും) മറ്റെല്ലാവരുടേയും കൈയ്യടി കേട്ടപ്പോൾ ക്ലാസ് അവർക്കിഷ്ടപ്പെട്ടു എന്നു മനസ്സിലായി. അവിടെ നിന്നും ബ്രിട്ടന്റെ വികസനം കണ്ട്, നേരെ ഡോ. സുകുമാരന്റെ വീട്ടിലേക്കായിരുന്നു പോയത്. അവിടെ കൂടിയിരുന്ന എല്ലാവർക്കുമായി വൈകു. 4 മുതൽ രാത്രി 9 വരെ അഞ്ചു മണിക്കൂർ നീണ്ടു നിന്ന ക്ലാസെടുത്തു.

**ലോകപ്രസിദ്ധ ഓക്സ് ഫോർസിലേക്ക്**

അടുത്ത ദിവസം ഡോക്ടറുടെ കൂടെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പോയി. യൂണിവേഴ്സിറ്റി മുഴുവൻ നടന്നുകണ്ടു. അമേരിക്കൻ പ്രസിഡന്റ് ബിൽക്ലിന്റൺ തന്റെ മകളെ കാത്തു നിൽക്കുന്ന ക്ലിന്റൺസ് കോർണർ കണ്ടു. കുറേ ഇന്ത്യാക്കാരുണ്ടായിരുന്നതിനാൽ അവരോടെല്ലാമായി ഭാരതീയ പൈതൃകത്തെക്കുറിച്ച് അൽപനേരം ഓക്സ്ഫോഡിൽ സംസാരിച്ചു. ഓക്സ്ഫോർഡ് യൂണിവേഴസിറ്റിയിലെ ക്ലാസ്മുറികളിൽ കയറി പ്രാർത്ഥിച്ചു. "അടുത്ത ജന്മത്തിൽ ഒരാഴ്ചയെങ്കിലും ഇവിടെ പഠിക്കാനുള്ള ഭാഗ്യം ലഭിക്കേണമേ" എന്ന്. ഒരു മലയാളിയായ ശ്രീമതി. ഗീതയെ കണ്ടു പരിചയപ്പെട്ടു. അവർ യൂണിവേഴ്സിറ്റിയുടെ പ്രധാന കേന്ദ്രങ്ങളെല്ലാം കാണിച്ചുതന്നു. ഒരു സ്പോർട്സ് സൈക്കിളിൽ നിക്കറിട്ട് പോകുന്നയാളെ ചുണ്ടിക്കാണിച്ചു ഗീത പറഞ്ഞു "അയാളാണ് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസലറെ"ന്ന്. അവിടത്തെ വൈസ്ചാൻസലറുടെ ലാളിത്യവും സാധാരണക്കാരിലൊരുവനെന്ന ശൈലിയും അത്ഭുതപ്പെടുത്തി. ശുദ്ധ രാഷ്ട്രീയ പിന്തുണയോടെ വലിഞ്ഞുകയറി, നമ്മുടെ യൂണിവേഴിസിറ്റികളിലെ വൈസ്ചാൻസലർ കസേരയിലിരിക്കുന്ന പലരുടേയും ജാഡയും, ഓക്സ്ഫോർഡിലെ പ്രൊഫസർമാരുടേയും വൈസ്ചാൻസലർമാരുടേയും ജീവിത ശൈലിയും ഒന്നു താരതമ്യം ചെയ്യേണ്ടതാണെന്ന് വിളിച്ചു കൂവണമെന്നുതോന്നി. ഗീതയുടെ വീട്ടിൽ നിന്ന് ഭക്ഷണം കഴിച്ച് രാത്രി 9.30 ന് ഡോക്ടർ സുകുമാരന്റെ വീട്ടിലെത്തി. ഓക്സ്ഫോർഡും കേംബ്രിഡ്ജും നടന്നു കണ്ട് തലങ്ങും വിലങ്ങും നടന്ന് ഡോ. സുകുമാരൻ എന്ന പ്രഗത്ഭനായ ഡോക്ടറുടെ ലാളിത്യവും എളിമയും അനുഭവച്ചറിഞ്ഞു. വിവരങ്ങൾ കേട്ടു പഠിക്കാൻ സാധിച്ച ഈ രണ്ടു ദിവസങ്ങൾ മറക്കാനാവാത്ത അനുഭവങ്ങളുടെ പട്ടികയിലുയർന്ന സ്ഥാനത്തുതന്നെ എന്റെ അവസാനത്തെ ശ്വാസംവരെയുണ്ടാകും.



Scanned with CamScanner

## തേംസ് നദിയുടെ തീരത്തുള്ള ലണ്ടൻനഗരം

16-ാം തീയതി ട്രെയിനിൽ വാട്ടർലൂ എന്ന സ്ഥലത്തേക്കുപുറപ്പെട്ടു. സ്കൂളിൽ പഠിച്ച വാട്ടർലൂ യുദ്ധം മനസ്സിൽ എത്തി! അവിടെ നിന്നും ലണ്ടൻ നഗരത്തിലേക്കും! തേംസ് നദിക്കരയിലൂടെ കിലോമീറ്ററോളം നടന്നു. സ്കൈവീലിൽ കയറി മഹത്തായ ലണ്ടൻ നഗരം ഗോപാലകൃഷ്ണൻ കണ്ടു. ഇലക്ട്രിസിറ്റി കണ്ടുപിടിച്ച് വൻ തോതിൽ ഉപയോഗിക്കുന്നതിനു മുമ്പു കോച്ചുന്ന തണുപ്പിനെ അതിജീവിക്കാനായി കത്തിച്ച കൽക്കരിയുടെ പുക നിറഞ്ഞ അനവധി കെട്ടിടങ്ങളുടെ മട്ടുപ്പാവുകളിവിടെയിന്നുമുണ്ട്. ഭാരതത്തിന്റെ കൂടി രാജധാനിയായിരുന്ന ലണ്ടനിലൂടെ നടന്നു. ഇംഗ്ലണ്ട് പ്രധാനമന്ത്രി താമസിക്കുന്ന 10 ഡൗണിങ് സ്ട്രീറ്റിലൂടെ നടന്നത് ഭയത്തോടെയും അത്ഭുതത്തോടെയുമായിരുന്നു. മാർഗററ്റ് താച്ചറും, ബ്ലെയറും ഇരുന്നു വാണരുളിയ ഓഫീസ് അടുത്തുപോയി കണ്ടു. എലിസബത്ത് രാജ്ഞിയുടെ ബക്കിങ്ഹാം പാലസിന്റെ മുമ്പിലിരുന്നും, നടന്നും കണ്ടാസ്വദിച്ചു. അത്ഭുതം തോന്നുന്ന പ്രൗഢി ഇന്നും അണുവിട വ്യത്യാസം വരാതെ വച്ചുപുലർത്തുന്ന ബക്കിംഗ് ഹാം പാലസിന്റെ മുന്നിലുള്ള ഓരോ മണൽത്തരിയിലും, കുറച്ചു സന്ദർശകരല്ലാതെ പോലീസോ, പട്ടാളമോ ആരുമുണ്ടായിരുന്നില്ല. അനങ്ങാപ്പാറ പോലെയുള്ള മൂന്നു സെക്യൂരിറ്റി ഗാർഡുകൾമാത്രം. അവർ, അനങ്ങാതെ പാവപോലെ നിൽക്കുന്നു. പാറാവു പ്രതിമകളെപോലെയായിരുന്നു നിൽപ്. ലോകജനാധിപത്യം ഉദയം ചെയ്തു എന്നു പറയപ്പെടുന്ന ബ്രിട്ടീഷ് പാർലമെന്റു കണ്ടു. ഹൗസ് ഓഫ് ലോർഡ്സും, ഹൗസ് ഓഫ് കോമൺസും കണ്ടു. അനവധി സ്മാരകങ്ങൾ കണ്ടു മനസ്സു നിറച്ചു. ലണ്ടൻ ബ്രിഡ്ജ് കണ്ടപ്പോൾ ഒലിവർ ട്വിസ്റ്റിനെക്കുറിച്ച് പഠിച്ചത് ഓർമ്മിച്ചു. മാസങ്ങളായി ഉയർത്താത്ത ലണ്ടൻ ബ്രിഡ്ജ് അത്ഭുതമെന്നോ ഈശ്വരാനുഗ്രഹമെന്നോ എന്താണ് പറയേണ്ടതെന്നറിയില്ല, ഞങ്ങളവിടെയെത്തിയപ്പോൾ ഒരു കപ്പലിന് കുറുകെ പോകാനായി ഉയർത്തി. ഞങ്ങൾക്കതു കാണാനുള്ള ഭാഗ്യം ലഭിച്ചു. ലണ്ടൻ ബ്രിഡ്ജിന്റെ പല ഭാഗങ്ങളും കണ്ടു.

അവിടെ നിന്ന് ട്രെയിനിൽ തന്നെ ടവർ സ്റ്റേഷനിൽ പോയി. അവിടത്തെ മ്യൂസിയത്തിൽ വച്ചിരിക്കുന്ന കോഹിനൂർ രത്നം കണ്ടു. ഭാരതത്തിൽ നിന്നു കൊണ്ടുവന്നിട്ടുള്ള അമൂല്യങ്ങളായ പലതുംകൊണ്ട് ഈ മ്യൂസിയം നിറഞ്ഞിരിക്കുന്നു. ഇംഗ്ലണ്ട് ഭരിച്ച രാജാക്കന്മാരുടെയും റാണിമാരുടെയും കിരീടങ്ങൾ, വാളുകൾ, മേലങ്കികൾ, കോടികൾ വിലവരുന്ന രത്നങ്ങൾ എല്ലാമുണ്ടവിടെ. കേരളത്തിലെ മുഖ്യമന്ത്രിയുൾപ്പടെ പല രാഷ്ട്രീയക്കാരും മന്ത്രിമാരും അവിടെ പോയി, കേരളത്തിനെ



Scanned with CamScanner

തിരെ പറയുന്നതും നമ്മുടെ നാടിനെ അവഹേളിക്കുന്നതുമെല്ലാം അവിടെ നിന്നറിയാൻ സാധിച്ചപ്പോൾ ദുഃഖം തോന്നി. ഇങ്ങിനെയുള്ള കാര്യങ്ങളെല്ലാം ചർച്ച ചെയ്തുകൊണ്ടും ഭാരതത്തിലെ രാഷ്ട്രീയവും ഇംഗ്ലണ്ടിലെ മൂല്യാധിഷ്ഠിത രാഷ്ട്രീയവുമെല്ലാം താരതമ്യം ചെയ്തു മായിരുന്നു ഈ കാഴ്ചകളെല്ലാം ഞങ്ങൾ കണ്ടത്. ചർച്ച ചെയ്ത്, പഠി ച്ച്, ഉൾക്കൊള്ളാനായി, സ്വീകരിച്ചു. പുറത്തു വന്നപ്പോൾ നാലു തടി ച്ചുകൊഴുത്ത കാക്കകൾ, അവയെ പരിചരിക്കാൻ ഡോക്ടർമാരും സഹായികളും. ഈ കാക്കൾക്ക് എന്തെങ്കിലും സംഭവിച്ചാൽ അതു ബ്രിട്ടീഷ് രാജ്ഞിക്ക് അപകടമായതിനാൽ കാക്കകളെ രാജകുമാരൻമാ രെപോലെ സംരക്ഷിക്കുന്നു. കൈനീട്ടിയാൽ കൊത്തിക്കീറുന്ന അഹ ങ്കാരമുള്ള ഇംഗ്ലീഷുകാരന്റെ സ്വഭാവമുള്ള കാക്ക. ശാസ്ത്രത്തിന്റെ പരമകാഷ്ടയിലെത്തി നിൽക്കുന്ന ഒരു രാജ്യത്തിൽ മൂന്നു നാലു കാക്ക കളുടെ ജീവിതവും, ബ്രിട്ടീഷ് രാജ്ഞിയുടെ ജീവതവും തമ്മിൽ ബന്ധ പ്പെടുത്തിയുള്ള അവരുടെ വിശ്വാസം ഇവിടത്തെ യുക്തിവാദികളൊ ന്നറിഞ്ഞിരുന്നെങ്കിൽ എന്ന് ഞാനാഗ്രഹിച്ചു. ഓരോ രാജ്യത്തിനും അവ രുടേതായ പ്രത്യേകതകളുണ്ടെന്ന് തിരിച്ചറിയാൻ ഈ സംഭവം എനിക്ക് വളരെ പ്രയോജനപ്പെട്ടു.

**പൂർവീകരുടെ മാഹാപതകങ്ങൾ കണ്ടു**

കഴുമരങ്ങളും, ശാസ്ത്രജ്ഞന്മാരേയും, സ്ത്രീകളേയും, മന്ത്ര വാദിനികളേയും, രാജ്ഞിക്കിഷ്ടപ്പെടാത്തവരെയും ക്രൂരമായി വധി ക്കുന്ന ആയുധങ്ങൾ, തൂക്കുകയറുകൾ, ആണി തറച്ച പലകകൾ, കോടാ ലികൾ, കൈയ്യും കാലും വലിച്ച് പിഴുതെടുക്കുന്നയന്ത്രം, ആഴത്തിലെ കിണർ, തീക്കുണ്ഡം, ബൈബിളിനെതിരെ സംസാരിക്കുന്നവരെ നര കത്തിലെത്തിക്കാനുള്ള കിണർ, ആയിരക്കണക്കിനു ശാസ്ത്രജ്ഞന്മാരെ ചുട്ടുകൊന്ന് ചിതാഭസ്മം ഉണ്ടായ കിണർ. (പോരെ ഞാൻ വിവരിച്ച ത്). ദുഃഖത്തിന്റെ പ്രതീകമാണെങ്കിലും വരും തലമുറ, അവരുടെ പൂർവ്വീ കർ ചെയ്ത തെറ്റിനെക്കുറിച്ചറിഞ്ഞ്, ഇനിയൊരിക്കലും അതാവർത്തി ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതിനുവേണ്ടിയാണ് ഇതൊക്ക സൂക്ഷിച്ചു വെച്ചിരിക്കുന്നതെന്നവർ പറഞ്ഞു. ഹെൻട്രിയുടെ സിനിമ ടിവിയിലൂടെ കണ്ടത് കാര്യങ്ങളെല്ലാം വ്യക്തമായി മനസ്സിലാക്കുവാൻ എനിക്ക് വളരെ പ്രയോജനപ്പെട്ടു.

സെപ്റ്റംബർ 17 ന് ശിലായുഗ മനുഷ്യന്റെ കേന്ദ്രസ്ഥാനത്തെത്തി അവിടെ നിന്നും കിംബർളിലേക്കും പോയി. വിമാനം കണ്ടുപിടിച്ച റൈറ്റ് ബ്രദേഴ്സ് പ്രവർത്തിച്ച (സൗത്ത് വെസ്റ്റ്കേസ്) യൂണിവേഴ്സിറ്റിയും വിമാനം പറപ്പിച്ച ഗ്രൗണ്ടും കണ്ടു. രാത്രി 11.30 ന് ഡോ. സുകുമാ



Scanned with CamScanner

രൻനായർക്കും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും നന്ദി പറഞ്ഞു യാത്രയായി. ഗോപാലകൃഷ്ണന് ഇതു കാണാൻ ഭാഗ്യം തന്ന നിങ്ങൾക്ക് എന്നുമെന്നും ജഗദീശ്വരനാരുഗ്രഹമുണ്ടാകട്ടെ. ഡോ. സുകുമാരൻനായർ എന്ന ലളിത സൗമ്യനായ മനുഷ്യൻ! ഇരുത്തം വന്ന ശാലീനത നിറഞ്ഞ സമ്പന്നൻ. അഹങ്കാരമോ വേദനിപ്പിക്കുന്ന വികാരങ്ങളോ ഇല്ലാത്ത ആ ഡോക്ടറില്ലായിരുന്നെങ്കിൽ ഗോപാലകൃഷ്ണന്റെ ലണ്ടൻ യാത്ര അസാധ്യമാകുമായിരുന്നു. അങ്ങേയ്ക്ക് പ്രണാമം, നമസ്ക്കാരം എന്റെജീവിത പ്രാർത്ഥനയിൽ എന്നുമെന്നും ഡോ. പരമേശ്വരനും ഡോ. സുകുമാരനും വേണ്ടി നിറഞ്ഞ ഹൃദയത്തോടെയുള്ള പ്രാർത്ഥനാംശമുണ്ടായിരിക്കും എന്നു പറഞ്ഞായിരുന്നു മടക്കയാത്ര. എത്ര പറഞ്ഞാലും എഴുതിയാലും തീരില്ല. ഇംഗ്ലണ്ടിലെ യാത്ര ഒരു തീർത്ഥയാത്രയായിരുന്നു. ഒരു അടിമത്ത മനോഭാവവുമില്ലാതെ എഴുതാനാഗ്രഹിക്കുന്നു, ഭാരതീയൻ ഏതെങ്കിലും രാജ്യം കണ്ടിരിക്കണമെങ്കിൽ അത് ഇംഗ്ലണ്ടായിരിക്കണം, ആസ്വദിക്കണമെങ്കിൽ അത് കാനഡയും, അഭിമുഖീകരിക്കണമെങ്കിൽ അത് അമേരിക്കയും ആയിരിക്കണമെന്ന്, അനുഭവത്തിലൂടെയറിഞ്ഞു.

സെപ്റ്റംബർ 18 ന് ലണ്ടനിലെ ഹീത്രുവിൽ നിന്ന് ദോഹയിലേക്കും അർദ്ധരാത്രി ദോഹയിൽ നിന്ന് സെപ്റ്റംബർ 19ന് പുറപ്പെട്ട് രാവിലെ 8 മണിക്ക് തിരുവനന്തപുരത്തുമെത്തി. ദോഹ എയർ പോർട്ടിലെ അനുഭവങ്ങൾ ഭയത്തോടെ ഓർത്തു. ഞാനെന്ന മനുഷ്യനെ ബ്ലാക് ലിസ്റ്റിൽ പെടുത്തിയ എയർപോർട്ട് അതായിരുന്നു, ദോഹ. തിരിച്ചു വരുമ്പോൾ പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. ഭാരതത്തിന്റെ മണ്ണ് സ്പർശിച്ച്, തൊട്ടു നെറുകയിൽ വച്ചാണ് കേരളത്തിലിറങ്ങിയത്.

### അമേരിക്കയുടെ വിരിമാറിലൂടെയൊരു യാത്ര

കാനഡക്കുള്ള യാത്രാ മദ്ധ്യേ, കയ്പേറിയ അനുഭവം മിനിയാപോളിസിൽ വച്ചും, എറ്റവും ഹൃദ്യമായ അനുഭവം കാനഡയിൽ നിന്ന് അമേരിക്കയിൽ കറങ്ങിയപ്പോളും (1993 ൽ) നൽകിയ ഒരു രാജ്യത്തിലേക്കു മാത്രമുള്ള സന്ദർശനം ഇവിടെയാരംഭിക്കുന്നു. മാസങ്ങളോളമുള്ള തയ്യാറെടുപ്പായിരുന്നു മൂന്നാഴ്ചത്തെ അമേരിക്കൻ യാത്രക്കു വേണ്ടി വന്നത്. ഉത്തരവാദിത്വങ്ങളെല്ലാം സഹപ്രവർത്തകരെ ഏൽപിച്ച്, മലേറിയ വന്ന് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മകനെ നോക്കിക്കൊണ്ട്, കുടുംബഭാരം ഭാര്യയെയും ഏൽപിച്ച്, 18 വയസ്സായ മകളെയും 16 വയസ്സായ മകനേയും കുടുംബിനിയുടെ കയ്യിലേല്പ്പിച്ച് ദുഃഖഭാരത്തോടെയായിരുന്നു ഈ യാത്ര. മെലിഞ്ഞു തളർന്ന മകനോട്

യാത്രപറഞ്ഞപ്പോൾ ഹൃദയം വേദന കൊണ്ട് പുകഞ്ഞു. 2003 നവംബർ 17 ന് രാത്രി 10.30 നുള്ള ഫ്ളൈറ്റിൽ തിരുവനന്തപുരത്തു നിന്നും ബോംബയിലേയ്ക്ക് പുറപ്പെടാനായി എൽ.ഐ.സി.യിൽ പ്രവർത്തിക്കുന്ന സുഹൃത്ത് ശ്രീ ഗോപകുമാറിന്റെ കാറിൽ എയർപോർട്ടിലെത്തി. അടുത്തദിവസം രാവിലെ 2.50 നുള്ള ഫ്ളൈറ്റിൽ ബോംബൈയിൽ നിന്ന് നേരെ ലണ്ടൻ ഹീത്രുവിലേക്കായിരുന്നു യാത്ര. നാലാമത്തെ പ്രാവശ്യമാണ് ഈ ഭീമമായ എയർപോർട്ടിലൂടെ കടക്കുന്നത്. നവംബർ 18ന് രാവിലെ 10.30ന് ഞാൻ ലണ്ടനിലിറങ്ങി. അവിടെനിന്നും യാത്രയാരംഭിച്ച് 3.30 ന് ചിക്കാഗോ എയർപോർട്ടിലും ഇറങ്ങി. ശ്രീ. ജയപ്രകാശ് അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ഇൻഫോസിസിന്റെ ഒരു വലിയ പ്രോജക്ടിന്റെ ഉത്തരവാദിത്വമുള്ള വളരെ ചെറുപ്പക്കാരനായ ജയപ്രകാശ്, ഇൻസ്റ്റിറ്റ്യൂട്ടിന്റെ മഹത്തായ സന്ദേശവാഹകനാണ്. ചെങ്കോട്ടുകോണം രാമദാസമിഷനിലെ സത്യാനന്ദ സരസ്വതിയുടെ പ്രിയശിഷ്യൻ കൂടിയാണദ്ദേഹം. വിവിധ ഭാഷകൾ സംസാരിക്കുന്ന ഭാരതീയരെ കോർത്തിണക്കി അമേരിക്കയിൽ ബന്ധപ്പെടുന്ന എല്ലാവരുടേയും കുടുംബമിത്രമായി മാറ്റുന്ന വ്യക്തിയായ അദ്ദേഹത്തിന്റെ കാറിൽ വീട്ടിലെത്തി. അടുത്തദിവസം ചിക്കാഗോവിലൂടെ നടന്ന് ഒറ്റദിവസം കൊണ്ട് ഒരു ദശാബ്ദത്തിനു മുമ്പ് കണ്ടതെല്ലാം ഒരിക്കൽകൂടി വിസ്തരിച്ച് കണ്ട്, വൈകുന്നേരം ഗീതാമണ്ഡലത്തിൽ ക്ലാസെടുത്തു. ഏകദേശം നാലുമണിക്കൂർ നീണ്ട ക്ലാസ്സിനുശേഷം അടുത്തദിവസം അയോവ സ്റ്റേറ്റിലേക്കുള്ള യാത്രയായിരുന്നു. ഭാരതീയ പൈതൃകത്തിന്റെ വിവിധവശങ്ങളെക്കുറിച്ച് പഠിപ്പിക്കാൻ നല്ല കർമ്മങ്ങൾ ചെയ്യുന്ന കുറേ വ്യക്തികളെ ഇവിടെ കണ്ടു. അത്യാവശ്യത്തിനു മാത്രം സംസാരിക്കുന്ന ജയപ്രകാശ് അവരെയൊക്കെ പരിചയപ്പെടുത്തി.

**മഹർഷി മഹേഷ് യോഗിയുടെ വിശ്വവിദ്യാലയത്തിലേക്ക്**

മഹർഷി മഹേഷ് യോഗിയെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്. അമൃത ടിവിയിലെ പൈതൃക സന്ദേശത്തിലൂടെ അവിടത്തെ പല പൈതൃക സന്ദേശ പ്രചരണ കാര്യങ്ങളും വിവരിച്ചിട്ടുമുണ്ട്. ഭാരതീയതയുടെ മൂർത്തിമദ്ഭാവമായ ആ പ്രദേശത്തേക്കും അവിടത്തെ വിശ്വവിദ്യാലയത്തിലേക്കും പോകാനൊരവസരം ജഗദീശ്വരൻ നൽകിയത് ശ്രീ പ്രദീപിലൂടെയായിരുന്നു. അമേരിക്കയിലെ പ്രസിദ്ധമായ അയോവാ സ്റ്റേറ്റിലെ അയോവ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലും മഹർഷി മഹേഷ് യോഗിയുടെ ഫെയർ ഫീൽഡിലേക്കുമുള്ള യാത്ര ചിക്കാഗോവിൽ

നിന്നും രാവിലെ കാറിൽ ആരംഭിച്ചു. ശക്തിഫൗണ്ടേഷൻ സ്ഥാപിച്ചു പ്രവർത്തിക്കുന്ന ശ്രീ. പ്രദീപ് ചള്ളിയിൽ എന്ന മലയാളിയാണ് എന്നെ കൊണ്ടുപോയത്. ഗഹനമായ ആത്മീയ ജ്ഞാനവും കൈപ്പുണ്യവുമുള്ള ശ്രീ പ്രദീപ് തന്റെ ശക്തിഫൗണ്ടേഷൻ എന്ന ചാരിട്ടബിൾ സ്ഥാപനത്തിലൂടെ നൂറുകണക്കിന് രോഗികളെ ചികിത്സിച്ചു ഭേദമാക്കുന്നുണ്ട്. ഭാരതീയ പൈതൃകത്തിന്റെ മൂർത്തിമത്ഭാവമായ അദ്ദേഹത്തിന്റെയും കുടുംബാംഗങ്ങളുടെയും ജീവിതം ഭാരതീയ ജീവിതചര്യയുടെ അടിസ്ഥാനത്തിലായിരുന്നു. അഞ്ചു മണിക്കൂർ കാറോടിച്ച് ഉച്ചയായപ്പോൾ മഹർഷി മഹേശ് യോഗിയുടെ യൂണിവേഴ്സിറ്റിയിലെത്തി. അവരുടെ വൻ പ്രോജക്ടിലാണ് പ്രദീപും കുടുംബവും പ്രവർത്തിക്കുന്നത്. അവിടെയുള്ള അന്നപൂർണ ഭക്ഷണശാലയിൽ നിന്നും ഭക്ഷണം കഴിച്ചു. അവിടെയുള്ളവരുമായി ചർച്ച ചെയ്ത്, എന്റെ ഒരു വീഡിയോ ഇന്റർവ്യൂവും നടന്നു. പല കാര്യങ്ങളെക്കുറിച്ചുമുള്ള സംശയനിവാരണം അന്നപൂർണ ഹോട്ടലിൽ വച്ചുതന്നെ നടന്നു. വെറും പച്ചക്കറി പച്ചയായി തിന്നുന്ന ഭക്ഷണം കഴിച്ച് പുറത്തിറങ്ങി. നേരെ പോയത് ഹൈസ്കൂൾ വിദ്യാർത്ഥികളെ ഈശാവാസ്യ ഉപനിഷദ് പഠിപ്പിക്കുന്ന സ്ഥലത്തേയ്ക്കാണ്. അവിടെ വിദ്യാർത്ഥികൾക്കായി ഒരു മണിക്കൂർ ഈ ഉപനിഷത്തിനെക്കുറിച്ച് ക്ലാസെടുത്തു. ഉപനിഷത്തിനെക്കുറിച്ചും പ്രത്യേകിച്ച് ഈശാവാസ്യ ഉപനിഷത്തിനെക്കുറിച്ചുമുള്ള എന്റെ വിവരണം കേട്ട അദ്ധ്യാപകരും വിദ്യാർത്ഥികളും, പല ഡോക്ടർമാരും കോർഡിനേറ്റേഴ്സും അത്ഭുതപ്പെട്ടു. ഇത്രക്കും ശാസ്ത്രീയമായതാണോ ഈ ഉപനിഷത്തെന്ന് അവർ ചർച്ചയിൽ പറഞ്ഞു. സംസ്കൃത ശബ്ദത്തിന്റെ പ്രത്യേകതയും മന്ത്രം ചൊല്ലുന്ന രീതിയുമെല്ലാം അവിടെകൂടിയിരുന്നവർക്ക് അത്യത്ഭുതകരമായ അനുഭവം പകർന്നു. അവിടെ നിന്ന് ദേവീമാഹാത്മ്യം പഠിച്ച് ചൊല്ലി റിക്കാർഡ് ചെയ്യുന്ന കുട്ടികളുടെ ഗ്രൂപ്പിലെത്തി. അവിടേയും ദേവീമാഹാത്മ്യമെന്താണെന്നും ചൊല്ലേണ്ടരീതിയെന്താണെന്നും ക്ലാസെടുത്തു. ലളിതാസഹസ്രനാമം വേദമല്ലെന്നും അത് പുരാണത്തിന്റെ ഭാഗമാണെന്നും അതിന് വേദങ്ങളെപോലെ ശ്രുതി വേണ്ടെന്നും പ്രത്യേകരാഗത്തിൽ ആലപിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും മനസ്സിലാക്കിയപ്പോൾ അവർക്കെല്ലാം ഏതോ പുതിയ കാര്യങ്ങൾ കേൾക്കുന്ന ഭാവമായിരുന്നു.

വേദമന്ത്രത്തിൽ ഗഹനമായ ഗവേഷണം നടത്തുന്ന ന്യൂറോളജിസ്റ്റുകളുള്ള ലാബറട്ടറിയിലേക്കാണ് പിന്നീട് ഞാൻ പോയത്. അവിടെ പ്രവേശിക്കുമ്പോൾ അഞ്ചു ബൊക്കെയുമായി ഹാപ്പി ബർത്ത്ഡേ എന്നു പറഞ്ഞാണ് അവരെ സ്വീകരിച്ചത്. അപ്പോഴാണ് ഞാനോർത്തത് ഇന്ന്



Scanned with CamScanner

നവംബർ 20 ആണെന്ന്. അത് എന്റെ ഡ്യൂപ്ലിക്കേറ്റ് ജന്മദിനമായിരുന്നു. യഥാർത്ഥത്തിലുള്ളത് ഇടവ മാസത്തിലെ തിരുവോണം നാളാണ്. അത് മേയ്-ജൂണിലാണ് വരുക. വരുന്ന അതിഥികളെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് അവിടെയുള്ളവർ ശ്രദ്ധിക്കുന്നത്. ഓരോന്നിനും അനുയോജ്യമായ രീതിയിൽ അവർ പ്രവർത്തിക്കുന്നുമുണ്ട്. മഹേഷ്യോഗിയുടെ വിശ്വവിദ്യാലത്തിൽ കയറിയപ്പോഴായിരുന്നില്ല, ബൊക്കെ തന്ന് ഹാപ്പി ബർത്ഡേ പറഞ്ഞത്, മൂന്നുനാലു ക്ലാസ്സുകളിൽ കൊണ്ടുപോയി എന്റെ എല്ലാ കാര്യങ്ങളും വിശകലനം ചെയ്തറിഞ്ഞതിനുശേഷമായിരുന്നു ഈ സ്വീകരണം. അവിടെ വേദത്തെക്കുറിച്ചും വേദശാഖകളെക്കുറിച്ചും ഗഹനമായ ഒരു ക്ലാസെടുത്തു. വേദശ്രുതി എന്താണെന്നും അതെങ്ങിനെയുണ്ടായെന്നുമെല്ലാമുള്ള അറിവ് അവർക്ക് കൗതുകകരമായിരുന്നു. അവിടെയുള്ള വേദിക് ഒബ്സർവേറ്ററിയും കണ്ട്, ഏറെ വിസ്താരമുള്ള ധ്യാനക്ഷേത്രത്തിലേക്കുപോയി. അവിടെ നിന്നും ഞാൻ പ്രദീപിന്റെ വീട്ടിൽ വന്നു രാത്രിഭക്ഷണം കഴിച്ച്, അൽപനേരം പ്രദീപിന്റെ പ്രത്യേക ജീവിതചര്യയെക്കുറിച്ച് ചർച്ചചെയ്തപ്പോൾ എന്നെ സ്വീകരിച്ച യോഗിയുടെ ആശ്രമത്തിന്റെ പിആർഒ ആയ മിസിസ് ഹേഗൻ എന്ന സ്ത്രീ വന്നു പറഞ്ഞു. ''ഈ യൂണിവേഴ്സിറ്റിയിലെ എല്ലാ ഭവനങ്ങളും ഉണ്ടാക്കിയിരിക്കുന്നത്, ഭാരതീയ വാസ്തുവിദ്യാപ്രകാരമാണ്. ഞങ്ങളുടെ അതിഥിമന്ദിരവും അപ്രകാരം തന്നെയാണ്. അതുകൊണ്ട് ഇന്നുരാത്രി അവിടെയുറങ്ങി, അതിന്റെ ഫലമെന്താണെന്ന് പറയണം.

അന്നു രാത്രി ഞാൻ മഹർഷിമഹേഷ് യോഗിയുടെ ഇന്റർനാഷണൽ യൂണിവേഴിസിറ്റിയുടെ ഗസ്റ്റ് ഹൗസിൽ അന്തിയുറങ്ങി. എനിക്കു വലിയ പ്രത്യേകതയൊന്നും തോന്നിയില്ലെങ്കിലും നന്നായിരുന്നു എന്നു മാത്രം പറഞ്ഞു. അടുത്തദിവസം വേദത്തെക്കുറിച്ച് വീണ്ടും ക്ലാസെടുത്തു. ശ്രീമതി ഹേഗൻ എന്ന സ്ത്രീ ഒരു കടലാസുമായി എന്റെയടുത്തു വന്ന് പറഞ്ഞു. ''നവംബർ 20 നിങ്ങളുടെ ജന്മദിനം അല്ലേയല്ല. നിങ്ങളുടെ രാശിചക്രം ഇതാണ്'' എന്ന് കടലാസിലെ രാശിചക്രം ചൂണ്ടികാണിച്ചു (അതിൽ 90 ശതമാനവും ശരിയായിരുന്നു) അവർ പറഞ്ഞു ''ഇന്നലെ നിങ്ങളെ കണ്ടതു മുതൽ നിങ്ങളിലെ ഓരോ ചലനവും ശ്രദ്ധിച്ച് വേദിക് അസ്ട്രോളജിയുടെ അടിസ്ഥാനത്തിൽ ഗണിച്ചെടുത്താണ് ഞാനിതെഴുതിയത്'' അതൊരത്യത്ഭുതമായിരുന്നു. ജ്യോതിഷത്തിൽ നഷ്ടജാതകാദ്ധ്യായമുണ്ട്. വ്യക്തിയുടെ ഏകദേശ ജന്മവർഷവും മറ്റും ലഭിച്ചു കഴിഞ്ഞാൽ പിന്നെ അയാളുടെ ശരിക്കും ജാതകത്തിലെത്തേണ്ടത് പല അടയാളങ്ങളും വച്ചുകൊണ്ടായിരിക്കണം. ജാതകക്കുറി ഇല്ലാത്തവർക്കും, ഉള്ള ജാതകം ജീവിതത്തിൽ സംഭവിക്കുന്ന



Scanned with CamScanner